പതിനാലാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2019-2021)

## മൂന്നാമത് റിപ്പോർട്ട്

(2019 ജൂൺ മാസം 13-ാം തീയതി സമർപ്പിച്ചത്)

**(2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2019-2021)

**മൂന്നാമത് റിപ്പോർട്ട്**

(2019 ജൂൺ മാസം 13-ാം തീയതി സമർപ്പിച്ചത്)

(2018 ജനവരി 1 മുതൽ ഡിസംബർ 31 വരെ

പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

672/2019.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| ആമുഖം .. | vii |
| റിപ്പോർട്ട് .. | 1 |
| അദ്ധ്യായം: | |
| 1. സമിതിയുടെ പൊതു ശിപാർശകൾ/നിർദ്ദേശങ്ങൾ .. | 4 |
| 2. റിപ്പോർട്ട് കാലയളവിൽ സമിതി ശിപാർശ/നിർദ്ദേശം നൽകിയ ഹർജികളുടെ വിശദ വിവരം .. | 18 |
| 3. സമിതിയുടെ ഇടപെടൽമൂലം പരിഹരിച്ച ഹർജികളുടെ വിശദവിവരം .. | 46 |
| അനുബന്ധം: | |
| I. സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും, അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികൾ .. | 120 |
| II. സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ/വിഷയങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് .. | 127 |
| III. ഹർജികൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്/വിജ്ഞാപനം എന്നിവയുടെ പകർപ്പ് .. | 157 |

## സമിതിയുടെ ഘടന

## (2019-2021)

അദ്ധ്യക്ഷൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.

ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

ശ്രീ. രാജു എബ്രഹാം, എം.എൽ.എ.

ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

ശ്രീ. എം. സ്വരാജ്, എം.എൽ.എ.

ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി(2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ (2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ) സമിതി 21 യോഗങ്ങൾ ചേർന്നു.

പ്രസ്തുത യോഗങ്ങളിൽ സമിതിക്ക് ലഭിച്ച ഹർജികൾ പരിഗണിക്കുകയും വിശദീകരണം ആവശ്യമെന്ന് ബോധ്യപ്പെട്ട സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹർജി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും നിജസ്ഥിതി വിലയിരുത്തുന്നതിനും ഹർജിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരിൽ നിന്ന് തെളിവെടുക്കുന്നതിനും സമിതി ശ്രമിച്ചിട്ടുണ്ട്.

സമിതിക്ക് ലഭിച്ച ഹർജികളും അവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേൽ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും തീരുമാനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2019 മേയ് 15-ാം തീയതി കൂടിയ യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. ബി. ഗണേഷ് കുമാർ,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 മേയ് 15.

# റിപ്പോർട്ട്

## 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്

കേരള നിയമസഭയിൽ ഹർജികൾ സംബന്ധിച്ച സമിതി രൂപീകൃതമായത് 1957 ജൂൺ 12-ാം തീയതിയാണ്. നിയമസഭയുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികൾ പരിശോധിച്ച് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സമിതി രൂപീകൃതമായത്. ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന സമിതികളിൽ ഒന്നാണ് ഹർജികൾ സംബന്ധിച്ച സമിതി. 1970 മാർച്ച് 11-ാം തീയതി ബഹു. സ്പീക്കർ പുറപ്പെടുവിച്ച നിർദ്ദേശപ്രകാരം സമിതിയുടെ പ്രവർത്തന പരിധി വിപുലീകരിക്കുകയും, അതുപ്രകാരം വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ സ്വീകരിച്ച് പരിഹാര നടപടി നിർദ്ദേശിക്കുവാനുള്ള അധികാരം കൂടി സമിതിയിൽ നിക്ഷിപ്തമാകുകയുണ്ടായി. തത്ഫലമായി പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായും ക്രിയാത്മകമായും ഇടപെടുന്നതിനും പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സമിതിക്ക് അധികാരം കൈവരികയും പ്രസ്തുത അധികാരം കാലാകാലങ്ങളിൽ നിലവിൽ വരുന്ന സമിതികൾ വളരെ സ്തുത്യർഹമായ രീതിയിൽ വിനിയോഗിച്ചുവരികയും ചെയ്യുന്നു. പൊതുജനങ്ങൾ അവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളുമായി സർക്കാരിന്റെ വിവിധ അധികാര സ്ഥാനങ്ങളെ സമീപിച്ചിട്ടും നീതിയോ പരിഹാരമോ ലഭിക്കാതെ വരുമ്പോഴാണ് അവസാന ആശ്രയമെന്ന നിലയിൽ പരാതികളുമായി ഹർജികൾ സംബന്ധിച്ച സമിതിയെ സമീപിച്ച് വരുന്നത്.

2. സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഹർജികൾ സംബന്ധിച്ച സമിതി (2001-2003) രൂപം നൽകിയ ആഭ്യന്തര പ്രവർത്തന ചട്ടങ്ങൾക്ക് ബഹു. സ്പീക്കർ 2002 ഏപ്രിൽ 11-ാം തീയതി അംഗീകാരം നൽകുകയുണ്ടായി. ഹർജികൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സുതാര്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും സമിതിയുടെ പ്രവർത്തനം പൊതുജനോപകാരപ്രദമാക്കുന്നതിനും ചട്ടങ്ങൾ നിലവിൽ വന്നത് ഏറെ സഹായകരമായിട്ടുണ്ട്.

3. പൊതുജനങ്ങൾക്ക് പ്രശ്നപരിഹാരത്തിന് പ്രാപ്യമായതും, സാമ്പത്തിക ചെലവില്ലാത്തതും ഏറ്റവും ഉന്നതവുമായ സർക്കാർ സംവിധാനമാണ് ഹർജികൾ സംബന്ധിച്ച സമിതി. സർക്കാർ ഓഫീസുകളിൽ പരാതി പരിഹാരത്തിനായി അപേക്ഷ നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തവ, സർക്കാർ വകുപ്പുകളുടെ അനാസ്ഥയും കാര്യക്ഷമതയില്ലായ്മയും മൂലമുള്ള നീതി നിഷേധം, അശരണർ, വൃദ്ധർ എന്നിവരോട് കാട്ടുന്ന അനീതി, വിവിധ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ

ഉണ്ടാകുന്ന ന്യായീകരിക്കാനാവാത്ത കാലതാമസം, ആശ്രിത നിയമനം സംബന്ധിച്ച് വിവിധ് വകുപ്പുകൾ വരുത്തുന്ന വീഴ്ചകൾ, വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, കുറ്റകൃത്യങ്ങൾ സംബന്ധിച്ച് യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിലും, കേസുകളുടെ അന്വേഷണത്തിലും പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകൾ, പട്ടയം ലഭ്യമാകാത്തതും, അനധികൃത വസ്തു കയ്യേറ്റവും സംബന്ധിച്ച പ്രശ്നങ്ങൾ, റീ സർവ്വെയിലെ അപാകത തുടങ്ങി പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന പലതരം ഗുരുതരമായ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ സമിതിയുടെ പരിഗണനയ്ക്ക് വരാറുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 107 മുതൽ 115 വരെയുള്ള ചട്ടങ്ങൾ അനുസരിച്ച് സഭയിൽ സമർപ്പിക്കുന്ന ഹർജികളും, 223, 224 എന്നീ ചട്ടങ്ങൾ അനുസരിച്ച് പൊതുഹർജികളും 180 മുതൽ 211 വരെയുള്ള പൊതു ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഹർജികൾ സംബന്ധിച്ച സമിതി പരിഗണിക്കുകയും പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

4. ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിച്ച് ടി ഹർജികളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും അവ പരിശോധിച്ച് പ്രശ്നപരിഹാരത്തിന് ഉതകുന്ന നിർദ്ദേശങ്ങളും/ശിപാർശകളും സർക്കാരിന് നൽകുകയുമാണ് സമിതിയുടെ പ്രധാന ചുമതല. ഹർജികളിന്മേൽ സർക്കാർ ലഭ്യമാക്കുന്ന റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ അതിന്മേൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടും, ആവശ്യമുള്ളപക്ഷം ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, ഹർജിക്കാർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തിയുമാണ് സമിതി ഹർജികളിന്മേൽ തീർപ്പ് കൽപ്പിക്കുന്നത്. പൊതു പ്രാധാന്യം അർഹിക്കുന്ന ഹർജികൾ, സമിതി പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ചും, ആവശ്യമെങ്കിൽ ഹർജിക്കാധാരമായ സ്ഥലം സന്ദർശിച്ചും, ജില്ലയിലെ വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയും പ്രശ്നപരിഹാരത്തിന് ആവശ്യമായ ശിപാർശകൾ സർക്കാരിന് നൽകുന്നു. ആവശ്യമെങ്കിൽ പ്രസ്തുത ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക റിപ്പോർട്ടുകൾ തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് സമർപ്പണത്തിനുശേഷം ആയത് അടിസ്ഥാനപ്പെടുത്തി ബഹു.സ്പീക്കറുടെ അനുമതിയോടെ പത്രസമ്മേളനം നടത്തി പ്രശ്നങ്ങളും അതിനുള്ള പരിഹാര നിർദ്ദേശങ്ങളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നു.

5. വിവിധ ജില്ലകളിൽ നിന്ന് സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളിന്മേൽ കൂടുതൽ വിശദാംശങ്ങൾ ആരായുന്നതിനും, നീതി ലഭ്യമാകാത്ത ഹർജിക്കാരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി അവർക്ക് നീതി ലഭ്യമാക്കണം എന്ന ലക്ഷ്യത്തോട് കൂടിയും, പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ സ്വീകരിച്ച് അവ

സംബന്ധിച്ച് അവരുമായി നേരിട്ട് സംവദിക്കുന്നതിനുമായി സമിതി ജില്ലാ ആസ്ഥാനങ്ങളിൽ യോഗം ചേരുകയും സമിതിയുടെ പരിഗണനയിലിരിക്കുന്ന ഹർജികളിന്മേൽ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും എതിർ കക്ഷികളിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാകുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഇത്തരം ജില്ലാതല യോഗങ്ങൾ സഹായിക്കുന്നു. കൂടാതെ ജില്ലാകളക്ടറുടെയും ജില്ലയിലെ മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഹർജിക്കാർക്ക് അവരുടെ പരാതികൾ സമിതിയെ നേരിട്ട് ബോധ്യപ്പെടുത്തുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള വേദിയൊരുക്കുവാനും ജില്ലാതല യോഗങ്ങൾ സഹായകരമാകുന്നു. വിവിധ വകുപ്പുകളുടെ ജില്ലാതലത്തിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുമെന്നതിനാൽ പ്രസ്തുത യോഗങ്ങളിൽ വച്ച് തന്നെ പല പരാതികളും പരിഹരിക്കുവാൻ സാധിക്കുന്നു എന്നത് സമിതിയുടെ.ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

6. 2016 ജൂലൈ 25-ാം തീയതി നിലവിൽ വന്ന പതിനാലാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2016-2019), 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ പരിഗണിച്ച ഹർജികൾ, സമിതി നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമിതി(2016-2019) യുടെ ഒന്നാമത് റിപ്പോർട്ട് 23-5-2017 ലും, 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ പരിഗണിച്ച ഹർജികൾ, സമിതി നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള രണ്ടാമത് റിപ്പോർട്ട് 20-3-2018-ലും സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ കാലാവധി 24-1-2019-ൽ അവസാനിക്കുകയുണ്ടായി. സമിതി (2016-2019)യുടെ പ്രവർത്തന കാലയളവിൽ ഒട്ടേറെ ഹർജികൾ തീർപ്പാക്കുന്നതിനും, നിരവധി ഹർജിക്കാർക്ക് ആശ്വാസമേകുന്നതിനും സമിതിക്ക് കഴിഞ്ഞിട്ടുണ്ട്.

7. പതിനാലാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2019-2021) 2019 ജനുവരി 25-ാം തീയതി നിലവിൽ വന്നു. 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കു വന്ന ഹർജി വിഷയങ്ങൾ, അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ, സമിതിയുടെ തെളിവെടുപ്പ് യോഗങ്ങൾ, ജില്ലാതല യോഗങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും, ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്. ഈ റിപ്പോർട്ടിന് മൂന്ന് അധ്യായങ്ങളാണുള്ളത്. സമിതിയുടെ പൊതു ശിപാർശകൾ/ നിർദ്ദേശങ്ങൾ അദ്ധ്യായം I-ലും, പ്രസ്തുത കാലയളവിൽ സമിതി ശിപാർശ/നിർദ്ദേശം നൽകിയ ഹർജികളുടെ വിശദവിവരം അദ്ധ്യായം II-ലും, അക്കാലയളവിൽ സമിതിയുടെ ഇടപെടൽമൂലം പരിഹൃതമായ ഹർജികളുടെ വിശദവിവരം അദ്ധ്യായം III-ലും ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി ശിപാർശ/നിർദ്ദേശം നൽകിയിട്ടുള്ളതും,

സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടും അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികളുടെ വകുപ്പ് തിരിച്ചുള്ള പട്ടിക അനുബന്ധം I-ലും, സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളുടെ വകുപ്പുതിരിച്ചുള്ള പട്ടിക അനുബന്ധം II-ലും ഹർജികൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്/വിജ്ഞാപനം എന്നിവയുടെ പകർപ്പ് അനുബന്ധം III-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>അദ്ധ്യായം-1</u>

## സമിതിയുടെ പൊതുശിപാർശകൾ/നിർദ്ദേശങ്ങൾ

1. 2018 വർഷത്തിൽ സമിതി ആകെ 21 യോഗങ്ങൾ ചേരുകയും 569 ഹർജികൾ പരിഗണിക്കുകയും ചെയ്തു. സമിതിയുടെ പരിഗണനയിലുള്ള വിവിധ ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിക്കുന്നതിലേക്കായി 12 യോഗങ്ങളും, വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാർ, എതിർകക്ഷികൾ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനായി '5' യോഗങ്ങളും പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ വച്ച് നടത്തിയ '3' യോഗങ്ങളും, സമിതിയുടെ രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി ചേർന്ന യോഗവും ഉൾപ്പെടുന്നു.

2. 3-10-2018-ൽ എറണാകുളം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് ചേർന്ന യോഗം അവസാനിച്ച ശേഷം കൊച്ചി റിഫൈനറിയ്ക്ക് സമീപത്തുള്ള അപകടസാദ്ധ്യതയുള്ള പ്രദേശങ്ങൾ ബി.പി.സി.എൽ. ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനകീയ സമിതി, അമ്പലമേട് സമർപ്പിച്ച ഹർജിയുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ സമിതി സന്ദർശിക്കുകയും ഹർജിക്കാർ, ബി.പി.സി.എൽ., കൊച്ചി റിഫൈനറി പ്രതിനിധികൾ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും വിവരങ്ങൾ ആരായുകയും ഹർജി വിഷയം വിശദമായി പരിശോധിച്ച ശേഷം അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഹർജിക്കാരെ അറിയിക്കുകയും ചെയ്തു.

3. സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളിന്മേൽ അവയുടെ പ്രാധാന്യമനുസരിച്ച്, ചട്ടങ്ങൾ പ്രകാരം, ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നാണ് സമിതി ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുന്നത്. അടിയന്തര സ്വഭാവമുള്ള ചില ഹർജികളിന്മേൽ പതിനഞ്ച് ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെടാറുണ്ട്. എന്നാൽ ഹർജി റിപ്പോർട്ടിനായി അയച്ചുകഴിഞ്ഞ് നിരവധി ഓർമ്മക്കുറിപ്പുകളും വിവിധ ഉദ്യോഗസ്ഥ തലങ്ങളിലുള്ള അർദ്ധ ഔദ്യോഗിക കത്തുകളും

വകുപ്പ് സെക്രട്ടറിമാർക്ക് നെയിം കവറിൽ കത്തുകളും അയച്ചാലും പലപ്പോഴും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വകുപ്പുകൾ ശുഷ്കാന്തി കാണിക്കാറില്ല. അത്തരത്തിൽ പത്തുവർഷത്തിലധികം കാലപ്പഴക്കമുള്ള ഹർജികൾ വരെ നിലവിൽ സമിതിയുടെ പരിഗണനയിലുണ്ട് (അനുബന്ധം-I). അത്തരം ഹർജികളിൽ വകുപ്പു സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ സമിതി നിർബന്ധിതരാകുന്നു. അപ്രകാരം തെളിവെടുപ്പ് നടത്തുന്ന തീയതി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ അറിയിച്ച് കഴിയുമ്പോൾ പലപ്പോഴും ഹർജികളുടെ പകർപ്പ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥർ സമിതിയെ സമീപിക്കാറുണ്ട്. സമിതി തികഞ്ഞ ഗൗരവത്തോടുകൂടി പരിഗണിച്ച് റിപ്പോർട്ടിനയയ്ക്കുന്ന ഹർജികൾ എത്ര ലാഘവത്തോടുകൂടിയാണ് ബന്ധപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്യുന്നത് എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണത്. ആയതിനാൽ റിപ്പോർട്ടിനായി സർക്കാർ വകുപ്പുകളിലേക്കയയ്ക്കുന്ന ഹർജികൾ അവ കൈകാര്യം ചെയ്യുന്ന വകുപ്പുകളിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് യഥാസമയം നല്കുന്നുണ്ടെന്നും പ്രസ്തുത ഹർജികളിന്മേൽ യഥാസമയം തുടർനടപടി സ്വീകരിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നുണ്ടെന്നും ബന്ധപ്പെട്ട വകുപ്പുമേധാവികൾ ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. നിരന്തരം കത്തിടപാടുകൾ നടത്തിയിട്ടും ഹർജികളിന്മേൽ റിപ്പോർട്ട് ലഭ്യമാകാതിരിക്കുമ്പോഴും, ലഭ്യമാകുന്ന റിപ്പോർട്ടുകൾ തൃപ്തികരമല്ലാതിരിക്കുമ്പോഴുമാണ് സമിതി വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് നിർബന്ധിതമാകുന്നത്. അത്തരത്തിൽ റിപ്പോർട്ട് ലഭ്യമാകാത്ത ഹർജികളിന്മേൽ തെളിവെടുപ്പ് നടത്തുന്ന വിവരം തെളിവെടുപ്പിന് ഉൾപ്പെടുത്തിയിട്ടുള്ള ഹർജി വിഷയങ്ങളുടെ ലിസ്റ്റ് സഹിതം, വകുപ്പ് മേധാവികളെ മുൻകൂട്ടി അറിയിക്കാറുണ്ട്. എന്നാൽ പ്രസ്തുത ഹർജികളിന്മേലുള്ള റിപ്പോർട്ട് തെളിവെടുപ്പ് തീയതിയുടെ തലേദിവസമോ, തെളിവെടുപ്പ് തീയതിയിലോ ലഭ്യമാക്കുന്ന പ്രവണതയാണ് മിക്ക വകുപ്പുകളും കാട്ടുന്നത്. അപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച്, യുക്തമായ തീരുമാനമെടുക്കുന്നതിന് വേണ്ടത്ര സാവകാശം സമിതിക്ക് ലഭിക്കുന്നില്ല. ആയതിനാൽ ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശം എല്ലാ വകുപ്പു മേധാവികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. നിരവധി വർഷങ്ങൾക്കുശേഷവും റിപ്പോർട്ട് ലഭ്യമാകാതിരിക്കുന്ന ഹർജികളിന്മേൽ തെളിവെടുപ്പ് നടത്തുന്ന വിവരം മുൻകൂട്ടി വകുപ്പ് സെക്രട്ടറിമാരെ അറിയിച്ചാലും പലപ്പോഴും ചില വകുപ്പ് സെക്രട്ടറിമാർ തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കാറില്ല. രണ്ടിൽ കൂടുതൽ തവണ തെളിവെടുപ്പിന് വിളിച്ചിട്ടും അതിൽ ഒന്നിൽ പോലും പങ്കെടുക്കാത്ത

സെക്രട്ടറിമാരുമുണ്ട്. ഹർജികൾ സംബന്ധിച്ച സമിതി(2016-2019)യുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഒന്നിൽപ്പോലും പങ്കെടുക്കാത്ത വകുപ്പ് സെക്രട്ടറിമാരുണ്ടെന്നത് ഗൗരവത്തോടെ വീക്ഷിച്ച സമിതി വകുപ്പ് സെക്രട്ടറിമാർ തെളിവെടുപ്പ് യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിരുന്നതാണ്. എന്നാൽ ആയത് പാലിക്കാത്തതിനാൽ സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർ നിർബന്ധമായും പങ്കെടുക്കണമെന്ന് സമിതി ആവർത്തിച്ച് നിർദ്ദേശിക്കുന്നു.

6. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഔദ്യോഗിക കാരണങ്ങളാൽ വകുപ്പ് സെക്രട്ടറിമാർക്ക് പങ്കെടുക്കുവാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ ചട്ടപ്രകാരം അക്കാര്യം മുൻകൂട്ടി കാരണം വ്യക്തമാക്കിക്കൊണ്ട്, ബഹു. സമിതി ചെയർമാനെ അറിയിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറിമാർ മിക്കപ്പോഴും അക്കാര്യം ബഹു. ചെയർമാനെ മുൻകൂട്ടി അറിയിക്കാറില്ല. അത്തരം സാഹചര്യത്തിൽ അതു സംബന്ധിച്ച് വകുപ്പ് സെക്രട്ടറിമാരോട് വിശദീകരണം ആവശ്യപ്പെടുവാൻ സമിതി നിർബന്ധിതമാകുന്നുണ്ട്. ആയതിനാൽ സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർക്ക് പങ്കെടുക്കുവാൻ സാധിക്കാത്ത പക്ഷം അക്കാര്യം, കാരണം വ്യക്തമാക്കിക്കൊണ്ട്, മുൻകൂട്ടി രേഖാമൂലം ബഹു. സമിതി ചെയർമാനെ അറിയിക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

7. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുവാൻ വകുപ്പ് സെക്രട്ടറിമാർക്ക് സാധിക്കാത്ത സാഹചര്യങ്ങളിൽ അവർക്ക് പകരം മറ്റ് ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ട്. എന്നാൽ അത്തരത്തിൽ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഹർജി വിഷയം സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുവാൻ പലപ്പോഴും സാധിക്കാറില്ല എന്നത് വസ്തുതയാണ്. മാത്രവുമല്ല ഹർജി വിഷയങ്ങൾ ആഴത്തിൽ പഠിച്ച് പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ ശ്രമിക്കാതെ ചില ഉദ്യോഗസ്ഥരെങ്കിലും തങ്ങൾ അടുത്തിടെയാണ് ചാർജ്ജെടുത്തതെന്നും, അല്ലെങ്കിൽ ഹർജി വിഷയം കൈകാര്യം ചെയ്യുന്ന വിഭാഗത്തിന്റെ ചുമതല തങ്ങൾക്കില്ലെന്നും പറഞ്ഞ് സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നതായി സമിതി നിരീക്ഷിക്കുന്നു. അക്കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ഹർജി വിഷയത്തിൽ വേണ്ടത്ര പഠനം നടത്തി ആയത് പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങളുമായി വേണം സമിതി യോഗങ്ങളിൽ ഹാജരാകേണ്ടതെന്നും അക്കാര്യം വകുപ്പുസെക്രട്ടറിമാർ ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

8. ജില്ലയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ നേരിട്ട് സമിതിയെ ബോദ്ധ്യപ്പെടുത്തുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും സഹായകരമാകുന്ന സമിതിയുടെ ജില്ലാതല യോഗങ്ങളിൽ വിവിധ വകുപ്പുകളുടെ ജില്ലാതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥർ പലപ്പോഴും പങ്കെടുക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ജില്ലാതല യോഗങ്ങളിൽ ജില്ലാതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്നും മതിയായ കാരണമില്ലാതെ സമിതി യോഗങ്ങളിൽ നിന്നും വിട്ടുനില്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ആവർത്തിച്ച് ശിപാർശ ചെയ്യുന്നു.

9. സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന വീഴ്ചയും, അനാസ്ഥയും, അലംഭാവവും, കെടുകാര്യസ്ഥതയും മൂലമാണ് പൊതുജനങ്ങൾ പരാതികളുമായി നിയമസഭാ സമിതികളെ സമീപിക്കുന്നത്. അത്തരത്തിൽ സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികൾ റിപ്പോർട്ടിനായി വകുപ്പുകളിലേയ്ക്കയച്ചാലും ടി ഹർജികളുടെ അടിയന്തരസ്വഭാവം പോലും കണക്കിലെടുക്കാതെ നിരവധി വർഷങ്ങൾക്കുശേഷം റിപ്പോർട്ട് ലഭ്യമാക്കുന്ന രീതിയാണ് ഒട്ടുമിക്ക വകുപ്പുകളും വച്ച് പുലർത്തുന്നത്. സമിതിയുടെ നിരന്തരവും സമയോചിതവുമായ ഇടപെടലുകളിലൂടെയും വകുപ്പ് സെക്രട്ടറി പുലർത്തുന്ന ജാഗ്രതയിലൂടെയും അക്കാര്യത്തിലുള്ള ആഭ്യന്തര വകുപ്പിന്റെ മനോഭാവത്തിൽ കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. ആയത് പ്രശംസനീയവുമാണ്.

10. ഹർജികളിന്മേലുള്ള റിപ്പോർട്ട്, സമിതി ആവശ്യപ്പെടുന്ന അധിക വിവരങ്ങൾ, സമിതിയുടെ നിർദ്ദേശങ്ങളിന്മേലും, ശിപാർശകളിന്മേലുമുള്ള റിപ്പോർട്ട് എന്നിവ ചട്ടപ്രകാരവും, സമിതി നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിലും ലഭ്യമാക്കുന്ന പക്ഷം ഹർജി വിഷയങ്ങൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനും അതുവഴി സമിതിയുടെ വിലയേറിയ സമയം ലാഭിക്കുന്നതിനും സഹായകരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഹർജികളിന്മേലുള്ള റിപ്പോർട്ട്, സമിതി ആവശ്യപ്പെടുന്ന അധിക വിവരങ്ങൾ, സമിതിയുടെ ശിപാർശകളിന്മേലും, നിർദ്ദേശങ്ങളിന്മേലുമുള്ള റിപ്പോർട്ട് എന്നിവ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കണമെന്നും, വിവിധ വകുപ്പുകളിലെ പാർലമെന്റ് സെക്ഷനുകൾ അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. സമിതിക്ക് ലഭിക്കുന്ന പല ഹർജികളും ആഴത്തിൽ പരിശോധിക്കുമ്പോൾ ഉദ്യോഗസ്ഥർ ക്രമവിരുദ്ധമായി ചെയ്തതോ, ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തിക്കൊണ്ട് ചെയ്തിട്ടുള്ളതോ ആയ നടപടികളാണ് പല പരാതികൾക്കും ഇടയാക്കിയിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. അത്തരം ഹർജികളിന്മേൽ ക്രമവിരുദ്ധമായും നിയമവിരുദ്ധമായും പ്രവർത്തിച്ച ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുന്നതുവരെ

ഹർജികളിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുകയും, ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾക്ക് സമിതി ശിപാർശ ചെയ്താലും അവ നടപ്പിലാക്കുന്നത് നീട്ടിക്കൊണ്ടുപോകുകയും ചെയ്യുന്ന പ്രവണത നിരവധി തവണ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വീസിലിരിക്കെ ജീവനക്കാർ ചെയ്യുന്ന ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികൾക്ക് അവർ സർവ്വീസിൽ നിന്നും വിരമിച്ചുകഴിഞ്ഞാൽ സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല എന്ന നിയമവ്യവസ്ഥയിലെ പോരായ്മയാണ് അതിന് കാരണമെന്ന് നിരീക്ഷിച്ച സമിതി സർക്കാർ സർവ്വീസിലിരിക്കെ ഉദ്യോഗസ്ഥർ ചെയ്യുന്ന ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികൾക്കെതിരെ, അവർ സർവ്വീസിൽ നിന്നും വിരമിച്ചാലും നടപടി സ്വീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III-ലെ 59-ാം ചട്ടം ഭേദഗതി ചെയ്ത് അടിയന്തരമായി എസ്.ആർ.ഒ. പുറപ്പെടുവിക്കണമെന്ന് സമിതി(2016-2019)യുടെ രണ്ടാമത് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് അതിനുള്ള സാധ്യത ധനകാര്യ വകുപ്പ് പരിശോധിച്ച് വരുന്നതായും, കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സർക്കാർ തലത്തിൽ പ്രാരംഭ നടപടികൾ സ്വീകരിക്കുകയും അതിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പാനലിന് രൂപം നല്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III-ലെ 59-ാം ചട്ടം ഭേദഗതി ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ക്രമവിരുദ്ധമായും, നിയമവിരുദ്ധമായും പ്രവർത്തിച്ചിട്ടുള്ള ഒട്ടേറെ ഉദ്യോഗസ്ഥർ ശിക്ഷാ നടപടികളിൽ നിന്നും രക്ഷപ്പെടുന്ന സാഹചര്യമുണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III-ലെ 59-ാം ചട്ടം സമയബന്ധിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

12. ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്നുവെന്ന് പരാതിപ്പെട്ടുകൊണ്ട് സമിതി മുമ്പാകെ സമർപ്പിക്കുന്ന ഹർജികളിൽ മിക്കവയിലും എതിർകക്ഷികളുടെ കൂട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്നു എന്നതിൽ സമിതിക്ക് അതിയായ ആശങ്കയുണ്ട്. അത്തരം ഹർജികളിന്മേൽ അടിയന്തരനടപടി സ്വീകരിച്ച് ഹർജിക്കാർക്ക് നീതി ലഭ്യമാക്കേണ്ടതുണ്ട്. ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതിയുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനുകളെയും, ഉയർന്ന ഉദ്യോഗസ്ഥരെയും സമീപിച്ചാലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാതിരിക്കുകയും, കേസ് രജിസ്റ്റർ ചെയ്താൽ തന്നെ എതിർകക്ഷികൾക്ക് അനുകൂലമായ രീതിയിലുള്ള വകുപ്പുകൾ മാത്രം ചേർക്കുകയും, പരാതി മാറ്റി എഴുതി നൽകുന്നതിന് ഉദ്യോഗസ്ഥർ നിർബന്ധിക്കുകയും ചെയ്യുന്ന സാഹചര്യം

നിലവിലുള്ളതായി സമിതി വിലയിരുത്തുന്നു. അത്തരത്തിൽ സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളിന്മേൽ സമിതി റിപ്പോർട്ട് ആവശ്യപ്പെടുമ്പോൾ മാത്രമാണ് എതിർകക്ഷികൾക്കെതിരെ FIR തയ്യാറാക്കി കേസ് രജിസ്റ്റർ ചെയ്യുന്നതിന് പോലീസ് ഉദ്യോഗസ്ഥർ തയ്യാറാകുന്നത് എന്ന് ഇതിനോടകം സമിതിക്ക് ബോധ്യമായിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ യുക്തമായ വകുപ്പുകൾ ചേർത്ത് എഫ്.ഐ.ആർ. തയ്യാറാക്കി, കേസ് രജിസ്റ്റർ ചെയ്ത് നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള നിരവധി പരാതികളും സമിതി മുമ്പാകെ ലഭിക്കുന്നുണ്ട് എന്നത് സമിതി വിസ്മരിക്കുന്നില്ല.

13. ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്നുവെന്നത് സംബന്ധിച്ച ഹർജികളിന്മേൽ എത്രയും വേഗം നടപടി സ്വീകരിച്ച് ഹർജിക്കാർക്ക് നീതി ഉറപ്പാക്കേണ്ട ചുമതല പോലീസ് സേനയിൽ നിക്ഷിപ്തമാണ്. അത്തരം കേസുകളിൽ നീതി വൈകുന്നത് നീതി നിഷേധിക്കപ്പെടുന്നതിന് തുല്യമാണ്. ആയതിനാൽ ഗൗരവ സ്വഭാവമുള്ള അത്തരം ഹർജികളിന്മേൽ കുറ്റകൃത്യത്തിന്റെ ഗൗരവത്തിനനുസരിച്ച് ബന്ധപ്പെട്ട നിയമങ്ങളിലെ യുക്തമായ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്യണമെന്നും, അതിന്മേൽ അന്വേഷണം നടത്തി എത്രയും വേഗം നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. വിവിധ ഹർജികളിൽ എതിർകക്ഷികളായി ചേർക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്ക് വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി ലഘുശിക്ഷ മാത്രം നൽകുകയും, ആ ശിക്ഷ പോലും നിയമത്തിലെ പഴുതുകളുപയോഗിച്ച് പിന്നീട് ശിക്ഷ ഇളവ് ചെയ്തു നൽകുകയും ചെയ്യുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം നടപടികൾ ആവർത്തിക്കപ്പെടുന്നത് പോലീസ് സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്ക് ഭൂഷണമല്ല. അത്തരം നടപടികൾ ആവർത്തിക്കപ്പെടുന്നതിൽ സമിതിക്ക് അതിയായ ഉത്കണ്ഠയുണ്ട്. ആയതിനാൽ, പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള കേസുകളിന്മേലുള്ള അന്വേഷണം ആഭ്യന്തര വകുപ്പിലെ ഐ.പി.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ നടത്തണമെന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ശിക്ഷയിൽ നിന്നും ഒഴിവാകുന്ന സാഹചര്യം ഇല്ലാതാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് ആരോപിച്ചുകൊണ്ട് സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളിൽ സമിതിയുടെ നിരന്തര ഇടപെടലുകളിലൂടെയും യഥാസമയം തെളിവെടുപ്പ് നടത്തുന്നതിലൂടെയും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് വകുപ്പ് തയ്യാറാകുന്നുണ്ട്. എന്നാൽ ശിക്ഷ ലഭിക്കുമെന്ന്

ഉറപ്പാകുന്ന ഘട്ടത്തിൽ പോലീസുദ്യോഗസ്ഥർ ഹർജിക്കാരെ സ്വാധീനിച്ചും പ്രലോഭിപ്പിച്ചും അവരെ സമ്മർദ്ദത്തിലാഴ്ത്തുന്നതായും തുടർന്ന് ഹർജിക്കാർക്ക് പെട്ടെന്നുണ്ടായ ദേഷ്യത്തിൽ ഹർജി സമർപ്പിച്ചതാണെന്നും, നിലവിൽ തുടർ നടപടികൾക്ക് താൽപ്പര്യമില്ലെന്ന് ഹർജിക്കാർ മൊഴി നൽകിയിട്ടുണ്ടെന്നുമുള്ള റിപ്പോർട്ട്, ഹർജിക്കാരുടെ മൊഴിയുടെ പകർപ്പ് സഹിതം, സമിതിക്ക് ലഭ്യമാകുന്നതായും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത റിപ്പോർട്ടുകൾ പരിഗണിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ച ശേഷം ഹർജിക്കാർ വീണ്ടും ഹർജിയുമായി സമിതിയെ സമീപിക്കുന്ന സാഹചര്യവും നിലവിലുണ്ട്.

16. **സമിതി മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികളിന്മേൽ എതിർകക്ഷികളായി ചേർക്കപ്പെട്ട ഉദ്യോഗസ്ഥർ ഹർജിക്കാരെ സ്വാധീനിക്കുകയും, പ്രലോഭിപ്പിക്കുകയും ചെയ്ത് അവർക്കെതിരെയുള്ള തുടർനടപടികളിൽ നിന്നും രക്ഷപ്പെടുന്നുണ്ട് എന്നുള്ളതിന് ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു:**

കള്ളക്കേസെടുത്ത സർക്കിൾ ഇൻസ്പെക്ടർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജെസയ്യ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15248/ഹർജി ബി2/2010/നി.സെ.)

17. ഹർജിക്കാരൻ കോവളത്ത് സോമതീർത്ഥം ആയുർവ്വേദ സെന്ററിൽ മാനേജർ-കം-പഞ്ചകർമ്മ തെറാപിസ്റ്റ് ആയി ജോലി ചെയ്തുവരവെ 6-10-2007-ന് ഹർജിക്കാരനെയും സ്ഥാപനത്തിൽ ജോലിചെയ്തിരുന്ന രണ്ട് സ്ത്രീകളെയും വിഴിഞ്ഞം സർക്കിൾ ഇൻസ്പെക്ടർ സ്ഥാപനത്തിൽ വന്ന് അറസ്റ്റ് ചെയ്ത് കൊണ്ടുപോയി കള്ളക്കേസുണ്ടാക്കി ജയിലിൽ പാർപ്പിച്ചുവെന്നും അതിനെതിരെ ടിയാനും റിസോർട്ട് ഉടമയും ഡി.ജി.പി.ക്ക് കൊടുത്ത പരാതിയിന്മേൽ അന്വേഷണം നടത്തിയപ്പോൾ ആയത് കള്ളക്കേസാണെന്ന് തെളിഞ്ഞുവെന്നും ആകയാൽ ടി കേസ് പിൻവലിപ്പിച്ചുവെന്നും, പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ ശിക്ഷാനടപടി സ്വീകരിച്ചില്ലെന്നും ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അടിയന്തരമായി ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും 13-7-2010-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു. ടി ഹർജി 23-7-2010-ൽ റിപ്പോർട്ടിനായി ആഭ്യന്തര വകുപ്പിലേയ്ക്കയച്ചു.

18. റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ 11-2-2015-ൽ സമിതി ആഭ്യന്തര വകുപ്പ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുന്ന വിവരം അറിയിച്ചതിനെ തുടർന്ന് ഹർജി വിഷയം സംബന്ധിച്ച റിപ്പോർട്ട് ആഭ്യന്തര(എച്ച്) വകുപ്പ് 9-2-2015-ലെ 58797/എച്ച്1/2010/ആഭ്യന്തരം നമ്പർ കത്ത് മുഖേന 11-2-2015-ലെ യോഗത്തിൽ സമിതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

19. "ശ്രീ. ജെസയ്യയുടെ പരാതിയിൻമേൽ തിരുവനന്തപുരം സിറ്റി നാർക്കോട്ടിക് സെൽ പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ വെളിവായിട്ടുണ്ട്:

20. ശ്രീ. അജിത് കുമാർ, സർക്കിൾ ഇൻസ്പെക്ടർക്കെതിരെ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ടിയാൻ കുറ്റക്കാരനാണെന്ന് കാണുകയും ടിയാനെതിരെ തിരുവനന്തപുരം മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറൽ വാചകീയാന്വേഷണത്തിന് ഉത്തരവിടുകയും ആയതിന് തിരുവനന്തപുരം സിറ്റി അഡ്മിനിസ്ട്രേഷൻ ഡി.സി.പി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ശ്രീ. അജിത് കുമാറിന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച ഗൗരവതരമായിരുന്നില്ല എന്നായിരുന്നു അന്വേഷണോദ്യോഗസ്ഥന്റെ നിഗമനം. കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട ഉടമയുടെ അറിവോടെ അനാശാസ്യ പ്രവർത്തനങ്ങൾ നടന്നിരുന്നു എന്നും നിയമപരമായി ടിയാനെ പ്രതിചേർക്കാമായിരുന്നു എന്നുമുള്ള അന്വേഷണോദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ആനുപാതിക ശിക്ഷയായി സെൻഷ്വർ നൽകിക്കൊണ്ട് ശ്രീ. അജിത് കുമാറിനെതിരായ വകുപ്പുതല അച്ചടക്കനടപടി തീർപ്പാക്കി ശിക്ഷണാധികാരിയായ തിരുവനന്തപുരം മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറൽ ഉത്തരവായിട്ടുണ്ട്.

21. കൂടാതെ, ശ്രീ. ജെസയ്യ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് 2074/08 നമ്പറായി ഈ വിഷയം സംബന്ധിച്ച് സമർപ്പിച്ച പരാതിയിൻമേൽ, ശ്രീ. അജിത് കുമാറിനെതിരെ ഡിപ്പാർട്ട്മെന്റ്തല അച്ചടക്ക നടപടി സ്വീകരിക്കുവാനും, ടിയാനിൽ നിന്നും 5,000 രൂപ ഈടാക്കുവാനും 18-3-2009-ൽ ബഹു. കമ്മീഷൻ ഉത്തരവായിരുന്നു. ശ്രീ. അജിത് കുമാർ 31-12-2008-ൽ സുഡാൻ യു. എൻ. മിഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡ്യൂട്ടിയ്ക്കായി നിയോഗിക്കപ്പെട്ടിരുന്നതിനാൽ, ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാനും നഷ്ടപരിഹാരത്തുക ടിയാനിൽ നിന്നും ഈടാക്കാനും അപ്പോൾ സാധിച്ചില്ല. എന്നാൽ 10-5-2010-ൽ ടിയാൻ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് ഡ്യൂട്ടിയിൽ ഹാജരാകുകയും ശ്രീ. ജെ. ജെസയ്യയുടെ പേരിൽ 5,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അയച്ചു കൊടുക്കുകയും അച്ചടക്കനടപടി മേൽപ്പറഞ്ഞ പ്രകാരം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. "

22. 11-2-2015-ലെ തെളിവെടുപ്പ് യോഗം ടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ പി. ആർ. മിനിറ്റ്സ് പരിശോധിച്ചാൽ മാത്രമേ പ്രസ്തുത ഉദ്യോഗസ്ഥനെതിരെയുള്ള അച്ചടക്ക നടപടി പെനാൽറ്റിയിൽ ആരംഭിച്ച് അവസാനം ഓറൽ എൻക്വയറിയിൽ അവസാനിപ്പിച്ചതിന്റെ കാരണം മനസ്സിലാക്കുവാൻ കഴിയുകയുള്ളുവെന്നും ആയത് പരിശോധിച്ചതിനുശേഷം വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകിയിരുന്നു.

23. പ്രസ്തുത യോഗ നിർദ്ദേശ പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 17-7-2017-ൽ ചേർന്ന സമിതിയോഗം ഹർജി വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ, ഹർജിക്കാരൻ, എതിർകക്ഷിയായ മുൻ വിഴിഞ്ഞം എസ്.ഐ. ശ്രീ.അജിത്ത് കുമാർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, ഹർജിക്കാരന്റെ ഹർജിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷിയിൽ നിന്നും ഫൈൻ ഈടാക്കുകയും ടിയാനെ 'സെൻഷ്വർ' ചെയ്യുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഹർജി വിഷയത്തിൽ തുടർ നടപടി ആവശ്യമുള്ളതായി കരുതുന്നില്ലെന്നും ഹർജിക്കാരന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി കേസ് തുടർന്ന് നടത്തേണ്ടതുണ്ടെങ്കിൽ ടിയാന് കോടതിയിൽ കെട്ടിവയ്ക്കാൻ കഴിയുന്ന തുകയ്ക്ക് ആനുപാതികമായ തുക നഷ്ടപരിഹാരമായി ആവശ്യപ്പെട്ടുകൊണ്ട് കോടതിയിൽ കേസ് ഫയൽ ചെയ്യുകയാണ് ഉചിതമെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി. ആയതു സംബന്ധിച്ച് ആലോചിച്ച ശേഷം തീരുമാനം '15' ദിവസത്തിനുള്ളിൽ സമിതിയെ അറിയിക്കാമെന്ന് ഹർജിക്കാരൻ ഉറപ്പ് നൽകുകയും ഹർജിക്കാരനിൽ നിന്നും 15 ദിവസത്തിനുള്ളിൽ അറിയിപ്പ് ലഭിക്കാത്ത പക്ഷം ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കുവാൻ ടി സമിതി യോഗം തീരുമാനിക്കുകയുമുണ്ടായി.

24. കോവളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 308/17 നമ്പർ കേസിന്റെ രജിസ്ട്രേഷനിലും, അന്വേഷണത്തിലും തന്റെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചകൾക്ക് വകുപ്പുതല നടപടിയുടെ ഭാഗമായി 'താക്കീത്' ലഭിച്ചിട്ടുള്ളതിനാലും ബഹു. മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടിരുന്ന പ്രകാരമുള്ള നഷ്ടപരിഹാര തുക ഹർജിക്കാരന് അയച്ചുകൊടുത്തിട്ടുള്ളതിനാലും, ഹർജിക്കാരന്റെ അറസ്റ്റുമായി ബന്ധപ്പെട്ട് തന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതിനുള്ള കാരണങ്ങൾ 17-2-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ ബോധ്യപ്പെടുത്തിയിട്ടുള്ളതിനാലും വകുപ്പുതലത്തിലെ മറ്റ് നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും അപേക്ഷിച്ചുകൊണ്ട് എതിർകക്ഷിയായ പോലീസ് ഉദ്യോഗസ്ഥൻ 22-8-2017-ൽ സമിതി മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.

25. ഹർജിക്കാരനിൽ നിന്നും യാതൊരുവിധ അറിയിപ്പും യഥാസമയം ലഭിക്കാത്തതിനെ തുടർന്ന് ഫയൽ നടപടികൾ അവസാനിപ്പിക്കുന്ന വിവരം 28-9-2017-ലെ കത്തു മുഖേന ആഭ്യന്തര(എച്ച്) വകുപ്പ്, ഹർജിക്കാരൻ, എതിർകക്ഷിയും മുൻ വിഴിഞ്ഞം സി.ഐ.യുമായ ശ്രീ. റ്റി. അജിത്ത് കുമാർ (നിലവിൽ ഡി.വൈ.എസ്.പി.) എന്നിവരെ അറിയിക്കുകയും ചെയ്തു.

26. എന്നാൽ 8-11-2017-ൽ ഹർജിക്കാരൻ തുടർ ഹർജി സമർപ്പിക്കുകയുണ്ടായി. 17-7-2017-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ശേഷം സമ്മേളന ഹാളിന് പുറത്തെത്തിയ

ഹർജിക്കാരനെ എതിർകക്ഷിയും ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി. യുമായ ശ്രീ. റ്റി. അജിത് കുമാർ സമീപിച്ച് ടിയാന്റെ ഫോൺ നമ്പർ വാങ്ങിയെന്നും, ഹർജി വിഷയത്തിൽ കേസുമായി മുന്നോട്ട് പോകേണ്ടെന്നും, കേസ് ഒത്തുതീർപ്പാക്കാമെന്നും, അതിനായി നല്ലൊരു തുക ടിയാന് നല്കാമെന്ന് പറഞ്ഞുവെന്നും അതിനാലാണ് സമിതിയോഗ നിർദ്ദേശപ്രകാരം ടിയാൻ '15' ദിവസത്തിനുള്ളിൽ തീരുമാനം സമിതിയെ അറിയിക്കാതിരുന്നതെന്നും എന്നാൽ എതിർകക്ഷി തന്റെ വാക്ക് പാലിക്കാത്തതിനാൽ ഹർജിക്കാരന്റെ പരാതിക്ക് പരിഹാരം ഉണ്ടായിട്ടില്ലെന്നും ടി സാഹചര്യത്തിൽ 17-7-2017-ലെ സമിതിയോഗം ഹർജി വിഷയത്തിൽ കൈക്കൊണ്ട തീരുമാനം പുനഃപരിശോധിച്ച് ടിയാന്റെ പരാതിക്ക് പരിഹാരം ഉണ്ടാക്കുന്നതിനും ടിയാനെ കള്ളക്കേസിൽ കുടുക്കിയ എതിർകക്ഷിക്ക് തക്കതായ ശിക്ഷ ലഭിക്കുന്നതിനും നടപടിയുണ്ടാകണമെന്ന് തുടർ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

27. പ്രസ്തുത തുടർ ഹർജി 14-1-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഹർജിക്കാരൻ സമിതിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച സാഹചര്യത്തിൽ തുടർഹർജിയിന്മേൽ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുമായിരുന്നു.

28. <u>ആയതിനാൽ സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളുടെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടിക്കോ മറ്റ് നിയമനടപടികൾക്കോ വിധേയരാകുന്ന പോലീസ് ഉദ്യോഗസ്ഥർ ഹർജിക്കാരെ സ്വാധീനിച്ചും പ്രലോഭിപ്പിച്ചും അവരെ സമ്മർദ്ദത്തിലാഴ്ത്തിയും തങ്ങൾക്ക് അനുകൂലമായ മൊഴി നല്കുന്നതിന് ഹർജിക്കാരെ നിർബന്ധിതരാക്കുന്നത് കർശനമായും തടയണമെന്നും, അത്തരത്തിലുള്ള റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിക്കുന്നതിന് മുൻപ് അതിനിടയാക്കിയ സാഹചര്യം ഉന്നത ഉദ്യോഗസ്ഥർ വ്യക്തമായി അന്വേഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

29. ജനിച്ച മണ്ണിൽ ഒരു തുണ്ട് ഭൂമി എന്നത് ഏതൊരു പൗരന്റെയും സ്വപ്നമെന്നതിലുപരി ഒരവകാശം കൂടിയാണ്. അത് നേടിക്കൊടുക്കുക എന്നത് ജനാധിപത്യ സർക്കാരിന്റെ ചുമതലയുമാണ്. പട്ടയവിതരണവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കാതെ അനിശ്ചിതമായി നീട്ടിക്കൊണ്ട് പോകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയ വിതരണവുമായി ബന്ധപ്പെട്ട് സമിതി മുൻപാകെ സമർപ്പിച്ച 1996 മുതലുള്ള പരാതികൾ തീർപ്പാക്കാനാവാതെ നിലനിൽക്കുന്നുവെന്നത് വളരെ നിരാശാജനകമാണ്. <u>ആയതിനാൽ പട്ടയവിതരണവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

30. അനധികൃതമായ ഭൂമി കയ്യേറ്റം, പട്ടയം ലഭ്യമാക്കൽ, റീസർവ്വേയിലെ അപാകത എന്നിവ സംബന്ധിച്ച് പത്ത് വർഷത്തിലേറെ പഴക്കമുള്ള ഒട്ടേറെ ഹർജികൾ സമിതി മുമ്പാകെ നിലവിലുണ്ട്. പ്രസ്തുത വിഷയങ്ങളിൽ പൊതുജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി അവർക്ക് നീതി ലഭ്യമാക്കേണ്ടത് തീർത്തും അനിവാര്യമാണ്. ചില

ഉദ്യോഗസ്ഥർക്കുള്ള സ്ഥാപിത താല്പര്യങ്ങൾ മൂലമാണ് പ്രസ്തുത ഹർജികൾക്ക് പരിഹാരം കാണുന്നതിന് ഒരു പരിധിവരെ സാധിക്കാത്തത് എന്ന് സമിതി നിരീക്ഷിക്കുന്നു. വില്ലേജ്, താലൂക്ക്, ജില്ലാ കളക്ടറേറ്റ് തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ അത്തരം ഹർജികൾക്ക് പരിഹാരം കാണുവാൻ സാധിക്കുന്നതാണ്. ആയതിനാൽ, പട്ടയം ലഭ്യമാക്കൽ, അനധികൃത ഭൂമി കയ്യേറ്റം, റീസർവ്വെയിലെ അപാകത എന്നിവയുമായി ബന്ധപ്പെട്ട ഹർജികളിന്മേലുള്ള നടപടികൾ സമയബന്ധിതമായും തുടർപരാതികൾക്ക് ഇടയാക്കാത്ത തരത്തിലും പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഭൂമിയുടെ ന്യായവില സംബന്ധിച്ച് റവന്യൂ വകുപ്പ് തയ്യാറാക്കിയിട്ടുള്ള നിലവിലെ പട്ടികയുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ നിന്നായി ധാരാളം പരാതികൾ സമിതി മുമ്പാകെ ലഭിക്കുന്നുണ്ട്. പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ സമിതി നടത്തിയ അന്വേഷണത്തിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിൽ ധാരാളം അപാകതകൾ കടന്നുകൂടിയിട്ടുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ ന്യായവിലപ്പട്ടികയിലെ അപാകതമൂലം ധാരാളം പാവപ്പെട്ട ജനങ്ങൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. കൂടാതെ ഇത്തരം ആളുകൾക്ക് ചികിത്സാച്ചെലവ്, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ അടിയന്തര ആവശ്യങ്ങൾക്ക് പോലും ഭൂമിയുടെ ക്രയവിക്രയം സാധ്യമല്ലാതായിവരുന്നുണ്ട്. ഇപ്രകാരം നീതി വൈകിക്കുന്നത് നീതി നിരസിക്കുന്നതിന് തുല്യമാണ്. ആയതിനാൽ, നിലവിലെ ഭൂമിയുടെ ന്യായവിലപ്പട്ടിക കുറ്റമറ്റ രീതിയിൽ പുനഃക്രമീകരിക്കുന്നതിനായി ജില്ലകൾ തോറും അടിയന്തരമായി അദാലത്തുകൾ സംഘടിപ്പിച്ച് ന്യായവില കുറ്റമറ്റരീതിയിൽ പുനർനിർണ്ണയിച്ച് അതുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കണമെന്നും, ന്യായവില നിശ്ചയിക്കുന്നതിനുള്ള സംവിധാനം കുറ്റമറ്റതും കുറച്ചുകൂടി ശാസ്ത്രീയവുമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. തങ്ങളുടെ ജീവനും, വീടിനും, മറ്റ് വസ്തുവകകൾക്കും ഭീഷണി ഉയർത്തിക്കൊണ്ട് അയൽവാസികളുടെ വസ്തുവിൽ നിൽക്കുന്ന മരങ്ങളുടെ ചില്ലകളും, അപകടാവസ്ഥയിലുള്ള മരങ്ങളും അടിയന്തരമായി മുറിച്ചുമാറ്റണമെന്നും, കൂടാതെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ടും, വാഹന അപകടങ്ങൾക്ക് ഇടയാക്കുന്ന തരത്തിലും സർക്കാർ പുറമ്പോക്ക് ഭൂമിയിലും, പൊതുസ്ഥലങ്ങളിലും, റോഡിന്റെ വശങ്ങളിലും നിൽക്കുന്ന മരങ്ങളുടെ ചില്ലകളും, ജീർണ്ണിച്ച് അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളും മുറിച്ച് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ടും നിരവധി ഹർജികളാണ് സമിതി മുമ്പാകെ സമർപ്പിക്കപ്പെടുന്നത്.

33. പ്രസ്തുത ഹർജികൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയച്ചാലും നിരവധി വർഷങ്ങൾക്കുശേഷമാണ് അവയിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാറുള്ളത്. മിക്കപ്പോഴും ഹർജി വിഷയം സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുന്ന വിവരം അറിയിക്കുമ്പോൾ മാത്രമാണ് റിപ്പോർട്ട് ലഭ്യമാക്കാറുള്ളത്. അതിന് ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു:

**വീടിന് ഭീഷണിയായി നിൽക്കുന്ന മരം മുറിച്ച് മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. വി. സുകുമാരനുവേണ്ടി നേമം സ്റ്റുഡിയോ റോഡ് റസിഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. ശിവശങ്കരൻ നായർ സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 20468/ഹർജി സി3/12/നി.സെ.)

34. നേമം സ്റ്റുഡിയോ റോഡ് റസിഡന്റ്സ് അസോസിയേഷനിലെ അംഗമായ ശ്രീ. കെ. വി. സുകുമാരൻ എന്നയാളുടെ വീടിനും മനുഷ്യജീവനും ഭീഷണിയായി സമീപവാസിയായ, ശ്രീ. കെ. എസ്. ശ്രീശൻ എന്നയാളുടെ പുരയിടത്തിൽ നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ട് ആർ.ഡി.ഒ. യ്ക്ക് പരാതി നൽകിയിട്ടും അവ മുറിച്ച് മാറ്റുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് 10-10-2012-ൽ നേമം സ്റ്റുഡിയോ റോഡ് റസിഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. ശിവശങ്കരൻ നായർ, സമിതി മുമ്പാകെ ഹർജി സമർപ്പിക്കുകയുണ്ടായി.

35. പ്രസ്തുത ഹർജി തുടർനടപടികൾക്കായി 5-11-2012-ൽ റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു. തുടർന്ന് നിരവധി ഓർമ്മക്കുറിപ്പുകളും, അർദ്ധ ഔദ്യോഗിക കത്തുകളും അയച്ചിട്ടും, ജില്ലാകളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണെന്ന് 4-3-2013-ലെ കത്തുമുഖേന റവന്യൂ (ജി) വകുപ്പ് സമിതിയെ അറിയിച്ചതല്ലാതെ ആറ് വർഷത്തിനുശേഷവും ഹർജി വിഷയത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ആയതു സംബന്ധിച്ച് 19-12-2018-ൽ റവന്യൂ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ സമിതി തീരുമാനിക്കുകയും അക്കാര്യം വകുപ്പ് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തതിനുശേഷമാണ് റവന്യൂ (ജി) വകുപ്പ് 17-12-2018-ലെ റവ-ജി2/261/2018-റവ. നമ്പർ കത്തു മുഖേന റിപ്പോർട്ട് ലഭ്യമാക്കിയത്. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

36. "ഹർജിയിന്മേൽ നടത്തിയ അന്വേഷണത്തിൽ, നേമം വില്ലേജിൽ സ്റ്റുഡിയോ റോഡ്, "ശിവശക്തിയിൽ" ശ്രീ. കെ.വി. സുകുമാരൻ എന്നയാളുടെയും കുടുംബത്തിന്റെയും ജീവനും സ്വത്തിനും ഭീഷണിയായി നെടുങ്കാട് ടി.സി.21/1666(1)-ൽ ശ്രീ. എസ്. ശ്രീധരൻ എന്നയാളുടെ വസ്തുവിൽ ജീവനും സ്വത്തിനും ഭീഷണിയായി നിന്നിരുന്ന രണ്ട് പാഴ്മരങ്ങളുടെ ശിഖരങ്ങൾ നിലവിൽ മുറിച്ചുമാറ്റിയതായി തിരുവനന്തപുരം സബ്കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. "

37. അടിയന്തര പ്രാധാന്യമർഹിക്കുന്ന അത്തരം ഹർജികളിന്മേൽ നിരവധി വർഷങ്ങൾക്കുശേഷമാണ് നടപടി സ്വീകരിക്കുന്നത് എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

38. സമാന വിഷയം സംബന്ധിച്ച് ലഭിക്കുന്ന ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ച് ഹർജി പരിഹരിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച റിപ്പോർട്ടുകൾ സമിതിക്ക് ലഭ്യമാക്കുകയും, പ്രസ്തുത റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും, അതിലെ വിവരം

ഹർജിക്കാരെ അറിയിച്ച് ഫയൽ നടപടി അവസാനിപ്പിച്ച ശേഷം ഏതാനം വർഷങ്ങൾ കഴിഞ്ഞ് അതേ ഹർജിക്കാർ അതേ വിഷയം സംബന്ധിച്ച് വീണ്ടും ഹർജി സമർപ്പിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. അതിന് ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു:

**വെള്ളാങ്ങല്ലൂർ പട്ടര് പാലത്തിന് സമീപം നിൽക്കുന്ന വാക മുറിച്ചുമാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ.സെയ്തു മുഹമ്മദ് ടി.എ., തൃശ്ശൂർ സമർപ്പിച്ച ഹർജി**

(ഫയൽ നമ്പർ16258/ഹർജി ബി4/2018/നി.സെ.)

39. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുതൽ വെള്ളാങ്ങല്ലൂർ വരെയുള്ള പൊതുമരാമത്ത് റോഡിന്റെ വശങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് 2015 ആഗസ്റ്റ് മുതൽ നിരവധി പരാതികൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടും നാളിതുവരെയും മരങ്ങൾ മുറിച്ചുമാറ്റിയിട്ടില്ലെന്നും കഴിഞ്ഞ കാലവർഷക്കാലത്ത് മരത്തിന്റെ കൊമ്പുകൾ വീണ് വാഹനാപകടം ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ടി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്നും ഹർജിക്കാരൻ 13-6-2016-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു. ടി ഹർജിയിന്മേലുള്ള നടപടികൾ ഫയൽ നമ്പർ 19091/ഹർജിബി1/2016/നി.സെ. നമ്പർ ഫയലിൽ സ്വീകരിക്കുകയും ഹർജി റിപ്പോർട്ടിനായി 22-7-2016-ൽ പൊതുമരാമത്ത് വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്തിരുന്നു. ഹർജിയിന്മേൽ പൊതുമരാമത്ത് (ജി) വകുപ്പിൽനിന്നും 7-2-2017-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

40. "ശ്രീ. സെയ്തുമുഹമ്മദ് വെള്ളാങ്ങല്ലൂർ സമർപ്പിച്ച പരാതിയിൽ പറയുന്ന വാകമരം, അപകടാവസ്ഥയിൽ നിൽക്കുന്ന മറ്റ് മരങ്ങൾ, മരത്തിന്റെ ചില്ലകൾ എന്നിവ സോഷ്യൽ ഫോറസ്ട്രിയുടെ അനുമതിയോടുകൂടി ലേലം ചെയ്ത് മുറിച്ചുമാറ്റിയിട്ടുള്ളതും ഈ വിവരം പരാതിക്കാരനെ 16-8-2016-ൽ കൊടുങ്ങല്ലൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുള്ളതുമാണ്. കൂടാതെ റോഡരുകിൽ നിൽക്കുന്ന ഉണങ്ങിയ മരങ്ങളും പൊതുജനങ്ങൾക്ക് ഭീഷണി ഉയർത്തുന്ന മരങ്ങൾ, മരക്കൊമ്പുകൾ എന്നിവയും ശ്രദ്ധയിൽപ്പെട്ടാൽ അവ ഉടനെ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഉപവിഭാഗങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. "

41. പ്രസ്തുത റിപ്പോർട്ടിലെ വിവരം 17-2-2017-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിക്കുകയും തുടർന്ന് 12-10-2017-ൽ ചേർന്ന സമിതിയോഗം ടി റിപ്പോർട്ട് പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

42. എന്നാൽ വെള്ളാങ്ങല്ലൂർ മനക്കലപ്പടി റോഡിന്റെ '100' മീറ്റർ, വടക്ക് പട്ടര് പാലത്തിന് സമീപം നിൽക്കുന്ന ഏകദേശം '60' വർഷം പഴക്കമുള്ള വാകമരത്തിന്റെ ചില്ലകൾ

കാറ്റത്ത് ഒടിഞ്ഞ് റോഡിലേക്ക് വീഴുന്നുവെന്നും ടി മരത്തിന് സമീപത്തെ റോഡിൽക്കൂടി ദിവസേന നൂറുകണക്കിന് വാഹനങ്ങളാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്നും, കൂടാതെ ടി മരത്തിന് മുകളിൽ കൂടി 11 കെ.വി. ഇലക്ട്രിക് ലൈൻ കടന്നുപോകുന്നുണ്ടെന്നും ആയതിനാൽ അപകടങ്ങളും ആളപായവും ഒഴിവാക്കുന്നതിനായി ടി മരത്തിന്റെ ചില്ലകൾ വെട്ടിമാറ്റുന്നതിന് നടപടിയുണ്ടാകണമെന്നും അപേക്ഷിച്ചുകൊണ്ട് ഹർജിക്കാരൻ 21-2-2018-ൽ സമിതി മുമ്പാകെ വീണ്ടും ഹർജി സമർപ്പിക്കുകയുണ്ടായി.

43. ടി ഹർജി റിപ്പോർട്ടിനായി 5-3-2018-ൽ പൊതുമരാമത്ത് വകുപ്പിലേയ്ക്ക് അയയ്ക്കുകയുണ്ടായി. തുടർന്ന് ഹർജി വിഷയത്തിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ഹർജിക്കാരൻ 9-4-2018, 13-5-2018, 18-7-2018, 8-8-2018, 5-11-2018 എന്നീ തീയതികളിൽ തുടർഹർജികളും സമർപ്പിച്ചിരുന്നു.

44. ഹർജി വിഷയത്തിന്മേലുള്ള അടിയന്തര റിപ്പോർട്ട് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാക്കി ഉടനടി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും പൊതുമരാമത്ത് (ജി) വകുപ്പ് 23-3-2018-ലെ ജി2/137/18/പൊ.മ.വ. നമ്പർ കത്തു മുഖേന അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

45. ആയതിനാൽ അത്തരം ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായും തുടർപരാതികൾക്ക് ഇടയാക്കാത്ത വിധത്തിലും നടപടി സ്വീകരിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് എത്രയുംവേഗം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. കൂടാതെ സർക്കാർ പുറമ്പോക്ക് ഭൂമിയിലും, പൊതുസ്ഥലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, പൊതുമരാമത്ത് വകുപ്പിന്റെയും കീഴിൽ വരുന്ന റോഡുകളുടെ വശങ്ങളിലും അപകടാവസ്ഥയിൽ നിൽക്കുന്ന മരച്ചില്ലകളും, ജീർണ്ണിച്ച അവസ്ഥയിലുള്ള മരങ്ങളും യഥാസമയം മുറിച്ച് മാറ്റി അവ മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം റവന്യൂ, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

47. പൊതുജനങ്ങളിൽ നിന്നും ലഭിച്ച നിരവധി ഹർജികൾക്ക് പരിഹാരം കാണുന്നതിന് റിപ്പോർട്ട് കാലയളവിൽ സമിതിക്ക് സാധിച്ചിട്ടുണ്ട് എന്നതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

48. ഈ റിപ്പോർട്ടിലെ അദ്ധ്യായം I, II എന്നിവയിലെ സമിതിയുടെ ശിപാർശകൾ/നിർദ്ദേശങ്ങൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി സർക്കാർ പരിഗണിക്കുമെന്നും, അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ അടിയന്തരമായി സ്വീകരിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

<u>അദ്ധ്യായം-2</u>

## റിപ്പോർട്ട് കാലയളവിൽ സമിതി ശിപാർശ/നിർദ്ദേശം നൽകിയ ഹർജികളുടെ വിശദവിവരം

**ആഭ്യന്തര വകുപ്പ്**

(1) ഭർത്താവിനെയും, മകളെയും കുറിച്ച് വ്യാജപരാതി നൽകി അപമാനിച്ചവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി കെ. സുലേഖ, കൊല്ലം സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 16572/ഹർജി ബി1/2015/നി.സെ.)

ഹർജിക്കാരിയുടെ ബുദ്ധിമാന്ദ്യമുള്ള മകളെ അച്ഛൻ പീഡിപ്പിച്ച് ഗർഭിണിയാക്കിയെന്ന് മൊഴി രേഖപ്പെടുത്തി കൊല്ലം വനിതാസെൽ സി.ഐ. ശ്രീമതി സിസിലികമാരി ഹർജിക്കാരിയുടെ ഭർത്താവിനെ അറസ്റ്റു ചെയ്യുകയും, മകളെ വൈദ്യപരിശോധനയ്ക്ക് വിധേയയാക്കുകയും ചെയ്യുവെന്നും, വൈദ്യപരിശോധനയിൽ പ്രശ്നങ്ങളൊന്നും കണ്ടെത്താൻ കഴിയാത്തതിനാൽ ടിയാനെ വിട്ടയച്ചുവെന്നും, ഹർജിക്കാരിയുടെ അയൽവാസിയായ ബിജുമോൻ എന്നയാൾ ടിയാളുടെ ഭർത്താവിനെ ഫോണിൽ വിളിച്ച് പണം ആവശ്യപ്പെടുകയും, പണം നൽകിയില്ലെങ്കിൽ മകളെ പീഡിപ്പിച്ചുവെന്ന് ആരോപിച്ച് മാനഹാനി വരുത്തുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നതായും ഹർജിക്കാരി, ചാത്തന്നൂർ എം.എൽ.എ. ശ്രീ. ജയലാൽ മുഖേന 24-2-2015-ൽ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ടി ബിജുമോന്റെ പ്രേരണയാൽ സി.ഐ. സിസിലികമാരി സ്കൂളിൽ ചെന്ന് ബുദ്ധിമാന്ദ്യമുള്ള മകളെ ഭീഷണിപ്പെടുത്തി നിർബന്ധപൂർവ്വം മൊഴി രേഖപ്പെടുത്തുകയും, കുട്ടി സ്വമേധയാ മൊഴി നൽകിയതാണെന്ന വ്യാജേന പരവൂർ എസ്.ഐ. യെക്കൊണ്ട് എഫ്.ഐ.ആർ. തയ്യാറാക്കി കേസ് രജിസ്റ്റർ ചെയ്യുതാണെന്നും, വനിതാ സി.ഐ.-യുടെ ടി പ്രവൃത്തിമൂലം ഹർജിക്കാരിയുടെ ഭർത്താവിനും, മകൾക്കും കുടുംബത്തിനുമുണ്ടായ മാനക്കേടിനെതിരെ ടിയാൾ പലയിടത്തും പരാതി നൽകിയെങ്കിലും നടപടിയുണ്ടായില്ലെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

മനുഷ്യാവകാശ കമ്മീഷന്റെ 26-12-2014-ലെ കൊല്ലം സിറ്റിംഗിൽ പ്രസ്തുത സി.ഐ.-യ്ക്കെതിരെ വകുപ്പുതല നടപടിയ്ക്ക് ശിപാർശ ചെയ്തിരുന്നുവെങ്കിലും, അതിന്മേലും നടപടി സ്വീകരിച്ചിട്ടില്ലെന്നും, അതിനാൽ കുപ്രചരണം നടത്തിയും, പത്രവാർത്ത നൽകിയും തന്റെ കുടുംബത്തെ സമൂഹ മദ്ധ്യത്തിൽ അപമാനിച്ച വനിതാ സി.ഐ. സിസിലികമാരിക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ഹർജിക്കാരി അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 20-5-2015-ൽ ആഭ്യന്തര വകുപ്പിലേയ്ക്ക് അയച്ചു. ഹർജിയിന്മേൽ ആഭ്യന്തര (ഡി) വകുപ്പ് 4-4-2016-ലെ കത്തു മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"പരാതിയിന്മേൽ സംസ്ഥാന പോലീസ് മേധാവി അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയതിൽ പരാതിക്കാരി ശ്രീമതി സുലേഖയുടെ ഭർത്താവ് ശ്രീ. വാസുദേവൻ പിള്ളയ്ക്കെതിരെ പരവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ

1. കൊല്ലം സിറ്റി വനിതാ സെൽ ഇൻസ്പെക്ടർ ശ്രീമതി സി.റ്റി. സിസിലികുമാരി

2. കൊല്ലം സിറ്റി വനിതാ സെൽ WCPO-5361 ശ്രീമതി ബീസിനി

3. പരവൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. പ്രദീപ് കുമാർ എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും

4. പരവൂർ വില്ലേജിൽ മീനാട് ചേരിയിൽ നെടുങ്ങോലം സൗഭാഗ്യാ ഓഡിറ്റോറിയത്തിന് സമീപം ബിന്ദു നിവാസിൽ ശിവരാജൻ പിള്ള മകൻ ബിജുമോൻ എസ്.എസ്. എന്നയാളുടെ പേരിൽ ഉചിതമായ വകുപ്പുകൾ ചേർത്ത് ക്രൈം കേസ് രജിസ്റ്റർ ചെയ്യുന്നതിലേക്കും ആവശ്യമായ നടപടി സ്വീകരിക്കുവാനും ഉത്തരവായിട്ടുള്ളതുമാണെന്നും കൊല്ലം (സിറ്റി) ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ, തിരുവനന്തപുരം മേഖലാ പോലീസ് ഐ.ജി. യുടെ 19-6-2015-ലെ ഉത്തരവ് നമ്പർ എ 2(എ) - 15250/2014/റ്റി.ആർ. നമ്പർ നടപടിക്രമം പ്രകാരം കൊല്ലം സിറ്റി വനിതാ സെൽ ഇൻസ്പെക്ടർ ശ്രീമതി സി.റ്റി. സിസിലികുമാരി, പരവൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. പ്രദീപ് കുമാർ എന്നിവർക്കെതിരെ വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കുറ്റാരോപിതർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാക്കിയശേഷം സമിതിക്ക് നേരിട്ട് അന്തിമ മറുപടി നൽകുന്നതിനായി ഫയൽ ആഭ്യന്തര (എച്ച്) വകുപ്പിന് കൈമാറിയിട്ടുണ്ടെന്നുള്ള വിവരം കൂടി അറിയിച്ചുകൊള്ളുന്നു."

സമിതിയുടെ 4-1-2017-ലെ യോഗം, പ്രസ്തുത ഇടക്കാല റിപ്പോർട്ട് പരിഗണിക്കുകയും പ്രസ്തുത വിഷയത്തിന്മേൽ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള കർശനമായ വകുപ്പുതല നടപടി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ആഭ്യന്തര (എച്ച്) വകുപ്പ് 14-9-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീമതി സുലേഖ സമർപ്പിച്ച ഹർജിയിന്മേൽ സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതിക്കാരി ശ്രീമതി സുലേഖയുടെ ഭർത്താവ് ശ്രീ. വാസുദേവൻപിള്ളക്കെതിരെ പരവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ (എ) കൊല്ലം സിറ്റി വനിതാ സെൽ ഇൻസ്പെക്ടർ ശ്രീമതി സി. റ്റി. സിസിലികുമാരി, കൊല്ലം സിറ്റി വനിതാ സെൽ WCPO-5361 ശ്രീമതി ബിസിനി, പരവൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. പ്രദീപ് കുമാർ എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും (ബി) പരവൂർ വില്ലേജിൽ മീനാട് ചേരിയിൽ നെടുങ്ങോലം സൗഭാഗ്യ ഓഡിറ്റോറിയത്തിന് സമീപം ബിന്ദു നിവാസിൽ ശിവരാജൻ പിള്ള മകൻ ബിജുമോൻ എസ്. എസ്. എന്നയാളുടെ പേരിൽ ഉചിതമായ വകുപ്പുകൾ ചേർത്ത് ക്രൈം കേസ് രജിസ്റ്റർ ചെയ്യുന്നതിലേക്കും ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉത്തരവായിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് കുറ്റക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാക്കിയ ശേഷം ഹർജിയിന്മേൽ അന്തിമ മറുപടി നൽകുമെന്ന് അറിയിച്ചുകൊണ്ട് നിയമസഭാ സമിതിക്ക് മറുപടി നൽകുകയുണ്ടായി.

ശ്രീമതി സിസിലികുമാരി, സി.ഐ., ശ്രീ. പ്രദീപ് കുമാർ എസ്.ഐ. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സർക്കാർ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെടുകയും തുടർന്ന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി സിസിലി കുമാരി, വനിതാ പോലീസ് ഇൻസ്പെക്ടർക്കും ശ്രീ. എസ്.എം. പ്രദീപ് കുമാർ എസ്.ഐയ്ക്കും എതിരെ ഒരു വാചകീയ അന്വേഷണം നടത്തുന്നതിന് കൊല്ലം സിറ്റി ഡി.സി.ആർ.ബി. അസിസ്റ്റന്റ് കമ്മീഷണറെ തിരുവനന്തപുരം മേഖല പോലീസ് ഇൻസ്പെക്ടർ ജനറൽ ചുമതലപ്പെടുത്തുകയുണ്ടായി എന്നും അന്വേഷണത്തിൽ ശ്രീമതി സിസിലികുമാരി വനിത പോലീസ് ഇൻസ്പെക്ടർക്കും ശ്രീ. എസ്.എം. പ്രദീപ് കുമാർ എസ്.ഐയ്ക്കും എതിരെയുള്ള ആരോപണങ്ങൾ തെളിയുന്നില്ല എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് യോജിച്ചുകൊണ്ട് തിരുവനന്തപുരം മേഖല പോലീസ് ഇൻസ്പെക്ടർ ജനറൽ 14-9-2017-ലെ എ 2(എ)/15250/2014/റ്റി.ആർ 29-5-2017-ലെ എ 2(എ)/ 15252/14/റ്റി.ആർ. എന്നീ ഉത്തരവുകൾ പ്രകാരം ശ്രീമതി സിസിലികുമാരി, വനിതാ സി.ഐ. ശ്രീ. എസ്.എം. പ്രദീപ് കുമാർ എസ്. ഐ. എന്നിവരെ കുറ്റവിമുക്തരാക്കിയിട്ടുള്ളതാണ് എന്ന് സംസ്ഥാന പോലീസ് മേധാവി അറിയിക്കുകയുണ്ടായി.

കൊല്ലം സിറ്റി വനിതാ സെൽ WPC ശ്രീമതി ബിസിനിക്കെതിരെ സ്വീകരിച്ച നടപടി ശ്രീ. ബിജുമോൻ എസ്.എസ്. യുടെ പേരിൽ ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ

ചെയ്തത് സംബന്ധിച്ച് വിശദാംശങ്ങൾ, ശ്രീമതി സിസിലികുമാരി WCI, ശ്രീ. എസ്.എം. പ്രദീപ് കുമാർ എസ്.ഐ. എന്നിവർക്കെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നില്ല എന്ന പി.ആർ. മിനിട്സിലെ നിഗമനങ്ങൾ സംബന്ധിച്ച വിശദമായ പരിശോധന നടത്തുന്നതിനായി ടിയാൾക്കാർക്കെതിരായ പി.ആർ. മിനിട്സ് എന്നിവ സംസ്ഥാന പോലീസ് മേധാവിയിൽ നിന്ന് സർക്കാർ ആവശ്യപ്പെടുകയുണ്ടായി.

സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ടിൽ കൊല്ലം വനിതാ സെല്ലിൽ പ്രവർത്തിയെടുത്തുവരുന്ന ശ്രീമതി ബിസിനി WCPO 5361 പരവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1364/14 നമ്പർ കേസ് രജിസ്റ്റർ ചെയ്യുന്നതിന് പങ്കാളിയായതായി റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൾ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ഒരു താക്കീത് മെമ്മോ നൽകുകയുണ്ടായി എന്നും ശ്രീ. ബിജുമോൻ എസ്.എസ്. എന്നയാൾക്കെതിരെ കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ ശിപാർശ പ്രകാരം പരവൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2161/14U/s 500 IPC,Sec 3r/w 22 of POSCO Act 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും 10-2-2015-ന് ബഹു. കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുള്ളതുമാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീമതി സിസിലി കുമാരി WCI, ശ്രീ. എസ്.എം. പ്രദീപ് കുമാർ എസ്.ഐ. എന്നിവർക്കെതിരെയുള്ള പി.ആർ. മിനിട്സും അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവും മറ്റ് അനുബന്ധ രേഖകളും സർക്കാർ വിശദമായി പരിശോധിക്കുകയും ശ്രീ. എസ്.എം. പ്രദീപ് കുമാർ എസ്.ഐ.യെ കുറ്റവിമുക്തനാക്കിയ തിരുവനന്തപുരം മേഖല പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ 29-5-2017-ലെ എ 2/(എ)/15252/14/റ്റി.ആർ. ഉത്തരവ് പുനഃപരിശോധിക്കേണ്ടതില്ല എന്നും ശ്രീമതി സിസിലികുമാരി, WCI യുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച ഉണ്ടായതായി കാണുന്നതിനാൽ ടിയാളെ കുറ്റവിമുക്തയാക്കിയ തിരുവനന്തപുരം മേഖല പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ 14-9-2017-ലെ എ 2/(എ)/15252/14/റ്റി.ആർ. ഉത്തരവ് പുനഃപരിശോധിക്കേണ്ടതാണെന്നും കാണുകയുണ്ടായി. തുടർന്ന് കേരള പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ് പണിഷ്മെന്റ് ആന്റ് അപ്പീൽ ചട്ടം 36(എ) പ്രകാരം ശ്രീമതി സിസിലികുമാരി, WCI ക്കെതിരായ പി.ആർ. മിനിട്സ് പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി സ.ഉ.(സാധാ.) 2028/18/ആഭ്യ. തീയതി 16-7-2018 പ്രകാരം ശ്രീമതി സിസിലികുമാരി WCI-ക്ക് താക്കീത് നൽകിയ തിരുവനന്തപുരം റേഞ്ച് ഐ.ജി.യുടെ 11-3-2015 തീയതിയിലെ എ 2(എ)/ 15250/14/റ്റി.ആർ. നമ്പർ ഉത്തരവ് , ടിയാളെ കുറ്റവിമുക്തയാക്കിയ തിരുവനന്തപുരം റേഞ്ച് ഐ.ജി.യുടെ 14-9-2017 തീയതിയിലെ എ 2/(എ)/15250/14/റ്റി.ആർ. ഉത്തരവ് എന്നിവ റദ്ദാക്കുകയുണ്ടായി.

ശ്രീമതി സിസിലികമാരി WCI ക്കെതിരെയുള്ള പി.ആർ.മിനിട്സും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ ഇരയായി എന്നാരോപിക്കപ്പെട്ട പെൺകുട്ടി IED (Integrated Education for Disabled Child) വിഭാഗത്തിൽപ്പെട്ടയാളാണെന്ന് സ്കൂൾ ഹെഡ്മിസ്ട്രസ് പറഞ്ഞിട്ടും മൊഴി രേഖപ്പെടുത്തുന്നതിന് മുമ്പ് IEDSS Resource Person-ന്റെ സേവനം തേടാതിരുന്നതിലും ടി പെൺകുട്ടി 50 ശതമാനത്തിലധികം ബുദ്ധിമാന്ദ്യമുള്ള ആളാണെന്ന് ബോധ്യമായിട്ടും ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാതെ മൊഴി ഏകപക്ഷീയമായി രേഖപ്പെടുത്തുകയും ടി മൊഴി വിശ്വസിക്കാൻ പറ്റുന്നതല്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കി പ്രായോഗിക ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്നതിലും ശ്രീമതി സിസിലികമാരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായതായി കാണുകയുണ്ടായി. ഹെഡ്മിസ്ട്രസ്സിന്റെ അസാന്നിദ്ധ്യത്തിൽ കുട്ടിയെ കൊണ്ട് സ്റ്റേറ്റ്മെന്റിൽ ഒപ്പിടീക്കുകയും സ്റ്റേറ്റ്മെന്റ് വായിച്ചുകേൾക്കണമെന്ന് പറഞ്ഞ ഹെഡ്മിസ്ട്രസ്സിനോട് പറ്റില്ലെന്നും കുട്ടിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി ഒപ്പിട്ടില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തു എന്നുള്ള ഹെഡ്മിസ്ട്രസ്സിന്റെ മൊഴി വളരെ പ്രസക്തവും ഗൗരവമുള്ളതുമാണ് എന്നും, ശ്രീമതി സിസിലികമാരി സ്വന്തം താൽപ്പര്യപ്രകാരമുള്ള സ്റ്റേറ്റ്മെന്റാണ് പെൺകുട്ടിയുടെ മൊഴി എന്ന രീതിയിൽ ഉണ്ടാക്കിയിട്ടുള്ളതെന്ന് എന്നും വ്യക്തമാകുകയുണ്ടായി.

സ്ത്രീകളുടെയും കുട്ടികളുടെയും അന്തസ്സിനും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കേണ്ട ശ്രീമതി സിസിലികമാരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം, നിരുത്തരവാദിത്തം, അധികാര ദുർവിനിയോഗം എന്നിവ തെളിവിൽ വന്നിട്ടുള്ളതിനാൽ ടിയാളുടെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ചു. ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ശ്രീമതി സുലേഖ സമർപ്പിച്ച ഹർജി ഗൗരവതരമാണെന്ന് സർക്കാർ കാണുന്നതിനാൽ ടി വിഷയത്തിൽ വിശദമായ പരിശോധനയ്ക്ക് ശേഷം അന്തിമ മറുപടി നൽകുന്നതാണ്."

18-9-2018-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം ടി റിപ്പോർട്ട് പരിഗണിക്കുകയും ഹർജി വിഷയം സംബന്ധിച്ച് ഹർജിക്കാരിയിൽ നിന്നും ആഭ്യന്തര വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും എതിർകക്ഷികളായ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഹർജിക്കാരി സമിതി മുമ്പാകെ ബോധിപ്പിച്ച കാര്യങ്ങൾ വാസ്തവമാണെന്ന് ബോധ്യപ്പെട്ട സമിതി ഹർജിക്കാരിക്കും കുടുംബത്തിനും ടി കേസുമൂലമുണ്ടായ ബുദ്ധിമുട്ടുകളും അപമാനവും വളരെ വലുതാണെന്ന് അഭിപ്രായപ്പെടുകയും ടി സംഭവം കാരണം ഹർജിക്കാരിക്കും കുടുംബത്തിനും നാട്ടിൽ ജീവിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായതെന്ന് വിലയിരുത്തുകയും ചെയ്തു.

ചാത്തന്നൂർ നിയോജകമണ്ഡലം എം.എൽ.എ. ആയിരുന്ന ശ്രീ. ജി. എസ്. ജയലാൽ മുഖേനയാണ് ഹർജിക്കാരി സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുള്ളതെന്നും ഹർജി വിഷയം വളരെ ഗൗരവമുള്ളതാണെന്നും അത്യധികം അപമാനമാണ് നിരപരാധികളായ ഹർജിക്കാരിക്കും കുടുംബത്തിനും ഉണ്ടായതെന്നും സമിതി നിരീക്ഷിച്ചു.

കൊല്ലം വനിതാസെൽ സി.ഐ. ആയിരുന്ന ശ്രീമതി സിസിലി കുമാരിയെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അവരുടെ പേരിൽ കർശന നടപടി സ്വീകരിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോടും സംസ്ഥാന പോലീസ് മേധാവിയോടും ടി സമിതി യോഗം നിർദ്ദേശിച്ചു.

കുട്ടിയെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയശേഷം മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുടർനടപടി സ്വീകരിക്കേണ്ടത് എന്നിരിക്കെ നടപടിക്രമങ്ങളിൽ ഗുരുതരമായ വീഴ്ചയാണ് പരവൂർ സ്റ്റേഷനിലെ എസ്.ഐ. ആയിരുന്ന ശ്രീ. എസ്.എം. പ്രദീപ്കുമാറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തിയ സമിതി ടി എസ്.ഐ.യുടെ പേരിലും നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോടും സംസ്ഥാന പോലീസ് മേധാവിയോടും നിർദ്ദേശിക്കുകയും ചെയ്തു. അത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കാനുള്ള ജാഗ്രത ആഭ്യന്തര വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയുടെ പ്രസ്തുത നിർദ്ദേശങ്ങൾ ഇതിനോടകം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും സംസ്ഥാന പോലീസ് മേധാവിയെയും അറിയിച്ചിട്ടുണ്ട്.

ഹർജി വിഷയത്തിൽ എതിർകക്ഷികളായ പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേനയുടെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടുന്ന രീതിയിൽ ടി വിഷയത്തിൽ നടപടി കൈക്കൊണ്ടത് അക്ഷന്തവ്യമായ വീഴ്ചയായതിനാൽ കൊല്ലം വനിതാസെൽ സി.ഐ. ആയിരുന്ന സിസിലി കുമാരി, പരവൂർ സ്റ്റേഷനിലെ എസ്.ഐ. ആയിരുന്ന ശ്രീ. എം.എസ്. പ്രദീപ് എന്നിവരുടെ പേരിൽ സമിതി നിർദ്ദേശിച്ചിരുന്നപ്രകാരമുള്ള നടപടി സ്വീകരിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

(2) അയൽവാസിയുടെ അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്നും പ്രതിയെ സഹായിക്കുന്ന പോലീസുകാർക്കെതിരെ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി അമ്പിളി, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 13193/ഹർജി ബി1/2016/നി.സെ.)

പട്ടികജാതി പാണൻ സമുദായത്തിൽപ്പെട്ട ഹർജിക്കാരിയുടെ ഭർത്താവും 13 വയസ്സുള്ള മകളുമടങ്ങുന്ന കുടുംബം താമസിക്കുന്ന സ്ഥലത്തെ അയൽവാസിയായ ശ്രീ. പ്രദീപ് ഹർജിക്കാരിയെയും കുടുംബത്തെയും ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുന്നത് പതിവാണെന്നും അതിനെതിരെ എഴുകോൺ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ താക്കീത് ചെയ്തിട്ടുള്ളതാണെന്നും എന്നാൽ പോലീസിനെ സ്വാധീനിച്ച് ടിയാന്റെ പേരിലുള്ള കേസുകൾ ഇല്ലാതാക്കുകയും വീണ്ടും പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുന്നത് പതിവാണെന്നും 6-1-2016 തീയതിയായി സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

23-8-2015-ൽ ശ്രീ. പ്രദീപ് മദ്യപിച്ചുവന്ന് ഹർജിക്കാരിയെ പരസ്യമായി ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും അസഭ്യം പറയുകയും കഴുത്തിൽ കത്തികൊണ്ട് കുത്തി മുറിവേല്പിക്കുകയും ചെയ്തുവെന്നും എന്നാൽ ഹർജിക്കാരി അതു സംബന്ധിച്ച് നൽകിയ പരാതി മാറ്റിയെഴുതാൻ എഴുകോൺ എസ്.ഐ. ആയിരുന്ന ശ്രീ. ഗിരീഷ് നിർബന്ധം പിടിച്ചതായും എന്നാൽ ഹർജി മാറ്റി എഴുതാതിരുന്നതിനാൽ ഹർജിക്കാരിയോട് ടിയാൻ മോശമായി പെരുമാറിയെന്നും തുടർന്നും അത്തരം പെരുമാറ്റം തന്നെയാണ് പോലീസുകാരിൽ നിന്നും ഉണ്ടായതെന്നും പ്രതിയെ രക്ഷിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചതെന്നും എതിർകക്ഷിയായ ശ്രീ. പ്രദീപിന്റെ അമ്മയെ ഹർജിക്കാരിയുടെ ഭർത്താവ് ഉപദ്രവിച്ചുവെന്നത് സംബന്ധിച്ച് ഒരു കള്ളക്കേസ് രജിസ്റ്റർ ചെയ്തുവെന്നും, പ്രസ്തുത കേസിന്റെ നിജസ്ഥിതി അറിയാൻ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയുമായി ചെന്ന ഹർജിക്കാരിയുടെ അപേക്ഷ നിരസിക്കുകയും ടിയാളോട് പോലീസ് ഉദ്യോഗസ്ഥർ മോശമായി പെരുമാറുകയും ടിയാളുടെ മൊബൈൽ ഫോൺ പിടിച്ചുവാങ്ങുകയും ചെയ്തുവെന്നും ടി ഫോൺ തിരികെ നല്കിയിട്ടില്ലെന്നും തുടർന്ന് അക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടി മേലധികാരികൾക്ക് പരാതി നൽകിയെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ലെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ഹർജിയിലെ എതിർകക്ഷികളായ ശ്രീ. ഗിരീഷ് എസ്. ഐ., ശ്രീ. അനിൽകുമാർ, റൈറ്റർ, ശ്രീ. അനിൽകുമാർ, പോലീസ് കോൺസ്റ്റബിൾ, ശ്രീ. ഷൈനോ, എ.എസ്.ഐ. ശ്രീമതി ലതിക, വനിതാ പോലീസ് കോൺസ്റ്റബിൾ എന്നിവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ശ്രീ. പ്രദീപിനെതിരെ രജിസ്റ്റർ ചെയ്ത 1253/15 നമ്പർ കേസ് സത്യസന്ധനായ ഒരു എസ്.പി. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് ആഭ്യന്തര (ഡി) വകുപ്പ് 14-9-2018-ലെ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"പരാതിയിന്മേൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ, 23-8-2015 തീയതിയിൽ 1-ാം എതിർകക്ഷി പ്രദീപ് പരാതിക്കാരിയെ ജാതി

പറഞ്ഞ് ആക്ഷേപിക്കുകയും, ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തതിന് പരാതിക്കാരി പോലീസ് സ്റ്റേഷനിൽ അറിയിച്ചിട്ടും നടപടി എടുത്തില്ലായെന്നുമുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിച്ചതിൽ പരാതിക്കാരി എഴുകോൺ പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചതായി രേഖകളിൽ കാണുന്നില്ലായെന്നും 26-8-2015-ൽ ടിയാൾ എഴുകോൺ സി.ഐയ്ക്ക് നൽകിയ പരാതി എഴുകോൺ പോലീസ് സ്റ്റേഷനിലേക്ക് അയച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്തി 27-8-2015-ൽ എഴുകോൺ പോലീസ് സ്റ്റേഷൻ ക്രൈം 1253/15 U/s 294 (b), 324, 506 (ii), 354 IPC & 3 (1) of SC/ST Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, തുടർന്ന് ടി കേസ്സിന്റെ അന്വേഷണം കൊട്ടാരക്കര ഡി.വൈ.എസ്.പി. ഏറ്റെടുത്ത് അന്വേഷണം പൂർത്തിയാക്കി ടി പ്രദീപിനെ പ്രതിയാക്കി ബഹു. SC/ST Special Court, Kottarakkara മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണെന്നും വ്യക്തമായതായി അറിയിച്ചിട്ടുണ്ട്.

26-8-2015-ൽ പരാതിക്കാരി എഴുകോൺ സി.ഐയ്ക്ക് നൽകിയ പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തി കേസ്സ് രജിസ്റ്റർ ചെയ്തത് 27-8-2015-ന് രാത്രി 11.00 മണിക്ക് ആയതിനാൽ പരാതിക്കാരിക്ക് അന്നേ ദിവസം സ്റ്റേഷനിൽ നിന്നും വൈകിട്ട് 6.00 മണിക്ക് എഫ്.ഐ.ആറിന്റെ പകർപ്പ് നൽകാൻ സാധിക്കുമായിരുന്നില്ലായെന്നും എന്നാൽ കേസ് രജിസ്റ്റർ ചെയ്തതിനുശേഷം എഫ്.ഐ.ആറിന്റെ പകർപ്പ് ആവലാതിക്കാർക്ക് സൗജന്യമായി നൽകാറുണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

12-9-2015-ൽ 1-ാം എതിർകക്ഷിയായ പ്രദീപിന്റെ അമ്മ ചെല്ലമ്മ എഴുകോൺ പോലീസ് സ്റ്റേഷനിൽ ഹാജരായി പരാതിക്കാരി അമ്പിളിയുടെ ഭർത്താവ് സുന്ദരേശൻ ടിയാളെ അസഭ്യം പറയുകയും, ദേഹോപദ്രവം ഏല്പിപ്പിക്കുകയും, മാനഹാനി വരുത്തുകയും, ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും മറ്റും കാണിച്ച് മൊഴി നൽകിയത് പ്രകാരം എഴുകോൺ പോലീസ് സ്റ്റേഷൻ ക്രൈം 1323/15 U/s 294(b), 506 (ii), 354 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം 20-3-2016-ൽ ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണെന്നും, എന്നാൽ പ്രസ്തുത ക്രൈം പുനരന്വേഷണത്തിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ എഴുകോൺ സി.ഐ. ടി കേസ് പുനരന്വേഷണം നടത്തി ചാർജ്ജ് ഷീറ്റ് ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും, അത് ബഹു. കോടതിയുടെ പരിഗണനയിലുമാണെന്നും, 16-11-2015-ൽ വിവരാവകാശ അപേക്ഷയുമായി എഴുകോൺ പോലീസ് സ്റ്റേഷനിൽ എത്തിയ പരാതിക്കാരിയെ സ്റ്റേഷൻ റൈറ്ററും, സ്റ്റേഷനിലുണ്ടായിരുന്ന മറ്റ് പോലീസ് ഉദ്യോഗസ്ഥരും ആക്ഷേപിച്ചത് മൊബൈൽ ഫോണിൽ റിക്കാർഡ് ചെയ്യാൻ ശ്രമിച്ച പരാതിക്കാരിയുടെ മൊബൈൽ പോലീസുകാർ ബലമായി പിടിച്ചുവാങ്ങിയെന്നും, ടിയാളെ സ്റ്റേഷനിൽ തടഞ്ഞുവച്ചുവെന്നും മറ്റുമുള്ള ആരോപണത്തെപ്പറ്റി അന്വേഷിച്ചതിൽ ശ്രീമതി അമ്പിളി എഴുകോൺ പോലീസ് സ്റ്റേഷനിലെത്തി ടിയാളുടെ ഭർത്താവിനെതിരെ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് റൈറ്ററായിരുന്ന അനിൽകുമാറിനോട്

അന്വേഷിച്ച സമയത്ത് പരാതികക്ഷിയുടെ ഭർത്താവിന്റെ പേരും മറ്റും ചോദിച്ചത് ഇഷ്ടപ്പെടാഞ്ഞ് പരാതികക്ഷി ഉച്ചത്തിൽ പരുഷമായി സംസാരിക്കുകയും മൊബൈൽ ഫോണിൽ ഓഫീസ് രേഖകൾ ഉൾപ്പെടെയുള്ളവയുടെ വീഡിയോ റിക്കാർഡ് ചെയ്യാൻ ശ്രമിക്കുകയും അപ്പോൾ സ്റ്റേഷനിലുണ്ടായിരുന്ന SCPO 6156 അനിൽകുമാറും GASI ഷൈനോ, WPC ലതിക തുടങ്ങിയവർ പരാതികക്ഷിയെ തടഞ്ഞതിനാൽ ടിയാൾ മൊബൈൽ ഫോൺ റൈറ്ററുടെ മേശപ്പുറത്ത് എറിഞ്ഞ ശേഷം പോയിട്ടുള്ളതും പിന്നീട് മൊബൈൽ ഫോൺ തിരികെ കൊടുത്തിട്ടും അവർ കൈപ്പറ്റിയിട്ടില്ലാത്തതുമാണെന്നും അറിയിച്ചിട്ടുണ്ട്.

പരാതിക്കാരിക്ക് എന്തെങ്കിലും വിവരങ്ങൾ എഴുകോൺ പോലീസ് സ്റ്റേഷനിൽ നിന്ന് വിവരാവകാശ നിയമപ്രകാരം ആവശ്യമാണെങ്കിൽ അപേക്ഷ നൽകിയാൽ ലഭ്യമാക്കുന്നതാണെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെങ്കിലോ, ലഭിച്ച മറുപടി തൃപ്തികരമല്ലെങ്കിലോ അപ്പീൽ അധികാരികൾക്ക് അപേക്ഷ നൽകി പരിഹാരം കാണാവുന്നതാണെന്നും പരാതിയിലെ മറ്റ് ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണെന്ന് സാക്ഷിമൊഴികളിൽ നിന്നും അന്വേഷണത്തിൽ നിന്നും വ്യക്തമായതായും സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്."

18-9-2018-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും ഹർജിക്കാരിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. ഹർജി വിഷയത്തിൽ ഡി.വൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തണമെന്നും ഹർജിക്കാരിക്ക് പോലീസ് സംരക്ഷണം നൽകുവാൻ നടപടി സ്വീകരിക്കണമെന്നും കൂടാതെ എതിർകക്ഷിയായ ശ്രീ. പ്രദീപിന് എഴുകോൺ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുമായി എന്തെങ്കിലും അവിശുദ്ധ കൂട്ടുകെട്ടുണ്ടോയെന്ന് അന്വേഷിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

<u>സമിതിയുടെ മേല്പറഞ്ഞ നിർദ്ദേശങ്ങൾ രേഖാമൂലം ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടും നാളിതുവരെ അവ നടപ്പിലാക്കിയത് സംബന്ധിച്ച് റിപ്പോർട്ട് ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സമിതിയുടെ പ്രസ്തുത നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(3) ഭവന ഭേദനം നടത്തുകയും, കള്ളക്കേസിൽ കുടുക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. വില്ലിംഗ്ടൺ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21577/ഹർജി ബി3/2013/നി.സെ.)

ഇന്ത്യൻ ആർമിയിൽ '26' വർഷത്തെ മികച്ച സേവനത്തിന് രാഷ്ട്രപതിയുടെ പ്രസിഡന്റ്സ് കമ്മീഷൻ സർട്ടിഫിക്കറ്റോടുകൂടി നായിബ് സുബേദാർ റാങ്കിൽ വിരമിച്ച ആളാണ് ഹർജിക്കാരനെന്നും, 4-3-2013-ൽ രാത്രി ഉദ്ദേശം 11.30 മണിയോടുകൂടി കൊല്ലം റൂറൽ ഡി.വൈ.എസ്.പി. ശ്രീ. ആന്റോയുടെ നേതൃത്വത്തിൽ കുണ്ടറ എസ്.ഐ. ശ്രീ. ഷുക്കൂർ, പോലീസുകാരായ ശ്രീ. അജയൻ, ശ്രീ. ചന്ദ്രബാബു എന്നിവർ ചേർന്ന് ടിയാന്റെ വീടിന്റെ ഗേറ്റും, മുൻ വാതിലും ചവിട്ടിപ്പൊളിച്ച് അനധികൃതമായി വീടിനുള്ളിൽ പ്രവേശിച്ച് ജോസ് എന്നയാളിനെ അന്വേഷിക്കുകയും തുടർന്ന് ടിയാന്റെ ഭാര്യയുടെയും, പെൺമക്കളുടെയും മുന്നിലിട്ട് മർദ്ദിക്കുകയും, വീട്ടുസാധനങ്ങളൊക്കെ വലിച്ച് വാരിയിടുകയും ചെയ്തുവെന്നും, വീടിന് വെളിയിൽ കൂട്ടിൽ സൂക്ഷിച്ചിരുന്ന രണ്ട് മുയലുകളെ കുണ്ടറ എസ്. ഐ. ഷുക്കൂർ അടിച്ചുകൊല്ലുകയും, കാർ ഷെഡിൽ കാർ കഴുകാനായി സൂക്ഷിച്ചിരുന്ന ദ്രാവകം കുപ്പിയുടെ അടപ്പ് തുറന്ന് കിണറ്റിലേക്ക് വലിച്ചെറിഞ്ഞ് കിണറ്റിലെ വെള്ളം മലിനമാക്കുകയും ചെയ്തുവെന്നും തുടർന്ന് ഹർജിക്കാരനെ ബലമായി പിടിച്ച് ജീപ്പിൽ കയറ്റി കിഴക്കേ കല്ലട പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി തടങ്കലിൽ പാർപ്പിച്ചുവെന്നും, അതിനുശേഷം ഡി.വൈ.എസ്.പി. ശ്രീ. ആന്റോയും, എസ്.ഐ. ശ്രീ. ഷുക്കൂറും, മറ്റ് പോലീസുകാരും ചേർന്ന് ടിയാന്റെ ഭാര്യയെയും, മക്കളെയും വീടിന് പുറത്താക്കിയശേഷം നേരംപുലരുവോളം വീടിനുള്ളിൽ പരിശോധന നടത്തിയെന്നും, പോലീസ് പാർട്ടി വീട്ടിൽ നിന്നും പോയശേഷം ടിയാന്റെ ഭാര്യയും മക്കളും വീട്ടിൽകയറി നോക്കിയപ്പോൾ അലമാരയിൽ സൂക്ഷിച്ചിരുന്ന 10,000 രൂപ (പതിനായിരം രൂപ) കാണാനില്ലായിരുന്നുവെന്നും ടിയാൻ 4-12-2013-ൽ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ടി സംഭവം നടന്നതിന്റെ പിറ്റേദിവസം രാവിലെ ഡി.വൈ.എസ്.പി. ശ്രീ. ആന്റോയും, എസ്.ഐ. ശ്രീ. ഷുക്കൂറും വീണ്ടും ടിയാന്റെ വീട്ടിലെത്തി ഭാര്യയെയും മക്കളെയും ഭീഷണിപ്പെടുത്തി വീട്ടിൽ നിന്നും ഇറക്കി വിട്ടുവെന്നും പ്രാണരക്ഷാർത്ഥം ടിയാന്റെ സഹോദരിയുടെ വീട്ടിൽ അഭയം പ്രാപിച്ചുവെങ്കിലും അവിടെയെത്തിയ ഡി.വൈ.എസ്.പി. ടിയാളുകളെ അവിടെ നിന്നും ഇറക്കിവിട്ടുവെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

6-3-2013-ന് വൈകുന്നേരം ഏകദേശം 7 മണിയോടുകൂടി ഹർജിക്കാരന്റെ പേരിൽ കള്ളക്കേസുകൾ ചുമത്തി ടിയാനെ ബഹു. കോടതിയിൽ ഹാജരാക്കി ജയിലിലടച്ചുവെന്നും, എന്നാൽ ഹർജിക്കാരനെതിരെ സാക്ഷികളെയോ തെളിവുകളോ ഹാജരാക്കാൻ പോലീസിന് സാധിക്കാതിരുന്നതിനാൽ കൊല്ലം JFMC I-ൽ ടിയാന് നിരുപാധികം ജാമ്യം ലഭിച്ചുവെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

കിഴക്കേ കല്ലട എസ്.ഐ. ശ്രീ. മനോജും, ഹർജിക്കാരന്റെ സഹോദരനായ ശ്രീ. ജോസും തമ്മിൽ 4-3-2013-ന് രാത്രിയിലുണ്ടായ പ്രശ്നങ്ങളും തുടർന്നുണ്ടായ അനിഷ്ട സംഭവങ്ങളിൽ എസ്.ഐ. ശ്രീ. മനോജിന് പരിക്കേറ്റതുമാണ് പോലീസ് പാർട്ടി ടിയാന്റെ വീട്ടിലെത്താൻ കാരണമായതെന്നും എന്നാൽ പ്രസ്തുത സംഭവങ്ങളിൽ ടിയാന് യാതൊരു പങ്കുമില്ലെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ഹർജിക്കാധാരമായ സംഭവം ഹർജിക്കാരനും കുടുംബത്തിനും ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകളും മാനഹാനിയും, സാമ്പത്തിക നഷ്ടവും ഉണ്ടാക്കിയിട്ടുണ്ടെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് ടിയാൻ കൊല്ലം എസ്.പി., ഡി.ജി.പി., ആഭ്യന്തര വകുപ്പ് മന്ത്രി മുതലായവർക്ക് പരാതി നല്കിയെങ്കിലും എതിർകക്ഷിയായ ഡി.വൈ.എസ്.പി. ശ്രീ. ആന്റോയുടെ സുഹൃത്തുക്കളും, സഹപ്രവർത്തകരുമായ ഡി.വൈ.എസ്.പി. മാരാണ് ടി പരാതികളിൽ അന്വേഷണം നടത്തിയിട്ടുള്ളതെന്നും അവർ എതിർകക്ഷികൾക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നല്കിയിട്ടുള്ളതെന്നും, ആയതിനാൽ ഹർജി വിഷയത്തിൽ സത്യസന്ധമായ അന്വേഷണം നടത്തി ഹർജിക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 3-1-2014-ൽ ആഭ്യന്തര വകുപ്പിലേക്കയച്ചു.

ഹർജി വിഷയം സംബന്ധിച്ച റിപ്പോർട്ട് ആഭ്യന്തര (എച്ച്) വകുപ്പ് 9-2-2015-ലെ കത്ത് മുഖേന ലഭ്യമാക്കിയിരുന്നു. 11-2-2015-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരൻ എന്നിവരിൽ നിന്നും തെളിവെടുക്കുകയും ഹർജിക്കാരനെതിരെ നടന്ന സംഭവങ്ങളെക്കുറിച്ച് ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും, ഐ.ജിയെക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നല്കുകയും ചെയ്തിരുന്നു.

ഹർജിക്കാരൻ 16-4-2015, 11-11-2016 എന്നീ തീയതികളിൽ തുടർ ഹർജികളും സമർപ്പിച്ചിരുന്നു.

11-2-2015-ലെ സമിതിയോഗ നിർദ്ദേശ പ്രകാരം ആഭ്യന്തര (എച്ച്) വകുപ്പ് 3-3-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം ശ്രീ. വെല്ലിംഗ്ടന്റെ പരാതിയിന്മേൽ തിരുവനന്തപുരം മേഖലാ ഇൻസ്പെക്ടർ ജനറലിനോട് പുനരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടതിന്മേൽ ഐ.ജി.പി. തിരുവനന്തപുരം റേഞ്ചിന്റെ

സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തിയതിൽ ശ്രീ. പി. വെല്ലിംഗ്ടൺ പ്രതിയായ കല്ലട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 288/13 നമ്പർ കേസ്സിന്റെ സി.ഡി. ഫയൽ പരിശോധിച്ചപ്പോൾ ചില പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ടി കേസ്സിന്റെ പുനരന്വേഷണം നടത്തുന്നതിന് കൊല്ലം റൂറൽ ഭരണവിഭാഗം ഡി.വൈ.എസ്.പി.-യെ ചുമതലപ്പെടുത്തുകയും ഇതനുസരിച്ച് ബഹുമാനപ്പെട്ട കൊല്ലം ജുഡീഷ്യൽ 1-ാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി 1 മുമ്പാകെ സത്യവാങ്മൂലം ഹാജരാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കോടതിയിൽ നിന്നും പുനരന്വേഷണം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കേസ് ഇപ്പോൾ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (അഡ്മിൻ) കൊല്ലം റൂറൽ അന്വേഷിച്ചുവരുന്നു.

ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷൻ ക്രൈം 287/13 U/s 341, 447, 323, 924(b), 354 IPC വകുപ്പുകൾ പ്രകാരമുള്ള കേസിൽ പ്രതിയായ ജോസ് (ഹർജിക്കാരന്റെ അനുജൻ) ടി കേസിൽ ഒളിവിൽ കഴിഞ്ഞുവരവെ ടി കേസിലെ ആവലാതിക്കാരിയായ ശ്രീമതി സുനിതയെ ശല്യം ചെയ്യുന്നുവെന്നുള്ള വിവരം സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 4-3-2013 രാത്രി 10 മണിയോടുകൂടി ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷൻ എസ്.ഐ. ശ്രീ. മനോജിന്റെ നേതൃത്വത്തിൽ ജി.ഡി. ചാർജ്ജ് ഗ്രേഡ് എസ്.ഐ. ശ്രീ. മോഹനൻ, ഡ്രൈവർ എസ്.സി.പി.ഒ. 5807, ശ്രീ. അലക്സ് എന്നിവർ ജോസിന്റെ വീട്ടിൽ പോകുകയും അവിടെ ഉണ്ടായിരുന്ന ജോസും, ടിയാന്റെ ജ്യേഷ്ഠൻ രാജേഷും ഭാര്യയും ചേർന്ന് എസ്.ഐ. മനോജിനെ കൊലപ്പെടുത്താൻ ശ്രമിക്കുക വഴി ഗുരുതരമായി പരിക്ക് പറ്റിയ എസ്.ഐ.-യെ കൂടെയുണ്ടായിരുന്നവർ ഉടൻതന്നെ ശാസ്താംകോട്ട പത്മാവതി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിശോധനയിൽ എസ്.ഐ. യുടെ കൈക്ക് dislocation സംഭവിച്ചിട്ടുള്ളതായും ആയതിലേക്ക് സെക്ഷൻ 341, 294(ബി), 323, 333, 394, 307, 34 ഐ.പി.സി. പ്രകാരം 288/13 ക്രൈം നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു. കല്ലട പോലീസ് സ്റ്റേഷൻ ക്രൈം 288/13 നമ്പർ കേസ്സിന്റെ എഫ്.ഐ.ആർ.-ൽ 1-ാം പ്രതി പൗലോസ് മകൻ ജോസ്, 2-ാം പ്രതി പൗലോസ് മകൻ രാജേഷ്, 3-ാം പ്രതി രാജേഷിന്റെ ഭാര്യ ശാലിനി എന്നിവരാണ് പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിരുന്നത്.

തുടർന്ന് ഈ കേസ്സിന്റെ ആദ്യാന്വേഷണം ഈസ്റ്റ് കല്ലട അഡീഷണൽ എസ്.ഐ. ഏറ്റെടുക്കുകയും സയന്റിഫിക് അസിസ്റ്റന്റിന്റെ സേവനം ഈ കേസ്സിലേക്ക് പ്രയോജനപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

5-3-2013-ൽ കുണ്ടറ സി.ഐ. യുടെ അഭാവത്തിൽ ചാർജ്ജിലുണ്ടായിരുന്ന എഴുകോൺ സി.ഐ. കല്ലട സ്റ്റേഷനിൽ എത്തിയ സമയം ശ്രീ. വെല്ലിംഗ്ടൺ സ്റ്റേഷനിൽ ഉണ്ടായിരുന്നതും ചാർജ്ജിലുണ്ടായിരുന്ന ഉദ്യോഗസ്ഥനോട് ചോദിച്ചതിൽ നോട്ടീസ് പ്രകാരം വരുത്തിയതാണെന്നും കൃത്യം ചെയ്ത 1 മുതൽ 3 വരെ പ്രതികൾക്ക് ഒളിവിൽ

കഴിയുന്നതിന് സൗകര്യം ഒരുക്കിക്കൊടുത്തതയാളാണെന്ന് പറഞ്ഞത് പ്രകാരം വെല്ലിംഗ്ടണിനെ ഈ കേസ്സിൽ 4-ാം പ്രതിയായി ചേർത്ത് റിമാന്റപേക്ഷ സഹിതം കോടതിയിൽ ഹാജരാക്കുകയും തുടർന്ന് ടിയാൻ റിമാന്റിൽ പോയിട്ടുള്ളതുമാണ്.

തുടർന്ന് 9-3-2013-ൽ കണ്ടറ സി.ഐ. ശ്യാമലാൽ ഈ കേസ്സിന്റെ അന്വേഷണം ഏറ്റെടുക്കുകയും ഈ കേസ്സിലെ 1 മുതൽ 3 വരെ പ്രതികൾ ആയ ശ്രീ. ജോസ്, ശ്രീ. രാജേഷ്, ശ്രീമതി ശാലിനി എന്നിവർ കൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളവരായും 4 മുതൽ 7 വരെ പ്രതികൾ ആയ ശ്രീ. വെല്ലിംഗ്ടൺ, ശ്രീ. രാജു, ശ്രീ. ഗ്രിഗറി, ശ്രീ. ആനന്ദ്, ശ്രീ. രാജേഷ് കുമാർ എന്നിവർ 1 മുതൽ 3 വരെ പ്രതികൾക്ക് ഒളിവിൽ കഴിയുന്നതിന് സഹായം നൽകിയവരുമായ ടിയാളുകളെ 1 മുതൽ 7 വരെ പ്രതികളായി ചേർത്ത് കണ്ടറ സി.ഐ. കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റ് ഹാജരാക്കുകയുമുണ്ടായി.

ബഹു. കൊല്ലം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, അഡ്മിൻ കൊല്ലം റൂറൽ നടത്തിയ പ്രാഥമികാന്വേഷണത്തിൽ 4-3-2013-ൽ രാത്രി കൃത്യം നടന്ന ശേഷം കൊട്ടാരക്കര ഡി.വൈ.എസ്.പി. ക്ക് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കണ്ടറ സ്റ്റേഷനിൽ അറിയിച്ച പ്രകാരം കണ്ടറ സ്റ്റേഷൻ എസ്.ഐ. ആയിരുന്ന ഷുക്കൂറും മറ്റ് പോലീസ് ഉദ്യോഗസ്ഥരും സംഭവസ്ഥലത്ത് രാത്രിയിൽ തന്നെ അന്വേഷണം നടത്തിയിട്ടുള്ളതും പ്രതികളുടെ ജ്യേഷ്ഠനായ 4-ാം പ്രതിയായി പറഞ്ഞിട്ടുള്ള വെല്ലിംഗ്ടണിന്റെ വീട്ടിൽ പ്രതികൾ രാത്രിയിൽ ഒളിവിൽ ഉണ്ടെന്ന വിവരപ്രകാരം വെല്ലിംഗ്ടണിന്റെ വീട്ടിലെത്തിയ സമയം വെല്ലിംഗ്ടൺ കതക് തുറക്കാതിരിക്കുകയും എസ്.ഐ. ഷുക്കൂറിന്റെ നേതൃത്വത്തിൽ കതക് ബലമായി തള്ളിത്തുറന്ന് ടിയാനെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. എന്നാൽ പ്രതികളാരും തന്നെ വെല്ലിംഗ്ടണിന്റെ വീട്ടിൽ അപ്പോൾ ഉണ്ടായിട്ടില്ലാത്തതിനാൽ ടിയാനെ കൊണ്ടുപോയശേഷം ഡി.വൈ.എസ്.പി. ആന്റോ സ്ഥലത്തുവരികയും വെല്ലിംഗ്ടണെ അറസ്റ്റുചെയ്തതായി അറിയിക്കുകയും ടിയാനെ കല്ലട പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ച് ചോദ്യം ചെയ്യാൻ ഏർപ്പാട് ചെയ്തിട്ടുള്ളതുമാണ്. വെല്ലിംഗ്ടണെ 6-ാം തീയതി നോട്ടീസ് പ്രകാരം വരുത്തിയതാണെന്ന് എഴുകോൺ സി.ഐ. യു നൽകിയ വിവരപ്രകാരം വെല്ലിംഗ്ടണെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

ഇതിലേക്ക് സാക്ഷികളെയും മറ്റും അന്വേഷണോദ്യോഗസ്ഥൻ കണ്ടുചോദിച്ചതിൽ വെല്ലിംഗ്ടൺ പ്രതികളെ തന്റെ വീട്ടിൽ ഒളിപ്പിച്ചിട്ടില്ലെന്നും ടിയാനുമായി സഹോദരൻമാർ പിണക്കത്തിൽ കഴിഞ്ഞുവരികയാണെന്നും വെല്ലിംഗ്ടണിന് ഈ കേസ്സുമായി ബന്ധമില്ലെന്നമാണ് പ്രാഥമികാന്വേഷണത്തിൽ വെളിവായിട്ടുള്ളത്. 5 മുതൽ 7 വരെ പ്രതികൾ 1 മുതൽ 3 വരെ പ്രതികൾക്ക് സാമ്പത്തികമായ സഹായം നൽകിയിട്ടുള്ള വരാണെന്ന് ടിയാളുകളുടെ അറസ്റ്റ് കൊണ്ടും മറ്റ് പരിശോധനകൾ കൊണ്ടും വ്യക്തമായിട്ടുണ്ട്.

ശ്രീ. വെല്ലിംഗ്ടൺ, കൊല്ലം സമർപ്പിച്ച ഹർജിയിൽ ഡെപ്യൂട്ടി സൂപ്രണ്ട് അഡ്മിനിസ്ട്രേഷൻ, കൊല്ലം നടത്തിയ അന്വേഷണത്തിൽ ശ്രീ. വെല്ലിംഗ്ടൺ പ്രത്യക്ഷമായോ പരോക്ഷമായോ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുന്നതിനോ പ്രതികൾക്ക് ഒളിവിൽ കഴിയുന്നതിനോ സഹായമോ ഒത്താശയോ ചെയ്തിട്ടില്ല എന്ന് വെളിവായതിനാൽ ടിയാനെ പ്രതിസ്ഥാനത്ത് നിന്ന് കുറവ് ചെയ്ത് കേസന്വേഷണം നടത്തി വരികയാണെന്ന് East Kallada P.S. CR No. 288/13 പ്രകാരം ശ്രീ. വെല്ലിംഗ്ടണിനെതിരെ കള്ളക്കേസ് എടുക്കുവാൻ കാരണക്കാരൻ ശ്രീ. തോബിയാസ് സേവ്യർ, അഡീഷണൽ എസ്.ഐ. ആണെന്നും 31-10-2015-ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നതായി അറിയിച്ചുകൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 10-3-2017 - ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 25-5-2017 തീയതിയായുള്ള പ്രതികരണ ഹർജി സമർപ്പിച്ചിരുന്നു. ടിയാന്റെ വീട് ആക്രമിക്കുകയും, ടിയാനെ കള്ളക്കേസ്സിൽ കുടുക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്നും ടിയാനുണ്ടായ മാനഹാനിക്കും, നഷ്ടത്തിനും പരിഹാരമുണ്ടാക്കണമെന്നും ടി ഹർജിയിൽ അപേക്ഷിച്ചിരുന്നു.

മേല്പറഞ്ഞ റിപ്പോർട്ടും ഹർജിക്കാരൻ സമർപ്പിച്ച 25-5-2017-ലെ പ്രതികരണ ഹർജിയും പരിഗണിച്ച 18-7-2018-ലെ സമിതിയോഗം ഹർജി വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയിൽ നിന്നും ഹർജിക്കാരനിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചതിനെത്തുടർന്ന് 18-9-2018-ൽ ചേർന്ന സമിതിയോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരൻ, എതിർകക്ഷികളായ പോലീസ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുത്തു. ഹർജി വിഷയത്തിൽ ശ്രീ. തോബിയാസ് സേവ്യർ, അഡീഷണൽ എസ്.ഐ.. മാത്രമാണ് കുറ്റക്കാരനെന്ന് സമിതി കരുതുന്നില്ലെന്നും ഡി.വൈ.എസ്.പി.യും അദ്ദേഹത്തിന് കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥർക്കും ടി കൃത്യത്തിൽ പങ്കുണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നതെന്നും, മുൻ പട്ടാളക്കാരനായ ഹർജിക്കാരന് നീതി ലഭിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

ഹർജി വിഷയത്തിൽ ക്രൈം ബ്രാഞ്ച് എസ്.പി.യെക്കൊണ്ട് അന്വേഷണം നടത്തി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പിനോടും സംസ്ഥാന പോലീസ് മേധാവിയോടും സമിതി നിർദ്ദേശിക്കുകയും, ക്രൈം ബ്രാഞ്ച് എസ്.പി.യെക്കൊണ്ട് അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സംസ്ഥാനപോലീസ് മേധാവി ഉറപ്പുനൽകുകയും ചെയ്തു.

എന്നാൽ ടി ഉറപ്പ് നാളിതുവരെ പാലിച്ചിട്ടില്ല. ആയതിനാൽ ഹർജി വിഷയത്തിൽ ക്രൈംബ്രാഞ്ച് എസ്.പി.യെക്കൊണ്ട് അന്വേഷണം നടത്തി അത് സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ്**

കെ.എസ്.ആർ.ടി.സി. ബസ്സിടിച്ച് ഭാര്യ മരണപ്പെട്ടതിനാൽ അർഹമായ സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജീവ്. എ, തെന്നൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ : 23127/ഹർജി ബി1/2017/നി.സെ.)

ഹർജിക്കാരന്റെ ഭാര്യ മഞ്ജുഷ. എം, തിരുവനന്തപുരം പോത്തീസിൽ ജോലി ചെയ്തു വരവേ 20-10-2015-ന് വീട്ടിലേക്കുള്ള യാത്രയിൽ തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ ബസ്സ് കയറാനായി ടിയാളുടെ 2 വയസ്സുള്ള ഇളയ മകളുമൊത്ത് നിൽക്കവെ ഡ്രൈവർ അലക്ഷ്യമായി ബസ്സ് പിറകോട്ടെടുക്കുകയും സ്റ്റാൻഡിൽ സ്ഥാപിച്ചിരുന്ന ഫയർ ലൈനുമായി ബസ്സ് ഭാര്യയെ ഇടിക്കുകയും ചെയ്തുവെന്നും കയ്യിലുണ്ടായിരുന്ന മകൾ പരിക്കുകളോടെ രക്ഷപ്പെട്ടുവെന്നും കെ.എസ്.ആർ.ടി.സി. അധികൃതർ തത്സമയം ആശുപത്രിയിൽ എത്തിക്കാത്തതിനാൽ ടിയാന്റെ ഭാര്യ മരണപ്പെട്ടുവെന്നും തുടർന്ന് പോസ്റ്റുമോർട്ടം ചെയ്ത മൃതദേഹവുമായി നാട്ടുകാർ ബസ്സ് സ്റ്റാൻഡ് ഉപരോധിച്ചപ്പോൾ അന്നത്തെ സ്ഥലം എം.എൽ.എ. ആയ ശ്രീ. വി. ശിവൻകുട്ടി സംഭവസ്ഥലത്ത് എത്തുകയും മരണപ്പെട്ടയാളുടെ കുടുംബത്തിന് സാമ്പത്തിക സഹായവും ഒരു കുടുംബാംഗത്തിന് സർക്കാർ ജോലിയും നൽകുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തുവെന്നും എന്നാൽ മറ്റൊരു സഹായവും നൽകാതെ ഹർജിക്കാരന് കെ.എസ്.ആർ.ടി.സി.-യുടെ നെടുമങ്ങാട് ഡിപ്പോയിൽ ₹350 ദിവസവേതനത്തിൽ വണ്ടി കഴുകുന്ന ജോലി നൽകിയെന്നും പത്തും നാലും വയസുള്ള പെൺകുട്ടികളടങ്ങുന്ന ടിയാന്റെ കുടുംബത്തിന്റെ നിത്യവൃത്തിക്കും കുട്ടികളുടെ പഠനത്തിനും ടി വരുമാനം മതിയാകില്ലെന്നും ആയതിനാൽ ടിയാന്റെ കുടുംബത്തെ സഹായിക്കുന്നതിനാവശ്യമായ നിയമനടപടി ഉണ്ടാകണമെന്നും ഹർജിക്കാരൻ 16-9-2017-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 26-9-2017-ൽ ഗതാഗത വകുപ്പിലേയ്ക്കയച്ചതിനെത്തുടർന്ന് ഗതാഗത (എ) വകുപ്പ് 3-8-2018-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽ 20-10-2015-ൽ സംഭവിച്ച ബസ്സപകടത്തിൽ മഞ്ജുഷ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം ലഭ്യമായില്ലായെന്ന് പരാതിപ്പെട്ടുകൊണ്ട് മഞ്ജുഷയുടെ ഭർത്താവ് ശ്രീ. രാജീവ് എ. സമർപ്പിച്ച ഹർജി

പരിശോധിച്ച ശ്രീ. രാജീവ് എ. യ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ കോർപ്പറേഷന്റെ നെടുമങ്ങാട് യൂണിറ്റിൽ ജോലി നൽകിയിട്ടുണ്ട്. ശ്രീമതി മഞ്ജുഷയുടെ മരണവുമായി ബന്ധപ്പെട്ട് 20,00,000 രൂപ (രൂപ ഇരുപത് ലക്ഷം മാത്രം) നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ശ്രീ.രാജീവ് ഉൾപ്പെടുന്ന മഞ്ജുഷയുടെ അനന്തരാവകാശികൾ ബഹു. എം.എ.സി.റ്റി ആറ്റിങ്ങൽ മുൻപാകെ OP(MV) 320/2016 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് നിലവിൽ ബഹു. കോടതിയുടെ പരിഗണനയിലാണ്. ആകയാൽ ടി കേസിൻ മേൽ ബഹു. കോടതി പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ കണക്കിലെടുത്ത് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 4-9-2018-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 26-9-2018-ൽ പ്രതികരണ ഹർജി സമർപ്പിക്കുകയുണ്ടായി.

ഹർജി വിഷയവുമായി ബന്ധപ്പെട്ട് ഹർജിക്കാരന് ഗ്യാരേജ് മസ്ദൂർ (സി.എൽ.ആർ) ആയി ദിവസവേതന അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ഡിപ്പോയിൽ ജോലി നൽകിയിട്ടുണ്ടെന്നും പന്ത്രണ്ടും എട്ടും വയസ്സുള്ള ടിയാന്റെ പെൺമക്കളെ സ്ഥിരവരുമാനമില്ലാതെ വളർത്താൻ സാധിക്കാത്തതിനാലാണ് അന്ന് സർക്കാർ ടിയാന് പ്രസ്തുത ജോലി നൽകിയതെന്നും എന്നാൽ കെ.എസ്.ആർ.ടി.സി. യിലെ എം.പാനൽ ജീവനക്കാരെ പിരിച്ചുവിടുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ജോലി സ്ഥിരതയില്ലാതെയാണ് ടിയാൻ മുന്നോട്ടുപോകുന്നതെന്നും ആയതിനാൽ ഹർജിക്കാരന് ഒരു സ്ഥിരജോലി നൽകുന്നതിനും അതുവഴി ടിയാന്റെ കുട്ടികളെ സംരക്ഷിക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളണമെന്ന് ടി പ്രതികരണ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടും ഹർജിക്കാരൻ സമർപ്പിച്ച പ്രതികരണ ഹർജിയും 10-10-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും പ്രസ്തുത വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, മാനുഷിക പരിഗണന നൽകി ഹർജിക്കാരന് കെ.എസ്.ആർ.ടി.സി. യിൽ സ്ഥിരജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഗതാഗത വകുപ്പിനോട് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശ ഇതിനോടകം ഗതാഗത വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

വാഹനാപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ അനന്തരാവകാശികൾ നഷ്ടപരിഹാരം ലഭിക്കുന്നതിനായി എം.എ.സി.ടി.-യെ സമീപിക്കുന്നതും, ടിയാളുകൾക്ക് നഷ്ടപരിഹാര തുക അനുവദിക്കുന്നതും സ്വാഭാവികമാണ്. ഹർജിക്കാരന്റെ ഭാര്യ ജോലി കഴിഞ്ഞ് വീട്ടിലേയ്ക്കുള്ള യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി.യുടെ തമ്പാനൂർ ബസ് ടെർമിനലിൽ എത്തിയപ്പോൾ അവിടെവച്ചുണ്ടായ അപകടത്തിൽപ്പെട്ടാണ് മരണപ്പെട്ടത്. ബസ്

ടെർമിനലിനുള്ളിൽ വച്ചുണ്ടായ അപകടത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ഒരുതരത്തിലും ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല. പ്രസ്തുത അപകടം നടന്ന സ്ഥലത്തിന്റെ പ്രാധാന്യം തന്നെയാണ് ടി അപകടത്തെ മറ്റ് വാഹനാപകടങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. രണ്ട് പറക്കമുറ്റാത്ത പെൺകുട്ടികളുടെ പൂർണ്ണ ഉത്തരവാദിത്തം നിറവേറ്റുന്നതിനും ദൈനംദിന കുടുംബചെലവുകൾ വഹിക്കുന്നതിനും ഹർജിക്കാരന് ദിവസവേതനാടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ജോലി ഒട്ടുംതന്നെ പര്യാപ്തമല്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

സമിതിയുടെ പ്രസ്തുത ശിപാർശ അതർഹിക്കുന്ന ഗൗരവത്തോടെ കണ്ട് ഹർജിക്കാരന് അനുകൂലമായ നിലപാട് സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഭവന നിർമ്മാണ വകുപ്പ്**

ഭവന വായ്പയ്ക്ക് അമിത പലിശ ഈടാക്കുന്ന കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ അന്യായങ്ങൾക്കെതിരെ സമർപ്പിക്കപ്പെട്ട ഹർജികൾ

(ഫയൽ നമ്പർ 15980/ഹർജി ബി2/13/നി.സെ.)

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ വിവിധ ജില്ലകളിലെ ഡിവിഷൻ ഓഫീസുകളിൽ നിന്നും 1990 മുതലുള്ള കാലഘട്ടത്തിൽ എടുത്തിരുന്ന ഭവന വായ്പയിന്മേൽ തിരിച്ചടവ് മുടങ്ങിയവർ സംഘമായി സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. അത് സംബന്ധിച്ച് ആകെ 88 ഹർജികൾ ലഭിച്ചിരുന്നു. മുതൽ സംഖ്യയുടെ ആറിരട്ടിയോളം തുകയാണ് കുടിശ്ശികയായി തിരിച്ചടയ്ക്കാൻ ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയത് തികച്ചും അന്യായമാണെന്നുമായിരുന്നു ടി ഹർജികളിലെ വാദം. ഹൗസിംഗ് ബോർഡ് ഒരു ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായി റിസർവ് ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ പലിശയോ പിഴപ്പലിശയോ ഈടാക്കുന്നത് നിയമ വിരുദ്ധമാണെന്നും മുതൽ സംഖ്യയേക്കാൾ കൂടുതൽ തുക പലിശയായി ഈടാക്കാൻ നിയമമില്ലെന്നും ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തട്ടിപ്പാണെന്നും പ്രസ്തുത ഹർജികളിൽ ബോധിപ്പിച്ചിരുന്നു.

അത്രയധികം ഹർജികൾ ഒരുമിച്ച് ലഭിച്ച സാഹചര്യത്തിൽ 29-8-2013-ൽ ചേർന്ന സമിതിയോഗം പ്രസ്തുത ഹർജികളിന്മേൽ തെളിവെടുപ്പ് നടത്തിയിരുന്നു. പ്രസ്തുത തെളിവെടുപ്പിൽ ഭവനനിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന അമ്പത് ഹർജികൾ സമിതി പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സെക്രട്ടറി, ഹർജിക്കാർ എന്നിവരിൽ നിന്നും സമിതി തെളിവെടുത്തു. ഭവനനിർമ്മാണ വായ്പയുടെ തിരിച്ചടവിൽ

അവശർ, ലോണെടുത്ത ശേഷം ഭാര്യയോ ഭർത്താവോ മരണപ്പെട്ടവർ, അശരണർ, മാരകരോഗം പിടിപെട്ടവർ, പ്രകൃതി ദുരന്തങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നവർ തുടങ്ങി പ്രത്യേക ആനുകൂല്യത്തിന് അർഹതയുള്ളവരുടെ അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആയത് പരിഗണിച്ച് അനുകൂല തീരുമാനമെടുക്കാമെന്നും തീരുമാനമുണ്ടാകുന്നതുവരെ റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്യാനുള്ള നിർദ്ദേശം നൽകാമെന്നും യോഗാവസാനത്തിൽ ഭവനനിർമ്മാണ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പുനൽകിയിരുന്നു.

പ്രസ്തുത തെളിവെടുപ്പിനുശേഷവും സമാനസ്വഭാവമുള്ള നിരവധി ഹർജികൾ സമിതിക്ക് ലഭിക്കുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ ഭവന വകുപ്പ് സെക്രട്ടറി നല്കിയ ഉറപ്പിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ടി വകുപ്പിനോട് ആവശ്യപ്പെട്ടതിൽ '3' എണ്ണത്തിൽ ഹർജിക്കാരുടെ വായ്പാ കുടിശ്ശിക സർക്കാർ എഴുതിത്തള്ളിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ '26' ഹർജിക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി വായ്പാകണക്ക് അവസാനിപ്പിച്ചതായും ഭവന നിർമ്മാണ 'ബി' വകുപ്പ് അറിയിച്ചിരുന്നു.

വിവിധ കാരണങ്ങളാൽ വായ്പാ തിരിച്ചടവിന് ശേഷിയില്ലെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്ത കേസുകളിലും മറ്റുള്ള കേസുകളിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ് എന്നുള്ള മറുപടിയാണ് ഭവനനിർമ്മാണ വകുപ്പ് ലഭ്യമാക്കിയിരുന്നത്.

സർക്കാർ റിപ്പോർട്ടിലെ വിവരം ഹർജിക്കാരെ അറിയിച്ചതിനെ തുടർന്ന് നിരവധി ഹർജിക്കാർ പ്രതികരണ ഹർജി സമർപ്പിക്കുകയുണ്ടായി. വായ്പാ തിരിച്ചടവ് ശേഷി കുറവാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടും വായ്പ എഴുതിത്തള്ളിയില്ലെന്നും ബോർഡിന്റെ കണക്കുകൾ പരിശോധിക്കാൻ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സേവനം പ്രയോജനപ്പെടുത്തി സമിതിയെ ബോധ്യപ്പെടുത്താൻ അവസരം നൽകണമെന്നും റിസർവ് ബാങ്കിന്റെ അംഗീകാരമില്ലാതെ പലിശയും പിഴപ്പലിശയും മുടക്കപ്പലിശയും ഈടാക്കാൻ ബോർഡ് ഉണ്ടാക്കിയ കരാർ നിയമവിരുദ്ധമാകയാൽ അത് റദ്ദുചെയ്യണമെന്നും പ്രതികരണ ഹർജികളിൽ ഹർജിക്കാർ അപേക്ഷിച്ചിരുന്നു.

ഭവനനിർമ്മാണ വകുപ്പിൽ നിന്നും ലഭിച്ചിരുന്ന റിപ്പോർട്ടുകളിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

"ഭവനനിർമ്മാണ ബോർഡ് നടപ്പാക്കി വന്നിരുന്ന ഭവന വായ്പ പദ്ധതികളിലെ ഒരു വിഭാഗം ഒറ്റത്തവണ പോലും തിരിച്ചടയ്ക്കാത്തവരോ നാമമാത്രത്തവണകൾ മാത്രമടച്ച് കടും കുടിശ്ശികക്കാരായി കഴിയുന്നവരോ ആണ്. തിരിച്ചടവുശേഷി ബോദ്ധ്യപ്പെട്ട് അനുവദിച്ച വായ്പ യഥാസമയം തിരിച്ചടയ്ക്കാത്തതു കാരണം ബോർഡിന് കടുത്ത സാമ്പത്തിക

പ്രതിസന്ധിയുണ്ടാവുകയും HUDCO മുതലായ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരിച്ചടവ് മുടങ്ങുകയും ചെയ്തു. ഈ സാഹചര്യത്തിൽ ബോർഡ് റവന്യൂ റിക്കവറി നടപടി ശക്തിപ്പെടുത്താൻ നിർബന്ധിതമായിത്തീർന്നു. കുടിശ്ശിക പിരിവിൽ പുരോഗതിയില്ലെന്ന് ഓഡിറ്റ് ഒബ്ജക്ഷൻ നിരന്തരമായി വരുകയും പന്ത്രണ്ടാം കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011) നിയമസഭ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ബോർഡിന് വായ്പ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് നടപടി ത്വരിതപ്പെടുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ബോർഡ് റവന്യൂ റിക്കവറി നടപടി ശക്തിപ്പെടുത്തിയതോടെ കുടിശ്ശികക്കാർ ഒറ്റയ്ക്കും സംഘമായും എതിർപ്പുപ്രകടിപ്പിച്ചു തുടങ്ങി. റവന്യൂ റിക്കവറി നടപടി ചോദ്യം ചെയ്യപ്പെടാൻ ആവാത്തതിനാൽ ബോർഡ് അമിത പലിശ ഈടാക്കുന്നു എന്നതാണ് പ്രധാനമായുള്ള ഹർജിയിലെ സംഗതി. ഇത് റവന്യൂ റിക്കവറി നടപടി തടസ്സപ്പെടുത്താനും വൈകിക്കാനുമുള്ള സംഘടിത ശ്രമത്തിന്റെ ഭാഗമാണെന്ന് ഹർജികളുടെ സമാനരൂപം തന്നെ സുവ്യക്തമാക്കുന്നു.

HUDCO നിന്നും എടുത്ത വായ്പയിൽ നിന്നും ബോർഡ് ഭവന വായ്പ അനുവദിക്കുമ്പോൾ മേൽ നിരക്കിനോട് 2.25% ചേർത്ത് സാധാരണപലിശയും മുടക്കപ്പലിശയും ഈടാക്കുന്നു. സർവ്വീസ് ചാർജ്ജ് (1%), ഇന്ററസ്റ്റ് ടാക്സ്(0.5%), ഗ്യാരന്റി കമ്മീഷൻ (0.75%) എന്നിവ ചേർക്കുമ്പോഴാണ് ഈ 2.25% വരുന്നത്. ബോർഡ് HUDCO-യ്ക്ക് തിരിച്ചടയ്ക്കേണ്ടുന്ന മാതൃകയിൽ തന്നെയാണ് ഗുണഭോക്താക്കൾ ബോർഡിലേയ്ക്കും വായ്പ തിരിച്ചടവുനടത്തുന്നത്. വായ്പയെടുത്ത് 15 വർഷത്തോളം ഒരു രൂപ പോലും അടയ്ക്കാതിരുന്നാൽ കുടിശ്ശിക മുതലിന്റെ ഗുണിതങ്ങളാകുന്നത് തികച്ചും അടിസ്ഥാനപരമായ കണക്ക് ആയതിനാലാണ്.

വായ്പാ ഗുണഭോക്താക്കൾ തിരിച്ചടവ് മുടക്കുമ്പോൾ ഹഡ്കോയ്ക്കുള്ള തിരിച്ചടവിന് മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കേണ്ടിവരുകയോ ഹഡ്കോ:യ്ക്ക് മുടക്കപ്പലിശ അടയ്ക്കുകയോ ചെയ്യേണ്ടി വരുന്നതിനാൽ ആണ് ബോർഡിന് മുടക്കപ്പലിശ ഈടാക്കേണ്ടി വരുന്നത്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഈ പിഴപ്പലിശ പൂർണ്ണമായും മുടക്കപ്പലിശ ഭാഗികമായും (HIG 50%, MIG/LIG 70%) ഒഴിവാക്കുന്നു. ബോർഡിൽ നിന്നും അനുവദിക്കുന്ന വായ്പയുടെ തിരിച്ചടവ് മുടങ്ങുമ്പോൾ തവണത്തുകയ്ക്കു മാത്രമാണ് മുടക്കപ്പലിശയും പിഴപ്പലിശയും കണക്കാക്കുന്നത്.

വായ്പ അപേക്ഷ നൽകുമ്പോൾ അതിൽ വായ്പയുടെ വിതരണരീതി, തിരിച്ചടവുരീതി, പലിശനിരക്ക്, പിഴപ്പലിശ നിരക്ക്, തിരിച്ചടവ് മുടങ്ങിയാലുള്ള നടപടിക്രമം എന്നിവ എല്ലാം വ്യക്തമായി മലയാളത്തിൽ അച്ചടിച്ച് നൽകിയിരിക്കും. അവ വായിച്ച് ബോദ്ധ്യപ്പെട്ടശേഷം നിബന്ധനകൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ച് സാക്ഷ്യപ്പെടുത്തി യാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഒപ്പം സമർപ്പിക്കുന്ന വരുമാന സർട്ടിഫിക്കറ്റിൽ

നിന്നും തിരിച്ചടവ് ശേഷിയുണ്ടെന്ന് ബോദ്ധ്യപ്പെട്ട് വായ്പ അനുവദിക്കുന്നതിനൊപ്പം കരട് പണയാധാരവും നൽകുന്നു. ഇത് ടൈപ്പ് ചെയ്ത് ഒപ്പുവച്ച് രജിസ്റ്റർ ചെയ്ത് ബോർഡിൽ സമർപ്പിക്കുന്നതും ഗുണഭോക്താവുതന്നെയാണ്. കരാർ വ്യവസ്ഥകൾ ലംഘിക്കുകയും ദശാബ്ദങ്ങൾക്കുശേഷം അതിന്റെ സാധുത ചോദ്യം ചെയ്യുകയും ചെയ്യുന്നത് അനുവദിയ്ക്കാവുന്നതല്ല. രജിസ്റ്റർ ചെയ്ത പണയാധാര വ്യവസ്ഥകൾ പാലിയ്ക്കാൻ വായ്പാ ഗുണഭോക്താവ് ബാദ്ധ്യസ്ഥനാണ്.

വായ്പാക്കരാർ പ്രകാരം ബോർഡ് വിതരണം ചെയ്യുന്ന വായ്പ ഗഡുക്കൾ ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കൈപ്പറ്റിയ തുക സാധാരണ പലിശയും 5% പിഴയും സഹിതം ഒറ്റത്തവണയായി തിരിച്ചടയ്ക്കണമെന്നാണ് കരാർ (15/ബി) വ്യവസ്ഥ ചെയ്യുന്നത്. ഇത് പലിശയല്ല. കരാർ ലംഘനത്തിനുള്ള പിഴ (penalty) ആണ്.

കരാർ പാലിക്കുന്നയാൾ അടയ്ക്കേണ്ട സാധാരണ പലിശയും (ഉദാ. 15.5%) കുടിശ്ശികക്കാരൻ അടയ്ക്കേണ്ട പിഴപ്പലിശയും (ഉദാ. 15.5%+2.5%) കരാർ ലംഘിക്കുന്നയാൾ അടയ്ക്കേണ്ട പെനാൽറ്റിയും (5%) ചേർത്ത് ബോർഡ് 38.5% പലിശയീടാക്കുന്നുവെന്ന് ആരോപണമുന്നയിക്കുന്നത് ബഹു. സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടി മാത്രമാണ്. ബോർഡിന്റെ പലിശ വ്യവസ്ഥകൾ HUDCO വ്യവസ്ഥകൾക്കനുസൃതമായി മാത്രമാണ്.

ഭവന നിർമ്മാണ ബോർഡ് ഒരു ബാങ്കിംഗ് സ്ഥാപനമല്ല. 1971-ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആക്ട് പ്രകാരം രൂപീകൃതമായ ഈ അർദ്ധ സർക്കാർ സ്ഥാപനത്തിന് വായ്പാ പദ്ധതി നടപ്പാക്കാൻ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആക്ട് 41-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം കേരള സർക്കാർ അനുമതി ലഭ്യമായാൽ മതിയാകുന്നതാണ്.

ഇന്ത്യൻ കാലഹരണ നിയമം ബോർഡിലെ ദീർഘകാല വായ്പയ്ക്ക് ബാധകമാകുന്നില്ല. കേരള റവന്യൂ റിക്കവറി ആക്ടിലെ 71-ാം വകുപ്പനുസരിച്ച് വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥാപനമാണ് ഹൗസിംഗ് ബോർഡ്. ആകയാൽ കാലഹരണത്തിന്റെ കാലാവധി ബോർഡിനെ സംബന്ധിച്ചിടത്തോളം 30 വർഷമാകുന്നു. വായ്പയെടുത്തശേഷം തിരിച്ചടയ്ക്കാതിരുന്നിട്ട് കാലഹരണ നിയമത്തിന്റെ ആനുകൂല്യത്തിൽ രക്ഷപ്പെടാനാവുന്നതല്ല. കാലഹരണപ്പെട്ട കടങ്ങളും റവന്യൂ റിക്കവറി ആക്ട് പ്രകാരം പിരിച്ചെടുക്കാവുന്നതാണ്.

വായ്പ സംബന്ധിച്ച് സുതാര്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന അപേക്ഷാഫോറം വായിച്ച് ബോദ്ധ്യപ്പെട്ട് അതനുസരിച്ചുകൊള്ളാമെന്ന് സമ്മതിച്ച് ഒപ്പിട്ട് സമർപ്പിക്കുകയും, വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പണയാധാരം രജിസ്റ്റർ ചെയ്യുകയും, കൃത്യമായി വായ്പ കൈപ്പറ്റുകയും

ചെയ്തശേഷം വായ്പ അടയ്ക്കാതിരിക്കുകയും റവന്യൂ റിക്കവറി നടപടി തടസ്സപ്പെടുത്തുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. വായ്പാ വ്യവസ്ഥകൾ അനുസരിച്ച് തയ്യാറാക്കിയ software-ൽ വ്യക്തികളുടെ disbursement/remittance വിവരങ്ങൾ രേഖപ്പെടുത്തിയാണ് വായ്പാ അക്കൗണ്ട് തയ്യാറാക്കുന്നത്. ഇതിൽ നിന്നാണ് ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം അനുവദിക്കുന്നത്.

സർക്കാർ ഗ്യാരണ്ടിയിന്മേൽ സർക്കാർ അനുവാദത്തോടെയാണ് ബോർഡ് HUDCO-യിൽ നിന്നും വായ്പയെടുക്കുന്നതും ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതും. ഭവന നിർമ്മാണമേഖലയിൽ കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന് സർക്കാരിന്റെ നിയന്ത്രണമില്ലാത്ത ഒരു സാമ്പത്തിക ഇടപാടുമില്ല. ബ്ലേഡ്പലിശ ഈടാക്കുവാനുള്ള അധികാരം ബോർഡിനില്ല. HUDCO വായ്പാ പാറ്റേണിൽ തന്നെയാണ് ബോർഡിന്റെ വായ്പാ പദ്ധതികളും. ഗുണഭോക്താൾ വായ്പാ തിരിച്ചടവ് മുടക്കം വരുത്തുകകാരണം ബോർഡിന്റെ സാമ്പത്തിക നില തകർന്നിരിക്കുകയാണ്. ശേഷിക്കുന്ന കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കാത്ത പക്ഷം അത് ബോർഡിനും സർക്കാരിനും താങ്ങാനാവാത്ത ബാദ്ധ്യത ഉണ്ടാക്കുന്നതാണ്.

ദുർബ്ബല വിഭാഗക്കാർക്കുള്ള ഭവന വായ്പാ പദ്ധതികൾ നടപ്പാക്കി ഇന്ത്യയിലെ ഏറ്റവും നല്ല ഹൗസിംഗ് ബോർഡ് എന്ന ബഹുമതി തുടർച്ചയായി കരസ്ഥമാക്കിയിരുന്ന കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഇപ്പോൾ ആവശ്യക്കാർക്ക് വായ്പ അനുവദിച്ച് നൽകാൻ കഴിയുന്നില്ല. കരാർ വ്യവസ്ഥ പ്രകാരം ഗുണഭോക്താക്കൾ തിരിച്ചടവുനടത്താത്ത സാഹചര്യത്തിൽ HUDCO തിരിച്ചടവുമുടങ്ങിയതാണ് പുതിയ വായ്പ അനുവദിക്കാൻ തടസ്സമായി ഭവിച്ചത്. ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ഹർജികൾ സമർപ്പിച്ചിരിക്കുന്ന കുടിശ്ശികക്കാർ മതിയായ ആസ്തിയും തിരിച്ചടവുശേഷിയുമുള്ളവരാണ്. സർക്കാർ ഉദ്യോഗസ്ഥർവരെ ഇക്കൂട്ടത്തിലുണ്ട്. പല തവണ സർക്കാരിൽ നിന്നും സാവകാശം വാങ്ങിയവരും കോടതിയെ സമീപിച്ചവരുമുണ്ട്. കരാർ രജിസ്റ്റർ ചെയ്ത് വായ്പ കൈപ്പറ്റിയശേഷം കടുംം കുടിശ്ശികക്കാരായി നിന്നുകൊണ്ട് ബോർഡിനെതിരെ ആരോപണമുയർത്തുന്നതിനെ ബഹു. ഹൈക്കോടതി അംഗീകരിക്കുന്നില്ല. തവണയായോ ഒറ്റത്തവണ തീർപ്പാക്കലിലോ വായ്പാക്കണക്കുതീർക്കാനാണ് ബഹു. കോടതി ഉത്തരവായി വരുന്നത്.

ഭവന വായ്പ കൈപ്പറ്റിയ ശേഷം ദശാബ്ദത്തിലേറെയായിട്ട് ഒരു തവണപോലും അടയ്ക്കാത്തവരോ, കടുംം കുടിശ്ശികക്കാരായവരോ സംഘടിതമായി സമർപ്പിച്ചിരിക്കുന്ന ആരോപണങ്ങൾ റവന്യൂ റിക്കവറി നടപടിയെ തടസ്സപ്പെടുത്തുവാൻ മാത്രമാണ് എന്നുകാണുന്നു. ബോർഡിന് പണയപ്പെടുത്തിയിരിക്കുന്ന വസ്തുവിനെ ആധാരമാക്കി ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടി വൈകിക്കുവാനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ തള്ളിക്കൊണ്ട്, നിലവിലുള്ള ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതിയിൽ വായ്പാക്കണക്ക് തീർപ്പാക്കാൻ

നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. തികച്ചും അർഹമാണെന്ന് കാണുന്ന കേസുകളിൽ വായ്പ തിരിച്ചടവിൽ ഇളവനുവദിയ്ക്കാനോ എഴുതിത്തള്ളാനോ ഉള്ള പദ്ധതി ആവിഷ്കരിച്ചുനടപ്പിലാക്കുന്നുണ്ടെന്നുകൂടി ബോർഡ് റിപ്പോർട്ട് ചെയ്തിരിക്കുന്നു."

22-11-2017-ൽ ചേർന്ന സമിതിയോഗം ഹർജികളിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ, ഹർജിക്കാർ സമർപ്പിച്ച പ്രതികരണ ഹർജികൾ എന്നിവ പരിഗണിക്കുകയും, ടി വിഷയം സംബന്ധിച്ച് ഭവന നിർമ്മാണ വകുപ്പിലെയും സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലെ ഹർജിക്കാർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതി തീരുമാനമെടുക്കുന്നതുവരെ സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുള്ളതും, വായ്പാ കുടിശ്ശിക തീർപ്പാക്കിയിട്ടില്ലാത്തവരുമായ '58' ഹർജിക്കാരുടെ പേരിൽ യാതൊരു വിധ നടപടിയും കൈക്കൊള്ളാൻ പാടില്ലെന്നും, നടപടിയെടുത്താൽ അത് സമിതിയോടുള്ള അവഹേളനമായി കണക്കാക്കുമെന്നും സമിതി ഭവനനിർമ്മാണ വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുകയുമുണ്ടായി.

കുടിശ്ശിക തീർപ്പാക്കുവാനുള്ള '58' ഹർജിക്കാരുടെ വായ്പാ തിരിച്ചടവ് സംബന്ധിച്ച് ഹൗസിംഗ് ബോർഡിന്റെയും വായ്പ എടുത്തവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ട് എന്ന് സമിതി നിരീക്ഷിച്ചു. അക്കാര്യത്തിൽ ഒരു അന്തിമ തീർപ്പ് ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയ സമിതി ടി വിഷയം സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ ഹഡ്കോ, വകുപ്പുമന്ത്രി എന്നിവരുമായി ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറി ചർച്ച നടത്തി പരാതികളിന്മേൽ രമ്യമായ തീർപ്പുണ്ടാക്കുന്നതിനുള്ള പ്രൊപ്പോസലുമായി അടുത്ത തെളിവെടുപ്പ് യോഗത്തിൽ ഭവനനിർമ്മാണ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഹാജരാകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

തുടർന്ന് ഭവന നിർമ്മാണ(ബി) വകുപ്പ് 17-3-2018-ലെ 4664/ബി1/2013/ഭവനം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ വായ്പാകുടിശ്ശിക അടച്ചുതീർത്തിട്ടില്ലാത്ത '58' ഹർജിക്കാരുടെ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ, സമിതി നിർദ്ദേശമനുസരിച്ച് നിർത്തിവയ്ക്കുവാൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-3-2018-വരെ നിലവിലുള്ളതിനാൽ ഒ.ടി.എസ്. ഇളവ് പ്രയോജനപ്പെടുത്തി വായ്പാ അക്കൗണ്ട് തീർപ്പാക്കുന്നതിന് കുടിശ്ശികയുള്ള കക്ഷികളെ രേഖാമൂലം അറിയിക്കുവാൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ഹർജിക്കാരിയായ ശ്രീമതി ലില്ലിക്കുട്ടി, കോട്ടയത്തിന്റെ വായ്പാകുടിശ്ശിക തീർപ്പാക്കുന്നതിനായി റവന്യൂ റിക്കവറിയുടെ ഭാഗമായി നടത്തിയ ലേലം അസ്ഥിരപ്പെടുത്തുന്നതിനായി റവന്യൂ റിക്കവറി നിയമത്തിലെ വകുപ്പ് 52,53 എന്നിവ പ്രകാരം ടിയാൾക്ക് ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ നല്കാമായിരുന്നുവെങ്കിലും

അപ്രകാരം ടിയാൾ അപേക്ഷ നൽകിയതായി കാണുന്നില്ലെന്നും ലേലനടപടികൾ അസ്ഥിരപ്പെടുത്തുവാൻ ആർ.ആർ. ആക്ട് പ്രകാരം കളക്ടർക്കാണ് അധികാരമെന്നും, ഹൗസിംഗ് ബോർഡിന് അധികാരമില്ലെന്നും, എന്നാൽ സമിതിയുടെ നിർദ്ദേശം കണക്കിലെടുത്ത് മേൽ നടപടികൾ നിർത്തിവയ്ക്കുവാൻ ബന്ധപ്പെട്ട ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ട് 2-5-2018-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി.

എൽ.ഐ.ജി. വായ്പയെടുത്ത ഭൂരിഭാഗം പേരും വീട് നഷ്ടപ്പെടുമെന്ന ആശങ്കകൊണ്ട് വായ്പാ കണക്ക് തീർപ്പാക്കിയിട്ടുണ്ടെന്നും വായ്പാ കുടിശ്ശിക തീർപ്പാക്കുവാനുള്ള '58' ഹർജിക്കാരിൽ '3' പേർ കൂടി വായ്പാ കണക്ക് തീർപ്പാക്കിയിട്ടുണ്ടെന്നും ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി യോഗത്തിൽ സമിതിയെ അറിയിക്കുകയുണ്ടായി.

വായ്പാ കണക്ക് അവസാനിപ്പിക്കുവാനുള്ള '55' ഹർജിക്കാരുടെ വായ്പാ കണക്ക് തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്ത് നടത്തുവാൻ സാധിക്കുമോ എന്ന് ടി യോഗത്തിൽ സമിതി ആരാഞ്ഞപ്പോൾ 20 വർഷ കാലാവധിക്ക് അനുവദിച്ച വായ്പകളാണ് അവയെന്നും അത്തരം വായ്പകൾ തീർപ്പാക്കുന്നതിനായി അദാലത്ത് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും പിഴപ്പലിശയും, മുടക്കപ്പലിശയും ഒഴിവാക്കി സാധാരണ പലിശയ്ക്ക് കുടിശ്ശിക കണക്കാക്കുന്ന പക്ഷം കുടിശ്ശികക്കാർക്ക് സ്വീകാര്യമാകുന്ന തുകയാവും അടച്ചുതീർക്കേണ്ടതായി വരികയെന്നും, എന്ത് കഷ്ടപ്പാട് സഹിച്ചിട്ടാണെങ്കിലും ടി തുക അവർ അടച്ചുതീർക്കേണ്ടതായി വരുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകുകയുണ്ടായി.

തുടർന്ന് മാനുഷിക പരിഗണന നൽകി '55' ഹർജിക്കാരുടെ വായ്പാകുടിശ്ശിക, വായ്പ അനുവദിച്ച സമയത്തുള്ള പലിശനിരക്കിൽ, സാധാരണ പലിശ മാത്രം കണക്കാക്കി തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് ഭവനനിർമ്മാണം, ധനകാര്യം എന്നീ വകുപ്പുകളോടും, സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോടും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ പ്രസ്തുത ശിപാർശ നടപ്പിലാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഭവനനിർമ്മാണം, ധനകാര്യം എന്നീ വകുപ്പുകളോടും സംസ്ഥാന ഭവനനിർമ്മാണ ബോർഡിനോടും 4-9-2018-ലെ കത്തു മുഖേന ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് ഭവനനിർമ്മാണ (ബി) വകുപ്പ് 9-10-2018-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഭവന നിർമ്മാണ ബോർഡ് അമിത പലിശ ഈടാക്കുന്നു എന്ന് ആരോപിച്ച് ബഹു. നിയമസഭാ സമിതിയ്ക്ക് വായ്പാ ഗുണഭോക്താക്കൾ നൽകിയ 89 ഹർജികളിൽ 30 പേർ വായ്പാ അക്കൗണ്ട് തീർപ്പാക്കുകയുണ്ടായി. ബാക്കിയുള്ള 59 കേസുകളിൽ നിയമസഭാ സമിതിയുടെ നിർദ്ദേശമനുസരിച്ച് റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കാനും ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഒ.ടി.എസ്. പദ്ധതി 31-3-2018 വരെ നിലവിലുണ്ടായിരുന്നു. ഒ.ടി.എസ്. ഇളവ് പ്രയോജനപ്പെടുത്തി വായ്പാ അക്കൗണ്ട് തീർപ്പാക്കുന്നതിന് കുടിശ്ശികയുള്ള കക്ഷികളെ രേഖാമൂലം അറിയിക്കാനും ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഒ.ടി.എസ്. പദ്ധതി പ്രകാരം പിഴപ്പലിശയിൽ 100% ഇളവും, മുടക്കപലിശയിൽ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് 100%, ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് 70%, ഉയർന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് 50% എന്ന നിരക്കിലുമാണ് ഇളവുകൾ നൽകിയിരുന്നത്.

31-3-2018 വരെ ബോർഡിൽ നിലവിലുണ്ടായിരുന്ന ഒ.ടി.എസ്. പദ്ധതിയിലെ ആനുകൂല്യം പ്രയോജനപ്പെടുത്തി ടി പദ്ധതി കാലയളവിൽ സംസ്ഥാനമൊട്ടാകെ 225 ഗുണഭോക്താക്കൾ വായ്പാ അക്കൗണ്ട് തീർപ്പാക്കിയിട്ടുണ്ട്. 22-11-2017-ലെ സമിതിയുടെ നിർദ്ദേശമനുസരിച്ച് ജില്ലകൾ തോറും അദാലത്തുകൾ സംഘടിപ്പിച്ച് കൂടുതൽ ആകർഷകമായ ഇളവുകൾ നൽകിക്കൊണ്ട് പരമാവധി ഗുണഭോക്താക്കളുടെ വായ്പാ ബാധ്യത തീർപ്പാക്കുന്നതിനായി 19-7-2018-ലെ സ.ഉ.(കൈ) നമ്പർ 06/2018/ഭവനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്."

സമിതിയുടെ നിരന്തര ഇടപെടലിലൂടെ ടി ഹർജി വിഷയം തീർപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. അവ എത്രയും വേഗം ഫലപ്രാപ്തിയിലെത്തുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കണമെന്നും, സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുള്ളവരും വായ്പാകണക്ക് തീർപ്പാക്കിയിട്ടില്ലാത്തവരുമായ '55' ഹർജിക്കാരുടെ വായ്പാ കണക്ക് തീർപ്പാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## റവന്യൂ വകുപ്പ്

അനധികൃതമായി പാറയ്ക്ക് പട്ടയം അനുവദിച്ചത്, വഴി തടസ്സപ്പെടുത്തൽ, എതിർകക്ഷികളിൽ നിന്നുള്ള ആക്രമണം, വധഭീഷണി എന്നിവ സംബന്ധിച്ച് ശ്രീ. സെബാസ്റ്റ്യൻ ചാക്കോ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19029/ഹർജി ബി3/2009/നി.സെ.)

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ വെള്ളിക്കുളങ്ങര വില്ലേജിൽ സർവ്വേ നമ്പർ 2070, 2071 എന്നിവയിൽപ്പെട്ട രണ്ടേക്കറിൽ അധികം വരുന്ന വിശാലമായ പാറസ്റ്റ് 979/84 നമ്പരായുള്ള പട്ടയം, പോലീസ് ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ഗോവിന്ദൻ കുട്ടി ടിയാന്റെ സഹോദരന്റെ പേരിൽ, സമ്പാദിച്ച് അനധികൃതമായി പാറ ഖനനം നടത്തുന്നതായും, വഴി തടസ്സപ്പെടുത്തുന്നതായും അക്രമം നടത്തുകയും, വധഭീഷണി മുഴക്കുകയും ചെയ്യുന്നതായും പരാതിപ്പെട്ടുകൊണ്ട് നിരവധി പരാതികൾ നൽകിയിട്ടും അതിന്മേൽ നടപടിയുണ്ടാവുകയോ നീതി ലഭിക്കുകയോ ചെയ്തിട്ടില്ലെന്നും, ആയതിനാൽ തൃശ്ശൂർ ജില്ലാ കളക്ടർ, മധ്യമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ, എറണാകുളം എന്നിവരെക്കൊണ്ട് സ്ഥലപരിശോധന നടത്തി ടിയാന്റെ പരാതികളിന്മേൽ അന്തിമ തീരുമാനമുണ്ടാക്കണമെന്ന് ഹർജിക്കാരൻ 10-11-2009-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 20-11-2009-ൽ ആഭ്യന്തരം, റവന്യൂ, വ്യവസായം എന്നീ വകുപ്പുകളിലേയ്ക്കയച്ചു.

തുടർന്ന് റവന്യൂ(എൽ) വകുപ്പ് 3-12-2010-ലെയും, ആഭ്യന്തര (ജെ) വകുപ്പ് 25-2-2010-ലെയും ആഭ്യന്തര(ജി) വകുപ്പ് 26-3-2010-ലെയും കത്തുകൾ മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ഹർജിയിന്മേൽ ലഭ്യമായ ഗവൺമെന്റ് റിപ്പോർട്ടുകളും പ്രതികരണ ഹർജിയും 6-2-2012-ലെ സമിതി യോഗം പരിഗണിക്കുകയും അതു സംബന്ധിച്ച് 28-5-2012, 27-11-2012 എന്നീ തീയതികളിൽ ഹർജിക്കാരൻ, ജില്ലാതല ഉദ്യോഗസ്ഥർ, ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ(എൽ) വകുപ്പ് 9-11-2012-ലെയും ആഭ്യന്തര(ജി) വകുപ്പ് 5-12-2012-ലെയും, വ്യവസായ(എ) വകുപ്പ് 31-12-2012-ലെയും കത്തുകൾ മുഖേന ലഭ്യമാക്കിയ റിപ്പോർട്ടുകൾ 29-5-2014-ലെ സമിതിയോഗം പരിഗണിക്കുകയുണ്ടായി. സമിതി യോഗ തീരുമാനപ്രകാരം ടി റിപ്പോർട്ടുകളിലെ വിവരം 15-7-2014-ലെ കത്തു മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 30-7-2014-ൽ പ്രതികരണ ഹർജി സമർപ്പിച്ചു.

31-3-2015-ൽ ചേർന്ന സമിതി യോഗം പ്രസ്തുത പ്രതികരണ ഹർജി പരിഗണിക്കുകയും, പട്ടയം അനുവദിച്ചത് സംബന്ധിച്ച് എത്രയും വേഗം റീസർവ്വേ നടത്തി വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

നിരവധി കത്തിടപാടുകൾക്ക് ശേഷം ടി വകുപ്പ് 4-11-2017-ലെ 89/എൽ3/2017/റവ. നമ്പർ കത്തു മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീ. സെബാസ്റ്റ്യൻ ചാക്കോ സമർപ്പിച്ച പരാതിയിൽ പരാമർശിച്ച സ്ഥലം മുൻപ് മുകന്ദപുരം മറ്റത്തൂർ വില്ലേജിൽ ഉൾപ്പെട്ടിരുന്നതും പ്രസ്തുത സ്ഥലം വില്ലേജ് വിഭജനത്തെ തുടർന്ന് വെള്ളിക്കുളങ്ങര വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 2070, 2071/2 എന്നിവയിൽ വരുന്നതുമാണ്. ടി സ്ഥലത്ത് തൃശ്ശൂർ ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിലെ എൽ.എ.(പി) 979 ആയി ശ്രീ. ചന്ദ്രൻ, ഓടത്ത് പള്ളത്ത് വീട്ടിൽ, എന്നയാൾക്ക് പട്ടയം നൽകിയിട്ടുള്ളതായി കാണുന്നു. ശ്രീ. ചന്ദ്രന് പട്ടയം ലഭിച്ച സർവ്വേ നമ്പർ 2071/2-ൽപ്പെട്ട 56½ സെന്റ് സ്ഥലം സഹോദരനായ ഗോവിന്ദൻകുട്ടി എന്നയാൾക്കും സർവ്വേ 2070/2 ൽപ്പെട്ട 22 സെന്റ് സ്ഥലം മറ്റൊരു സഹോദരൻ നാരായണൻകുട്ടിക്കും തീറ് നൽകിയിട്ടുള്ളതാണ്.

വില്ലേജ് റിക്കാർഡുകളുടെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ പരാതിക്കാസ്പദമായ ഭൂമിയുൾപ്പെടെ 'പുറമ്പോക്ക്' എന്നും 'ഫോറസ്റ്റ്' ഭൂമിയാണെന്നുമാണ് കാണിച്ചിട്ടുള്ളത്. മാത്രമല്ല ഇതിനോടനുബന്ധമായ വസ്തു വകകളുടെയെല്ലാം സർവ്വെ നമ്പറുകൾ പരിശോധിച്ചാൽ ഫോറസ്റ്റ് പുറമ്പോക്ക് എന്നു തന്നെയാണ് കാണിച്ചിട്ടുള്ളത്. ആയതിൽ നിന്നും ഈ പ്രദേശത്ത് വളരെക്കാലം മുമ്പുതന്നെ ജനവാസം ആരംഭിച്ചതിനാൽ ഫോറസ്റ്റ് പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി കൈവശക്കാർക്ക് പതിച്ച് നൽകിയതാണെന്നറിയുന്നു. ശ്രീ. ചന്ദ്രന് നൽകിയിട്ടുള്ള പട്ടയ ഫയൽ കണ്ടെത്താൻ സാധ്യമാകാത്ത സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട എൽ.എ.പി. രജിസ്റ്റർ പ്രകാരം ഇതിനോടനുബന്ധമായി മറ്റനേകം പട്ടയങ്ങൾ നൽകിയതായി കാണുന്നു. ആയതിൽ നിന്നും പരാതിക്കാസ്പദമായ പട്ടയമുൾപ്പെടെ എല്ലാ പട്ടയങ്ങളും ഭൂമി പതിവ് ചട്ടങ്ങളുടെ പരിധിയിൽ കൊണ്ടുവന്ന് നിയമങ്ങൾക്കനുസൃതമായി നൽകിയവയായി കണക്കാക്കാം. പട്ടയം നൽകിയിട്ട് 30 വർഷക്കാലത്തോളമായതിനാലും ഇതുമായി ബന്ധപ്പെട്ട ഓഫീസുകൾ നിർത്തലാക്കിയിട്ടുള്ളതിനാലും ബന്ധപ്പെട്ട ഓഫീസർമാർ സർവ്വീസിൽ ഇല്ലാത്തതിനാലും 84-ൽ പട്ടയം നൽകുമ്പോഴുണ്ടായിരുന്ന വിശദാംശങ്ങൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

പട്ടയ ഫയൽ കണ്ടുകിട്ടാത്തതിനാലും, ശ്രീ. ചന്ദ്രൻ എന്നയാൾക്കും സഹോദരങ്ങൾക്കും പട്ടയഭൂമി കൂടാതെ മറ്റ് ഭൂമികളും ഇതിനോട് ചേർന്ന് കിടക്കുന്നതിനാലും സർവ്വേ കല്ലുകൾ യഥാസ്ഥാനം കാണപ്പെടാത്തതിനാലും ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനോ, സ്കെച്ച് തയ്യാറാക്കുന്നതിനോ സാധിക്കാതെ വന്നിരുന്ന അവസരത്തിൽ, ഫയലിലെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പട്ടയ ഫയൽ ലഭ്യമാവാതെതന്നെ ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സർവ്വേയർമാർ സ്ഥലം പരിശോധിച്ച് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതാണ്.

പട്ടയ സ്കെച്ച് ലഭ്യമല്ലാത്തതിനാലും, പട്ടയത്തിൽ നാല് അതിരുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും, ലഭ്യമായ റിക്കാർഡുകൾ പ്രകാരവും കക്ഷികൾ കാണിച്ച് കൊടുത്തിട്ടുള്ള പ്രകാരവും നിലവിലുള്ള അതിർത്തിയും അനുസരിച്ചാണ് സർവ്വേ

സ്കെച്ച് തയ്യാറാക്കിയിരുന്നത്. ഓടത്ത് പള്ളത്ത് ചന്ദ്രൻ എന്ന കക്ഷി വിദേശത്ത് ആയതിനാൽ ടിയാന്റെ സ്ഥലം സഹോദരൻ ഗോവിന്ദൻകുട്ടി കാണിച്ചുകൊടുത്ത പ്രകാരമാണ് സ്കെച്ച് തയ്യാറാക്കിയതെന്നും കാണുന്നു. പട്ടയപ്രകാരമുള്ള സർവ്വേ 2070-ലെ 43 സെന്റ് സ്ഥലം കാണിച്ചുകൊടുക്കുവാൻ ഗോവിന്ദൻകുട്ടിക്ക് സാധ്യമായിട്ടില്ല എന്നും, മുകുന്ദപുരം താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിരുന്നു. ആധാരത്തിലെ അളവുകളും സർവ്വേ നമ്പറുകളും സർവ്വേ ഫിക്സ് ചെയ്തപ്പോൾ വ്യത്യാസങ്ങൾ കാണുന്നതായും, സർവ്വേയറുടെ റിപ്പോർട്ടിൽ പരാമർശമുണ്ട്. ടി വസ്തുവിൽ മെയിൻ റോഡിൽ നിന്നും ഉദ്ദേശം 80 മീറ്റർ ദൂരത്തിൽ എത്തുമ്പോൾ പിന്നീട് വാഹനം കടന്നുപോകാൻ പറ്റാത്ത രീതിയിൽ ചെറിയ ഒരു വഴി കാണപ്പെടുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സെബാസ്റ്റ്യൻ ചാക്കോ എന്നവരുടെ പരാതിയിൽ പറയുന്ന വഴി ഇപ്പോൾ ഭൂമിയിൽ വഴിയായി കാണപ്പെടുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ശ്രീ. സെബാസ്റ്റ്യൻ ചാക്കോയുടെ പരാതിയിൽ പരാമർശിച്ചിരിക്കുന്ന പട്ടയം നൽകിയിട്ടുള്ള വസ്തുവിലെ പാറയുൾപ്പെടുന്ന പ്രദേശത്തിന്റെയും അതിലെ പാറ ഖനനത്തിന്റെയും വിഷയങ്ങളൊഴികെ മറ്റെല്ലാ സംഗതികളും തന്നെ ഗൗരവതരമല്ലെന്ന് കാണുന്നുവെന്നും 1984-ൽ പട്ടയം ലഭ്യമായിട്ടും ശ്രീ. സെബാസ്റ്റ്യൻ ചാക്കോ ഇതേ സ്ഥലത്തുതന്നെ താമസിച്ചുവന്നിരുന്ന ആളായിരുന്നിട്ടും 2006 കാലയളവുവരെ അതായത് ഇരുപത്തിരണ്ടു വർഷക്കാലത്തോളം ടിയാന് ഈ വിഷയം സംബന്ധിച്ച് പരാതികളെന്തെങ്കിലും ഉണ്ടായിരുന്നതായി അറിവായില്ല എന്നും ടിയാന് വഴിയായി ഉപയോഗിക്കുന്നതിന് നൽകിയ സ്ഥലത്തെ സംബന്ധിച്ച് ഇരുകൂട്ടരും തമ്മിൽ ഉടലെടുത്ത തർക്കത്തെ തുടർന്നാണ് ഇത്തരത്തിലുള്ള പരാതികൾ ടിയാൻ നൽകിയിരിക്കുന്നത് എന്നും പരാതിക്കാരനും എതിർകക്ഷിയും തമ്മിൽ വഴി സംബന്ധമായ കാര്യങ്ങളിൽ കോടതിയിൽ വ്യവഹാരം നിലനിന്നിരുന്നതായി അറിയുന്നുവെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വെള്ളിക്കുളങ്ങര വില്ലേജിൽ Sy. No.2071/1, 2070/2 എന്നിവയിൽ ഉൾപ്പെടുന്ന ഭൂമിയിൽ KLA ചട്ടങ്ങളുടെ 11(2)-ലെ ഉപചട്ടങ്ങളുടെ പരിധിയിൽപ്പെടുന്ന ഭൂമി ഉണ്ടെങ്കിൽ ആയത് കണ്ടെത്തി അളന്ന് തിട്ടപ്പെടുത്തി ഉടനെതന്നെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി 1-8-2017-ലെ 26269/എൽ3/14/റവ. നമ്പർ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിയിൽ ഉന്നയിച്ച വഴി സംബന്ധമായും മറ്റുമുള്ള വിഷയങ്ങൾ ഒരു സിവിൽ കോടതി മുഖേന പരിഹരിക്കപ്പെടേണ്ടതായും കാണുന്നുവെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

ഹർജിക്കാരൻ 24-2-2018 തീയതിയിൽ ഒരു തുടർഹർജി കൂടി സമർപ്പിക്കുകയുണ്ടായി. ടിയാൻ ഹർജിയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ തെറ്റാണെന്ന് ഒരു അന്വേഷണ

റിപ്പോർട്ടിലും പറയുന്നില്ലെന്നും, ടിയാനിൽ നിന്നും നേരിട്ട് തെളിവെടുപ്പ് നടത്താതെയും, ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായിട്ടല്ലാതെയുമാണ് അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നതെന്നും, ആയതിനാൽ ടിയാന്റെ ഹർജിയിൽ സമിതി അന്തിമതീർപ്പ് കല്പിക്കുന്നതിന് മുൻപ് ടിയാനിൽ നിന്നും തെളിവെടുപ്പ് നടത്തി, ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി തീർപ്പ് കല്പിക്കണമെന്ന് പ്രസ്തുത തുടർ ഹർജിയിൽ അപേക്ഷിക്കുകയും ചെയ്തിരുന്നു.

റവന്യൂ(എൽ) വകുപ്പിന്റെ 4-11-2017-ലെ റിപ്പോർട്ടും ഹർജിക്കാരൻ സമർപ്പിച്ച 24-2-2018-ലെ തുടർ ഹർജിയും 18-7-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയുണ്ടായി.

ഹർജിക്കാരൻ 28-7-2018-ൽ നേരിട്ടെത്തി ഹർജി വിഷയത്തിൽ തുടർഹർജി സമർപ്പിക്കുകയുണ്ടായി. ടിയാൻ സമിതി മുമ്പാകെ സമർപ്പിച്ചിരുന്ന ഹർജിയിലെ പ്രധാന ആവശ്യം അനധികൃതമായി പാറസ്റ്റ് പട്ടയം അനുവദിച്ച നടപടി റദ്ദ് ചെയ്യണ മെന്നതായിരുന്നുവെന്നും അതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ് സ്വീകരിച്ചുവരുന്നതായി അറിവായിട്ടുണ്ടെന്നും അതിനാൽ സമിതി ഹർജി വിഷയത്തിൽ നടപടി തുടരണമെന്നും അനധികൃതമായി അനുവദിച്ച പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും പ്രസ്തുത തുടർ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി 5-9-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും, അതിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് റവന്യൂ(എൽ) വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു. സമിതി തീരുമാനപ്രകാരം റവന്യൂ(എൽ) വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ, ഹർജിയിൽ പരാമർശിച്ചിരുന്ന സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട ഭൂമിയിൽ KLA ചട്ടങ്ങളിലെ ചട്ടം 11-ന്റെ 2-ാം ഉപചട്ടത്തിന്റെ പരിധിയിൽപ്പെടുന്ന ഭൂമി ഉണ്ടെങ്കിൽ ആയത് കണ്ടെത്തി അളന്ന് തിട്ടപ്പെടുത്തി ഉടൻതന്നെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പ്**

സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ട് -പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്.

(ഫയൽ നമ്പർ 19273/ഹർജി എ 2/2014/നി.സെ.)

ഹർജികൾ സംബന്ധിച്ച സമിതി (2014-2016) യുടെ ഏഴാമത് റിപ്പോർട്ടിലെ [പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്] ഖണ്ഡിക 14-ൽ വിദ്യാർത്ഥികൾ പത്താംക്ലാസിൽ പഠിച്ചിരുന്ന സ്കൂളിലെ ഐ.ടി. വിഭാഗത്തിന്റെ ഭാഗമായുള്ള കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ഉൾപ്പെടെയുള്ള ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈൻ രജിസ്ട്രേഷനുള്ള സംവിധാനം ഒരുക്കി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനമുണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ആയതിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 16-12-2017-ലെ 1988972/യു3/2017/പൊവിവ. നമ്പർ കത്തുപ്രകാരം ലഭിച്ച നടപടി റിപ്പോർട്ടിൽ 2015-16 അധ്യയന വർഷം മുതൽ പത്താം ക്ലാസിൽ പഠിച്ചിരുന്ന സ്കൂളിലെ ഐ.ടി. വിഭാഗത്തിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ലാബ് സൗകര്യവും അധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവ./എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണെന്ന വിവരം അറിയിച്ചിരുന്നു. ടി റിപ്പോർട്ട് 11-1-2018-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകരിച്ച വായനശാലകളിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ സൗജന്യമായി ഓൺലൈനിൽ സമർപ്പിക്കുവാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

സമിതിയുടെ പ്രസ്തുത ശിപാർശ നടപ്പിലാക്കി അതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് 1-2-2018-ലെ 19273/ഹർജി എ 2/2014/നി.സെ. നമ്പർ കത്തുമുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

<u>2019-2020 വർഷത്തെ പ്ലസ് വൺ പ്രവേശനത്തിനായുള്ള നടപടികൾ ആരംഭിക്കാറായ സാഹചര്യത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകരിച്ച വായനശാലകളിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ സൗജന്യമായി ഓൺലൈനിൽ സമർപ്പിക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>അദ്ധ്യായം-3</u>

## സമിതിയുടെ ഇടപെടൽമൂലം പരിഹരിച്ച ഹർജികളുടെ വിശദവിവരം

### ആഭ്യന്തര വകുപ്പ്

(1) പോലീസ് കസ്റ്റഡിയിൽ അനുജൻ മരിച്ച സംഭവം സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശ്രീജിത്ത് എസ്., നെയ്യാറ്റിൻകര സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15968/ഹർജി ബി1/2015/നി.സെ.)

ഹർജിക്കാരനായ ശ്രീ. ശ്രീജിത്തിന്റെ അനുജൻ ശ്രീജീവിനെ പാറശ്ശാല പോലീസ് അറസ്റ്റുചെയ്യുകയും 21-5-2014-ന് ക്രൂരമായി പീഡിപ്പിക്കുകയും തുടർന്ന് ചികിത്സയുടെ മറവിൽ ആസൂത്രിതമായി കൊലപ്പെടുത്തുകയും ചെയ്യുവെന്നത് സംബന്ധിച്ച് ടിയാൻ 25-3-2015-ൽ സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു.

ശ്രീജീവിനെ കസ്റ്റഡിയിലെടുത്തത് എന്തിനാണെന്ന് വ്യക്തമല്ലെന്നും എതിർകക്ഷിയായ ഫിലിപ്പോസ് എന്ന പോലീസ് ഉദ്യോഗസ്ഥന്റെ ബന്ധുവായ ഒരു പെൺകുട്ടിയുടെ വീട്ടുകാരുമായുള്ള പ്രശ്നത്തിന്റെ പേരിലാകാം അറസ്റ്റ് ചെയ്തതെന്നും തുടർന്ന് ശ്രീജീവ് വിഷം കഴിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലാണെന്ന് അറിയിക്കുകയുണ്ടായെന്നും, ആശുപത്രിയിലെത്തിയ ഹർജിക്കാരൻ കണ്ടത് ക്രൂരമർദ്ദനത്തിനിരയായ രീതിയിൽ കിടക്കുന്ന അനുജനെയാണെന്നും ആശുപത്രി ജീവനക്കാർ പോലീസുമായി ചേർന്ന് ചികിത്സയുടെ മറവിൽ സഹോദരനെ കൊന്നതാണെന്നും ടി ഹർജിയിൽ ബോധിപ്പിച്ചിരുന്നു. പോലീസിന്റെ അന്വേഷണത്തിൽ തങ്ങൾക്ക് വിശ്വാസമില്ലെന്നും അനുജന്റെ കസ്റ്റഡി മരണം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തുന്നതിനായി നടപടി സ്വീകരിക്കണമെന്നും ശ്രീ. ശ്രീജിത്ത് എസ്. പ്രസ്തുത ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 13-5-2015-ൽ ആഭ്യന്തര വകുപ്പിലേക്കയച്ചു. തുടർന്ന് ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ് 2-12-2015 തീയതിയിലെ കത്ത് മുഖേന ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. 20-10-2016-ൽ ചേർന്ന സമിതി യോഗം ടി റിപ്പോർട്ട് പരിഗണിക്കുകയും ആയത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമിതിയോഗ നിർദ്ദേശപ്രകാരമുള്ള അന്തിമ റിപ്പോർട്ട് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് ആഭ്യന്തര (രഹസ്യവിഭാഗം - എ) വകുപ്പിൽ നിന്നും 18-9-2017-ലെ കത്ത് മുഖേന അന്തിമ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഹർജിയിലെ പരാതിയിന്മേൽ സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ച സംഘം പ്രത്യേക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല പോലീസ് സ്റ്റേഷനിലെ Cr. 714/2013 കേസിൽ 19-5-2014-ന് ശ്രീജീവിനെ പാറശ്ശാല പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ശ്രീജീവ് പോലീസ് കസ്റ്റഡിയിലിരിക്കെ വിഷം കഴിക്കുകയും തുടർന്ന് ടിയാനെ പാറശ്ശാല താലൂക്ക് ആശുപത്രിയിൽ എത്തിക്കുകയും അവിടുന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക്

മാറ്റുകയും മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ 21-5-2014-ന് മരണപ്പെടുകയും ചെയ്തു എന്നുമാണ് പോലീസ് റിപ്പോർട്ട്. പ്രസ്തുത വിഷയത്തിൽ പാറശ്ശാല പോലീസ് Cr. 562/2014 ആയി കേസ് എടുത്തിട്ടുണ്ട്.

ശ്രീജീവിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ചൂണ്ടിക്കാട്ടി ശ്രീജീവിന്റെ സഹോദരൻ ശ്രീജിത്ത് എസ്. ആർ. OP നമ്പർ 188/2014 നമ്പറിൽ സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ പരാതി നൽകിയിരുന്നു. സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ 17-5-2016-ലെ ഉത്തരവിൽ ശ്രീജീവ് പോലീസ് പീഡനം മൂലമാണ് മരണപ്പെട്ടതെന്നും ആയതിനാൽ പരേതന്റെ മാതാവിനും സഹോദരനും 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാനും ടി കേസ് അന്വേഷിക്കുവാനായി സംസ്ഥാന പോലീസ് മേധാവിയോട് ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കുവാനും ഉത്തരവായി. സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3-9-2016-ലെ സ.ഉ.(സാധാ.)2783/2016/ആഭ്യന്തരം പ്രകാരം പരേതന്റെ മാതാവിനും സഹോദരനും 10 ലക്ഷം രൂപ നല്കുവാനും (5 ലക്ഷം രൂപ വീതം) സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുവാനും സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം വീതം രൂപയുടെ ഡി.ഡി. ശ്രീജീവിന്റെ അമ്മയായ ശ്രീമതി കെ. രമണിപ്രമീളയ്ക്കും സഹോദരനായ ശ്രീ. ശ്രീജിത്ത് എസ്.ആർ-നും 15-10-2016-ൽ കൈമാറിയിട്ടുണ്ട്.

തുടർന്ന് പോലീസ് കസ്റ്റഡിയിലെ പീഡനം കാരണമാണ് ശ്രീജീവ് മരിച്ചതെന്നും അതിനാൽ കേസ് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണം എന്ന ആവശ്യം ഉന്നയിച്ച് ശ്രീജീവിന്റെ മാതാവും സഹോദരനും സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. കേസിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണമുയർന്ന സാഹചര്യത്തിൽ കേസ് തുടർന്നും പോലീസ് അന്വേഷിച്ചാൽ മുൻവിധികൾ ഉയരാൻ സാധ്യതയുണ്ടെന്നുള്ളതിനാൽ കേസ് സി.ബി.ഐ.-യ്ക്ക് കൈമാറുന്നതാണ് ഉചിതമെന്ന് സംസ്ഥാന പോലീസ് മേധാവിയും അഭിപ്രായപ്പെട്ടു.

ഈ സാഹചര്യത്തിൽ, പരേതന്റെ മാതാവിന്റെയും സഹോദരന്റെയും പരാതി പരിഗണിച്ച് കേസിന്റെ ഫലപ്രദമായ അന്വേഷണത്തിനായി 8-6-2017-ലെ സർക്കാർ വിജ്ഞാപനം നമ്പർ 33555/SSA2/2017/ആഭ്യന്തരം പ്രകാരം പാറശ്ശാല പോലീസ് അറസ്റ്റ് ചെയ്തതിനെ തുടർന്ന് ശ്രീജീവ് മരിക്കാനിടയായ Cr. No. 562/2014 കേസ് സർക്കാർ സി.ബി.ഐ. യ്ക്ക് കൈമാറിയിട്ടുണ്ട്." [അനുബന്ധം III (എ)].

റിപ്പോർട്ട് 18-7-2018-ലെ യോഗം പരിഗണിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചിട്ടും ടിയാനിൽ നിന്നും പ്രതികരണമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(2) എതിർകക്ഷിയുടെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കുവാനും വീടിന് മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന മരം മുറിച്ചുമാറ്റുവാനും നടപടി ആവശ്യപ്പെട്ട് ശ്രീമതി സി. വത്സല, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 17514/ഹർജി ബി2/2016/നി.സെ.)

ഹർജിക്കാരിയുടെ അയൽവാസിയായ എതിർകക്ഷി നിരന്തരം ടിയാളെ അസഭ്യം പറയുകയും ദേഹോപദ്രവം ഏല്പിക്കുകയും ചെയ്യുന്നുവെന്നും എതിർകക്ഷിയുടെ പുരയിടത്തിൽ നിൽക്കുന്ന മരത്തിന്റെ ഇലകളും മറ്റും ടിയാളുടെ വീടിന് മുകളിൽ വീഴുന്നതിനാൽ വീട് ജീർണ്ണിച്ച അവസ്ഥയിലായിരിക്കുകയാണെന്നും ആയതിനാൽ ടി എതിർകക്ഷിയുടെ ഉപദ്രവത്തിൽ നിന്നും ഹർജിക്കാരിയെ സംരക്ഷിക്കുന്നതിനും പ്രസ്തുത മരം മുറിച്ചുമാറ്റുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഹർജിക്കാരി 30-5-2016-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 14-6-2016-ൽ ആഭ്യന്തര വകുപ്പിലേക്കയച്ചു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് ആഭ്യന്തര (എസ്.സി.) വകുപ്പ് 29-4-2017-ൽ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"അന്വേഷണത്തിൽ പരാതിക്കാരിയും എതിർകക്ഷിയും അയൽവാസികളാണെന്നും, എതിർകക്ഷിയുടെ വസ്തുവിലുള്ള അയണിമരത്തിന്റെ ശിഖരങ്ങൾ പരാതിക്കാരിയുടെ വീടിന് മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്നതിനാലും അതിൽ നിന്ന് അയണിചക്ക ടിയാളുടെ വീടിന് മുകളിൽ വീണ് കേടുപാടുകൾ പറ്റിയതിലും വച്ച് സംഭവദിവസം ഇരുവരും വാക്കുതർക്കം ഉണ്ടായിട്ടുള്ളതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്യുന്നു. ആയത് പരാതിക്കാരിയുടെ മകൾ ചോദിക്കാൻ വേണ്ടി എതിർകക്ഷിയുടെ വീടിന്റെ അടച്ചിട്ടിരുന്ന ഗേറ്റിന് മുൻവശം വന്ന സമയം അകത്ത് നിന്ന എതിർകക്ഷിയുടെ പട്ടി കുരയ്ക്കുകയും ചെയ്തതിൽ പേടിച്ച് പരാതിക്കാരിയുടെ മകൾ തിരികെ പോവുകയുമാണുണ്ടായത് എന്നും റിപ്പോർട്ടിലുണ്ട്. ആയതിലുള്ള വിരോധം നിമിത്തമാണ് പരാതിക്കാരി ഇപ്രകാരം പരാതി കൊടുത്തതെന്നും അല്ലാതെ പരാതിക്കാരിയെ എതിർകക്ഷി വീടുകയറി ആക്രമിക്കുകയും അസഭ്യം വിളിക്കുകയും ചെയ്തു എന്നുള്ളത് സത്യമല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ പരാതിയിന്മേൽ ഇരു കക്ഷികളെയും വിളിച്ച് വരുത്തി സംസാരിച്ചതിൽ പരാതിക്കാരിയുടെ വീടിന് മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന അയണി മരത്തിന്റെ ശിഖരങ്ങൾ എതിർകക്ഷി 20 ദിവസങ്ങൾക്കകം മുറിച്ച് മാറ്റിക്കൊടുക്കാം എന്ന് സമ്മതിച്ച് പറഞ്ഞത് പരാതിക്കാരിക്ക് സ്വീകാര്യമായതിനാൽ, അപ്രകാരം നിർദ്ദേശിച്ച് പരാതിക്കാരിയുടെ പരാതി രമ്യമായി പരിഹരിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്യുന്നു."

പ്രസ്തുത റിപ്പോർട്ട് 4-1-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഹർജിക്കാരിയുടെ ആവശ്യം പരിഹൃതമായതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(3) എതിർകക്ഷികൾ മർദ്ദിക്കുകയും വാഹനവും പണവും അപഹരിക്കുകയും ചെയ്തതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ശ്യാം, വർക്കല സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 1602l/ഹർജി ബി3/2015/നി.സെ.)

9-1-2015-ാം തീയതി ഉച്ചകഴിഞ്ഞ് ഹർജിക്കാരൻ വർക്കല പാലച്ചിറ ജംഗ്ഷനിൽ നിൽക്കവേ തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശിയായ ശ്രീ. രാജേഷ് എന്നയാളും വർക്കല വില്ലേജിൽ ചാലുവിള ഹിമാഭവനിൽ ബേബിഗിരിജയും ചേർന്ന് ഹർജിക്കാരനെ ക്രൂരമായി മർദ്ദിച്ച് അവശനാക്കിയശേഷം ഹർജിക്കാരന്റെ സ്കൂട്ടറും മൊബൈൽ ഫോണും കൈവശമുണ്ടായിരുന്ന 9,200 രൂപയും തട്ടിയെടുത്തുകൊണ്ടുപോകുകയും ചെയ്തുവെന്നും അത് സംബന്ധിച്ച് ഹർജിക്കാരൻ വർക്കല പോലീസിൽ പരാതിപ്പെട്ടതനുസരിച്ച് 29-1-2015-ൽ ടി എതിർകക്ഷികൾക്കെതിരെ ക്രൈം 184/2015 നമ്പരായി കേസ് രജിസ്റ്റർ ചെയ്തുവെന്നും എന്നാൽ പോലീസ് കേസന്വേഷണം നടത്തുന്നതിനോ, തൊണ്ടിമുതൽ കണ്ടെടുക്കുന്നതിനോ ശ്രമം നടത്തിയിട്ടില്ലെന്നും, അക്കാര്യത്തിൽ പോലീസ് മനഃപൂർവ്വം കാലതാമസം വരുത്തുകയാണെന്നും എതിർകക്ഷികൾ തട്ടിയെടുത്ത ഹർജിക്കാരന്റെ വാഹനം എതിർകക്ഷികൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെന്നും 27-3-2015-ൽ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

പോലീസ് കേസ് രജിസ്റ്റർ ചെയ്തതിനുശേഷവും എതിർകക്ഷികൾ ഫോണിലൂടെ ഹർജിക്കാരനെ ഭീഷണിപ്പെടുത്തുകയും ടിയാളുകൾ പോലീസിന് മുന്നിലൂടെ സ്വൈര്യ വിഹാരം നടത്തുകയും ചെയ്യുന്നുവെന്നും ജാമ്യമില്ലാ കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യപ്പെട്ട ടി പ്രതികൾ നിർബാധം പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങി നടക്കുകയാണെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ഹർജിക്കാരൻ നിർധന കുടുംബാംഗവും പട്ടികസമുദായത്തിൽപ്പെട്ടയാളുമാണെന്നും, ഹർജിക്കാരന് നീതി ലഭിക്കുന്നതിനുവേണ്ടി എതിർകക്ഷികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഹർജിക്കാരന്റെ വാഹനം പോലീസ് കസ്റ്റഡിയിൽ എടുക്കണമെന്നും ഹർജിക്കാരൻ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 5-6-2015-ൽ ആഭ്യന്തര വകുപ്പിലേക്ക് അയച്ചു. ഹർജി വിഷയം സംബന്ധിച്ച ഇടക്കാല റിപ്പോർട്ട് ആഭ്യന്തര (ഡി) വകുപ്പ് 20-4-2016-ലെ കത്ത് മുഖേന ലഭ്യമാക്കിയിരുന്നു. ആയത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ആഭ്യന്തര 'ഡി' വകുപ്പ് 23-5-2017-ലെ 50023/ഡി1/ 2015/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതി സംഗതിക്ക് വർക്കല പോലീസ് സ്റ്റേഷനിൽ U/s 394, 323 & 34 IPC പ്രകാരം 184/2015 ആയി ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ 9-2-2017-ൽ ടി കേസിലെ 1-ാം പ്രതിയായ ശ്രീ. രാജേഷിനെ അറസ്റ്റ് ചെയ്തിട്ടുള്ളതും, പ്രതിക്കെതിരെ റിമാന്റ് അപേക്ഷ തയ്യാറാക്കി ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, ലക്ഷ്യം വക വാഹനം കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ടെന്നും, 2-ാം പ്രതിയായ ബേബി ഗിരിജയെ കുറിച്ച് അന്വേഷണം നടത്തിയതിൽ ടിയാനെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും പ്രതിയെ ഒളിവിലിട്ട് 20-2-2017-ൽ ബഹു. വർക്കല ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണെന്ന് വർക്കല പോലീസ് സബ് ഇൻസ്പെക്ടർ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 27-6-2017-ൽ ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്. പ്രതികരണം ലഭിച്ചിട്ടില്ല.

(4) സ്വൈരജീവിതം തടസ്സപ്പെടുത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെ ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി നജീമ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 22618/ഹർജി ബി4/2016/നി.സെ.)

ഹർജിക്കാരിയുടെ വീടിന് സമീപത്തെ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന നാല്പതിൽപ്പരം വരുന്ന അന്യ സംസ്ഥാന തൊഴിലാളികൾ നിരന്തരം മദ്യപിച്ച് രാത്രികളിൽ വീടിന്റെ കതകിൽ വന്ന് ചവിട്ടുകയും, ജനലിൽ കൊട്ടുകയും, വെന്റിലേഷനിലൂടെ ഒളിഞ്ഞു നോക്കുകയും, വിവസ്ത്രരായി നിൽക്കുകയും ചെയ്യുന്നതായി നിരവധി തവണ വട്ടിയൂർക്കാവ് പോലീസിനും വനിതാ കമ്മീഷനും പരാതി നൽകിയിട്ടും നാളിതുവരെയും ഒരു നടപടിയും അവർക്കെതിരെ സ്വീകരിച്ചിട്ടില്ലെന്നും പരാതിക്കാരിയെ മണിക്കൂറുകളോളം സ്റ്റേഷനിൽ ഇരുത്തിയശേഷം പറഞ്ഞ് അയയ്ക്കുകയാണ് ചെയ്തതെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു. ഇക്കാര്യങ്ങൾ വീട്ടുടമസ്ഥനായ ഔറംഗസീബിനെ അറിയിച്ചപ്പോൾ അദ്ദേഹം ഭീഷണിപ്പെടുത്തുകയും വളരെ മോശമായി പെരുമാറുകയും ചെയ്തതായും രോഗിയായ ഭർത്താവും പ്രായപൂർത്തിയായ മകളും സ്കൂളിൽ പഠിക്കുന്ന മകനും മാത്രമുള്ള ഇവർ ഇത് സംബന്ധിച്ച് സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി

നൽകിയതിന്റെ അടിസ്ഥാനത്തിൽ വട്ടിയൂർക്കാവ് എസ്.ഐ.-ക്ക് അന്വേഷണ ചുമതല നൽകിയെങ്കിലും വട്ടിയൂർക്കാവ് എസ്.ഐ. ഒരു നടപടിയും സ്വീകരിച്ചില്ലെന്നും പ്രസ്തുത വീട്ടുടമയും മകനും ചേർന്ന് ഹർജിക്കാരിക്കും കുടുംബത്തിനും എതിരെ വധഭീഷണി മുഴക്കുന്നതിനാൽ ടി വീട്ടിലെ താമസക്കാരായ അന്യ സംസ്ഥാന തൊഴിലാളികളെ ഒഴിപ്പിച്ച് വീട്ടുടമയുടെ ഭീഷണിയിൽ നിന്ന് സംരക്ഷണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഹർജിക്കാരി 26-11-2016-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 5-12-2016-ൽ ആഭ്യന്തര വകുപ്പിലേക്ക് അയച്ചു. ഹർജിയിന്മേലുള്ള റിപ്പോർട്ട് ആഭ്യന്തര (എം) വകുപ്പ് 20-10-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി മുഖേന നടത്തിയ വിശദമായ അന്വേഷണത്തിൽ പരാതിക്കാരിയായ നജീമയുടെ ഭർത്താവ് സലീമിന്റെ അനുജനാണ് പരാതിയിലെ എതിർകക്ഷിയും വീട്ടുടമയുമായ ഔറംഗസീബ്. പരാതിക്കാരിയുടെ ഭർത്താവിനും സഹോദരങ്ങൾക്കും കുടുംബ വസ്തു ഷെയർ ചെയ്ത് വിഹിതം ലഭിച്ചതാണ്. കുടുംബ വീടിരിക്കുന്ന കെട്ടിടം ഔറംഗസീബിന് വിഹിതമായി കിട്ടിയിട്ടുള്ളതുമാണ്. പരാതിക്കാരിയും കുടുംബവും താമസിച്ചുവരുന്ന വീടിന് തൊട്ടടുത്തായുള്ള കുടുംബവീട് ഔറംഗസീബ്, വി.എസ്.എസ്.സി.-യിൽ ജോലി നോക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസിക്കുന്നതിലേക്കായി ഇൻഡ്യാ സിമന്റ് എന്ന കൺസ്ട്രക്ഷൻ കമ്പനിക്ക് വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. അവിടെ ഇപ്പോൾ 18-ഓളം അന്യസംസ്ഥാന തൊഴിലാളികൾ താമസിച്ചുവരുന്നു. പരാതിക്കാരിയുടെ വീടിനടുത്ത് താമസിച്ചുവരുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ നിന്നും ഉപദ്രവങ്ങൾ ഉണ്ടാകുന്നതായി ഇവർ പല സ്ഥലത്തും പരാതികൾ കൊടുത്തിട്ടുണ്ട്. ഇതിന്മേൽ വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ഇരുകൂട്ടരെയും വിളിച്ചുവരുത്തി പരാതിക്കാരിയുടെയും എതിർകക്ഷിയുടെയും വസ്തുവിന്റെ അതിർത്തി ഭാഗം ഷീറ്റ് കൊണ്ട് മറച്ച് ബന്തവസ്സ് ചെയ്യുകയും ഇപ്പോൾ താമസക്കാരായ അന്യസംസ്ഥാന തൊഴിലാളികളോട് പരിസരവാസികൾക്ക് യാതൊരുവിധ ശല്യവും ഉണ്ടാക്കരുതെന്ന് കർശന നിർദ്ദേശം നൽകുകയും പരാതിക്കാരിക്ക് നിലവിൽ അവരിൽ നിന്നും യാതൊരു ശല്യവും ഉണ്ടാകുന്നില്ലെന്ന് പരാതിക്കാരി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുമുണ്ട്."

5-9-2018-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(5) കടമായി നൽകിയ തുക തിരികെ ലഭിക്കുന്നതിന് നടപടിയാവശ്യപ്പെട്ട് ശ്രീ. ജയൻ കെ. വർക്കല സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19665/ഹർജി ബി4/2016/നി.സെ.)

കടമായി നൽകിയ തുക തിരികെ ലഭിക്കുന്നതിന് ശ്രീ. ജയൻ കെ. വർക്കല 23-11-2012-ൽ സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. ടി ഹർജിയിന്മേൽ ആഭ്യന്തര (ഡി) വകുപ്പ് 24-3-2014-ലെ 3386/ഡി1/ 2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയും ടി റിപ്പോർട്ടിൽ ഹർജിക്കാരന് മടക്കി നൽകാനുള്ള 75000 രൂപ നൽകാൻ തയ്യാറാണെന്നും കുടുംബ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കി നല്ലരീതിയിൽ ബന്ധം തുടരുവാനാണ് താല്പര്യമെന്നും പ്രശ്നം പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ കക്ഷികൾക്ക് നൽകിയതായും ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് നൽകിയിട്ടുള്ളതായി അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് വിവരം 16-4-2014-ൽ ഹർജിക്കാരനെ അറിയിച്ചിരുന്നു. 25-9-2014-ൽ ചേർന്ന സമിതിയോഗം ടി റിപ്പോർട്ട് പരിഗണിക്കുകയും ടിയാനിൽ നിന്നും പ്രതികരണമൊന്നും ലഭിയ്ക്കാത്ത സാഹചര്യത്തിൽ ഫയൽനടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ എതിർകക്ഷിയിൽ നിന്നും ലഭിക്കാനുള്ള തുക നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത തുക ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 3-8-2016-ൽ ഹർജിക്കാരൻ സമിതി മുമ്പാകെ വീണ്ടും ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജി റിപ്പോർട്ടിനായി 10-8-2016-ൽ ആഭ്യന്തര വകുപ്പിലേക്ക് അയച്ചു. ഹർജിയിന്മേലുള്ള ഇടക്കാല റിപ്പോർട്ട് ആഭ്യന്തര (ഡി) വകുപ്പ് 10-3-2017-ലെ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി.

"ഹർജി കക്ഷിക്ക് നൽകാമെന്ന് ഏറ്റിരുന്ന 75000 രൂപ എതിർകക്ഷിയായ ശ്രീ. സഞ്ജീവ് രാജൻ 2017 ജൂലൈ മാസത്തിൽ ലഭിക്കുന്ന ടിയാന്റെ സർവ്വീസ് ആനുകൂല്യത്തിൽ നിന്നും നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെങ്കിലും ആയത് കിട്ടുമോ എന്ന് ഹർജി കക്ഷിക്ക് ആശങ്കയുള്ളതിനാൽ 2017 ആഗസ്റ്റ് മാസത്തിൽ ഹർജി കക്ഷിക്ക് പ്രസ്തുത തുക കിട്ടിയിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്തി ആയത് സംബന്ധിച്ച ഹർജി കക്ഷിയുടെയും എതിർകക്ഷികളുടെയും മൊഴിപകർപ്പുകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

ഹർജി വിഷയം സംബന്ധിച്ച് ആഭ്യന്തര (ഡി) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് 5-7-2017-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും, റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുവാനും, ഹർജി വിഷയത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് 2017 ആഗസ്റ്റ് മാസത്തിനുശേഷം ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ആഭ്യന്തര (ഡി) വകുപ്പ് 9-11-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പ്രസ്തുത ഹർജിയിന്മേൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ എതിർകക്ഷി ജോലി ചെയ്ത കമ്പനിയിൽ നിന്നും ലഭിക്കുന്ന

സർവ്വീസ് ആനുകൂല്യങ്ങളിൽ നിന്നും നൽകാമെന്ന് സമ്മതിച്ചതായ തുക, 2017 ജൂലൈ മാസത്തിൽ ഹർജികക്ഷിക്ക് ബാങ്ക് മുഖാന്തിരം കൊടുത്ത് ഇടപാടുകൾ തീർത്തിട്ടുള്ളതാണെന്നും ഹർജികക്ഷിക്ക് ഇത് സംബന്ധിച്ച് മേലിൽ പരാതികളൊന്നും തന്നെയില്ലെന്നും ഹർജികക്ഷി ജോലി സംബന്ധമായ തിരക്കിൽ ആയതിനാൽ ഫോണിലൂടെ മൊഴി നൽകിയിട്ടുള്ളതായും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 1-12-2017-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു. തുക ലഭിച്ചതിൽ ടിയാനുള്ള നന്ദി ടിയാൻ സമിതിയെ അറിയിക്കുകയും ചെയ്തു. 5-9-2018-ൽ ചേർന്ന സമിതി യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## വിജിലൻസ് വകുപ്പ്

(6) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. മുനീർ വൈ., കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 17562/ഹർജി ബി 3/2017/നി.സെ.)

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനത്തിൽ 1983 വരെ സംവരണ ചട്ടപ്രകാരമുള്ള കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ചിരുന്നില്ലെന്നും 1983-ൽ നടത്തിയ നിയമനം ഒന്നാം ടേൺ ആയി കണക്കാക്കി അന്നു മുതൽ കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ച് സംവരണ തത്വപ്രകാരം നിയമനം നടത്തി വരികയായിരുന്നുവെന്നും, അപ്രകാരം 1983 മുതൽ 2014 വരെ നടത്തിയ 15 നിയമനങ്ങളിലും സംവരണ തത്വം പാലിച്ചിട്ടുണ്ടെന്നും എന്നാൽ 2015-ൽ 16-ാമത്തെ ടേണിൽ മുസ്ലീം സംവരണ വിഭാഗത്തിൽ നിയമനം നൽകുന്നതിനായി നിയമന ഉത്തരവ് നൽകപ്പെട്ട ഉദ്യോഗാർത്ഥി നിയമനം വേണ്ടെന്ന് വച്ചുകൊണ്ട് അറിയിപ്പ് നൽകിയിരുന്നുവെന്നും പ്രസ്തുത എൻ.ജെ.ഡി. ഒഴിവിൽ ഓപ്പൺ വിഭാഗത്തിലുള്ള ആളിന് നിയമനം നൽകിക്കൊണ്ട് മുസ്ലീം വിഭാഗത്തിന് അർഹമായ സംവരണം അട്ടിമറിച്ചുവെന്നും 4-ാമത് ടേണിൽ പട്ടിക ജാതിക്കാർക്ക് നൽകേണ്ട സംവരണം അത്തരത്തിൽ അട്ടിമറിച്ചിരുന്നുവെന്നും എന്നാൽ അതിനെതിരെ നാളിതുവരെ നടപടി ഉണ്ടായിട്ടില്ലെന്നും ഹർജിക്കാരൻ 31-3-2017-ൽ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

ഒരു സെലക്ഷൻ വർഷം ഒന്നോ രണ്ടോ ഒഴിവുകൾ മാത്രം വരുന്ന തസ്തികയാണ് അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയെന്നും അതിനാൽ സംവരണ തത്വം പാലിക്കുന്നതിനായി സെലക്ഷൻ വർഷം എന്ന സമ്പ്രദായം ഒഴിവാക്കി ഒരു ഓപ്പൺ

നിയമനം നടത്തിയ ശേഷം ഒരു സംവരണ നിയമനം എന്ന രീതിയിലാണ് 1983 മുതൽ 2014 വരെ 15 നിയമനങ്ങൾ നടത്തിയതെന്നും, 2015-ൽ 16-ാമത്തെ മുസ്ലീം സംവരണ ടേണിൽ മാത്രമാണ് ടി മാനദണ്ഡം അട്ടിമറിച്ചതെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

കെ.എസ്.&എസ്.എസ്.ആർ. ഭാഗം 2 ചട്ടം 15(a) പ്രകാരം ഒരു സംവരണ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ നിയമനത്തിനായി ലഭ്യമായില്ലെങ്കിൽ ടി നിയമനം ഒഴിച്ചിടുകയും പ്രസ്തുത ഒഴിവിലേയ്ക്കായി ആ വിഭാഗത്തിൽ നിന്നു തന്നെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണ് വേണ്ടതെന്നും അതിനായി രണ്ടുതവണ റീ നോട്ടിഫിക്കേഷൻ നടത്തിയിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമായില്ലെങ്കിൽ മാത്രമാണ് അടുത്ത സംവരണ വിഭാഗത്തിന് ടി ടേണിൽ നിയമനം നൽകേണ്ടത് എന്നിരിക്കെയാണ് മുസ്ലീം വിഭാഗത്തിനായുള്ള 16-ാമത് ടേണിൽ ഓപ്പൺ വിഭാഗക്കാരനായ ശ്രീ. രഞ്ജിത്ത് കുമാർ എൽ.ആർ., എന്നയാളിന് നിയമനം നൽകിയതെന്നും ആയതിനാൽ ടിയാനെ ടി തസ്തികയിൽ നിന്നും നീക്കം ചെയ്യുന്നതിനും, ടിയാന് ക്രമ വിരുദ്ധമായി നിയമനം നൽകിയതിന് ഉത്തരവാദികളായ വിജിലൻസ്, നിയമം, ഉദ്യോഗസ്ഥഭരണപരിഷ്കാരം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലെ നിയമനം പി.എസ്.സി. വഴിയാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 19-4-2017-ൽ വിജിലൻസ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം എന്നീ വകുപ്പുകളിലേക്ക് അയച്ചു. ഹർജി വിഷയം വിജിലൻസ് വകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ ആയത് വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 26-9-2017-ലെ കത്ത് മുഖേന അറിയിച്ചിരുന്നു.

ഹർജിയിന്മേലുള്ള ഇടക്കാല റിപ്പോർട്ട് വിജിലൻസ് (സി) വകുപ്പ് 11-10-2017-ലെ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ (Rs. 36140-49740) തസ്തികയിലേക്കുള്ള നിയമനത്തിൽ 1983 വരെ സംവരണ ചട്ടപ്രകാരമുള്ള Communal rotation പാലിച്ചിരുന്നില്ല. 1983-ൽ നടത്തിയ നിയമനം ഒന്നാം ടേൺ ആയി കണക്കാക്കി അന്നുമുതൽ Communal rotation പാലിച്ച് സംവരണ തത്വ പ്രകാരം നിയമനം നടത്തി വരുന്നു. 16-ാമത്തെ ടേണിൽ (മുസ്ലീം) നിയമനം നൽകുന്നതിനായി നിയമന ഉത്തരവ് നൽകപ്പെട്ട ശ്രീ. അനിൽ കെ. മുഹമ്മദ് തനിക്ക് നിയമനം വേണ്ടെന്നു വച്ചുകൊണ്ട് അറിയിപ്പ് നൽകുകയുണ്ടായി. KS&SSR ഭാഗം II ചട്ടം 15(d) പ്രകാരം ഒരു സെലക്ഷൻ ഇയറിൽ 50% കൂടുതൽ സംവരണം പാടില്ല എന്നതിനാലാണ് എൻ.ജെ.ഡി. തസ്തിക OC turn കാറ്റഗറിയിലേക്ക് മാറ്റിയത്. ഒരു

സെലക്ഷൻ ഇയർ എന്നു പറയുന്നത് ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വന്നതു മുതൽ അവസാനിക്കുന്നതുവരെയാണ്. ഒരു സെലക്ഷൻഇയറിൽ 50% സംവരണം പാടില്ല എന്ന വ്യവസ്ഥ പ്രകാരമാണ് എൻ.ജെ.ഡി. വേക്കൻസി മാറ്റിവെക്കാതെ ശ്രീ. രഞ്ജിത് കുമാറിനെ അഡീഷണൽ ലീഗൽ അഡ്വൈസർ ആയി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

തുടർന്ന് വിജിലൻസ് (സി) വകുപ്പ് 12-6-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്താൻ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ ഒഴിവുകളിൽ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ആയത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയിൽ വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണെങ്കിൽ കമ്മീഷൻ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സർക്കാരിനെ അറിയിക്കുകയും അത് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയിൽ വിട്ടുകൊണ്ട് 14-5-2018-ലെ സ.ഉ.(കൈ) 9/2018/വിജി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്." (അനുബന്ധം III ബി).

21-11-2018-ൽ ചേർന്ന സമിതിയോഗം മേല്പറഞ്ഞ റിപ്പോർട്ടുകളും പ്രസ്തുത തസ്തികയിലെ 16-ാമത് നിയമനം സംബന്ധിച്ചും ഹർജിക്കാരൻ സമർപ്പിച്ച 13-11-2017-ലെ പ്രതികരണ ഹർജിയും പരിഗണിക്കുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിൽ നടത്തിയ 1 മുതൽ 16 വരെയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിനായുള്ള നടപടികൾ തുടർന്നു വരുന്നു.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലെ നിയമനം പി.എസ്.സി.-യ്ക്ക് വിട്ടതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ടി തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഉണ്ടാകാറുള്ള പരാതികൾക്ക് ശമനമുണ്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## നികതി വകപ്പ്

(1) അർഹതപ്പെട്ട നികതി ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ഇ. മജീദ്, മൂവാറ്റുപുഴ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 12867/ഹർജി.ബി1/09/നി.സെ.)

പെരുമ്പാവൂരിലെ ഉദയാ ട്രേഡിംഗ് എന്ന കമ്പനി 1988-89, '89-90, 90-91 എന്നീ വർഷങ്ങളിലേക്കായി കണക്കാക്കിയിരുന്ന സെയിൽസ് ടാക്സിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ആയത് പുനർനിർണ്ണയം ചെയ്തപ്പോൾ നികതിയിനത്തിലും, പിഴയിനത്തിലുമായി 1½ കോടിയിലധികം രൂപ ചുമത്തിയതായും KGST Act-ലെ 23 B വകപ്പ് പ്രകാരം നികതി ഇളവിന് അർഹതയുണ്ടായിരുന്നെങ്കിലും Appellate Authority-യിൽ നിന്ന് യഥാസമയം രേഖകൾ ലഭ്യമാകാതിരുന്നതിനാൽ നിശ്ചിത സമയത്തിനകം മാപ്പപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ലെന്നും, പ്രശ്ന പരിഹാരത്തിനായി കോടതികളെ സമീപിച്ചുവെങ്കിലും അനുകൂല വിധിയുണ്ടായില്ലെന്നും KGST Act-ലെ 23 B വകപ്പ് പ്രകാരമുള്ള ഇളവിനുശേഷം വരുന്ന തുക ബന്ധുക്കളുടെ സഹായത്തോടെ അടയ്ക്കാൻ തയ്യാറാണെന്നും ആയതിനാൽ സമിതി ഇടപെട്ട് പ്രശ്നം പരിഹൃതമാക്കണമെന്നും പ്രസ്തുത സ്ഥാപനത്തിന്റെ പ്രൊപ്രൈറ്ററായ ഹർജിക്കാരൻ 20-2-2009-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 11-5-2009-ൽ നികതി വകപ്പിലേക്ക് അയച്ചതിനെ തുടർന്ന് നികതി(ബി) വകപ്പിൽ നിന്ന് ലഭിച്ച 7-7-2009-ലെ 9720/ബി3/2009/നി.വ. നമ്പർ കത്ത് മുഖേനയുള്ള റിപ്പോർട്ടിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"ഉദയാ ട്രേഡിംഗ് കമ്പനിയുടെ 1989-90, 90-91 വർഷങ്ങളിലേക്കുള്ള അസ്സസ്സ്മെന്റ് നടത്തുന്നതിലേക്കായി അക്കൗണ്ട് ബുക്കുകൾ സമർപ്പിക്കാൻ നികതി വകപ്പ് പലതവണ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് സമർപ്പിച്ചിരുന്നില്ല. അതിനാൽ ലഭ്യമായ രേഖകൾ പ്രകാരം അസ്സസ്സ്മെന്റുകൾ ഏകപക്ഷീയമായി പൂർത്തിയാക്കി കണ്ടെത്തിയ പൂഴ്ത്തിവയ്പ്പ് കൂടുതലായതിനാൽ ചുമത്തിയ നികതിയും കൂടുതലായിരുന്നു. കണക്കില്ലാത്ത വ്യാപാരം നടത്തിയത് സംബന്ധിച്ച് പ്രത്യേകമായ കാരണങ്ങളൊന്നും നികതിദായകന് നൽകാൻ കഴിയാത്തതിനാൽ രണ്ട് വർഷത്തേയ്ക്കും പിഴ ചുമത്തുകയുണ്ടായി. തുടർന്ന് കടിശ്ശികകൾ ഈടാക്കാനായി റവന്യൂ റിക്കവറിക്ക് നിർദ്ദേശിക്കുകയും ചെയ്തു.

ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) മുമ്പാകെ ഫയൽ ചെയ്ത ഒന്നാം അപ്പീലിന്റെ ഹിയറിങ്ങിന് ഹാജരായ ഹർജിക്കാരന്റെ പ്രതിനിധി ഉയർത്തിയ ഒരേ ഒരു ന്യായവാദം ടേൺ ഓവർ മൂല്യനിർണ്ണയം നടത്തിയത് കൂടുതലായിരുന്നു എന്നതായിരുന്നു. വിശദമായ ചർച്ചയ്ക്ക് ശേഷം, അസ്സസ്സിംഗ് അതോറിറ്റി തയ്യാറാക്കിയ ടേൺ ഓവർ മൂല്യനിർണ്ണയത്തിന്മേൽ ഇടപെടേണ്ട സാഹചര്യം ഇല്ല എന്ന് മനസ്സിലാക്കി കേസ് തള്ളുകയുണ്ടായി.

പരാതിക്കാരൻ സമർപ്പിച്ച രണ്ടാമത്തെ അപ്പീൽ ന്യൂനതകളുള്ളതും 5307 ദിവസം വൈകി സമർപ്പിച്ചതുമായ കാരണങ്ങളാൽ വിൽപ്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ തള്ളി.

ശ്രീ. കെ. ഇ. മജീദ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി, പരാതിക്കാരൻ 25 ലക്ഷം രൂപ രണ്ട് ആഴ്ചയ്ക്കുള്ളിൽ കെട്ടിവയ്ക്കുകയും ഒന്നാം അപ്പലേറ്റ് ഉത്തരവിന്റെ അസ്സലോ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, ട്രൈബ്യൂണലിന് മുമ്പാകെ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കുകയും ചെയ്താൽ ട്രൈബ്യൂണലിന്റെ ഉത്തരവ് തള്ളിക്കളയുകയും, അപ്പീൽ മെരിറ്റിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുകയും ചെയ്യാമെന്ന ഉത്തരവോടെ 4-11-2008-ൽ ബഹു. ഹൈക്കോടതി തീർപ്പാക്കി. പരാതിക്കാരൻ 25 ലക്ഷം രൂപ കെട്ടിവയ്ക്കാത്തതിനാൽ ട്രൈബ്യൂണലിന് തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല

ഗവൺമെന്റിന്റെയോ ന്യായാധിപന്മാരുടെയോ മാർഗ്ഗനിർദ്ദേശത്തിന് യാതൊരു പ്രാധാന്യവും നൽകാതെ നികുതിദായകൻ പരിഹാരമാർഗ്ഗങ്ങളന്വേഷിക്കുകയും ബാധ്യതയിൽ നിന്നും ഒഴിവാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു."

മേൽപ്പറഞ്ഞ കാരണങ്ങളാൽ പരാതിക്കാരന്റെ അപേക്ഷ പരിഗണനാർഹമല്ല എന്ന വിവരം അറിയിക്കുന്നു.

പ്രസ്തുത റിപ്പോർട്ട് 21-10-2009-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ട് വിവരം 5-11-2009-ൽ ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന് 23-11-2009-ൽ ടിയാനിൽ നിന്നും ലഭിച്ച പ്രതികരണ ഹർജിയിൽ, വർഷം അവസാനിച്ച ശേഷം ഡിപ്പാർട്ടുമെന്റ് കണ്ടെത്തിയ ടേൺ ഓവർ സപ്രഷൻ സമ്പൂർണ്ണമായിരിക്കേ, കണ്ടെത്തിയ സപ്രഷന് പുറമേ വീണ്ടും ടേൺ ഓവർ എസ്റ്റിമേറ്റ് ചെയ്യുന്നത് ന്യായീകരിക്കാവുന്നതല്ല എന്ന (സൂര്യ ഏജൻസീസ് Vs സ്റ്റേറ്റ് ഓഫ് കേരള) ഹൈക്കോടതി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുകയാണെങ്കിൽ ഹർജിക്കാരന്റെ നികുതി ബാധ്യത 75%-മായി കുറയുമെന്നും KGST ആക്ടിലെ ഇളവിനുശേഷം വരുന്ന തുക അടയ്ക്കാൻ തയ്യാറാണെന്നും ബോധിപ്പിച്ചിരുന്നു. ഹർജി തീർപ്പാക്കുന്നതിന് മുമ്പ് പേഴ്സണൽ ഹിയറിംഗിന് അവസരം നൽകണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

12-1-2010-ൽ ചേർന്ന സമിതി യോഗം ശ്രീ. മജീദിന്റെ ഹർജി സംബന്ധിച്ച് നികുതി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുകയുണ്ടായി. ഹർജിക്കാരൻ യഥാർത്ഥത്തിൽ ചെയ്ത കച്ചവടത്തിന്റെ നികുതി മാത്രം ഈടാക്കണമെന്നും ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തിയാൽ ലഭിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കി നിയമപരമായി എസ്റ്റിമേറ്റ് ചെയ്ത തുകയുടെ പെനാൽറ്റി, പീനൽ ഇന്ററസ്റ്റ് എന്നിവ ഒഴിവാക്കി

അസ്സസ്സ്മെന്റ് സമയത്തെ ഹർജിക്കാരന്റെ പ്രായവും ബിസിനസ്സിലെ പരിചയക്കുറവും ടിയാന്റെ വസ്തുവകകൾ ജപ്തിചെയ്ത വസ്തുതയും ടിയാൻ പാപ്പരാണെന്നുള്ള സംഗതിയും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഹർജിക്കാരന് പരമാവധി സഹായകരമാംവിധം നികുതി നിർണ്ണയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് പ്രസ്തുത സമിതി യോഗം ശിപാർശ ചെയ്യുകയുണ്ടായി.

സമിതിയുടെ പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകാത്തതിനെതുടർന്ന് 24-8-2012-ൽ എറണാകുളം കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതിയോഗം ഹർജി വിഷയം പരിഗണിക്കുകയും ആംനസ്റ്റി സ്കീം നിലവിലുണ്ടായിരുന്ന കാലയളവിൽ സമിതി ശിപാർശ പ്രകാരം ഹർജിക്കാരന് ഇളവ് അനുവദിക്കാതിരുന്ന വകുപ്പിന്റെ നടപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

14-11-2012-ൽ ചേർന്ന സമിതിയോഗം നികുതി വകുപ്പ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരൻ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. നിയമപ്രകാരം ഓപ്ഷൻ ഫോം സമർപ്പിക്കാത്തതിനാലാണ് ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്താത്തതെന്ന് പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപ ടാക്സ് വരുന്ന വിധത്തിൽ ബിസിനസ്സ് നടത്തിയിട്ടില്ല എന്നും നിയമത്തിന്റെ നൂലാമാലകളിൽ കുടുക്കാനാണ് ഉദ്യോഗസ്ഥർ ശ്രമിക്കുന്നതെന്നും വകുപ്പ് ഉദ്യോഗസ്ഥർ കണ്ടെത്തിയ 13 ലക്ഷം രൂപ നികുതിയായി അടയ്ക്കാൻ തയ്യാറാണെന്നും ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തിയാൽ കുടിശ്ശിക തുകയുടെ 25% ആയ ഒരു കോടി രൂപ അടയ്ക്കേണ്ടി വരുമെന്നും കോടതി പാപ്പരായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ കുടിശ്ശിക ഈടാക്കാൻ കഴിയാത്തതിനാലാണ് അപേക്ഷ നൽകാത്തതെന്നും ഹർജിക്കാരൻ സമിതി മുമ്പാകെ ബോധിപ്പിക്കുകയുമുണ്ടായി.

അപ്പലേറ്റ് ഫോറത്തിൽ കാര്യങ്ങൾ വസ്തുനിഷ്ഠമായി ബോധിപ്പിച്ചിരുന്നുവെങ്കിൽ അനുകൂല വിധി വാങ്ങാൻ അവസരമുണ്ടായിരുന്നുവെന്നും കുടിശ്ശിക തുക എഴുതിത്തള്ളുക മാത്രമാണ് നിലവിലുള്ള പോംവഴിയെന്നും തെളിവെടുപ്പിന് ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കുടിശ്ശിക എഴുതിത്തള്ളണമെന്ന് പറയുവാൻ സിമിതിക്ക് സാധിക്കില്ലെന്നും സർക്കാരിലേക്ക് അടയ്ക്കുവാനുള്ള തുക അടയ്ക്കുവാൻ ഹർജിക്കാരന് കഴിയാത്തതിനാൽ മാനുഷിക പരിഗണന നൽകി യഥാർത്ഥ നികുതി മാത്രം ഈടാക്കി പലിശയും പിഴപ്പലിശകളും ഒഴിവാക്കി പ്രശ്നം പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

19-8-2015, 21-12-2016 തീയതികളിലും സമിതി ഹർജി വിഷയം പരിഗണിക്കുകയുണ്ടായി. സമിതിയുടെ 21-12-2016-ലെ തെളിവെടുപ്പ് യോഗം നികുതി (ബി) വകുപ്പ്

ലഭ്യമാക്കിയ 19-12-2016-ലെ കത്തുമുഖേനയുള്ള ഇടക്കാല റിപ്പോർട്ട് പരിഗണിക്കുകയും ഹർജി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുകയും, ഹർജി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് ആയതിന്മേലുള്ള അന്തിമ തീരുമാനം സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

സമിതിയുടെ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച അന്തിമ റിപ്പോർട്ട് നികുതി (ബി) വകുപ്പ് 11-12-2017-ലെ 2745/ബി3/2010/നി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഹർജികൾ സംബന്ധിച്ച സമിതിയുടെ നിരന്തര ശിപാർശകളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടും ശ്രീ. കെ. ഇ. മജീദിന്റെ നിസ്സഹായാവസ്ഥ മാനുഷികമായി പരിഗണിച്ചും, ഇക്കാര്യത്തിൽ മറ്റ് മാർഗ്ഗങ്ങളൊന്നും സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. മജീദിന്റെ പേരിലുള്ള നികുതി കുടിശ്ശികയായ 1,65,01,503 രൂപയും പലിശയായ 6,95,29,309 രൂപയും ചേർത്ത് ആകെ കുടിശ്ശികയായ 8,60,30,812 രൂപ (എട്ട് കോടി അറുപത് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റി പന്ത്രണ്ട് രൂപ) 25-11-2017-ലെ GO(MS)NO.96/2017/Taxes പ്രകാരം എഴുതിത്തള്ളി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് സവിനയം അറിയിക്കുന്നു." (അനുബന്ധം III സി).

പ്രസ്തുത റിപ്പോർട്ട് 10-10-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഒൻപത് വർഷക്കാലത്തെ നിരന്തര ഇടപെടലുകളിലൂടെ ഹർജിക്കാരന് ആശ്വാസം പകരാനായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

(2) മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് തിരക്കൊഴിഞ്ഞ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോർജ്ജ്. പി. മാത്യു, മാവേലിക്കര മുതൽപേർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21184/ഹർജി ബി2/2016/നി.സെ.)

മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ നിന്നും ഉദ്ദേശം 100 മീറ്റർ കിഴക്കുമാറി പബ്ലിക് റോഡിന്റെ തെക്കുവശത്തായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റിൽ നിന്നും മദ്യം വാങ്ങാനെത്തുന്നവർ പാർക്കിംഗ് നിരോധിച്ചിട്ടുള്ള സ്ഥലത്ത് വാഹനം അനധികൃതമായി പാർക്കു ചെയ്യുന്നത് സമീപത്തുള്ള കച്ചവട സ്ഥാപനങ്ങളെ സാരമായി ബാധിക്കുന്നുവെന്നും, അനധികൃത പാർക്കിംഗ് മൂലം

മിച്ചൽ ജംഗ്ഷനിൽ നിരന്തരം വാഹനാപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും, സന്ധ്യ കഴിഞ്ഞാൽ ടി ഔട്ട്ലെറ്റിൽ നിന്നും മദ്യം വാങ്ങുന്നവർ സമീപത്തുള്ള കച്ചവട സ്ഥാപനങ്ങളുടെ മറവിൽ നിന്ന് കൂട്ടംകൂടി മദ്യപിച്ച് ബഹളമുണ്ടാക്കുന്നുവെന്നും അതിനെ ചോദ്യം ചെയ്യുന്നവരെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുന്നുവെന്നും കാൽനടയാത്രക്കാർക്കുപോലും ടി സ്ഥലത്തുകൂടി യാത്ര ചെയ്യാൻ കഴിയാത്ത സ്ഥിതിയാണെന്നും ആയതിനാൽ പ്രസ്തുത ബിവറേജസ് ഔട്ട്ലെറ്റ് മാവേലിക്കര ടൗണിലെ തിരക്കൊഴിഞ്ഞ മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ഹർജിക്കാർ 30-9-2016-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 7-10-2016-ൽ നികുതി വകുപ്പിലേയ്ക്ക് അയച്ചു

ഹർജിയിന്മേലുള്ള റിപ്പോർട്ട് നികുതി (എ) വകുപ്പ് 2-6-2017-ലെ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് ശ്രീ ജോർജ്ജ്. പി. മാത്യു മുതൽപേർ കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. എന്നാൽ 15-12-2016-ലെ സി.എ. 12164-12166/2016 നമ്പർ കേസിലെ വിധിന്യായം പ്രകാരം ദേശീയ സംസ്ഥാന പാതകളുടെ 500 മീറ്റർ ചുറ്റളവിൽ മദ്യവിൽപ്പന നിരോധിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ പ്രവർത്തിച്ചിരുന്ന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റും ഈ വിധിയുടെ പരിധിയിൽപ്പെടുന്നതിനാൽ 31-3-2017 മുതൽ ഈ ഷോപ്പ് അടച്ച് പൂട്ടിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 5-9-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഹർജിക്കാരന്റെ ആവശ്യം പരിഹൃതമായതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(3) വാണിജ്യ നികുതി വകുപ്പ് നിയമ വിരുദ്ധമായി പിഴ ഈടാക്കിയതിനെതിരെ ശ്രീ. രാജു തോമസ്, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 13762/ഹർജി ബി2/15/നി.സെ.)

ഹർജിക്കാരന്റെ മകൻ ഭവന നിർമ്മാണത്തിനായി 10-9-2014-ൽ പത്തനംതിട്ട ജില്ലയിലെ പട്ടത്താനത്തുള്ള ടിയാന്റെ ഭാര്യ വീട്ടിൽ നിന്നും തേക്കിൻ തടികൾ വെട്ടി ലോറിയിൽ കയറ്റി വരുന്ന വഴി കിഴക്കേ കല്ലടയിൽ വച്ച് കരുനാഗപ്പള്ളിയിലെ വാണിജ്യ നികുതി വകുപ്പിന്റെ സ്ക്വാഡ് വണ്ടി തടയുകയും രേഖകൾ ആവശ്യപ്പെടുകയും ചെയ്തെന്നും

രേഖകൾ കാണിച്ചപ്പോൾ അവ പര്യാപ്തമല്ലെന്നും 50,000 രൂപ പിഴ അടയ്ക്കുവാൻ ആവശ്യപ്പെട്ടെന്നും, അടച്ച തുക യഥാർത്ഥ പേപ്പറുകളുമായി ചെന്നാൽ കരുനാഗപ്പള്ളിയിലുള്ള ഓഫീസിൽ നിന്നും തിരികെ നൽകുമെന്നും അറിയിച്ചതനുസരിച്ച് 50,000 രൂപ അടച്ച് രസീത് വാങ്ങിയെന്നും തുടർന്ന് 29-9-2014-ൽ എല്ലാ രേഖകളുമായി കരുനാഗപ്പള്ളിയിലെ ഓഫീസിൽ ചെന്നുവെങ്കിലും തുക തിരികെ നൽകിയില്ലെന്നും ആകയാൽ അക്കാര്യത്തിൽ നീതി ലഭ്യമാക്കണമെന്ന് ടിയാൻ 23-1-2015-ൽ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 25-2-2015-ൽ നികുതി വകുപ്പിലേക്ക് അയച്ചു. തുടർന്ന് നികുതി വകുപ്പ് 13-4-2015-ലെ കത്തുമുഖേന ഹർജി കൈപ്പറ്റിയ വിവരം അറിയിച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 21-12-2016-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ ആയത് സംബന്ധിച്ച് സമിതി നികുതി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരനിൽ നിന്നും തെളിവെടുക്കുകയുണ്ടായി. തെളിവെടുപ്പ് വേളയിൽ നികുതി (ബി) വകുപ്പ് ലഭ്യമാക്കിയ 20-12-2016-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വാണിജ്യ നികുതി വകുപ്പ് നിയമവിരുദ്ധമായി പിഴ ഈടാക്കിയതിനെതിരെ ശ്രീ. രാജു തോമസ് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ വാണിജ്യനികുതി കമ്മീഷണറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ആയതിൻ പ്രകാരം, 10-9-2014-ൽ ശ്രീ. രാജു തോമസിന്റെ വാഹനം (KL-17F/8193) പരിശോധിച്ച വേളയിൽ, Rs. 1,72,400 (ഒരു ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാനൂറ് രൂപ) വില മതിക്കുന്ന തേക്കിൻ തടികൾ പിടിച്ചെടുത്തതായും KVAT Act-ലെ സെക്ഷൻ 46 (3) വ്യവസ്ഥയനുസരിച്ചുള്ള രേഖകൾ ടി വാഹനത്തിൽ ഇല്ലാതിരുന്നതിനാൽ സെക്ഷൻ 47 (2) പ്രകാരം വാഹനത്തിലെ ഡ്രൈവറിൽ നിന്ന് 50,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിക്കൊണ്ട് വാഹനവും അതിലുണ്ടായിരുന്ന തടികളും ഡ്രൈവർക്ക് തിരിച്ച് നൽകുകയുണ്ടായി.

എന്നാൽ വാഹനത്തിന്റെ ഉടമസ്ഥനായ ശ്രീ. രാജു തോമസ് തന്റെ മകൻ രാജുവിന്റെയും ഭാര്യ മേരിക്കുട്ടിയുടെയും പേരിൽ നിർമ്മിക്കുന്ന വീട് നിർമ്മാണവുമായി ബന്ധപ്പെട്ട തടിയാണ് കൊണ്ടുവന്നതെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ, ടിയാൻ സർവ്വേ നമ്പർ 139/13-ലും 139/17-ലെ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിൽ നിന്നും വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് അനുമതി തേടിയത് തടികൊണ്ടുവന്ന് 19 ദിവസത്തിന് ശേഷമായ 29-9-2014-ലാണെന്നും, ടി പെർമിറ്റിന് 28-9-2017 വരെ കാലാവധി യുണ്ടെന്നും മാത്രമല്ല ടിയാൻ വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് റബ്ബർ തോട്ടമാണെന്നും വീടിന്റെ അടിസ്ഥാനം പോലും നിർമ്മിച്ചതായി കാണുന്നതില്ലെന്നും

വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണറുടെ അന്വേഷണത്തിൽ തെളിഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, അന്വേഷണ നടപടിയിൽ തീർപ്പുകല്പിക്കുന്നതിനായി 20-12-2016-ാം തീയതി 11 മണിക്ക് ടിയാനെ നേരിൽ കേൾക്കുന്നതിനായി KVAT Act, 2003-ലെ സെക്ഷൻ 47 (6) പ്രകാരം വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് ഓഫീസർ നോട്ടീസ് നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് ടി യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

ഹർജിക്കാധാരമായ സംഭവത്തിന് ഉത്തരവാദിയായ ശ്രീ. കുഞ്ഞുമോൻ എന്ന വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥനിൽ നിന്നും സമിതി വിശദീകരണം ആരായുകയും ഹർജിക്കാരനിൽ നിന്നും ഈടാക്കിയ 50,000 രൂപ പലിശ സഹിതം ഒരു മാസത്തിനകം ടിയാന് തിരികെ നൽകി ആരോപണ വിധേയനായ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണം സഹിതം സമിതിയെ അറിയിക്കണമെന്ന് നികുതി വകുപ്പ് ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതിയുടെ തീരുമാനം 14-2-2017-ലെ കത്ത് മുഖേന നികുതി (ബി) വകുപ്പിനെ അറിയിച്ചതിനെത്തുടർന്ന് ടി വകുപ്പ് 26-7-2017-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിക്കാര്യത്തിൽ ശ്രീ. കുഞ്ഞുമോൻ സമർപ്പിച്ച വിശദീകരണ പ്രകാരം 10-9-2014-ൽ കിഴക്കേകല്ലട എന്ന സ്ഥലത്ത് വച്ച് വാഹന പരിശോധന നടത്തവേ തടി കയറ്റിവന്ന KL-17/F/8193 എന്ന വാഹനം പരിശോധിച്ചതിൽ കേരളാ വാണിജ്യ നികുതി നിയമം സെക്ഷൻ 46(3) പ്രകാരമുള്ള രേഖകൾ ഒന്നുമില്ലാതിരുന്നതിന്റെ അടിസ്ഥാനത്തിൽ കൊല്ലം വാണിജ്യ നികുതി ഇന്റലിജൻസ് സ്ക്വാഡ് നമ്പർ 3-ലെ ഇന്റലിജൻസ് ഇൻസ്പെക്ടർ ശ്രീ. കെ. കൊച്ചുരാജൻ പിള്ള നോട്ടീസ് കൊടുക്കുകയും നോട്ടീസിൻ പ്രകാരം ഡ്രൈവർ ശ്രീ. റ്റി. വി. ജോസഫ് വഴി ഹർജിക്കാരൻ 50,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കുകയും ചെയ്തു. അതനുസരിച്ച് ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ശ്രീ. കുഞ്ഞുമോൻ എന്ന ഇന്റലിജൻസ് ഓഫീസർ അല്ല ഹർജിക്കാരനിൽ നിന്നും പണം വസൂലാക്കിയതെന്നും വാഹനം തടഞ്ഞ് നിർത്തി പരിശോധിക്കുകയും നോട്ടീസ് കൊടുക്കുകയും പണം സ്വീകരിക്കുകയും വാഹനവും സാധനവും വിട്ടുകൊടുക്കുകയും ചെയ്യുക എന്നത് നിയമ പ്രകാരം ഇന്റലിജൻസ് ഇൻസ്പെക്ടറിൽ നിക്ഷിപ്തമായിട്ടുള്ള കടമയാണെന്നും ആയതിൻ പ്രകാരം നിയമപ്രകാരമുള്ള രേഖകൾ ഇല്ലാതെ കൊണ്ടുവന്ന തടിക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായി 50,000 രൂപ വസൂലാക്കിയത് കേരളാ വാണിജ്യ നികുതി നിയമം സെക്ഷൻ 47(2) പ്രകാരം നിയമ വിധേയമായാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. ടിയാൻ ഇന്റലിജൻസ് ഓഫീസറും സെക്യൂരിറ്റി ഡെപ്പോസിറ്റ് വസൂലാക്കിയതിനെ സംബന്ധിച്ചുള്ള എൻക്വയറി ഓഫീസറും ആകുന്നുവെന്നും, ഇന്റലിജൻസ് ഓഫീസർ പണം വസൂലാക്കിയത് അനധികൃതമായല്ലയെന്നും വിശദീകരണത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ വാണിജ്യ നികുതി കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ആവശ്യമായ രേഖകൾ ഒന്നും തന്നെ ഇല്ലാതെ കൊണ്ടുവന്ന തേക്കിൻ തടികൾ 1,72,400 രൂപ വില കണക്കാക്കി 50,000 രൂപ കേരള വാണിജ്യ നികുതി നിയമം സെക്ഷൻ 47(3) പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കാൻ രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. റ്റി. വി. ജോസഫ് ടി തുക രസീത് നമ്പർ 5301980 തീയതി 10-9-2014 ആയി അടച്ചിട്ടുണ്ട്. ടി തുക ഇന്റലിജൻസ് ഓഫീസറുടെ 12-1-2017-ലെ ഉത്തരവിൻ പ്രകാരം തിരികെ നൽകിയിട്ടുണ്ടെന്നും വാണിജ്യ നികുതി കമ്മീഷണർ അറിയിച്ചിട്ടുണ്ട്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുമ്പോൾ പലിശ നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ നിയമപരമായി ചെയ്ത കാര്യത്തിൽ പലിശ നൽകുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് വാണിജ്യ നികുതി കമ്മീഷണർ അപേക്ഷിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 18-7-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## തൊഴിലും നൈപുണ്യവും വകുപ്പ്

**(1) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ കെ. രാധാകൃഷ്ണക്കുറുപ്പ്, കൊല്ലം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 18005/ഹർജി ബി1/2017/നി.സെ.)**

കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗമായ ഹർജിക്കാരൻ (നമ്പർ 02-3290) ക്ഷേമനിധിയിൽ നിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി 22-3-2010-ൽ കൊല്ലം ജില്ലാ ഓഫീസിൽ രേഖകൾ സഹിതം അപേക്ഷിച്ചിട്ടും ആയത് ലഭിച്ചില്ലെന്നും തുടർന്ന് 2-12-2015-ൽ വീണ്ടും അപേക്ഷിച്ചിട്ടും പെൻഷൻ ലഭിച്ചില്ലെന്നും വാർദ്ധക്യസഹജമായ അസുഖങ്ങൾ മൂലം ചികിത്സയിലിരിക്കുന്ന ഹർജിക്കാരന് എത്രയുംവേഗം പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഹർജിക്കാരൻ 22-4-2017-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 26-4-2017-ൽ തൊഴിലും നൈപുണ്യവും (ജെ) വകുപ്പിലേക്കയച്ചു.

ഹർജിയിന്മേൽ തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് 4-10-2017-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. രാധാകൃഷ്ണക്കുറുപ്പ് ബാങ്ക് അക്കൗണ്ട് ഹാജരാക്കുന്നതിന് അതിയായ കാലതാമസമെടുത്തതാണ് നിശ്ചിത സമയപരിധിക്കുള്ളിൽ പെൻഷൻ നൽകുന്നതിന് തടസ്സമായത്.

ടിയാന്റെ പരാതി പരിഹരിച്ച് അദ്ദേഹത്തിന്റെ 67254098918 നമ്പർ അക്കൗണ്ടിലേക്ക് ചെക്ക് നമ്പർ 005443 തീയതി 22-5-2017 ആയി 1,10,800 രൂപ കൈമാറിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 5-9-2018-ലെ സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(2) ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് അർഹമായ ചാർജ് അലവൻസ് അനുവദിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി മേരിക്കുട്ടി ഏലിയാസ്, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20967/ഹർജി ബി1/2017/നി.സെ.)

തിരുവനന്തപുരത്തെ സംസ്ഥാന ലേബർ കമ്മീഷണറുടെ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് 31-5-2015-ൽ വിരമിച്ച ഹർജിക്കാരി 29-4-2015 മുതൽ 31-5-2015 വരെ ടി ഓഫീസിലെ ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല, ലേബർ കമ്മീഷണറുടെ 29-4-2015-ലെ ഇ(1) 1000/2015 നമ്പർ ഉത്തരവ് പ്രകാരം, നിർവ്വഹിച്ചുവെന്നും ടി അധിക ചുമതല നിർവ്വഹിച്ചതിന്റെ ചാർജ് അലവൻസ് അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം 25-8-2015-ലെ ഇ(1)10568/2015 നമ്പർ കത്ത് ലേബർ കമ്മീഷണർ സർക്കാരിലേക്കയക്കുകയും 18-6-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 812/2015/തൊഴിൽ പ്രകാരം ടി നടപടി സാധൂകരിക്കപ്പെടുകയും ചെയ്തിരുന്നുവെന്നും എന്നാൽ, ചില സാങ്കേതിക കാരണങ്ങളാൽ, ധനകാര്യ വകുപ്പിന്റെ 10-7-2015-ലെ 36071/Estt.ബി3/15/ധന. നമ്പർ അനൗദ്യോഗിക കുറിപ്പിലെ നിർദ്ദേശാനുസരണം പുറപ്പെടുവിച്ച 7-6-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 727/2016/തൊഴിൽ പ്രകാരം 18-6-2015-ലെ ഉത്തരവ് റദ്ദാക്കപ്പെട്ടുവെന്നും 10-7-2015-ലെ അനൗദ്യോഗിക കുറിപ്പിൽ 18-6-2015-ലെ ഉത്തരവ് റദ്ദാക്കുവാനും ആർ.റ്റി.സി.-കൾ സഹിതം സാധൂകരണത്തിനായി ഫയൽ ധനകാര്യ വകുപ്പിന് അയയ്ക്കുവാനും നിർദ്ദേശിച്ചിരുന്നുവെങ്കിലും 10-7-2015-ലെ അനൗദ്യോഗിക കുറിപ്പിലെ നിർദ്ദേശങ്ങൾ എതിർകക്ഷിയായ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പൂർണ്ണമായും നടപ്പാക്കാത്തതിനാൽ ഹർജിക്കാരിക്ക് അർഹതപ്പെട്ട ചാർജ് അലവൻസ് നാളിതുവരെ ലഭിച്ചിട്ടില്ല എന്നും സംസ്ഥാന ലേബർ കമ്മീഷണർ 28-5-2015-ലെ കത്തിനൊപ്പം ചുമതല നിർവ്വഹണ സർട്ടിഫിക്കറ്റ് മേലൊപ്പ് സഹിതം അനുബന്ധ രേഖകൾക്കൊപ്പം എതിർകക്ഷിക്ക് അയച്ചുകൊടുത്തിരുന്നുവെങ്കിലും ചാർജ് അലവൻസ് അനുവദിക്കുന്നതിന് ടി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ലേബർ കമ്മീഷണർക്ക് എതിർകക്ഷിയായ അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയതായി 24-4-2017-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ ബഹു. സമിതി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും എതിർകക്ഷിയിൽ നിന്നും വിളിച്ചുവരുത്തി പരിശോധിക്കണമെന്നും ഹർജിക്കാരിക്ക് ചട്ടപ്രകാരം ലഭിക്കേണ്ട ചാർജ് അലവൻസ് അനുവദിക്കണമെന്നും 13-7-2017-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 24-7-2017-ൽ തൊഴിലും നൈപുണ്യവും വകുപ്പിലേക്കയച്ചു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് തൊഴിലും നൈപുണ്യവും(ഡി) വകുപ്പ് 19-9-2017-ലെ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തൊഴിൽ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി മേരിക്കുട്ടി ഏലിയാസ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരിക്കവെ ടി ഓഫീസിലെ ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല 29-4-2015 മുതൽ 31-5-2015 വരെ വഹിച്ചതിനാൽ ടിയാൾക്ക് ടി ചുമതല വഹിച്ചതിനുള്ള ചാർജ് അലവൻസ് നൽകണമെന്ന് ലേബർ കമ്മീഷണർ 25-8-2015-ലെ ഇ 1-10568/15 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

25-4-2015-ലെ സ.ഉ.(സാധാ) നമ്പർ 4235/15/ധന. ഉത്തരവ് പ്രകാരം ലേബർ കമ്മീഷണറേറ്റിലെ ഫിനാൻസ് ഓഫീസർ ശ്രീ. കൃഷ്ണൻ തൊട്ടിയിലിനെ സ്ഥലം മാറ്റിയതിനെ തുടർന്ന് ടി തസ്തികയുടെ പൂർണ്ണ അധികചുമതല 29-4-2015-ന് ഇ 1-1000/15 നമ്പർ നടപടിക്രമത്തിലൂടെ, ലേബർ കമ്മീഷണർ സർക്കാർ സാധൂകരണത്തിന് വിധേയമായി കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീമതി മേരിക്കുട്ടി ഏലിയാസിന് നൽകുകയും ടി നടപടിക്രമം സാധൂകരിക്കുന്നതിനും ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനും 13-5-2015-ൽ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18-6-2015-ലെ സ.ഉ.(സാധാ) നമ്പർ 812/15/തൊഴിൽ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണറേറ്റിലെ ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീമതി മേരിക്കുട്ടി ഏലിയാസിന് നൽകിയ ലേബർ കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഫയൽ ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനായി ധനകാര്യ വകുപ്പിന് അയയ്ക്കുകയുണ്ടായി.

എന്നാൽ ധനകാര്യ വകുപ്പ് ശ്രീമതി മേരിക്കുട്ടി ഏലിയാസിനെ ലേബർ കമ്മീഷണറേറ്റിലെ ഫിനാൻസ് ആഫീസറായി അധിക ചുമതലാക്രമീകരണം നടത്തിയ ലേബർ കമ്മീഷണറുടെ നടപടിക്രമം തൊഴിലും നൈപുണ്യവും വകുപ്പ് സാധൂകരിച്ച നടപടി കേരളാ സർവ്വീസ് ചട്ടം 53 ഭാഗം 1 പ്രകാരം ക്രമപ്രകാരമല്ല എന്നും പ്രസ്തുത അധികചുമതലാ ക്രമീകരണം സാധൂകരിക്കുവാനുള്ള അവകാശം ഫിനാൻസ് ഓഫീസറുടെ നിയമനാധികാരി ആയ ധനകാര്യ വകുപ്പിനുള്ളതാണ് എന്നും സ.ഉ.(സാധാ) നമ്പർ 812/2015/തൊഴിൽ തീയതി 18-6-2015 ഉത്തരവ് റദ്ദാക്കിയതിനുശേഷം ആർ.ടി.സി.-കൾ സഹിതം സാധൂകരണത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുവാനും ആവശ്യപ്പെടുകയുണ്ടായി. ആയത് പ്രകാരം 18-6-2015-ലെ സ.ഉ. (സാധാ) നമ്പർ 812/2015/തൊഴിൽ ഉത്തരവ്, 7-6-2016-ലെ സ.ഉ.(സാധാ) നമ്പർ 727/2016/തൊഴിൽ പ്രകാരം റദ്ദ് ചെയ്ത് ലേബർ കമ്മീഷണറുടെ നടപടിക്രമം സാധൂകരിക്കുന്നതിനും ശ്രീമതി മേരിക്കുട്ടി ഏലിയാസിന് ചാർജ് അലവൻസ് അനുവദിക്കുന്നതിനുമായി ഫയൽ ധനകാര്യവകുപ്പിന് അയയ്ക്കുകയുണ്ടായി.

ധനകാര്യ വകുപ്പ്, അധിക ചുമതല വഹിച്ച തസ്തികയുടെ സാമ്പത്തികവും ഭരണപരവും നിയമപരവുമായ എല്ലാ ചുമതലകളും തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടെന്ന മേലധികാരിയുടെ സാക്ഷ്യപത്രം സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ആയതുൾപ്പെടെ ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് അയയ്ക്കുകയും ആ വകുപ്പ് 9-6-2017-ലെ സ.ഉ. (സാധാ) നമ്പർ 4771/17/ധന. പ്രകാരം ലേബർ കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി മേരിക്കുട്ടി ഏലിയാസിന് ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധികച്ചുമതല 29-4-2015 മുതൽ 31-5-2015 വരെ നൽകിയ ലേബർ കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് നൽകുകയുണ്ടായി.

തുടർന്ന് 21-8-2017-ലെ സ.ഉ.(സാധാ) നമ്പർ 1127/17/തൊഴിൽ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി മേരിക്കുട്ടി ഏലിയാസ് ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല 29-4-2015 മുതൽ 31-5-2015 വരെ വഹിച്ചതിനാൽ, പൂർണ്ണ അധിക ചുമതല വഹിച്ച തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 6% നിരക്കിൽ KSR Part I ചട്ടം 53A II(c) പ്രകാരം ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരവും ലേബർ കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി മേരിക്കുട്ടി ഏലിയാസിന് ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിനുള്ള ചാർജ് അലവൻസ് അനുവദിക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും ഭരണപരമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂവെന്ന വിവരവും സവിനയം അറിയിച്ചു കൊള്ളുന്നു." (അനുബന്ധം-III ഡി).

ഹർജിക്കാരിക്ക് അനുകൂലമായ തീരുമാനം ഉണ്ടായ സാഹചര്യത്തിൽ, ടിയാൾ ലേബർ കമ്മീഷണറുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പൂർണ്ണ അധികച്ചുമതല വഹിച്ചിരുന്ന 16-8-2013 പൂർവ്വാഹ്നം മുതൽ 31-10-2013 അപരാഹ്നം വരെയും 30-11-2013 മുതൽ 24-3-2014 പൂർവ്വാഹ്നം വരെയുമുള്ള കാലയളവിലെ ചാർജ് അലവൻസ് കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 9-1-2018 തീയതിയിൽ ഒരു ഹർജി കൂടി സമിതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേലുള്ള നടപടികൾ നടന്നുവരുന്നു.

(3) ട്രെയിനിംഗിൽ പങ്കെടുത്ത ഇനത്തിൽ അർഹതപ്പെട്ട യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. എം. സത്യബാബു, മീനമ്പലം, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18028/ഹർജി ബി4/2014/നി.സെ.)

വ്യവസായ പരിശീലന വകപ്പിൽ നിന്നും സീനിയർ ഇൻസ്ലക്ടർ ആയി 2013 ഏപ്രിൽ 30-ന് സർവ്വീസിൽ നിന്നും വിരമിച്ച ഹർജിക്കാരൻ 2011 ഫെബ്രുവരി മുതൽ ഏപ്രിൽ വരെയും തുടർന്ന് 2011 മെയ് മാസം 13 മുതൽ 20 വരെയും സർക്കാർ നിയോഗിച്ചത നസരിച്ച് ബോംബെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനത്തിൽ പങ്കെടുത്തുവെന്നും, എന്നാൽ ഹർജിക്കാരന് അർഹതപ്പെട്ട യാത്രാബത്തയും ദിനബത്തയും നാളിതുവരെ അനുവദിച്ച് നൽകിയിട്ടില്ലെന്നും, ആയത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ പരാതിപ്പെട്ടപ്പോൾ ഉടൻ പണം അനുവദിച്ചുകിട്ടും എന്നറിയിച്ചുവെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും തുക അനുവദിച്ചു കിട്ടിയില്ല എന്നും, ആകയാൽ സമിതി ഇടപെട്ട് ഹർജിക്കാരന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് ഹർജിക്കാരൻ സമിതി മുമ്പാകെ സമർപ്പിച്ച 24-5-2014 തീയതിയിലെ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 22-8-2014 ൽ തൊഴിലും നൈപുണ്യവും വകപ്പിന് അയച്ചുകൊടുത്തു. തുടർന്ന് തൊഴിലും നൈപുണ്യവും (സി) വകപ്പിൽ നിന്നും 9-4-2015-ലെ കത്തുമുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. സത്യബാബു, സി.റ്റി.ഐ. ട്രെയിനിംഗിനുപോയ കാലയളവിലെ ടി.എ. ബില്ല്, യാത്രചെയ്ത് ഒരു വർഷത്തിനുള്ളിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. യാത്ര ചെയ്ത് ഒരു വർഷത്തിനുള്ളിൽ നിയന്ത്രണാധികാരിയ്ക്ക് മുന്നിൽ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ KSR Part II Rule 5A പ്രകാരം ക്ലെയിമിനുള്ള അർഹത നഷ്ടപ്പെട്ടതിനാൽ, വ്യാവസായിക പരിശീലന വകപ്പിൽ നിന്നും റിട്ടയർ ചെയ്ത സീനിയർ ഇൻസ്ലക്ടർ, ശ്രീ. സത്യബാബു, സി.ടി.ഐ. ട്രെയിനിംഗ് സംബന്ധമായി യാത്ര ചെയ്ത ഇനത്തിലുള്ള 17,969 രൂപയുടെ ബില്ല് പാസ്സാക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്."

പ്രസ്തുത റിപ്പോർട്ട് 13-4-2015-ൽ കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഹർജി വിഷയം സംബന്ധിച്ച് ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. യാത്ര ചെയ്ത് ഒരു വർഷത്തിനുള്ളിൽ നിയന്ത്രണാധികാരി മുമ്പാകെ ബില്ലുകൾ സമർപ്പിച്ചില്ലെങ്കിൽ ക്ലെയിമിനുള്ള അർഹത നഷ്ടപ്പെടുന്ന കാരണം പറഞ്ഞാണ് അപേക്ഷകന്റെ 17,969 രൂപയുടെ ബിൽ നിഷേധിച്ചതെന്നും പലപ്പോഴും ബില്ലുകൾ കൃത്യസമയത്ത് തന്നെ സമർപ്പിക്കാറുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം തുക നൽകുന്നതിന് സാധിക്കാറില്ലെന്നും അക്കാര്യത്തിൽ സമിതി ശിപാർശ നൽകുന്നത് ഉചിതമായിരിക്കുമെന്നും തെളിവെടുപ്പിൽ പങ്കെടുത്ത ആറ്റിങ്ങൽ ഐ.ടി.ഐ. സീനിയർ സൂപ്രണ്ട് സമിതിയെ അറിയിക്കുകയുണ്ടായി. തുടർന്ന് അക്കാര്യം ശിപാർശ ചെയ്യുന്നതിനും ഹർജി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് തൊഴിൽ വകപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുവാനും സമിതി തീരുമാനിച്ചു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ് 9-4-2015-ലെ കത്തുമുഖേന റിപ്പോർട്ട് ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 7-8-2015-ൽ സമർപ്പിച്ച പ്രതികരണ ഹർജിയിൽ ടിയാൻ ജോലി ചെയ്തിരുന്ന ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ TA & DA എഴുതിയിട്ടുന്ന രജിസ്റ്ററിൽ ഹർജിക്കാരന്റെ സ്വന്തം കൈപ്പടയിൽ രേഖകൾ സഹിതം യാത്രയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ഓഫീസ് അധികാരികളുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടെങ്കിൽ ആയത് ഹർജിക്കാരന്റെ കുറ്റമല്ല എന്നും ആയതിനാൽ ടിയാന് അർഹതപ്പെട്ട 17,699 രൂപ അനുവദിച്ച് നൽകണമെന്നും അപേക്ഷിച്ചിരുന്നു.

13-1-2016-ൽ ചേർന്ന സമിതിയോഗം പ്രസ്തുത പ്രതികരണ ഹർജി പരിഗണിക്കുകയും മാനുഷിക പരിഗണന കണക്കിലെടുത്ത് അർഹതപ്പെട്ട തുക ഹർജിക്കാരന് നൽകാൻ സാധിക്കുമോയെന്ന് ഒരിക്കൽകൂടി പരിശോധിക്കണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു. സമിതിയുടെ തീരുമാനം വകുപ്പിനെ അറിയിച്ചതിനെത്തുടർന്ന് തൊഴിലും നൈപുണ്യവും (സി) വകുപ്പ് 14-8-2017-ലെ കത്തുമുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ സീനിയർ ഇൻസ്ട്രക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എം. സത്യബാബുവിന്റെ 2/11 മുതൽ 5/11 വരെ കാലയളവിലെ 17,767 രൂപയുടെ (പതിനേഴായിരത്തി എഴുന്നൂറ്റി അറുപത്തിയേഴ് രൂപയുടെ) യാത്രാബില്ലുകൾ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പ്രീ-ഓഡിറ്റ് നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി അറിയിച്ചുകൊള്ളുന്നു."

റിപ്പോർട്ട് വിവരം 22-9-2017-ലെ കത്തുമുഖേന ഹർജിക്കാരനെ അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് 5-9-2018-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജിക്കാരന്റെ ആവശ്യം പരിഹൃതമായതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**പൊതുമരാമത്ത് വകുപ്പ്**

**കോട്ടയം-കുമരകം-ചേർത്തല ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പ് ജോലികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോബി ആന്റണി മുതൽപേർ, ആലപ്പുഴ സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 15498/ഹർജി ബി3/2013/നി.സെ.)**

കോട്ടയത്ത് നിന്നും എറണാകുളത്തേക്ക് ഏറ്റവും കുറഞ്ഞ ദൂരമെന്ന ലക്ഷ്യവുമായി 2001-ൽ തുടക്കം കുറിച്ച "കോട്ടയം-കുമരകം-ചേർത്തല ടൂറിസം ഹൈവേ" പദ്ധതിക്കുവേണ്ടി

ചേർത്തല മണവേലിൽ ചാലിപ്പള്ളി പ്രദേശത്ത് 2001-ൽ അലൈൻമെന്റ് തയ്യാറാക്കി 45 മീറ്റർ വീതിയിൽ കല്ലുകൾ നാട്ടുകയുണ്ടായെന്നും, ടി പദ്ധതി നാടിന്റെ പുരോഗതിക്കും, ഉന്നമനത്തിനും സഹായകരമാകുമെന്നതിനാൽ . നാട്ടുകാർ തങ്ങളുടെ എതിർപ്പ് മാറ്റിവച്ചുകൊണ്ട് ടി പദ്ധതിയെ അനുകൂലിക്കുകയുണ്ടായെന്നും എന്നാൽ അലൈൻമെന്റ് പൂർത്തിയാക്കി '12' വർഷം കഴിഞ്ഞിട്ടും ടി ഹൈവേയുടെ പ്രാരംഭ നടപടിയായ സ്ഥലമെടുപ്പ് ജോലികൾ പോലും ആരംഭിച്ചിട്ടില്ലെന്നും, 2001-ന് ശേഷം ടി പ്രദേശത്തെ വസ്തു ഉടമകൾക്ക് തങ്ങളുടെ വസ്തുവകകൾ ക്രയവിക്രയം ചെയ്യുന്നതിനോ, വീടുകൾ നിർമ്മിക്കുന്നതിനോ, നിലവിലുള്ള വീടുകൾ പുതുക്കി പണിയുന്നതിനോ സാധിക്കുന്നില്ലെന്നും, കൂടാതെ വസ്തു ഉടമകളുടെ മക്കളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം മുതലായ ആവശ്യങ്ങൾക്ക് വസ്തു വില്ലുന്നതിനോ, ആയത് പണയപ്പെടുത്തി വായ്പയെടുക്കുന്നതിനോ സാധിക്കുന്നില്ലെന്നും അതിനാൽ ടി ടൂറിസം ഹൈവേയുടെ സ്ഥലമെടുപ്പ് ജോലികൾ ഉടനടി തുടങ്ങുന്നതിന് നടപടിയുണ്ടാകണമെന്നും അല്ലാത്ത പക്ഷം ടി പദ്ധതി ഉപേക്ഷിച്ച് നാട്ടുകാരെ ദുരിതത്തിൽ നിന്ന് മോചിപ്പിക്കണമെന്നും ശ്രീ. ജോബി ആന്റണി മുതൽപേർ ശ്രീ. പി. തിലോത്തമൻ എം. എൽ. എ. മുഖേന 20-5-2013-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 5-6-2013-ൽ പൊതുമരാമത്ത് വകുപ്പിലേക്ക് അയച്ചു.

തുടർന്ന് ഹർജി വിഷയം സംബന്ധിച്ച് പൊതുമരാമത്ത് (എച്ച്) വകുപ്പ് 22-9-2014-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നല്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നതായി പരാമർശിച്ചിരുന്നു.

17-6-2015-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും, ഹർജി വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

22-9-2015-ൽ ചേർന്ന സമിതിയോഗം ഹർജി വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുത്തു. ഇരുകൂട്ടരുടേയും വാദഗതികൾ കേട്ട സമിതി തദ്ദേശവാസികളോട് സർക്കാർ അനീതിയാണ് കാട്ടുന്നതെന്ന് വിലയിരുത്തുകയും, ഹർജി വിഷയത്തിൽ പരിഹാരമുണ്ടാക്കാൻ വേണ്ടി ചെയ്യുവാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് പൊതുമരാമത്ത് വകുപ്പ് ഗൗരവമായി പരിശോധിക്കണമെന്നും, അക്കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി നിർദ്ദേശ പ്രകാരമുള്ള റിപ്പോർട്ട് പൊതുമരാമത്ത് (എച്ച്) വകുപ്പ് 16-2-2017-ലെ കത്തുമുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയം-ചേർത്തല-ടൂറിസ്റ്റ് ഹൈവേ പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് 2002-ൽ സാധ്യതാപഠനം നടത്തി അടയാളക്കല്ലുകൾ സ്ഥാപിച്ചിരുന്നു. എന്നാൽ ഈ പദ്ധതിക്കായി ഫണ്ട് കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനും, മറ്റ് തുടർനടപടികൾ ആരംഭിക്കുന്നതിനും കാലതാമസം ഉണ്ടാകുമെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ, പ്രദേശവാസികൾക്ക് തങ്ങളുടെ ഭൂമി ക്രയവിക്രയം ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായുള്ള പരാതി വിശദമായി പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത്(സി) വകുപ്പിന്റെ സ.ഉ. (സാധാ) നമ്പർ 11/2017/പൊ.മ.വ. തീയതി 4-1-2017-ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി പ്രദേശത്തെ ഉടമസ്ഥർക്ക് അവരവരുടെ ഭൂമി സ്വാതന്ത്ര്യമായി ഉപയോഗിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും യാതൊരുവിധ തടസ്സവും ഉണ്ടായിരിക്കുന്നതല്ല എന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്." [അനുബന്ധം III (ഇ)].

4-1-2018-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് യഥാസമയം നടപടി സ്വീകരിച്ചില്ലെങ്കിൽ കൂടി സമിതിയുടെ നിരന്തര ഇടപെടലിലൂടെ ഹർജിക്കാർക്ക് അനുകൂലമായ തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

## റവന്യൂ വകുപ്പ്

(1) സാധുവായ വൃദ്ധയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി ശ്രീ. തോമസ് കെ. ജോർജ്ജ്, എറണാകുളം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18844/ഹർജി എ 3/2015/നി.സെ.)

വെങ്ങോല അല്ലപ്ര പെരിയാർ നഗർ കോളനിയിൽ കുറ്റിയാടിപ്പടി വീട്ടിൽ പാപ്പി എന്ന 90 വയസ്സിനടുത്ത് പ്രായം വരുന്ന വൃദ്ധ ദളിത് ട്രൈബൽ വിഭാഗത്തിൽപ്പെട്ടയാൾ, നിരവധി രോഗങ്ങൾ കാരണം ബുദ്ധിമുട്ടുകയാണെന്നും, മരുന്ന് വാങ്ങുന്നതിനും ഭക്ഷണത്തിനും നിവൃത്തിയില്ലായെന്നും മകന് ക്ഷയരോഗം ബാധിച്ചതോടെ കുടുംബം പട്ടിണിയിലാണെന്നും ആയതിനാൽ സാധു വൃദ്ധയ്ക്ക് സാമ്പത്തികസഹായം ലഭിക്കുന്നതിന് സർക്കാർ സഹായം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ റവന്യൂ വകുപ്പ് 23-10-2017-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ പെരിയാർ നഗർ കോളനി കറ്റിയാപ്പടി വീട്ടിൽ ശ്രീമതി പാപ്പി എന്നയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സയ്ക്ക് 11-8-2017-ലെ സ.ഉ.(സാധാ) നമ്പർ 3567/2017/റവ. ഉത്തരവ് പ്രകാരം 30000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 11-1-2018-ലെ സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(2) പാറഖനനം നിർത്തലാക്കണമെന്നാവശ്യപ്പെട്ട് കൊല്ലം വാഴ്‌വേലിക്കോണം നിവാസികളായ ശ്രീ. തുളസീധരൻ മുതൽപേർ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 1792l/ഹർജി ബി 1/2012/നി.സെ.)

കൊട്ടാരക്കര താലൂക്കിൽ മാങ്കോട് വില്ലേജിൽ മതിര വാഴ്‌വേലിക്കോണം എന്ന സ്ഥലത്ത് അനധികൃതമായി പ്രവർത്തിക്കുന്ന പാറ ക്വാറികളുടെ പ്രവർത്തനംമൂലം സ്ഥലവാസികൾക്ക് രോഗങ്ങൾ പിടിപെടുകയും കുടിവെള്ള ക്ഷാമം നേരിടുകയും വീടുകൾക്ക് കേടുപാടുകൾ ഉണ്ടാവുകയും ചെയ്യുന്നുവെന്നും ആയതിനാൽ ടി പ്രദേശത്തെ പാറഖനനം നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് വാഴ്‌വേലിക്കോണം സ്വദേശികളായ ശ്രീ. തുളസീധരൻ മുതൽപേർ സമർപ്പിച്ച 31-7-2012-ലെ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി വിഷയത്തിന്മേൽ റവന്യൂ(പി) വകുപ്പ് 21-8-2017-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിയിന്മേൽ കൊല്ലം ജില്ലാ കളക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം പരാതിക്കാസ്പദമായ മാങ്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 52-ൽ സർവ്വെ 99/3-ൽപ്പെട്ട സർക്കാർ സ്ഥലത്തുനിന്നും പാറഖനനം നടത്തുന്നതിന് ശ്രീ. ശശിധരനാചാരി എന്നയാൾക്കും സർവ്വെ 98/3, 99/3 എന്നിവയിൽപ്പെട്ട സ്ഥലങ്ങളിൽ നിന്നും പാറഖനനം നടത്തുന്നതിന് ശ്രീ. അഡ്വാസ് എന്നയാൾക്കും താല്ക്കാലിക ഖനനാനുമതി നൽകിയിരുന്നു. എന്നാൽ ടി ഖനനത്തിനെതിരായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാതി കക്ഷികളെയും ഉൾപ്പെടുത്തി ഹിയറിംഗ് നടത്തിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലങ്ങളിലെ ഖനനപ്രവർത്തനങ്ങൾ നിരോധിച്ച് ഉത്തരവായിട്ടുണ്ടെന്നും കൊല്ലം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ മേപ്പടി സ്ഥലങ്ങളിൽ നിന്നും പെർമിറ്റ് കാലാവധിയായ 28-12-2012, 15-10-2013, 14-1-2014 തീയതികൾക്ക് ശേഷം പാറഖനനം നടത്തുന്നതിന് പെർമിറ്റ് പുതുക്കി നൽകിയിട്ടില്ലാത്തതും നിലവിൽ ടി സ്ഥലങ്ങളിൽ പാറഖനനം നടന്നുവരുന്നില്ലായെന്നുമുള്ള വിവരവും അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 5-9-2018-ലെ സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(3) സ്ഥലം കയ്യേറി മതിൽ കെട്ടുന്നതിന് എതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജയരാജൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19143/ഹർജി ബി1/2013/നി.സെ.)

വയോധികനും പെൻഷണറുമായ ഹർജിക്കാരന്റെ 1.5 സെന്റ് സ്ഥലം അയൽവാസിയായ ശ്രീ. സിറാജുദ്ദീൻ കയ്യേറി മതിൽ കെട്ടാൻ ശ്രമിക്കുന്നതായും സിറാജുദ്ദീന്റെ ഭാര്യയെയും അമ്മയെയും പീഡിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന വ്യാജ പരാതി നൽകി ഹർജിക്കാരനെ കേസ്സിൽപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്നും ആയത് സംബന്ധിച്ച് പോലീസിൽ പരാതി നൽകിയിട്ടും ഉചിതമായ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടില്ലായെന്നും ഹർജിക്കാരനും ഭാര്യയും രോഗികളാണെന്നും വിധവയും വികലാംഗയുമായ പെൺമക്കൾ ഉൾപ്പെടുന്ന കുടുംബത്തിന് തുച്ഛവരുമാനം മാത്രമാണുള്ളതെന്നും ആയതിനാൽ പരാതിയിന്മേൽ അന്തിമ തീർപ്പ് ഉണ്ടാകുന്നതുവരെ മതിൽ കെട്ടുന്ന പ്രവൃത്തി നിർത്തി വയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഹർജിക്കാരൻ സമർപ്പിച്ച 22-10-2012-ലെ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 18-3-2014-ൽ റവന്യൂ വകുപ്പിലേയ്ക്ക് അയച്ചതിനെ തുടർന്ന് റവന്യൂ(എഫ്) വകുപ്പ് 14-9-2017-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതി വിഷയം കരുവട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന അന്വേഷണം നടത്തുകയും പരാതിയിൽ ഉന്നയിക്കപ്പെട്ട അതിർത്തി കയ്യേറി മതിൽ കെട്ടി എന്നുള്ള തർക്കം പരിഹരിച്ചതായും അപേക്ഷകൻ 2014 ജൂലൈ മാസത്തിൽ മരണപ്പെട്ടുവെന്നും നിലവിൽ ടിയാന്റെ വീട്ടുകാർക്ക് പരാതി ഒന്നും ഇല്ല എന്നും കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 5-9-2018-ലെ സമിതിയോഗം പരിഗണിക്കുകയും ഹർജിക്കാധാരമായ വിഷയം പരിഹരിച്ചിട്ടുള്ളതായി സർക്കാർ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(4) പട്ടയം ലഭിക്കുന്നതിനായി ശ്രീമതി ടി. എം. ബീഫാത്തുമ്മ കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 13735/ഹർജി സി1/2006/നി.സെ.)

കാസർഗോഡ് ജില്ലയിലെ ടിപ്പു നഗർ എന്ന സ്ഥലത്ത് കഴിഞ്ഞ 36 വർഷമായി കൈവശം വച്ച് വരുന്ന റീസർവ്വെ നമ്പർ 262/2-ൽപ്പെട്ട 10 സെന്റ് സ്ഥലത്തിന് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നായിരുന്നു 29-11-2006 തീയതിയിൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

ഹർജി റിപ്പോർട്ടിനായി 8-2-2007 തീയതിയായി റവന്യൂ വകുപ്പിലേക്കയച്ചു കൊടുത്തു. തുടർന്ന് ഹർജി വിഷയത്തിന്മേൽ 13-6-2008, 13-3-2013 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തുകയും ഹർജിക്കാരിക്ക് പട്ടയം നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് ഇത് സംബന്ധിച്ച് 29-6-2017 തീയതിയായി റവന്യൂ (എൽ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ കാസർഗോഡ് വില്ലേജിലെ റീസർവ്വെ നമ്പർ 262/2-1-ൽപ്പെട്ട 0.07 1/2 ഏക്കർ ഭൂമി സൗജന്യ നിരക്കിൽ പതിച്ചു നൽകി ആയതിന്റെ പട്ടയം 15-7-2016-ന് ഹർജിക്കാരിക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി.

റിപ്പോർട്ട് 21-7-2017 തീയതിയായി ഹർജിക്കാരിയെ അറിയിക്കുകയും സർക്കാർ റിപ്പോർട്ട് പരിഗണിച്ച 31-7-2018-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(5) പട്ടയം ലഭിക്കുന്നതിനായി ശ്രീമതി ലില്ലി തോമസ് കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15086/ഹർജി സി1/2008/നി.സെ.)

കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിലുള്ള കഴിഞ്ഞ പത്ത് വർഷമായി ഹർജിക്കാരിയുടെ കൈവശത്തിലുള്ള 341/Pt റീസർവ്വെ നമ്പർ വസ്തുവിന് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നായിരുന്നു 12-6-2008 തീയതിയിൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

ഹർജി റിപ്പോർട്ടിനായി 7-8-2008 തീയതിയായി റവന്യൂ വകുപ്പിലേക്കയച്ചു. തുടർന്ന് 7-8-2009 തീയതിയായി റവന്യൂ (എൽ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജി വിഷയത്തിനാസ്പദമായ സ്ഥലം പഞ്ചായത്തിൽ നിക്ഷിപ്തമായ സ്ഥലമായതിനാൽ കെ.എൽ.എ റൂൾ പ്രകാരം പതിച്ചു നൽകാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിരുന്നു. റിപ്പോർട്ട് പരിഗണിച്ച 19-5-2010-ലെ സമിതിയോഗം ഹർജികൾ സംബന്ധിച്ച സമിതി (2006-2008)-യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സമ്മതത്തോടുകൂടി പ്രസ്തുത സ്ഥലം പതിച്ചു നൽകുവാൻ സാധിക്കുമോയെന്ന് റവന്യൂ വകുപ്പിനോട് ആരായാൻ നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ 13-3-2013-ൽ

കാസർഗോഡ് ജില്ലയിൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം ഹർജി വിഷയം പരിഗണിക്കുകയും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഇത് സംബന്ധിച്ച് 2-5-2017 തീയതിയായി റവന്യൂ (എൽ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാരിയുടെ കൈവശത്തിലുണ്ടായിരുന്ന വസ്തുവിന് പകരമായി കോയിപ്പടി വില്ലേജ് റീസർവ്വെ നമ്പർ 96/79-ൽപ്പെട്ട 0.04 ഏക്കർ സ്ഥലത്തിന് ശ്രീമതി ലില്ലി തോമസിന്റെ പേരിൽ 19-11-2011-ൽ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. റിപ്പോർട്ട് 21-7-2017 തീയതിയായി ഹർജിക്കാരിയെ അറിയിക്കുകയും സർക്കാർ റിപ്പോർട്ട് പരിഗണിച്ച 31-7-2018-ലെ സമിതി യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(6) പട്ടയം ലഭിക്കുന്നതിനായി ശ്രീമതി രഞ്ജിനി, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15077/ഹർജി സി1/2008/നി.സെ.)

കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽ റീസർവ്വെ നമ്പർ 84/Pt-യിൽപ്പെട്ട വസ്തുവിൽ കഴിഞ്ഞ 20 വർഷമായി താമസിച്ചുവരുന്ന ഹർജിക്കാരിക്ക് പ്രസ്തുത വസ്തുവിന് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജി റിപ്പോർട്ടിനായി 28-7-2008 തീയതിയായി റവന്യൂ വകുപ്പിലേക്കയച്ചു. ഇത് സംബന്ധിച്ച് 24-8-2009-ന് റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാസ്പദമായ സ്ഥലം പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് സ്ഥലമായതിനാൽ കെ.എൽ.എ. റൂൾ പ്രകാരം പതിച്ചു നൽകാൻ കഴിയുകയില്ല എന്ന് അറിയിച്ചിരുന്നു. റിപ്പോർട്ട് പരിഗണിച്ച 19-5-2010-ലെ സമിതിയോഗം ഹർജികൾ സംബന്ധിച്ച സമിതി (2006-2008)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സമ്മതത്തോടെ ഹർജിക്കാരിക്ക് പ്രസ്തുത സ്ഥലം പതിച്ചു നൽകാൻ സാധിക്കുമോ എന്ന് റവന്യൂ വകുപ്പിനോട് ആരായാൻ തീരുമാനിച്ചു. തുടർന്ന് ഹർജി വിഷയം 13-3-2013-ൽ കാസർഗോഡ് ജില്ലയിൽ ചേർന്ന തെളിവെടുപ്പ് യോഗം പരിഗണിക്കുകയും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് 2-5-2018 തീയതിയായി റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജി വിഷയത്തിനാസ്പദമായ സ്ഥലം പഞ്ചായത്ത് രാജ് ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി ഹർജിക്കാരിക്ക് മഞ്ചേശ്വരം താലൂക്കിൽ കോയിപ്പാടി വില്ലേജിൽ റീസർവ്വെ നമ്പർ 84/2 പാർട്ടിൽപ്പെട്ട 02.43 ആർ സ്ഥലം ശ്രീമതി രഞ്ജിനിയുടെ പേരിൽ 31-5-2017-ന് പട്ടയം അനുവദിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിരുന്നു.

ടി റിപ്പോർട്ടിലെ വിവരം 12-6-2018 തീയതിയായി ഹർജിക്കാരിയെ അറിയിക്കുകയും സർക്കാർ റിപ്പോർട്ട് പരിഗണിച്ച 31-7-2018-ലെ സമിതി യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(7) പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ശശിധരൻ പിള്ള, പോത്തൻകോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11363/ഹർജി സി2/2011/നി.സെ.)

ഹർജിക്കാരന്റെ പേരിൽ മാണിക്കൽ പഞ്ചായത്ത് ബ്ലോക്ക് നമ്പർ 29-ൽപ്പെട്ട 18 സെന്റ് സ്ഥലം റീസർവ്വെ റിക്കാർഡിൽ തരിശായി രേഖപ്പെടുത്തിയെന്നും, പട്ടയം ലഭിക്കുന്നതിനുവേണ്ടി നെടുമങ്ങാട് തഹസിൽദാർക്ക് അപേക്ഷ നൽകിയതിൽ 1968-ന് മുമ്പുള്ള ഒറ്റി ഒഴിഞ്ഞ ആധാരം ആവശ്യപ്പെടുകയും ആയത് സമർപ്പിക്കാൻ സാധിക്കാത്തതിനാൽ പട്ടയം അനുവദിച്ചില്ലെന്നും തുടർന്ന് മുഖ്യമന്ത്രിയുടെ 'സുതാര്യ കേരള'-ത്തിൽ പരാതി നൽകിയതിൻ പ്രകാരം നെടുമങ്ങാട് അഡീഷണൽ തഹസിൽദാർ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയെങ്കിലും നടപടി ഉണ്ടായില്ലെന്നും തന്റെ മൂന്ന് പെൺമക്കൾക്ക് പ്രസ്തുത പുരയിടം അളന്നു നൽകാമെന്ന് പറഞ്ഞ് വിവാഹം കഴിപ്പിച്ചെങ്കിലും നാളിതുവരെ നൽകാൻ കഴിയാത്തതിൽ പ്രശ്നങ്ങളുണ്ടെന്നും തന്റെ വസ്തുവിനോട് ചേർന്നുള്ളവർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും, ആയതിനാൽ സമിതി ഇടപെട്ട് പട്ടയം ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജി റിപ്പോർട്ടിനായി 2-2-2011-ൽ റവന്യൂ വകുപ്പിലേക്കയച്ചെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തിനെത്തുടർന്ന് 14-8-2012-ലെ തെളിവെടുപ്പ് യോഗം ഹർജി പരിഗണിക്കുകയും സെറ്റിൽമെന്റ് പ്രകാരം രണ്ട് സ്ഥലത്ത് ഭൂമി ഉള്ളതിനാൽ ഒന്ന് ദേവസ്വത്തിന്റെയും മറ്റൊന്ന് പണ്ടാര വകയുമാണെന്ന് ഡെപ്യൂട്ടി കളക്ടർ (എൽ.എ.) സമിതിയെ അറിയിക്കുകയും ഹർജിക്കാരന് പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അയച്ച നിരവധി കത്തുകൾക്ക് മറുപടി ലഭ്യമാകാത്തതിനാൽ ഹർജി വിഷയം 27-9-2017-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 2012-ലെ സമിതിയോഗ നിർദ്ദേശം പാലിക്കാതിരുന്ന റവന്യൂ വകുപ്പിന്റെ നടപടി സമിതി വിമർശിക്കുകയും ഹർജി വിഷയത്തിൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് 3-2-2018 തീയതിയായി റവന്യൂ (ആർ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാരന് നിയമാനുസരണ പതിവ് നടപടിക്രമങ്ങൾ പാലിച്ച് 6-12-2017-ൽ പട്ടയം അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുകയുണ്ടായി.

ടി റിപ്പോർട്ടിലെ വിവരം 21-3-2018-ന് ഹർജിക്കാരനെ അറിയിച്ചു. സർക്കാർ റിപ്പോർട്ട് 31-7-2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(8) പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബദുവൻകുഞ്ഞി, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21969/ഹർജി സി2/2012/നി.സെ.)

കാസർഗോഡ് ജില്ലയിലെ കഡൽമേർക്കല വില്ലേജിൽ റീസർവ്വെ നമ്പർ 388/143-ൽ പെട്ട 55 സെന്റ് സ്ഥലം 31-3-1976-ൽ ഹർജിക്കാരന് അസയിൻ ചെയ്ത് കൊടുത്തിരുന്നെന്നും പട്ടയം ലഭിക്കുന്നതിനായി നിയമാനുസൃതമായ ഫീസ് ഒടുക്കി 35 വർഷമായിട്ടും വയോധികനായ ഹർജിക്കാരന് പട്ടയം ലഭിച്ചിട്ടില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് പ്രശ്നം പരിഹരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം. ഹർജി റിപ്പോർട്ടിനായി 20-12-2012-ൽ റവന്യൂ വകുപ്പിലേക്കയച്ചെങ്കിലും റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ 31-10-2017-ൽ കാസർഗോഡ് ജില്ലയിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത ഹർജി വിഷയം ഉൾപ്പെടുത്തുകയുണ്ടായി. ടി വിഷയം തെളിവെടുപ്പ് യോഗം പരിഗണിക്കുകയും ഹർജിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥലത്തിന് പട്ടയം ലഭ്യമാക്കിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് ആയത് സംബന്ധിച്ച റിപ്പോർട്ട് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കാനും ഫയൽ നടപടികൾ അവസാനിപ്പിക്കുവാനും സമിതി നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് സമിതി നിർദ്ദേശിച്ച പ്രകാരം 2-5-2018 തീയതിയായി റവന്യൂ (എൽ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജി വിഷയത്തിന്മേൽ അന്വേഷണം നടത്തിയതിൽ ആയത് തീർപ്പ് കൽപ്പിച്ചിട്ടുള്ളതും ഹർജിക്കാരന് പട്ടയം അനുവദിച്ചിട്ടുള്ളതും ടിയാൻ പട്ടയം കൈപ്പറ്റിയിട്ടുള്ളതുമാണെന്നും അറിയിക്കുകയുണ്ടായി. റിപ്പോർട്ട് വിവരം 19-5-2018-ന് ഹർജിക്കാരനെ അറിയിച്ചു. സർക്കാർ റിപ്പോർട്ട് 31-7-2018-ലെ സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(9) കോഴിക്കോട് നഗരസഭയിൽ എം. എൽ. എ. റോഡ് വീതി കൂട്ടുന്നതിനായി ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപ്രതിഫല തുക ലഭിക്കുന്നതിനായി ശ്രീ. വൈലാശ്ശേരി അശോകൻ മുതൽപേർ, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19633/ഹർജി സി2/13/നി.സെ.)

കോഴിക്കോട് നഗരസഭയിൽ കോട്ടൂളി സിവിൽ സ്റ്റേഷൻ എം.എൽ.എ. റോഡ് വീതി കൂട്ടുന്നതിനായി, കോഴിക്കോട് ലാന്റ് അക്വിസിഷൻ തഹസിൽദാർ ഹർജിക്കാരന്റെ കൈവശാവകാശത്തിൽപ്പെട്ട 0.0027 ഹെക്ടർ ഭൂമി ഏറ്റെടുത്തുവെന്നും ഇത് കോഴിക്കോട് നഗരസഭയ്ക്ക് കൈമാറിയപ്പോൾ 6 മാസത്തിനകം നഷ്ടപ്രതിഫല സംഖ്യ അനുവദിക്കുന്നതാണെന്ന ഉറപ്പിന്മേലാണ് ഭൂമി കൈമാറിയതെന്നും, എന്നാൽ കോടതിയിൽ കേസ് ഫയൽ ചെയ്തതിനുശേഷമാണ് സംഖ്യ നൽകിയതെന്നും, ലാന്റ് അക്വയർ ചെയ്യുന്ന സമയത്ത് സെന്റ് ഒന്നിന് 5 ലക്ഷം രൂപ വിലയുള്ള വസ്തുവിന് വെറും 20,000 രൂപയാണ്

LA തഹസിൽദാർ വില കണക്കാക്കിയതെന്നും ഇതിനെതിരെ സബ് കോടതിയിൽ കേസ് ഫയൽ ചെയ്തപ്പോൾ ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ചതായും, പ്രസ്തുത തുക അനുവദിച്ച് ലഭിക്കുന്നതിനായി വിധി പകർപ്പിനോടൊപ്പം അപേക്ഷ സമർപ്പിച്ചെങ്കിലും 24-9-2012-ൽ ഹിയറിംഗ് നടത്തിയതല്ലാതെ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തര നിർദ്ദേശം നൽകി അധികനഷ്ടപരിഹാര തുക അനുവദിച്ച് നൽകണമെന്നാണ് ശ്രീ. വൈലാശ്ശേരി അശോകനും മറ്റ് 12 പേരും നൽകിയിരിക്കുന്ന ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഹർജി 19-6-2014-ന് റവന്യൂ വകുപ്പിന് റിപ്പോർട്ടിനായി അയച്ചുകൊടുത്തു.

തുടർന്ന് 30-6-2017-ാം തീയതിയായി റവന്യൂ (ബി) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാർക്ക് നഷ്ടപരിഹാര തുക കൂട്ടി നൽകിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുകയുണ്ടായി. 21-7-2017-ന് പ്രസ്തുത റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിച്ചു

ടി റിപ്പോർട്ട് 31-7-2018-ലെ സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(10) കാരാപ്പുഴ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് കുറുമ നിവാസികൾക്കുവേണ്ടി ശ്രീ. എൻ. കെ. രാമനാഥൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14908/ഹർജി സി3/2010/നി.സെ.)

വയനാട് ജില്ലയിലെ കാരാപ്പുഴ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ നെൽപാറ കുറുമ കോളനി നിവാസികളായ 26 വീട്ടുകാരുടെ 8 ഏക്കർ വസ്തുവിന്റെ സർക്കാർ അംഗീകരിച്ച തുകയും, സ്ഥലത്തിന്റെ വിലയും ലഭിച്ചിട്ടില്ലായെന്നും, 2005-ൽ കാരാപ്പുഴ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തതിലൂടെ വെള്ളം കയറി നശിച്ച കൃഷിക്കും നഷ്ടപരിഹാരം ലഭിച്ചില്ലായെന്നും അധികൃതരുടെ ഭാഗത്ത് നിന്നും ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകണമെന്നുമാണ് ഹർജിയിലെ ആവശ്യം. ഹർജി 15-7-2010-ൽ റിപ്പോർട്ടിനായി റവന്യൂ വകുപ്പിന് അയച്ചുകൊടുത്തു. തുടർന്ന് 22-11-2012-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. എൻ. കെ. രാമനാഥൻ സമർപ്പിച്ച ഹർജിയിൽ സൂചിപ്പിക്കുന്ന സ്ഥലം അമ്പലവയൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ കാരാപ്പുഴ ജലസേചന പദ്ധതി റിസർവോയറിനോട് ചേർന്നു കിടക്കുന്ന 2.9133 ഹെക്ടർ ഭൂമിയാണ്. കാരാപ്പുഴ ജലസേചന പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് 29-1-2010-ലെ 44264/ബി2/2010/റവന്യൂ

പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകിയിരുന്നു. അടിയന്തര ഖണ്ഡപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 24-8-2006-ലെ ജി.ഒ.(ആർ.റ്റി.) 967/2006/ജ.വി.വ. പ്രകാരം അനുമതി നൽകിയിരുന്നുവെങ്കിലും റീസർവ്വെ ബ്ലോക്ക് തെറ്റായി രേഖപ്പെടുത്തിയതുമൂലം തുടർനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരികയും തിരുത്തിയ അർത്ഥന ലഭിച്ചതിനെ തുടർന്ന് ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സൗകര്യാർത്ഥം മൂന്ന് ബ്ലോക്കുകളായി (70 എ, 73, 76) തിരിച്ചിട്ടുള്ളതായും ബ്ലോക്ക് 70 എ-യിലെ അടിസ്ഥാന വില നിർണ്ണയ നടപടി പൂർത്തീകരിച്ചിട്ടുള്ളതായും ബാക്കിയുള്ള ബ്ലോക്കുകളിലെ (73, 76) 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും കരട് പ്രഖ്യാപനത്തിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായുമാണ് സൂചിപ്പിച്ചിട്ടുള്ളത്. ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

ആറുമാസത്തിനകം നഷ്ടപരിഹാരത്തുക നൽകാനാകുമെന്ന് റവന്യൂ വകുപ്പധികൃതർ സമിതിയെ ബോധിപ്പിക്കുകയും ചെയ്തിരുന്നു.

ഇക്കാര്യത്തിൽ തുടർ നടപടിയൊന്നുമുണ്ടാകാത്തതിനെത്തുടർന്ന് 24-10-2013-ൽ സമിതി വീണ്ടും വയനാട് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടന്ന തെളിവെടുപ്പ് യോഗത്തിൽ ഈ വിഷയവും ഉൾപ്പെടുത്തുകയുണ്ടായി.

ഹർജിക്കാർക്ക് നഷ്ടപരിഹാരത്തുക നൽകാത്തതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് 2006-ലാണ് സ്ഥലമെടുപ്പ് തുടങ്ങിയതെന്നും കാലഹരണപ്പെട്ട 4(1) നോട്ടിഫിക്കേഷന് അപ്രൂവൽ കിട്ടാത്തതുകൊണ്ട് 2012-ൽ വീണ്ടും 4(1) നോട്ടിഫിക്കേഷന്റെ കരട് പ്രഖ്യാപനം വിളിക്കുകയും ചെയ്തു എന്നും കരട് പ്രഖ്യാപനം അംഗീകരിക്കപ്പെട്ടു കഴിഞ്ഞാൽ ഉടനെതന്നെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി തുടങ്ങുമെന്നും വയനാട് തഹസിൽദാർ സമിതിയെ അറിയിക്കുകയുണ്ടായി.

22-11-2012-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കണമെന്ന് കളക്ടർ അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി.

ഇക്കാര്യത്തിൽ സമിതിക്ക് രണ്ടാമത്തെ തവണയാണ് ഉറപ്പ് നൽകുന്നതെന്നും ഇതനുസരിച്ച് സ്വീകരിച്ച നടപടി എത്രയുംവേഗം റിപ്പോർട്ട് ചെയ്യണമെന്നും ഹർജിക്കാർക്ക് നഷ്ടപരിഹാരത്തുക കൊടുത്തു എന്ന റിപ്പോർട്ടാണ് സമിതി പ്രതീക്ഷിക്കുന്നതെന്നും വകുപ്പ് ഇക്കാര്യം ഗൗരവമായി എടുത്ത് പരിഹാരം ഉണ്ടാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി തീരുമാനം 12-2-2014-ൽ റവന്യൂ (ബി) വകുപ്പിനെ അറിയിച്ചുവെങ്കിലും നാളിതുവരെയും ഇക്കാര്യത്തിൽ യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല.

പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലം ഇപ്പോഴും ഹർജിക്കാരന്റെ കൈവശം തന്നെയാണെന്നും അതിനായുള്ള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കാത്തത് കൊണ്ടാണ് സ്ഥലം ഏറ്റെടുക്കാത്തതെന്നും പുതിയ കേന്ദ്ര നിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കാൻ കഴിയുമോ എന്നാരാഞ്ഞ് വകുപ്പ് കത്തെഴുതിയിട്ടുണ്ടെന്നും തദവസരത്തിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. എന്നാൽ ഭൂമി ഏറ്റെടുക്കാതെ തന്നെ 2004 മുതൽ ഹർജിക്കാരന്റെ 2 ഏക്കർ സ്ഥലത്തിൽ അര ഏക്കറോളം ഭാഗത്ത് വെള്ളം കയറ്റി നിർത്തിയിരിക്കുകയാണെന്ന് ബോദ്ധ്യപ്പെട്ട സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. 30-8-2017-ന് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കാരാപ്പുഴ ജലസേചന പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഡിനോവ ആയതിനാൽ പുതിയ എൽ.എ. ആക്റ്റ് 2013 പ്രകാരം വിജ്ഞാപനം നടത്തി, ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പൊന്നും വില നടപടി പുനരാരംഭിക്കേണ്ടതുണ്ട്. അത് സംബന്ധിച്ച് റവന്യൂ വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ നഷ്ടപരിഹാരം നൽകുവാൻ സാധിക്കുകയുള്ളൂ".

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി, 16-2-2017-ന് വയനാട് ജില്ലാ തെളിവെടുപ്പ് യോഗത്തിൽ വച്ച് പ്രസ്തുത പരാതിയിന്മേൽ നടപടിയെടുത്ത് റിപ്പോർട്ട് നൽകണമെന്ന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ജില്ലാകളക്ടർക്ക് കത്തയയ്ക്കുകയും റവന്യൂ വകുപ്പ് സെക്രട്ടറിയിൽ നിന്നും വീണ്ടും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു. ഹർജി വിഷയം സംബന്ധിച്ച് 1-1-2018-ന് റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വയനാട് ജില്ലയിലെ കാരാപ്പുഴ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് കറുമ കോളനി നിവാസികൾക്കുവേണ്ടി ശ്രീ. എൻ. കെ. രാമനാഥൻ സമർപ്പിച്ച ഹർജിയിൽ പരാമർശിച്ചിരിക്കുന്ന ഭൂമി, 2013-ൽ എൽ.എ.ആർ.ആർ. ആക്റ്റ് പ്രകാരം പൊന്നുംവില നടപടികൾ സ്വീകരിക്കുന്നതിനായി 23-11-2017-ലെ സ.ഉ. (സാധ.) നമ്പർ 954/2017/ജ.വി.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)". [അനുബന്ധം III (എഫ്)].

പ്രസ്തുത റിപ്പോർട്ട് 30-5-2018-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും ഹർജിക്കാരന്റെ ആവശ്യം പരിഹൃതമായതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(11) പട്ടയം ലഭിക്കുന്നതിനായി ശ്രീമതി മുത്തുബി, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15076/ഹർജി സി3/2008/നി.സെ.)

കാസർഗോഡ് ജില്ലയിൽ കോയിപ്പാടി വില്ലേജിൽ റീസർവ്വെ നമ്പർ 84-ൽ കഴിഞ്ഞ 80 വർഷക്കാലമായി താമസിച്ചുവരുന്ന ശ്രീമതി മുത്തുബി-യ്ക്ക് പ്രസ്തുത ഭൂമിക്ക് പട്ടയം ലഭ്യമാകാത്തത് സംബന്ധിച്ച ഹർജി റിപ്പോർട്ടിനായി 4-8-2018-ൽ റവന്യൂ വകുപ്പിന് അയച്ചുകൊടുത്തിരുന്നു. റവന്യൂ വകുപ്പിൽ നിന്ന് 17-8-2009-ൽ ലഭ്യമായ റിപ്പോർട്ടിൽ "ഹർജിക്കാരി പട്ടയം ലഭിക്കുവാൻ ആവശ്യപ്പെട്ട കോയിപ്പാടി വില്ലേജിലെ റീസർവ്വെ നമ്പർ 84 പാർട്ടിൽപ്പെട്ട സ്ഥലം പഞ്ചായത്തിൽ നിക്ഷിപ്തമായ സ്ഥലമായതിനാൽ കെ.എൽ.എ. റൂൾ പ്രകാരം പതിച്ചു നൽകാൻ നിർവ്വാഹമില്ലെന്ന് കാസർഗോഡ് കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി മുത്തുബിയുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല" എന്ന് അറിയിക്കുകയുണ്ടായി. എന്നാൽ 13-3-2013-ൽ കാസർഗോഡ് കളക്ടറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ ഹർജി വിഷയം ഒരിക്കൽ കൂടി ബന്ധപ്പെട്ട വകുപ്പിന്റെ പരിഗണനയ്ക്ക് നൽകണമെന്നും നിർദ്ദേശിച്ച സമിതിയുടെ നിർദ്ദേശത്തിന്മേൽ 13-9-2017-ൽ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“മഞ്ചേശ്വരം താലൂക്കിൽ കോയിപ്പാടി വില്ലേജിൽ റീസർവ്വെ നമ്പർ 133/6-3 ൽപ്പെട്ട 01.45 ആർ ഭൂമി എൽ.എ. 28/17 കോയിപ്പാടി നമ്പർ പ്രകാരം ശ്രീമതി മുത്തുബിയുടെ പേരിൽ 29-5-2017 തീയതിയിൽ പട്ടയം അനുവദിച്ചിട്ടുള്ളതാണെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.”

റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് 6-10-2017-ന് ഹർജിക്കാരിക്ക് അയച്ചുകൊടുക്കുകയും 30-5-2018-ലെ യോഗം ഫയലിന്മേൽ തുടർനടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(12) കുടുംബ ട്രസ്റ്റ് വക ഭൂമിയുടെ കരം അടച്ചു നൽകാത്തതിനെ സംബന്ധിച്ച് ശ്രീ. രാഘു, ഇരിങ്ങാലക്കട സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 24106/ഹർജി സി3/2017/നി.സെ.)

ഇരിങ്ങാലക്കട കരുമാത്ര സ്വദേശി തെക്കിനി പറമ്പിൽ ശ്രീ. രാഘു കുടുംബ ട്രസ്റ്റ് വക ഭൂമിയ്ക്ക് മുകുന്ദപുരം തഹസിൽദാരുടെ ഉത്തരവ് പ്രകാരം 2011-ൽ പോക്കു വരവ് ചെയ്തു കരം

അടച്ചെങ്കിലും 2011-12-ൽ ഭൂമിയുടെ കരം അടയ്ക്കുവാൻ വില്ലേജ് ഓഫീസിൽ പലപ്രാവശ്യം പോയെങ്കിലും കരം ഒടുക്കാൻ കഴിഞ്ഞില്ലെന്നും ആകയാൽ കരം അടയ്ക്കാനുള്ള ഉത്തരവ് നൽകണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

ശ്രീ. രഘു, ഇരിങ്ങാലക്കുട സമർപ്പിച്ച ഹർജി സമിതി പരിഗണിക്കുകയും റിപ്പോർട്ടിനായി 6-11-2017-ന് റവന്യൂ വകുപ്പിന് അയച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുത ഹർജിയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മുകുന്ദപുരം താലൂക്കിലെ കരുമാത്ര വില്ലേജിലെ സർവ്വെ നമ്പർ 73/3-ൽപ്പെട്ട 0.1821 ഹെക്ടർ, സർവ്വെ നമ്പർ 50-ൽപ്പെട്ട 0.0597 ഹെക്ടർ, സർവ്വെ നമ്പർ 46-ൽപ്പെട്ട 0.2044 ഹെക്ടർ എന്നീ വസ്തു വകകളുടെ ഭൂനികുതി ഒടുക്കുന്നതിനാണ് ശ്രീ. രഘു അപേക്ഷ സമർപ്പിച്ചിരുന്നതെന്നും പ്രസ്തുത ഭൂമിയുടെ നികുതി 2011-12 സാമ്പത്തിക വർഷത്തിൽ തെക്കിനിപറമ്പിൽ ശ്രീ. മല്ലു മകൻ നാരായണൻ പേരിൽ അടവാക്കിയിട്ടുള്ളതാണ്. ശ്രീ. നാരായണൻ വടക്കുംകര സബ് രജിസ്ട്രാർ ഓഫീസിലെ 6-5-2013-ലെ 1339/13 നമ്പർ ആധാരം പോക്കുവരവ് നടത്തുന്നതിന് അപേക്ഷ സമർപ്പിക്കുകയും ടി ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുക്കൾ തെക്കിനി പറമ്പിൽ ശ്രീ. ബാവൻ എന്നവരുടെ കാലശേഷം 1119-ലെ 250-ാം നമ്പർ ആധാരം ജി പട്ടിക പ്രകാരം ടിയാളുടെ ഭാര്യ ശ്രീമതി ദൂദാച്ചിക്ക് സിദ്ധിച്ചിട്ടുള്ളതാണ്. ശ്രീമതി ദൂദാച്ചി മരണപ്പെട്ടിട്ടുള്ളതും കൂടാതെ ബാവൻ-ദൂദാച്ചി ദമ്പതികൾക്ക് മക്കൾ ഇല്ലാത്തതിനാലും ശ്രീമതി ദൂദാച്ചിക്ക് മറ്റ് ബന്ധുക്കൾ ഇല്ലാത്തതിനാലും അപേക്ഷ ഭൂമിയുമായി ബന്ധപ്പെട്ട ട്രസ്റ്റാധാരത്തിൽ എല്ലാ അവകാശികളേയും ഉൾപ്പെടുത്തുകയോ ടി അവകാശം കൈമാറുന്നതിന് ആരെയും ചുമതലപ്പെടുത്തിയിട്ടുള്ളതായോ കാണുന്നില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ ഇരിങ്ങാലക്കുട അഡീഷണൽ ഗവൺമെന്റ് പ്ലീഡറിൽ നിന്നും ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അവകാശികൾക്ക് വേണ്ടി തെക്കിനിപറമ്പിൽ ശ്രീ. മല്ലു മകൻ നാരായണൻ പേരിൽ നികുതി ഒടുക്കുന്നതിന് വില്ലേജ് ഓഫീസർക്ക് മുകുന്ദപുരം തഹസിൽദാർ നിർദ്ദേശം നൽകുകയുണ്ടായി. ഈ സാഹചര്യം നിലനിൽക്കേ തെക്കിനിപറമ്പിൽ ശ്രീ. രഘു നികുതി അടവാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന് തൃശ്ശൂർ ജില്ല മുകുന്ദപുരം താലൂക്ക്, കരുമാത്ര വില്ലേജ് സർവ്വെ 46-ൽ 0.2044 ഹെക്ടർ സർവ്വെ 50-ൽ 0.0597 ഹെക്ടർ, സർവ്വെ 73/3-ൽ 0.1821 ഹെക്ടർ ഭൂമിയുടെ നികുതി 14-11-2017 തീയതിയിൽ തെക്കിനിപറമ്പിൽ ശ്രീ. നാരായണൻ മകൻ ശ്രീ. രഘു എന്നവരുടെ പേരിൽ അടവാക്കി പരാതി തീർപ്പാക്കിയിട്ടുള്ളതാണ്.

ഹർജിക്കാരന്റെ പരാതിയിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ തുടർ നടപടികളൊന്നും ശേഷിക്കുന്നില്ലായെന്ന വിവരം സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 6-6-2018-ന് ഹർജിക്കാരന് അയച്ചു കൊടുക്കുകയും പരാതി വിഷയം പരിഹൃതമായതിനാൽ 13-9-2018-ലെ യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(13) കോഴിക്കോട് കാവിലുംപാറ പഞ്ചായത്തിലെ ശ്രീ. ഭഗവതി ക്ഷേത്രത്തിനെ മലബാർ ദേവസ്വം ബോർഡിന് കീഴിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ട് ഭക്തജനങ്ങൾ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14412/ഹർജി സി3/2016/നി.സെ.)

കോഴിക്കോട് കാവിലുംപാറ പഞ്ചായത്തിലെ ശ്രീ. ഭഗവതി ക്ഷേത്രത്തെ ദേവസ്വം ബോർഡിന്റെ കീഴിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് ഭക്തജനങ്ങൾ സമർപ്പിച്ച ഹർജി 6-4-2016-ന് റവന്യൂ (ദേവസ്വം) വകുപ്പിന് അയച്ചുകൊടുക്കുകയും തുടർന്ന് അയച്ച ഓർമ്മക്കുറിപ്പുകളുടെയും അർദ്ധ ഔദ്യോഗിക കത്തുകൾ അയച്ചതിന്റെയും അടിസ്ഥാനത്തിൽ റവന്യൂ(ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഭക്തജനങ്ങൾ സമർപ്പിച്ച ഹർജിയിന്മേൽ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കാവിലുംപാറ പഞ്ചായത്തിലെ ശ്രീഭഗവതി ക്ഷേത്രം പൊതു ക്ഷേത്രമായി പ്രഖ്യാപിക്കുന്നതിന് 12-10-2017-ൽ ചേർന്ന മലബാർ ദേവസ്വം ബോർഡിന്റെ യോഗത്തിലെ 59-ാം നമ്പർ പ്രകാരം തീരുമാനം കൈക്കൊള്ളുകയും തുടർന്ന് ഹിന്ദുമതധർമ്മ സ്ഥാപന (ഭരണ) നിയമത്തിലെ 57-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സ്വീകരിച്ചു വരുന്നുണ്ട്."

റവന്യൂ(ദേവസ്വം ബോർഡ്)-ൽ നിന്നും ലഭ്യമായ റിപ്പോർട്ട് വിവരം 6-12-2017-ന് ഹർജിക്കാരെ അറിയിക്കുകയും 30-5-2018-ലെ സമിതിയോഗം റിപ്പോർട്ട് പരിഗണിച്ച് ഫയൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

## തദ്ദേശസ്വയംഭരണ വകുപ്പ്

(1) ഭർത്താവിന് വികലാംഗ പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ബിന്ദു ആർ., സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16854/ഹർജി എ 3/2017/നി.സെ.)

ഹർജിക്കാരിയുടെ ഭർത്താവ് മാനസിക രോഗിയാണെന്നും, ടിയാന് പെൻഷൻ അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ഹർജിക്കാരി മുദാക്കൽ പഞ്ചായത്ത് മുമ്പാകെ 25-8-2016-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ആയത് നൽകുന്നതിന് തീരുമാനി ച്ചിട്ടുണ്ടെന്നും, എന്നാൽ പഞ്ചായത്ത് സെക്രട്ടറി ടിയാളുടെ ഭർത്താവിന്റെ ആധാർ

കാർഡിന്റെ പകർപ്പ് നിർബന്ധമായും ആവശ്യപ്പെടുന്നുവെന്നും, ടിയാളുടെ ഭർത്താവ് നിലവിൽ ആധാർ കാർഡ് എടുക്കുന്നതിനുള്ള മാനസികാവസ്ഥയിലല്ലെന്നും പകരമായി തിരിച്ചറിയൽ കാർഡിന്റെയും, പാസ്പോർട്ടിന്റെയും പകർപ്പുകൾ നൽകിയിട്ടുണ്ടെന്നും, പ്രസ്തുത സാഹചര്യത്തിൽ ടിയാളുടെ ഭർത്താവിന്റെ ആധാർ കാർഡ് ഇല്ലാതെ തന്നെ പെൻഷൻ അനുവദിച്ചുനൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 25-8-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

6-2-2017-ലെ സ.ഉ.(എം.എസ്.) 67/2017/ധന. ഉത്തരവ് പ്രകാരം ആധാർ ലഭ്യമല്ലാത്ത അപേക്ഷകർ ഇലക്ഷൻ ഐ.ഡി., റേഷൻ കാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെ പകർപ്പ് ഹാജരാക്കുകയും ആയത് പഞ്ചായത്ത് അധികൃതർക്ക് ബോധ്യപ്പെടുകയും ചെയ്യുന്നപക്ഷം പെൻഷൻ അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ബിന്ദു ആർ., സമർപ്പിച്ച നിവേദനം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ള വിവരം അറിയിക്കുന്നു.

റിപ്പോർട്ടുവിവരം ഹർജിക്കാരിയെ അറിയിച്ചതിനെത്തുടർന്ന് 31-10-2017-ാം തീയതിയായി ലഭ്യമാക്കിയ പ്രതികരണഹർജിയിൽ ഹർജിക്കാരിയുടെ ഭർത്താവിന്റെ വികലാംഗ പെൻഷൻ ലഭിച്ച വിവരം അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടും, പ്രതികരണ ഹർജിയും 11-1-2018-ലെ സമിതി യോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(2) പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഓമന എൻ. ടി., ചേർത്തല സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18486/ഹർജി എ 3/2013/നി.സെ.)

ചേർത്തല നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ നിന്ന് 2012 ഒക്ടോബർ 31-ന് വിരമിച്ച ഹർജിക്കാരിക്ക് നാളിതുവരെയും പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് 20-8-2018-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ചേർത്തല നഗരസഭയിൽ നിന്നും 31-10-2012-ൽ ജൂനിയർ ഹെൽത്ത് നഴ്സ് (ഹയർ ഗ്രേഡ്) തസ്തികയിൽ വിരമിച്ച ശ്രീമതി എൻ. ടി. ഓമനയ്ക്ക് 1-4-2013 മുതൽ 31-3-2015 വരെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് 30-3-2015-ലെ പി7-442/13/ഡി.യു.എ. നമ്പർ ഉത്തരവ് പ്രകാരം നഗരകാര്യ ഡയറക്ടർ മരട് നഗരസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. പെൻഷൻ അലോട്ട്മെന്റിന്റെ അപര്യാപ്തതമൂലമാണ് ഹർജിക്കാരിയായ ശ്രീമതി എൻ. ടി. ഓമനയ്ക്ക് മരട് നഗരസഭയിൽ നിന്നും ഈ കാലയളവിലെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകുവാൻ സാധിക്കാത്തത്. എന്നാൽ സർക്കാർ അനുവദിച്ചുനൽകിയിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ശ്രീമതി എൻ.ടി.ഓമനയ്ക്ക് 1-4-2014 മുതൽ 31-3-2015 വരെയുള്ള പെൻഷൻ ആനുകൂല്യ മിനത്തിലുള്ള 3,30,900 രൂപ 18-1-2018 തീയതിയിലെ 6317981-ാം നമ്പർ ചെക്ക് പ്രകാരം 22-1-2018-ൽ നൽകിയിട്ടുണ്ടെന്നും, 31-3-2015-നുശേഷം ചേർത്തല നഗരസഭയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ടെന്നുമുള്ള വിവരം അറിയിക്കുന്നു".

പ്രസ്തുത റിപ്പോർട്ട് 11-7-2018-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(3) തന്റെ വീടിന് ഭീഷണിയായി അയൽവാസിയുടെ വസ്തുവിൽ നിൽക്കുന്ന മരം മുറിച്ചു മാറ്റുന്നതിനും തന്നെ ലൈംഗികമായി ആക്രമിച്ച പോലീസുകാർക്കെതിരെയും ഭർത്താവിനെ കള്ളക്കേസിൽ കുടുക്കുവാൻ ശ്രമിക്കുന്ന അയൽവാസിക്കെതിരെയും, നടപടി സ്വീകരിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സിന്ധു, നെയ്യാറ്റിൻകര സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 17203/ഹർജി ബി3/2017/നി.സെ.)

അയൽവാസിയായ ശ്രീമതി ഗ്രേസിയും, മകളും തന്റെ ഭർത്താവിനെ കള്ളക്കേസിൽ കുടുക്കുവാൻ ശ്രമിക്കുന്നുവെന്നും ആയതിനാൽ ടിയാൾക്കും, ഭർത്താവിനും സംരക്ഷണം നല്കുന്നതിനും കേസന്വേഷണത്തിന്റെ ഭാഗമായി ടിയാളുടെ വീട്ടിലെത്തിയ പോലീസുദ്യോഗസ്ഥർ ടിയാൾക്ക് നേരെ ലൈംഗികാതിക്രമം നടത്തിയതിനാൽ ടി ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാളുടെ വീടിന്റെ അസ്ഥിവാരത്തിനും മേൽക്കൂരക്കും ഭീഷണിയായി നിൽക്കുന്ന അയൽവാസിയുടെ വസ്തുവിലെ പുളിമരത്തിന്റെ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിനും നടപടി ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സിന്ധു 27-3-2017-ൽ സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 6-4-2017-ൽ ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു

ടി ഹർജിയിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് 25-8-2017-ലെ കത്തുമുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര പ്ലാമൂട്ടുക്കട, നല്ലൂർവട്ടം എസ്.എസ്. ഭവനിൽ ശ്രീമതി സിന്ധുവിന്റെ വീടിന് ഭീഷണിയായി, അയൽവാസിയായ ശ്രീമതി ഗ്രേസിയുടെ വസ്തുവിൽ നിലനിന്നിരുന്ന പുളിമരം മുറിച്ചുമാറ്റി പരാതി പരിഹരിച്ചതായി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

4-1-2018-ൽ ചേർന്ന സമിതി യോഗം ടി റിപ്പോർട്ട് പരിഗണിക്കുകയുണ്ടായി.

ഹർജിയിലെ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിന്മേലുള്ള നടപടികൾ തുടർന്നു വരുന്നു.

### ആരോഗ്യകുടുംബക്ഷേമ വകുപ്പ്

(1) വൈകിയ പെൻഷനും ആനുകൂല്യങ്ങൾക്കും, പലിശ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി പി. സുശീല, റാന്നി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19215/ഹർജി എ 1/2013/നി.സെ.)

ഹർജിക്കാരി പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ സ്റ്റോർ സൂപ്രണ്ടായിരിക്കേ 31-3-2011-ൽ സർവ്വീസിൽനിന്നും വിരമിച്ചു. എന്നാൽ ഒന്നേകാൽ വർഷം കഴിഞ്ഞ് 2012 ആഗസ്റ്റിലാണ് പെൻഷൻ ലഭിച്ചത്. പെൻഷൻ ആനുകൂല്യങ്ങൾ താമസിച്ചാൽ ആ കാലയളവിലേക്ക് പലിശ നൽകുന്നതിന് നിയമമുണ്ടെന്നും പെൻഷൻ താമസിക്കുന്നത് സംബന്ധിച്ചും, പലിശ ലഭിക്കണമെന്നാവശ്യപ്പെട്ടും ആരോഗ്യ വകുപ്പ് ഡയറക്ടർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയിരുന്നുവെന്നും ശേഷം ബഹു. മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പ് സെക്രട്ടറിക്കും അപേക്ഷ നൽകിയിരുന്നുവെന്നും 21-9-2013-ൽ ലഭിച്ച ഹർജിയിൽ വ്യക്തമാക്കിയിരിക്കുന്നു. "എന്നാൽ ഒരു വർഷത്തിനുശേഷം 6-7-2013-ൽ പെൻഷൻകുടിശ്ശികയ്ക്ക് പലിശ നൽകാൻ ചട്ടപ്രകാരം വ്യവസ്ഥ ഇല്ലാത്തതിനാൽ പലിശ ലഭിക്കില്ല" എന്ന അറിയിപ്പാണ് ധനകാര്യ വകുപ്പിൽനിന്നും ലഭിച്ചതെന്നും ആകയാൽ പലിശ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമായിരുന്നു പ്രസ്തുത ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ 12-11-2013-ൽ ധനകാര്യ (പി.ഡബ്ല്യു.സി.എ.) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 23-4-2014-ലെ സമിതിയോഗം പരിഗണിക്കുകയും, പെൻഷൻ ആനുകൂല്യങ്ങൾ വൈകിപ്പിക്കുന്നത് ഒരു സാധാരണ കാര്യമായി മാറിയിരിക്കുന്നതിനാൽ പ്രസ്തുത ഹർജി സംബന്ധിച്ച് ധനകാര്യം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

ആയതിൻപ്രകാരം 1-3-2016-ലെ തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത ഹർജി പരിഗണിക്കുകയും കാലാകാലങ്ങളായി നടന്നുവരുന്ന അനീതിയുടെ ഭാഗമായാണ് ഈ

വിഷയത്തേയും കാണാൻ കഴിയുന്നതെന്നും, വകുപ്പ് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാതെ വരുന്നതിനാൽ ഗുണഭോക്താക്കൾക്ക് കിട്ടേണ്ട ആനുകൂല്യം യഥാസമയം ലഭിക്കാറില്ലെന്നും, അതിൽ ഒരു മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തുകയും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ആയതിൻപ്രകാരം ധനകാര്യ (പി.ഡബ്ല്യു.സി.എ.) വകുപ്പിൽനിന്നും 18-8-2016-ന് ലഭിച്ച റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരം അറിയിച്ചിരുന്നു.

"ഹർജികൾ സംബന്ധിച്ച സമിതി (2014-2016) 1-3-2016-ലെ തെളിവെടുപ്പിൽ ധനകാര്യ വകുപ്പിലെ പ്രതിനിധിയോട് ടി വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കാനും അത് ലഭ്യമാക്കി ഫയൽ തീർപ്പാക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ 22-7-2016-ൽ ലഭ്യമാക്കിയ മറുപടിയിൽ, ആശുപത്രി സൂപ്രണ്ടുമാരായിരുന്ന ഡോ. ഷീലാ ജോസഫ്, ഡോ. ആർ. ശ്രീലത (6-6-2011-ന് സൂപ്രണ്ടായി ജോയിൻ ചെയ്തു). ശ്രീ. റ്റി. ചന്ദ്രൻ, (ലേ സെക്രട്ടറി & ട്രഷറർ) ശ്രീ. ഭക്തവത്സലൻ പിള്ള (ലേ സെക്രട്ടറി & ട്രഷറർ, 5-6-2011-ന് ജോയിൻ ചെയ്തു) സെക്ഷൻ ക്ലാർക്ക് ഡി. ജോസ് എന്നിവർ കടുത്ത അച്ചടക്കലംഘനം, കൃത്യവിലോപം എന്നീ കുറ്റങ്ങൾ ചെയ്തതായി കണ്ടെത്തുകയും ആശുപത്രി സൂപ്രണ്ടുമാരായിരുന്ന ഡോ. ഷീലാ ജോസഫ്, ഡോ. ആർ. ശ്രീലത എന്നിവർക്കെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിനായി 8-7-2015-ലെ കത്ത് നമ്പർ ഇ.സി.5-9768/15/ആ.വ.ഡ. പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനോട് (സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്) അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ശ്രീ. റ്റി. ചന്ദ്രൻ, ശ്രീ. ഭക്തവത്സലൻ പിള്ള എന്നിവർ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ഇവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സാധിക്കാത്തതിനാൽ ടി വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയിലെ സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ. ഡി. ജോസിനെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് 14-7-2016-ലെ ഉത്തരവ് നമ്പർ ഇ.സി5-9768/15/ആ.വ.ഡ. പ്രകാരം ഉത്തരവായിട്ടുണ്ടെന്നും 22-7-2016-ലെ കത്ത് നമ്പർ എ.ബി.3/94701/2014/ആ.വ.ഡ. പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 26-10-2016-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും, അച്ചടക്കലംഘനവും, കൃത്യവിലോപവും കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി

സ്വീകരിച്ചുവെന്ന് വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കാനും നിർദ്ദേശിച്ചു. ഹർജിക്കാരിയുടെ അപേക്ഷയിൽ കമ്മിറ്റി സ്വീകരിച്ച നടപടികൾ അറിയാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള അനന്തര നടപടികളും അറിയാൻ താൽപര്യമുണ്ടെന്നും ടിയാൾ 27-12-2016-ലെ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ് ലഭ്യമാക്കിയ 28-7-2017-ലെ എച്ച്1/38/2017/ഹെൽത്ത് നമ്പർ കത്ത് മുഖേനയുള്ള റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരം അറിയിച്ചിരുന്നു.

"ഹർജി സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീമതി പി. സുശീലയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി 21-2-2011-ന് എ.ജി.-യ്ക്ക് കത്തയച്ചിട്ടുള്ളതാണെന്നും എന്നാൽ ടിയാരിയുടെ സേവനപുസ്തകം 14-11-2011-ൽ മാത്രമാണ് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിന്നും എ.ജി.-യ്ക്ക് ലഭ്യമാക്കിയത് എന്നും ആയതുപ്രകാരം 2012 ജൂലൈയിൽ എ.ജി. പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ് എന്നും അറിയിച്ചിരുന്നു. കൂടാതെ പ്രസ്തുത വിഷയത്തിൽ കാലതാമസം വരുത്തിയ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രസ്തുത കാലയളവിൽ ലേ സെക്രട്ടറി & ട്രഷറർ തസ്തികയിലെ ഉദ്യോഗസ്ഥരായിരുന്ന ശ്രീ. റ്റി. ചന്ദ്രൻ, ശ്രീ. ഭക്തവത്സലൻപിള്ള എന്നിവർക്കെതിരായും സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. ഡി. ജോസിനെതിരായും അച്ചടക്ക നടപടി സ്വീകരിക്കുകയും ശ്രീ. ഡി. ജോസിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുകയും ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തു. ആശുപത്രി സൂപ്രണ്ടുമാരായിരുന്ന ഡോ. ഷീലാ ജോസഫ്, ഡോ. ആർ. ശ്രീലത എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു.

സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. റ്റി. ചന്ദ്രൻ, ശ്രീ. ഭക്തവത്സലൻ പിള്ള എന്നിവർക്കെതിരെ അച്ചടക്ക നടപടി തുടരാനായി ആരോഗ്യ വകുപ്പ് ഡയറക്ടറോട് ബന്ധപ്പെട്ട രേഖകളും ഫയലും നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് അച്ചടക്ക നടപടികൾ ആരംഭിക്കുന്നതാണ്. സൂപ്രണ്ടുമാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 11-1-2018-ലെ സമിതി യോഗം പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(2) ഭർത്താവിന്റെ ഗ്രാറ്റുവിറ്റി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി നാരായണി, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20099/ഹർജി എ 4/2016/നി.സെ.)

ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ ആയിരുന്ന ഹർജിക്കാരിയുടെ ഭർത്താവ് 31-7-2003-ൽ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും ടിയാൻ 14-8-2003-ൽ മരണപ്പെട്ട് ആറുമാസത്തിനുശേഷം കുടുംബ പെൻഷൻ അനുവദിച്ചുകിട്ടിയെന്നും എന്നാൽ ടിയാന്റെ ഗ്രാറ്റുവിറ്റി തുക ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

ഹർജിയിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 13-4-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"ശ്രീമതി നാരായണി മരിച്ചുപോയ തന്റെ ഭർത്താവ് ശ്രീ. എം. ഡി. ഫിലിപ്പിന്റെ ഡി.സി.ആർ.ജി. തുക ലഭിച്ചില്ല എന്ന് പരാതിപ്പെട്ടിരുന്നു. എന്നാൽ പെൻഷൻ അപേക്ഷയിൽ പെൻഷൻ ബുക്ക് പേജ് നമ്പർ 23-ലെ കുടുംബാംഗങ്ങളുടെ വിശദാംശങ്ങൾ പ്രകാരം ശ്രീമതി നാരായണിയുടെ പേര് മാത്രമാണ് ഉണ്ടായിരുന്നത്. ആയതിനാൽ ശ്രീമതി നാരായണിയുടെ പേർക്ക് മാത്രമാണ് ഡി.സി.ആർ.ജി. അനുവദിച്ച് നൽകിയത്. എന്നാൽ അവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ മകനായ ശ്രീ. ബിനോയ് കൂടി ഡി.സി.ആർ.ജി.-യ്ക്ക് അർഹനായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശപ്രകാരം ശ്രീ. ബിനോയിക്ക് കൂടി ഡി.സി.ആർ.ജി. അനുവദിക്കുകയും പരിഷ്കരിച്ച അനുവാദ ഉത്തരവ് നൽകുകയും ചെയ്തു. തുടർന്ന് അക്കൗണ്ടന്റ് ജനറലിന് റിവൈസ്ഡ് ഡി.സി.ആർ.ജി. സാങ്ഷൻ ഓർഡറും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറലിൽ നിന്നും ഡി.സി.ആർ.ജി. അനുവദിച്ചിരുന്നു. കൂടാതെ എൻ.എൽ.സി.-യും നൽകിയിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 24-12-2018-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

## ജലവിഭവ വകുപ്പ്

(1) ഗ്രാറ്റുവിറ്റി പുനർനിർണ്ണയിക്കുന്നതിനും പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എസ്. ഗണേശൻപിള്ള, കൊല്ലം സമർപ്പിച്ച് ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 19651/ഹർജി എ 2/2017/നി.സെ.)

ഗ്രാറ്റുവിറ്റി പുനർനിർണ്ണയിക്കുന്നതിനും പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നതായിരുന്നു ശ്രീ. എസ്. ഗണേശൻപിള്ള, കൊല്ലം സമർപ്പിച്ച ഹർജിയിലെ ആവശ്യം. ഹർജി വിഷയത്തിന്മേൽ 23-10-2018-ാം തീയതിയായി ജലവിഭവ(എ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ജലസേചനവകുപ്പിൽ നിന്നും എസ്.എൽ.ആർ. വർക്കറായി 30-11-2011-ൽ വിരമിച്ച ശ്രീ. എസ്. ഗണേശൻ പിള്ളയ്ക്ക് കൊട്ടാരക്കര മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15-7-2017-ലെ order No. AB2-466/17 പ്രകാരം അനുവദിച്ച 2009-ലെ പേ റിവിഷൻ കുടിശ്ശികയായ 55,052 രൂപ 20-4-2018-ൽ ട്രഷറിയിൽ നിന്നും പാസ്സായിട്ടുണ്ട്. കൂടാതെ ടിയാളുടെ പേ റിവിഷൻ പ്രകാരമുള്ള ഗ്രാറ്റുവിറ്റി തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 24-10-2018 തീയതിയിലെ സമിതി യോഗത്തിൽ അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

(2) കുടിവെള്ളം മുടക്കിയവർക്കെതിരെ നടപടിയാവശ്യപ്പെട്ട് ശ്രീ. രാജേന്ദ്രൻ ചെട്ടിയാർ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19573/ ഹർജി എ 3/2017/നി.സെ.)

(മുൻ ഫയൽ നമ്പർ 12435/ ഹർജി ബി4/2014/നി.സെ.)

ഹർജിക്കാരന്റെ വീട്ടിലേക്ക് വെള്ളം കിട്ടുന്നതിനായി സ്ഥാപിച്ച പൈപ്പ്, വാൽവ് മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ രാജേന്ദ്രൻ പിള്ള, ഹസ്സൻ, ഷാഹുൽ എന്നിവർ ചേർന്ന് തകർത്തുവെന്നും ഇത് സംബന്ധിച്ച് കുണ്ടറ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയപ്പോൾ, വാട്ടർ അതോറിറ്റിയാണ് നടപടിയെടുക്കേണ്ടത് എന്നുപറഞ്ഞ് തള്ളിയതായും വാട്ടർ അതോറിറ്റി അധികാരികൾക്ക് പരാതി നൽകിയിട്ട് ഫലം കണ്ടില്ലെന്നും ആയതിനാൽ പൈപ്പ് പുനഃസ്ഥാപിച്ച് വെള്ളം ലഭ്യമാക്കണമെന്നും അത് തകർത്തവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണമെന്നതുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ജലവിഭവ (ജലവിതരണ) വകുപ്പ് 10-8-2017-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. രാജേന്ദ്രൻ ചെട്ടിയാരുടെ വീട്ടിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കിയിരുന്നത് മാമ്പുഴ നാലുമുക്കിലുള്ള ഓവർ ഹെഡ് ടാങ്കിൽ നിന്നാണ്. ഈ ടാങ്കിലേയ്ക്ക് ജലം പമ്പ് ചെയ്യുന്നത് പണ്ടാരക്കുളത്ത് സ്ഥാപിച്ചിരുന്ന കുഴൽക്കിണറിൽ നിന്നുമാണ് ടി കുഴൽക്കിണർ തകരാറായതിനുശേഷം ഭൂജലവകുപ്പിനെക്കൊണ്ട് തകരാർ പരിഹരിക്കുന്നതിനുള്ള

ശ്രമങ്ങളുടെ ഭാഗമായി ഡെവലപ്പ് ചെയ്തിരുന്നു. അതിനുശേഷം കിണറിലെ ജലലഭ്യത കുറവാണെന്നും ശേഷി കുറഞ്ഞ പമ്പ് സെറ്റ് മാത്രമേ ഉപയോഗിക്കാവൂ എന്നും ഭൂജല വകുപ്പ് നിർദ്ദേശിച്ചിരുന്നു. ടാങ്ക് സൈറ്റിലെ കുഴൽക്കിണർ നിർമ്മിച്ച നാൾ മുതൽ ജലലഭ്യത വളരെ കുറവാണ്. ഈ രണ്ട് കാരണങ്ങളാൽ ഓവർ ഹെഡ് ടാങ്ക് നിറച്ച് ജലവിതരണം നടത്തുവാൻ സാധിക്കാത്തതിനാൽ പരാതിക്കാരന് വിരളമായേ ജലം ലഭിക്കുമായിരുന്നുള്ളൂ. കൂടാതെ പരാതിയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ വാട്ടർ കണക്ഷൻ നശിപ്പിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി ലൈനിലെ ഒരു വാൽവ് സമീപത്തുള്ളവർ അവർക്ക് വെള്ളം സുലഭമായി ലഭിക്കുന്നതിനുവേണ്ടി തുറന്നു വയ്ക്കുകയാണുണ്ടായത്.

ശ്രീ. രാജേന്ദ്രൻ ചെട്ടിയാരുടെ പേരിലുള്ള KTK/2489/D എന്ന കണക്ഷൻ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം 27-12-2015-ൽ വിച്ഛേദിച്ചിട്ടുള്ളതാണ്. കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ ജലവിതരണം സുഗമമാക്കുന്നതിന് കൊല്ലം കോർപ്പറേഷനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയിൽ 5 എം.എൽ.ഡി. ജലം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് വേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ഇതിനാൽ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 14-11-2018-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(3) പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി റോസ് ആന്റോ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19750/ഹർജി എ 4/2017/നി.സെ.)

(മുൻ ഫയൽ നമ്പർ 14954/ഹർജി ബി3/13/നി.സെ.)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറായി വിരമിച്ച ശ്രീമതി റോസ് ആന്റോയ്ക്ക് പെൻഷൻ ആനുകൂല്യങ്ങളായ പെൻഷൻ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിച്ച് നൽകിയിട്ടില്ലാത്തതിനാൽ ആയത് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലൂടെ അപേക്ഷിച്ചിരുന്നത്.

പ്രസ്തുത ഹർജി റിപ്പോർട്ടാവശ്യപ്പെട്ട് 16-5-2013-ലെ കത്തുമുഖേന ജലവിഭവ വകുപ്പിന് അയച്ചിരുന്നു. അതിന്മേൽ ലഭിച്ച ജലവിഭവ (ജലവിതരണ-ബി) വകുപ്പിന്റെ 30-5-2014-ലെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ അനുവദിച്ച് നൽകേണ്ടത് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസ് ആണ്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറായി 31-3-2011-ൽ

വിരമിച്ച ശ്രീമതി റോസ് ആന്റോയുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള അപേക്ഷ കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ 23-4-2011-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചു. ആയത് ഫൈനൽ ആഡിറ്റ് ഉൾപ്പെടെ പൂർത്തിയാക്കി തുക അനുവദിക്കുന്നതിന് LPC, NEC, LC/NLC എന്നിവ നൽകണമെന്ന് കാണിച്ച് 16-6-2011-ൽ മാനേജിംഗ് ഡയറക്ടർ തൃശ്ശൂർ പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകി.

3-9-2011-ൽ LPC-യും NEC-യും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2011 ഒക്ടോബറിൽ പെൻഷൻ മാത്രം അനുവദിച്ചു നൽകി. LC/NLC എന്നിവ ലഭിക്കാത്തതിനാൽ മറ്റ് ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുവാൻ കഴിഞ്ഞില്ല. 14-3-2012-ൽ ശ്രീമതി റോസ് ആന്റോ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയ അപേക്ഷ ടിയാളുടെ LC/NLC ലഭ്യമാക്കുന്നതിനായി തൃശ്ശൂർ പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചു കൊടുക്കുകയുണ്ടായി. ശ്രീമതി റോസ് ആന്റോയുടെ LC/NLC എന്നിവ അയച്ചു തരണമെന്നാവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, തൃശ്ശൂർ പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയും നിരവധി തവണ ഫോണിൽ ബന്ധപ്പെടുകയും ചെയ്തെങ്കിലും 15-10-2013-ൽ മാത്രമാണ് LC/NLC എന്നിവ ലഭിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി റോസ് ആന്റോയ്ക്ക് 4-11-2013-ൽ ഡി.സി.ആർ.ജി.-യും പെൻഷൻ കമ്മ്യൂട്ടേഷനും അനുവദിച്ചുനൽകുകയും ചെയ്തു.

ഹർജിക്കാരിക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് കാലതാമസം ഉണ്ടായത് തൃശ്ശൂർ പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ താമസം കൊണ്ടാണെന്നാണ് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ ഇത് സംബന്ധിച്ച് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

സർക്കാരിൽ നിന്നും ലഭിച്ച ടി റിപ്പോർട്ട് ഹർജിക്കാരിയെ അറിയിച്ചതിനെത്തുടർന്ന് 30-6-2014-ൽ ലഭ്യമാക്കിയ പ്രതികരണ ഹർജിയിൽ ഗ്രാറ്റുവിറ്റി തുകയും പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത തുക ലഭിച്ചിട്ടില്ലെന്നും തൃശ്ശൂർ ഇരിങ്ങാലക്കുട ഓഫീസിൽ അന്വേഷിച്ചപ്പോൾ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ ഫണ്ട് ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചതെന്നും സൂചിപ്പിച്ചിരുന്നു.

ടി പ്രതികരണഹർജിയും, സർക്കാർ റിപ്പോർട്ടും 31-3-2015-ലെ സമിതി യോഗം പരിഗണിക്കുകയും ജലവിഭവ വകുപ്പിനോട് റിപ്പോർട്ടാവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു. 16-7-2015 ന് റിപ്പോർട്ടാവശ്യപ്പെട്ട് വകുപ്പിന് കത്തയച്ചുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തതിനെത്തുടർന്ന് 22-9-2015-ൽ ടി വിഷയത്തിന്മേൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. ടി തെളിവെടുപ്പ് യോഗത്തിൽ ഹർജിക്കാരിക്ക് നൽകാൻ അവശേഷിക്കുന്ന പെൻഷൻ കമ്മ്യൂട്ടേഷൻ തുക പ്രയോറിറ്റി നിശ്ചയിച്ച് എത്രയും വേഗം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി. തുടർന്ന് 11-5-2017-ാം തീയതിയായി ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി റോസ് ആന്റോ കെ., അസിസ്റ്റന്റ് എഞ്ചിനീയർക്ക് (റിട്ടയേർഡ്) ഗ്രാറ്റുവിറ്റി ഇനത്തിൽ മൊത്തം തുകയായ Rs. 7,00,000 രൂപയിൽ Rs. 3,30,000 രൂപ 24-9-2014-ലും ബാക്കി തുകയായ Rs. 3,70,000 രൂപ 10-2-2015-ലും അവരുടെ 67004730785 എന്ന ബാങ്ക് അക്കൗണ്ടിൽ നൽകിയിട്ടുണ്ടെന്നും കമ്മ്യൂട്ടേഷൻ ഇനത്തിൽ മൊത്തം തുകയായ Rs. 10,32,049 രൂപയിൽ Rs. 4,83,066 രൂപ 10-2-2015-ലും Rs. 4,49,637 രൂപ 12-10-2015-ലും Rs. 99,346 രൂപ 21-1-2016-ലും ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി എം. ഡി. അറിയിച്ചിട്ടുണ്ട്."

ടി റിപ്പോർട്ട് 25-10-2017-ലെ സമിതി യോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(4) തന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സേതുരാമൻ കെ., ഇരിങ്ങാലക്കുട സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19653/ഹർജി എ 4/2017/നി.സെ.)

(മുൻ ഫയൽ നമ്പർ 16621/ഹർജി ബി1/2014/നി.സെ.)

ഹർജിക്കാരൻ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അക്കൗണ്ട്സ് ഓഫീസറായി 31-7-2013-ൽ റിട്ടയർ ചെയ്ത വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, 2013 ആഗസ്റ്റ് മുതൽ 2014 ജനുവരി വരെയുള്ള പെൻഷൻ, ടെർമിനൽ സറണ്ടറിന്റെ ബാക്കി തുക എന്നിവ ഇനിയും ലഭിച്ചിട്ടില്ലായെന്നും ആയത് ലഭ്യമാക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്നുമായിരുന്നു 11-4-2014-ാം തീയതി സമർപ്പിച്ച ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ജലവിഭവവകുപ്പ് ലഭ്യമാക്കിയ 19-9-2015-ലെ റിപ്പോർട്ട് ഇപ്രകാരമാണ്.

"ശ്രീ. സേതുരാമൻ, അക്കൗണ്ട്സ് ഓഫീസർ (റിട്ട.)-ന് കമ്മ്യൂട്ടേഷൻ ഇനത്തിൽ 10,08,458 രൂപ നൽകുവാനുണ്ട്.

ഇപ്പോൾ അർഹമായ പെൻഷൻ കൊടുക്കുന്നുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി കാരണം പൊതുവായി കമ്മ്യൂട്ടേഷൻ ആനുകൂല്യം യഥാസമയം നൽകുവാൻ സാധിച്ചിട്ടില്ല. സാമ്പത്തിക സ്ഥിതിയിൽ പുരോഗതി വരുന്നതിനനുസൃതമായി ആയത് പൂർണ്ണമായും വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു."

ടി റിപ്പോർട്ട് 22-9-2015-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജിക്കാരന് പ്രത്യേകപരിഗണന നൽകി അടുത്ത സ്പെഷ്യൽ കേസ്സായി ടിയാന്റെ അപേക്ഷ പരിഗണിച്ച് ആനുകൂല്യങ്ങളെല്ലാം കൊടുത്തു തീർത്ത് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻപ്രകാരം ജലവിഭവ വകുപ്പ് 11-5-2017-ാം തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. കെ. സേതുരാമൻ, അക്കൗണ്ട്സ് ഓഫീസർക്ക് (റിട്ടയേർഡ്) ഗ്രാറ്റുവിറ്റി ഇനത്തിൽ Rs. 7,00,000 രൂപ 24-9-2014-ൽ അദ്ദേഹത്തിന്റെ 67051345518 എന്ന ബാങ്ക് അക്കൗണ്ടിൽ നൽകിയിട്ടുള്ളതായും കമ്മ്യൂട്ടേഷൻ ഇനത്തിൽ മൊത്തം തുകയായ Rs. 10,08,458 രൂപയിൽ Rs. 8,57,038 രൂപ 12-10-2015-ലും ബാക്കി തുകയായ Rs. 1,51,420 രൂപ 25-1-2016-ലും അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതായും കേരള വാട്ടർ അതോറിറ്റി എം.ഡി. അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു."

ടി റിപ്പോർട്ട് 25-10-2017-ലെ സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**ഉന്നത വിദ്യാഭ്യാസ വകുപ്പ്**

(1) **10-ാം ധനകാര്യ കമ്മീഷൻ ആനുകൂല്യങ്ങൾ ലൈബ്രറി കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും അനുവദിക്കാത്തത് സംബന്ധിച്ച് ശ്രീമതി കെ. സി. രമണി സമർപ്പിച്ച ഹർജി.**

(ഫയൽ നമ്പർ 20892/ഹർജി എ 2/2016/നി.സെ.)

10-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ ലൈബ്രറി കൗൺസിൽ ജീവനക്കാർക്കും കുടുംബ പെൻഷൻകാർക്കും ലഭ്യമാക്കണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം. ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും 15-12-2017 തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് 23-8-2017-ലെ സ.ഉ.(പി)10/2017/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 11-7-2018-ലെ സമിതിയോഗത്തിൽ അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

(2) പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി വൃന്ദാദേവി, ഒറ്റപ്പാലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 26153/ഹർജി എ 3/2017/നി.സെ.)

ഹർജിക്കാരി ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജിലെ ലൈബ്രേറിയൻ ഗ്രേഡ്-I തസ്തികയിൽ നിന്നും 31-5-2016-ൽ വിരമിച്ചുവെന്നും, എന്നാൽ വിരമിച്ച് 1½ വർഷം കഴിഞ്ഞിട്ടും, കോളേജ് അധികൃതർ എൻ.എൽ.സി. നൽകാത്ത കാരണത്താൽ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുന്നതിനുവേണ്ട അടിയന്തരനടപടികൾ സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് 6-4-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഡോ. വൃന്ദാദേവി 31-5-2016-ന് വിരമിച്ചുവെങ്കിലും 10-3-2017-ലെ G1/Pen/2393/2017 നമ്പർ കത്ത് പ്രകാരം 16-3-2017-ന് മാത്രമാണ് തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പെൻഷൻ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത്. പെൻഷൻ പറ്റുന്നതിന് ഒരു വർഷം മുമ്പ് പെൻഷൻ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്ന് കോളേജ് അധികാരികൾക്ക് അറിയാവുന്ന കാര്യമാണെങ്കിലും പരാതിക്കാരിയുടെ കാര്യത്തിൽ റിട്ടയർ ചെയ്ത് ഏകദേശം 10 മാസത്തിനുശേഷം മാത്രമാണ് പെൻഷൻ പ്രൊപ്പോസൽ സമർപ്പിച്ചത്.

പരാതിക്കാരി കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ ജോലി ചെയ്ത കാലത്തെ സേവന സാക്ഷ്യപത്രം സി2/5787/17-ാം നമ്പർ കത്ത് പ്രകാരം 10-7-2017-ലാണ് ലഭ്യമായത്. ഇതിനുശേഷം ടി പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുകയും അക്കൗണ്ടന്റ് ജനറലിന്റെ 6-10-2017-ലെ PR2101788423/P12/15/1017366985-ാം നമ്പർ കത്ത് പ്രകാരം പരാതിക്കാരിക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഇതിനെ തുടർന്ന് കോളേജ് പ്രിൻസിപ്പാൾ 24-10-2017-ലെ G1/Pen 3535/17-ാം നമ്പർ കത്ത് പ്രകാരം LPC സമർപ്പിക്കുകയും ആയത് പരിശോധിച്ച് തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ മേലൊപ്പ് ചാർത്തി 6-11-2017-ൽ ഒറ്റപ്പാലം സബ്ട്രഷറി ഓഫീസർക്ക് നൽകിയിട്ടുമുണ്ട്. കൂടാതെ 17-11-2017-ലെ G1/Pen 3535/17 എന്ന കത്ത് പ്രകാരം കോളേജ് പ്രിൻസിപ്പാൾ എൻ.എൽ.സി. സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എൻ.എൽ.സി., എൻ.ഒ.സി. എന്നിവ 4-12-2017-ൽ ഒറ്റപ്പാലം

സബ്ട്രഷറി ഓഫീസർക്ക് നൽകിയിട്ടുള്ളതാകുന്നു. പെൻഷനാകുന്നതിന് ഒരു വർഷം മുൻപ് പെൻഷൻ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നിലവിലുണ്ടെങ്കിലും റിട്ടയർ ചെയ്ത് 10 മാസത്തോളം പെൻഷൻ പ്രൊപ്പോസൽ സമർപ്പിക്കാൻ കാലതാമസമെടുത്ത കോളേജ് അധികൃതരുടെ നടപടിയാണ് കാലതാമസത്തിന് കാരണമെന്നും ഈ വിഷയത്തിൽ ഓഫീസ് സംബന്ധമായ നടപടിക്രമങ്ങളുടെ ഭാഗമായുണ്ടായ കാലതാമസമല്ലാതെ പരാതിക്കാരിയുടെ പെൻഷൻ പ്രൊപ്പോസലിന്മേൽ നടപടികൾ സ്വീകരിക്കുന്നതിൽ തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്ന് കാണുന്നു."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 10-4-2018-ലെ തെളിവെടുപ്പുയോഗത്തിൽ പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## പൊതുവിദ്യാഭ്യാസ വകുപ്പ്

(1) അധ്യാപകനിയമനത്തിന് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ജയ്താറാണി, നാലാഞ്ചിറ സമർപ്പിച്ച ഹർജിയിന്മേലുള്ള സമിതി ശുപാർശ കളിന്മേലുള്ള സർക്കാർ നടപടി.

(ഫയൽ നമ്പർ 12262/ഹർജി എ 1/2010/നി.സെ.)

പാറശ്ശാല, കാരക്കോട് യു.പി.എസ്.-ൽ സംസ്കൃതം ടീച്ചറുടെ ഒഴിവ് ഉണ്ടെന്ന പത്രപ്പരസ്യപ്രകാരം അപേക്ഷ അയച്ച ഹർജിക്കാരിയെ സമീപിച്ച് മാനേജർ ജോലി വാഗ്ദാനം ചെയ്തുവെന്നും ആയതിൻപ്രകാരം ഹർജിക്കാരി തന്റെ വിവാഹാവശ്യത്തിനായി കരുതിയിരുന്ന ആഭരണങ്ങൾ വിറ്റും താമസിക്കുന്ന വീട് പണയപ്പെടുത്തിയും 2½ ലക്ഷത്തോളം രൂപ മാനേജർക്ക് നൽകുകയും, 23-9-1998 മുതൽ 11-12-1998 വരെ സംസ്കൃതം ടീച്ചറായി എസ്. കോമളകുമാരി അമ്മയുടെ ലീവ് വേക്കൻസിയിൽ മാനേജർ ഹർജിക്കാരിയെ നിയമിക്കുകയും ചെയ്തു. കോമളകുമാരി അമ്മ ടീച്ചർ റിട്ടയർ ചെയ്യുന്ന ഒഴിവിലേക്ക് ഹർജിക്കാരിയുടെ ക്ലെയിം നിലനിൽക്കെ തന്നെ അവരെക്കൊണ്ട് വീണ്ടും ലീവെടുപ്പിച്ച് സുധ എന്ന ടീച്ചറെ നിയമിച്ചു. ഇത് സംബന്ധിച്ച് ഹർജിക്കാരി എ.ഇ.ഒ., ഡി.പി.ഐ. എന്നിവർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനത്തിന് അംഗീകാരം നൽകാൻ പാറശ്ശാല എ.ഇ.ഒ.-യ്ക്ക് അഡീഷണൽ ഡി.പി.ഐ.-യുടെ 22-10-1999 തീയതിയിലെ നമ്പർ എഫ്1/5956/99/ഡി.പി.ഐ. എന്ന ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാറശ്ശാല എ.ഇ.ഒ. പാലിക്കാതിരിക്കുകയും ഹർജിക്കാരിക്ക് റിട്ടയർമെന്റ് വേക്കൻസിയിൽ പുനർനിയമനം നൽകാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഹർജിക്കാരി 25-5-2000-ൽ സമിതി മുൻപാകെ ഹർജി സമർപ്പിച്ചത്.

13-12-2006-ലെ തെളിവെടുപ്പ് യോഗത്തിൽ ഹർജികളും റിപ്പോർട്ടുകളും പരിഗണിച്ച സമിതിയ്ക്ക് ആഭ്യന്തരവകുപ്പിൽനിന്നും പൊതുവിദ്യാഭ്യാസവകുപ്പിൽ നിന്നും ഹർജിക്കാരിക്ക് നീതി ലഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെടുകയും ടിയാൾക്ക് നീതി നടപ്പാക്കി നൽകുകയാണ് സമിതിയുടെ ചുമതലയെന്ന് അഭിപ്രായപ്പെടുകയും ഹർജിക്കാരിയായ അധ്യാപികയ്ക്ക് നിർഭയമായി ജോലി നിർവ്വഹിക്കാനും പഠിപ്പിക്കാനുമുള്ള അവസരം സൃഷ്ടിക്കുന്നതിന് ആഭ്യന്തര-വിദ്യാഭ്യാസ വകുപ്പുകൾ കർശനനടപടി സ്വീകരിക്കണമെന്നതുൾപ്പെടെ ആറ് ശിപാർശകൾ നൽകുകയും ചെയ്തു. തുടർന്ന് പൊതുവിദ്യാഭ്യാസം, ആഭ്യന്തരം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ട് വിവരം സമിതി പരിഗണിയ്ക്കുകയും ഫയൽ നടപടികൾ അവസാനിപ്പിയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ശേഷം സമിതി ശിപാർശകളിൽ മൂന്നാമത്തേതായ "കെ.ഇ.ആർ.-ലെ വ്യവസ്ഥകൾ പ്രകാരം ഗവൺമെന്റ് സ്കൂൾ ഏറ്റെടുക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കണം" എന്നതിന്മേലുള്ള സർക്കാർ റിപ്പോർട്ട് 9-2-2010 തീയതിയായി പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ് ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു:

"ഹർജിയിൽ പരാമർശിച്ചിരുന്ന പാറശ്ശാല, കാരക്കോട് യു.പി. സ്കൂളിന്റെ മാനേജ്മെന്റ് താൽക്കാലികമായി അഞ്ച് വർഷത്തേക്ക് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചുകൊണ്ടും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും 20-11-2009-ൽ സ. ഉ. (സാധാ.) നമ്പർ 4851/09/പൊ.വി. പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിനെതിരെ സ്കൂൾ മാനേജർ ബഹു. ഹൈക്കോടതി മുമ്പാകെ WP(C) No. 36230/09-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ട് 23-09-2010-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതിവിധി വരുന്നതുവരെ ഫയൽ പെന്റിംഗിൽ വയ്ക്കുന്നതിനും, വിധിവന്നശേഷം അന്തിമതീരുമാനമെടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ടി കേസ് തീർപ്പാക്കിയിട്ടില്ല എന്ന വിവരം 7-10-2015-ലെ യോഗത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, കോടതിവിധി വരുന്നതുവരെ വീണ്ടും ഫയൽ പെന്റിംഗിൽ വയ്ക്കുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു. ഫയൽ വിഷയം 11-1-2018-ലെ യോഗത്തിൽ വീണ്ടും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഹർജിക്കാരിക്ക് കെ.ഇ.ആർ. പ്രകാരം ലഭ്യമാക്കാൻ കഴിയുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നതു സംബന്ധിച്ച് നിയമ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

കോടതിവിധി സംബന്ധിച്ച് 18-01-2018 തീയതിയായി പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീ. എൽ. ഷാജി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 36230/2009-ാം നമ്പർ കേസിന്റെ 22-6-2017-ലെ വിധിന്യായ പ്രകാരം പ്രസ്തുത റിട്ട് ഹർജി 'infructuous' ആയതിനാൽ തള്ളി തീർപ്പാക്കുകയുണ്ടായി."

പ്രസ്തുത റിപ്പോർട്ട് 11-7-2018-ലെ യോഗത്തിൽ പരിഗണിച്ച സമിതി കെ.ഇ.ആർ. പ്രകാരം ഹർജിക്കാരിക്ക് ലഭ്യമാക്കാൻ കഴിയുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച റിപ്പോർട്ട് നിയമവകുപ്പിൽ നിന്നും ലഭ്യമാക്കാനും റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

11-1-2018-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചപ്രകാരമുള്ള റിപ്പോർട്ട് (നിയമ വകുപ്പിൽ നിന്നും 13-8-2018 തീയതിയായി ലഭ്യമായത്) ഇപ്രകാരമാണ്:

"10-7-2000 മുതൽ ശ്രീമതി ജയ്സ്റ്റാറാണിക്ക് സംസ്കൃതം അധ്യാപിക ആയി നിയമനാംഗീകാരം ലഭിക്കുകയും 2007-08 അധ്യായനവർഷത്തിൽ തസ്തിക നഷ്ടമായതിനെ ത്തുടർന്ന് 15-7-2007 മുതൽ സേവനത്തിൽ നിന്നും പുറത്തായ ടിയാളെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി തിരുവനന്തപുരം നോർത്ത് യു.ആർ.സി.-യിൽ 25-6-2012 മുതൽ നിയമിച്ചു. തുടർന്ന് 2017 മേയ് മുതൽ ടിയാൾ കണിയാപുരം ബി.ആർ.സി.യിൽ ജോലി ചെയ്തുവരുന്ന സാഹചര്യത്തിൽ ശ്രീമതി ജയ്സ്റ്റാറാണിക്ക് കെ.ഇ.ആർ. പ്രകാരം ആനുകൂല്യം ലഭിച്ചു കഴിഞ്ഞു."

14-11-2018-ലെ സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(2) പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീ. സി. ജെ. മത്തായി, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21896/ഹർജി എ 2/2016/നി.സെ.)

ശ്രീ. സി. ജെ. മത്തായി 31-10-2016-ന് സമർപ്പിച്ച ഹർജിയിൽ 31-3-2016-ന് കായികാധ്യാപകനായിരിക്കെ വിരമിച്ച ടിയാൾക്ക് തന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്നും അത് അനുവദിക്കുന്നതിനുള്ള നടപടിയും ആനുകൂല്യങ്ങൾ

അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടിയും സ്വീകരിക്കണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം. ഹർജി വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഇടുക്കി ജില്ലയിലെ മൂലമറ്റം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നിന്നും കായികാധ്യാപകനായിരിക്കെ 31-3-2016-ൽ വിരമിച്ച ശ്രീ. സി. ജെ. മത്തായിയുടെ പെൻഷൻ പ്രൊപ്പോസൽ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 27-4-2016-ൽ ലഭിച്ചുവെന്നും സേവന പുസ്തകത്തിലും പെൻഷൻ പുസ്തകത്തിലും അപാകതകൾ ഉണ്ടായിരുന്നതിനാൽ അത് പരിഹരിക്കുന്നതിനായി 31-5-2016-ൽ ജി.വി.എച്ച്.എസ്. മൂലമറ്റം ഹെഡ്മാസ്റ്റർക്ക് പ്രൊപ്പോസൽ തിരികെ നൽകുകയും, ന്യൂനതകൾ പരിഹരിച്ച് പ്രൊപ്പോസൽ തിരികെ ലഭിക്കുകയും തുടർന്ന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് 16-12-2016-ൽ പെൻഷൻ പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിന് നൽകുകയും 15-2-2017-ൽ അക്കൗണ്ടന്റ് ജനറലിൽ നിന്നും പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുകയും 18-4-2017-ൽ ലഭിച്ച ശ്രീ. സി. ജെ. മത്തായിയുടെ എൽ.പി.സി., എൻ.എൽ.സി., എൻ.ഇ.സി. എന്നിവ 25-4-2017-ൽ അക്കൗണ്ടന്റ് ജനറലിന് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന് പെൻഷൻ ആനുകൂല്യങ്ങളെല്ലാം നൽകിയിട്ടുള്ളതുമാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 14-11-2018-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(3) ലാവണ ക്രമീകരണം നടത്തി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീമതി സാലി പ്രമീള ഡി. പി., തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18714/ഹർജി എ 2/2017/നി.സെ.)

തിരുവനന്തപുരം ജില്ലയിലെ ചെമ്പൂർ എൽ.എം.എസ്.എച്ച്.എസ്.-ൽ നിന്നും 2016 ഏപ്രിൽ മാസത്തിൽ യു.പി.എസ്.എ. ആയി വിരമിച്ച ശ്രീമതി സാലി പ്രമീള ഡി.പി.യ്ക്ക് വിരമിച്ച് ഒരു വർഷമായിട്ടും പെൻഷൻ ലഭിച്ചിട്ടില്ല എന്നതായിരുന്നു ഹർജിയിലെ വിഷയം. ചെമ്പൂർ എൽ.എം.എസ്.എൽ.പി.എസ്.-ൽ ജോലി നോക്കി വരവെ മാനേജർ ടിയാരിയെ 16-9-2014-ൽ ഉദിയംകുളം എൽ.എം.എസ്.എൽ.പി. സ്കൂളിലേയ്ക്ക് സ്ഥലം മാറ്റുകയും ടിയാരി ടി സ്കൂളിൽ 30-11-2014 വരെ തുടരുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്കൂൾ അനാദായകരമായ സ്കൂൾ ആയതിനാൽ ടി കാലയളവിലെ സ്ഥലം മാറ്റ നിയമനം അംഗീകരിക്കുകയോ ശമ്പളം നൽകുകയോ ചെയ്തിട്ടില്ലെന്നും ടി കാലയളവ് അംഗീകരിക്കുന്നതിനായി സർക്കാരിൽ പരാതി നൽകുകയും, ടി പരാതി പരിഹരിച്ച്

4-11-2016-ലെ 3695/2016/പൊ.വി. പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തതയില്ലാത്തതിനാൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത ഉത്തരവ് ശരിയാക്കിത്തരാൻ നിർദ്ദേശം നൽകി സഹായിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു. ഹർജി വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 7-11-2017 തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ചെമ്പൂര് എൽ.എം.എസ്.എച്ച്.എസ്-ൽ നിന്നും വിരമിച്ച യു.പി.എസ്.എ. ശ്രീമതി സാലി പ്രമീള ഡി.പി.യുടെ 16-9-2014 മുതൽ 30-11-2014 വരെയുള്ള കാലയളവിലെ ലാവണം ക്രമീകരിച്ച് ടിയാരിയ്ക്ക് ടി കാലയളവിലുള്ള ശമ്പളവും അലവൻസുകളും നൽകുവാൻ സ.ഉ. (സാധാ.) 3695/2016/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി കാലയളവിലെ ലാവണം അനാദായകരമായ ഉദിയൻകുളം എൽ.എം.എസ്.എൽ.പി.എസ്.-ൽ ക്രമീകരിച്ച് ശമ്പളം നൽകുന്നതിനായി മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് ലാവണം ക്രമീകരിക്കുവാൻ കഴിയാത്തതിനാൽ സ്പഷ്ടീകരണം നൽകണമെന്ന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ ആവശ്യപ്പെട്ടു. ആയത് സർക്കാർ പരിശോധിക്കുകയും ടി അധ്യാപികയുടെ ടി കാലയളവിലെ ലാവണം അനാദായകരമായ സ്കൂളിൽ ക്രമീകരിച്ച് സർവ്വീസിൽ നിന്നും വിരമിച്ച ടി അധ്യാപികയ്ക്ക് എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ 30 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുവാനും അല്ലാത്തപക്ഷം മാനേജർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാനും കൂടാതെ മാനേജരുടെ ക്രമവിരുദ്ധമായ നടപടിമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം മാനേജരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് 13-7-2017-ലെ എച്ച്1/54/2017-പൊ.വി. കത്ത് പ്രകാരം നിർദേശം നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 11-1-2018-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

(4) കുടുംബ പെൻഷൻ കടിശ്ശിക അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി രാജമ്മ, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15037/ഹർജി എ 3/2016/നി.സെ.)

ഹർജിക്കാരിയുടെ ഭർത്താവ് കെ. വി. പ്രയാർ ഗവൺമെന്റ് എൽ.പി. സ്കൂളിൽ പാർട്ട് ടൈം മീനിയൽ ആയി ജോലി നോക്കവെ 13-10-1982-ൽ മരണപ്പെട്ടുവെന്നും, ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി 6-12-2010-ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ

അപേക്ഷ സമർപ്പിച്ചു എന്നും 2011 മുതൽ കുടുംബ പെൻഷൻ ലഭിച്ചു തുടങ്ങിയെന്നും ഹർജിയിൽ പറയുന്നു. 3-9-1997 മുതൽ കണ്ടിൻജന്റ് ജീവനക്കാർക്ക് കുടുംബ പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് എന്നതിനാൽ കാൻസർ രോഗിയും 66 വയസ്സ് പ്രായവുമുള്ള ഹർജിക്കാരിക്ക് 3-9-1997 മുതൽ 13-1-2011 വരെയുള്ള കുടുംബപെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് 29-5-2018-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കെ.വി. പ്രയാർ ഗവ. ലോവർ പ്രൈമറി സ്കൂളിൽ പാർട്ട് ടൈം കണ്ടിൻജന്റ് മീനിയൽ ആയിരിക്കെ മരണമടഞ്ഞ ജി. തുളസീധരൻ പിള്ളയുടെ വിധവയായ ശ്രീമതി രാജമ്മയ്ക്ക് 2010-ലെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 14-1-2011 മുതൽ കുടുംബപെൻഷൻ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ 3-9-1997 മുതൽ 13-1-2011 വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി എൻ. രാജമ്മ അപേക്ഷ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കുടുംബ പെൻഷൻ കുടിശ്ശികപത്രിക കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചതായി ബഹു. സമിതി മുമ്പാകെ 25-11-2017-ൽ മറുപടി നൽകിയിരുന്നു.

എന്നാൽ ടി പത്രിക ലഭിക്കുകയും ധനകാര്യ വകുപ്പുമായി ആലോചിച്ച് ശ്രീമതി എൻ. രാജമ്മയ്ക്ക് 3-9-1997 മുതൽ 13-1-2011 വരെയുള്ള കുടുംബ പെൻഷന് അർഹതയുള്ളതിനാൽ ടിയാളുടെ അറിവില്ലായ്മ കാരണമാണ് അപേക്ഷ നൽകാൻ താമസിച്ചത് എന്ന് കണക്കിലെടുത്ത് ശ്രീമതി രാജമ്മയ്ക്ക് 3-9-1997 മുതൽ 13-1-2011 വരെയുള്ള കാലയളവിലെ കുടുംബപെൻഷൻ കുടിശ്ശിക അനുവദിച്ച് 24-3-2018-ലെ G.O. (Rt.) No. 1220/2018/G.Edn. പ്രകാരം ഉത്തരവായിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 11-7-2018-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(5) ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ അഴിമതി സംബന്ധിച്ച് രക്ഷകർത്താക്കളും വിദ്യാർത്ഥികളും സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14392/ഹർജി എ 3/2003/നി.സെ.)

ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പലായി 2009-10 വർഷത്തിൽ ചാർജെടുത്ത ശ്രീമതി ഇ. എസ്. നാരായണിയുടെ അഴിമതികൾ

സംബന്ധിച്ചാണ് ഹർജിയിൽ സൂചിപ്പിച്ചിരിക്കുന്നത്. ടിയാൾ ഓരോ വർഷവും ഗവൺമെന്റ് ട്രഷറിയിൽ നിന്ന് മാറി എടുക്കുന്ന കോഷൻ ഡെപ്പോസിറ്റ് (Caution Deposit) തുക വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നില്ലെന്നും പി.ടി.എ. ഫണ്ട് ഇനത്തിലും പരീക്ഷയ്ക്ക് മുമ്പും നിശ്ചിത തുക കുട്ടികളിൽ നിന്ന് നിർബന്ധപൂർവ്വം പിരിച്ചെടുത്ത് സ്വന്തമാക്കുക യാണെന്നും ഹർജിയിൽ പറയുന്നു. കൂടാതെ ഇടയ്ക്കുവച്ച് ടി.സി. വാങ്ങുന്ന കുട്ടികളിൽ നിന്ന് 1,000 രൂപ രസീതില്ലാതെ വാങ്ങുന്നുണ്ടെന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച് ബഹു. വിദ്യാഭ്യാസ മന്ത്രി, ഹയർ സെക്കന്ററി ഡയറക്ടർ എന്നിവർക്ക് പരാതി നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും, ഇവരെ ഡയറക്ടറേറ്റ് സംരക്ഷിക്കുകയാണെന്നും, ആയതിനാൽ സമിതി ഇതു സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (യു) വകുപ്പ് 29-7-2015-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഈ വിഷയം സംബന്ധിച്ച് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ഫിനാൻസ് വിഭാഗം അക്കൗണ്ട്സ് ഓഫീസർ പ്രസ്തുത സ്കൂളിൽ നടത്തിയ പരിശോധനയിൽ ശ്രീമതി ഇ. എസ്. നാരായണി ഗുരുതരമായ സാമ്പത്തിക തിരിമറി നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഈ വിഷയം സംബന്ധിച്ച് തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 13-2-2002 മുതൽ ടി സ്കൂളിൽ ശ്രീമതി അമൃതകുമാരി ആണ് പ്രിൻസിപ്പൽ എന്നും നിലവിലുള്ള സ്കൂളിലെ അന്തരീക്ഷം ഏറെ മെച്ചപ്പെട്ടിട്ടുണ്ടെന്നും പറയുന്നു. എന്നാൽ മുൻ പ്രിൻസിപ്പൽ ശ്രീമതി നാരായണി ഇ. എസ്.ന്റെ കാലത്ത് നടന്ന സാമ്പത്തിക ക്രമക്കേടുകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നതായും ടി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി ഇ. എസ്. നാരായണിക്കെതിരെ കെ. സി. എസ്. (സി. സി. & എ.) റൂൾസ് 1960 പ്രകാരം അച്ചടക്ക നടപടി കൈക്കൊള്ളാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്."

പ്രസ്തുത റിപ്പോർട്ട് 25-11-2015-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ശ്രീമതി ഇ. എസ്. നാരായണിക്കെതിരെ കെ. സി. എസ്. (സി. സി. & എ.) റൂൾസ് 1960 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (യു) വകുപ്പ് 19-1-2018-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ബാലരാമപുരം ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായിരുന്ന ശ്രീമതി ഇ. എസ്. നാരായണിക്കെതിരെ ടി സ്കൂളിലെ മുൻ വിദ്യാർത്ഥികളും രക്ഷിതാക്കളും നിയമസഭാ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ പരാതി നൽകുകയും ആയതിന്മേൽ സർക്കാരിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയുമുണ്ടായി. ടി ഹർജിയുടെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ഫിനാൻസ് വിഭാഗം അക്കൗണ്ട്സ് ഓഫീസർ 7-9-2013, 31-10-2013 തീയതികളിലായി സ്കൂളിൽ അന്വേഷണം നടത്തുകയും ടി അന്വേഷണത്തിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയുമുണ്ടായി. ശ്രീമതി നാരായണി ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ടിയാൾക്കെതിരെ KCS (CC&A) Rules 1960 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാൾക്ക് ചാർജ്ജ് മെമ്മോ നൽകുകയും ചെയ്തു. ടി ചാർജ്ജ് മെമ്മോയ്ക്ക് ടിയാൾ എതിർവാദപത്രിക സമർപ്പിക്കുകയുണ്ടായി.

എതിർവാദപത്രികയിൽ, ശ്രീമതി നാരായണി, തനിക്കെതിരെയുള്ള ആരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി. കോഷൻ ഡെപ്പോസിറ്റ്, സ്പെഷ്യൽഫീസ് എന്നിവ കൃത്രിമ രസീത് ഉപയോഗിച്ച് ഒരിക്കൽപോലും പിരിവ് നടത്തിയിട്ടില്ലെന്നും, പിരിവ് നടത്തിയ രസീത് ബുക്കുകൾ സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ഹയർ സെക്കന്ററി ഡയറക്ടറുടെ സർക്കുലർ പ്രകാരമാണ് PD അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നതെന്നും, വിദ്യാർത്ഥികൾക്കുള്ള കോഷൻ ഡെപ്പോസിറ്റ് യഥാസമയം വിതരണം ചെയ്തിട്ടുണ്ടെന്നും, പി.റ്റി.എ. ഫണ്ട് വിനിയോഗിച്ചതിന്റെ രേഖകൾ എല്ലാം ആഡിറ്റുകൾ നടത്തിക്കുകയും പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽ ബോഡിയിലും അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ടെന്നും പി.റ്റി.എ. കമ്മിറ്റിയുടെ അറിവോ അംഗീകാരമോ ഇല്ലാതെ പി.റ്റി.എ.യുടെ യാതൊരു ഫണ്ടും താൻ വിനിയോഗിച്ചിട്ടില്ല എന്നും, പ്രിൻസിപ്പലായി ചാർജ്ജ് എടുത്ത കാലയളവിൽ ക്യാഷ് ബുക്ക് എഴുതുന്നതിനുള്ള പരിചയക്കുറവ് കാരണം ചില തെറ്റുകൾ സംഭവിച്ചത് കൊണ്ടാണ് തിരുത്തി എഴുതേണ്ടി വന്നിട്ടുള്ളതെന്നും തന്റെ പരിചയക്കുറവ് കാരണം ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും, ആവക അപാകതകൾ തിരുത്തി ഇപ്പോൾ ജോലി ചെയ്തുവരികയാണെന്നും ആയതിനാൽ തന്റെ ഭാഗത്ത് നിന്നുണ്ടായ മനഃപൂർവ്വമല്ലാത്ത വീഴ്ചകൾ മാപ്പാക്കണമെന്നും എതിർവാദപത്രികയിൽ അപേക്ഷിച്ചു.

ടി എതിർവാദപത്രികയിന്മേൽ ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീമതി ഇ. എസ്. നാരായണിയ്ക്ക് ഹാജർ പുസ്തകം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും, ശ്രീമതി നാരായണി, P. D. അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക

സ്കൂളിന്റെ സ്പോർട്സ്, യൂത്ത്ഫെസ്റ്റിവൽ, ശാസ്ത്രമേള എന്നിവയ്ക്കായി വിനിയോഗിച്ചതായി കാണുന്നു എന്നും ഡയറക്ടറുടെ സർക്കുലർ പ്രകാരമാണ് തുകകൾ പിൻവലിച്ചിട്ടുള്ളതെങ്കിലും വൗച്ചേഴ്സ് മാതൃകാപരമല്ല എന്നത് വീഴ്ചയാണെന്നും, ശ്രീമതി നാരായണി നൽകിയിരുന്ന വിശദീകരണവും രേഖകളും പരിശോധിച്ചതിൽ നിന്നും ടിയാരി ഫണ്ട് വിനിയോഗത്തിൽ കൃത്രിമം കാണിച്ചതായി കാണുന്നില്ല എന്നും, അറ്റൻഡൻസ് രജിസ്റ്റർ, വൗച്ചേഴ്സ് എന്നിവ കൈകാര്യം ചെയ്തതിൽ മാത്രമാണ് വീഴ്ച സംഭവിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ടി റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിക്കുകയും ശ്രീമതി നാരായണി തിരുവനന്തപുരം, ബാലരാമപുരം ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പലായിരുന്ന കാലയളവിൽ ഹാജർ പുസ്തകം വൗച്ചറുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും ടിയാൾ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടില്ലെന്ന ഹയർ സെക്കന്ററി ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് ശ്രീമതി ഇ. എസ്. നാരായണിയ്ക്കെതിരെ KCS (CC&A) Rules 1960 പ്രകാരം സ്വീകരിച്ച അച്ചടക്കനടപടി ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാൻ പാടില്ല എന്ന നിർദ്ദേശത്തോടെ ലഘുശിക്ഷയായ 'സെൻഷ്വർ' നൽകി 18-12-2017-ലെ സ.ഉ. (സാധാ.) നമ്പർ 4838/2017/പൊവിവ. നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കുകയുണ്ടായി."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 14-11-2018-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(6) പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.എസ്സിലെ പ്രധാനാധ്യാപികയുടെ മോശമായ പെരുമാറ്റവും മാനസികപീഡനവും സംബന്ധിച്ച് ശ്രീ. പ്രദീപ്. കെ, ശ്രീ. കൃഷ്ണൻ. ആർ. എന്നിവർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16554/ഹർജി-എ 3/2017/നി.സെ.)

പല്ലശ്ശന വി.ഐ.എം.എച്ച്.എസ്സ്.എസ്സിലെ പ്രധാനാധ്യാപികയുടെ മോശമായ പെരുമാറ്റവും തെറ്റായ നടപടികളുംമൂലം മാനസികപീഡനം അനുഭവിക്കുകയാണെന്നും ആയതിനാൽ പ്രധാനാധ്യാപികയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നതാണ് ടി സ്കൂളിലെ കായിക അധ്യാപകനായ ശ്രീ. പ്രദീപ്. കെ, 2-3-2017-ാം തീയതിയായി സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

പല്ലശ്ശന വി.ഐ.എം.എച്ച്.എസ്സ്.എസ്സിലെ പ്രധാനാധ്യാപികയുടെ മോശമായ പെരുമാറ്റവും തെറ്റായ നടപടികളുംമൂലം സ്കൂൾ തകർച്ചയുടെ വക്കിലാണെന്നും ഇത്തരത്തിൽ സ്കൂൾ നശിപ്പിച്ച് കുട്ടികളുടെ ഭാവി തകർക്കുന്ന എച്ച്.എം.നെതിരെ ജില്ലാ വിദ്യാഭ്യാസ

ഓഫീസർക്ക് ഹർജിക്കാരനൾപ്പെടെയുള്ള രക്ഷിതാക്കൾ പലതവണ പരാതി നൽകിയെങ്കിലും യാതൊരു നടപടിയുമുണ്ടായില്ലെന്നും ആയതിനാൽ തകർച്ചയുടെ വക്കിൽ നിന്നും സ്കൂളിനെ രക്ഷിക്കണമെന്നതാണ് 28-6-2017-ാം തീയതിയായി ശ്രീ. കൃഷ്ണൻ. ആർ. സമർപ്പിച്ച ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് 9-3-2018-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കേരള നിയമസഭ ഹർജികൾ സംബന്ധിച്ച സമിതി (2016-2019) മുമ്പാകെ പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.എസ്സിലെ പ്രധാനാദ്ധ്യാപികയുടെ മോശമായ പെരുമാറ്റവും മാനസികപീഡനവും സംബന്ധിച്ച്, വി.ഐ.എം.എച്ച്.എസ്.എസ്. പല്ലശ്ശനയിലെ കായികാദ്ധ്യാപകൻ ശ്രീ. പ്രദീപ്, പാലക്കാട്, ശ്രീ. കൃഷ്ണൻ ആർ., പാലക്കാട് എന്നിവർ സമർപ്പിച്ച ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് 20-7-2017-ന് പരാതി സംബന്ധിച്ച് ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി കൂടിക്കാഴ്ച നടത്തിയിരുന്നു. തുടർന്ന് ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരിശോധിച്ചു

പ്രധാനാധ്യാപിക ശ്രീമതി പുഷ്പലത സ്വന്തം ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നില്ല, പരസ്പര ബഹുമാനമോ, വിശ്വാസമോ ഇല്ലാത്ത വിധത്തിലുള്ള പ്രധാനാദ്ധ്യാപികയുടെയും മറ്റ് സഹാദ്ധ്യാപകരുടെയും പെരുമാറ്റമാണ് വിദ്യാലയത്തിലെ പ്രശ്നങ്ങൾക്ക് കാരണം ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രധാനാദ്ധ്യാപികയ്ക്കും സഹാദ്ധ്യാപകർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ കർശനമായി നിരീക്ഷിക്കാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 14-11-2018-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## സഹകരണ വകുപ്പ്

(1) ജപ്തി നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലൈല പ്രകാശ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 23846/ഹർജി എ 2/2015/നി.സെ.)

ഹർജിക്കാരിയുടെ ഭർത്താവ് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വഴുതക്കാട് ശാഖയിൽ നിന്നും ബിസിനസ്സ് ആവശ്യത്തിനായി 3,25,000 രൂപ വായ്പ എടുത്തിരുന്നുവെന്നും ബിസിനസ്സ് നഷ്ടത്തിലായതിനെത്തുടർന്ന് കടബാധ്യത കാരണം

നാട്ടുവിട്ട് പോയെന്നും, ഇപ്പോൾ 4 സെന്റ് സ്ഥലവും വീടും ഇനി ഒരറിയിപ്പുകൂടാതെ പുനർലേല വിൽപ്പന നടത്തുന്നതാണെന്ന് 4-11-2015-ൽ ബാങ്കിൽനിന്നും അറിയിപ്പ് ലഭിച്ചിരുന്നുവെന്നും, ലോണിന്റെ കാലാവധി 11-6-2015-ൽ അവസാനിച്ച സാഹചര്യത്തിൽ വായ്പത്തുക തിരിച്ചടയ്ക്കാൻ യാതൊരു നിർവ്വാഹവും ഇല്ലാത്തതിനാൽ വീടും സ്ഥലവും നഷ്ടപ്പെട്ടുമെന്ന അവസ്ഥയിലാണെന്നും ടിയാൾക്ക് മൂന്നു പെൺകുട്ടികളാണുള്ളതെന്നും അവരുടെ നിത്യച്ചെലവും, വിദ്യാഭ്യാസച്ചെലവും നടത്തി വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ സമിതി ഇടപെട്ട് ഇതിന് ഒരു പരിഹാരം ഉണ്ടാക്കിത്തരണമെന്നതുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിക്കാരി ടി ആവശ്യം ഉന്നയിച്ച് 31-3-2014-ന് സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. ആയത് സംബന്ധിച്ച് സഹകരണ (ബി) വകുപ്പിൽ നിന്നും 19-2-2014-ന് ലഭ്യമാക്കി റിപ്പോർട്ടുവിവരം ചുവടെ ചേർക്കുന്നു:

"കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വഴുതക്കാട് ശാഖയിൽ നിന്നും ശ്രീ. വിൻസെന്റ് 5-6-2005-ൽ 1.93 ആർ വസ്തു ജാമ്യം വച്ച് 3,25,000 രൂപ 15% പലിശയ്ക്ക് 10 വർഷക്കാലാവധിയ്ക്ക് വായ്പ എടുത്തിരുന്നു. ടി വായ്പ കുടിശ്ശികയായതിനെത്തുടർന്ന് സർഫേസി ആക്ട് പ്രകാരം ബാങ്ക് നടപടികൾ സ്വീകരിച്ചിരുന്നു. സർഫേസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ബാങ്ക് കത്ത് അയച്ചിട്ടും ടിയാൻ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബാങ്കിനെ സമീപിച്ചില്ല. തുടർന്ന് ടിയാന്റെ ഭാര്യ ശ്രീമതി ലൈലാ പ്രകാശിന്റെ അപേക്ഷ പരിഗണിച്ച് ബാങ്ക് പരാതികാരിക്ക് 3 തുല്യ തവണകളായി വായ്പ അടയ്ക്കുന്നതിന് 25-10-2013-ൽ കത്ത് അയച്ചിരുന്നു. പ്രസ്തുത വായ്പയുടെ കാലാവധി 11-6-2015-ലെ അവസാനിക്കുകയുള്ളൂ. ഇപ്പോൾ വായ്പ എഴുതിത്തള്ളുന്നതിന് ബാങ്കിൽ പ്രത്യേക പദ്ധതികൾ ഒന്നും നിലവിലില്ല. സഹകരണ ബാങ്കുകൾ അംഗങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ചാണ് വായ്പ നൽകുന്നത്. ആയതിനാൽ വായ്പ എഴുതിത്തള്ളുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നിരുന്നാലും പലിശയും, പിഴപ്പലിശയും ഒഴിവാക്കി നൽകുവാനും, കുടിശ്ശിക തുക അടയ്ക്കുവാൻ ഗഡുക്കൾ അനുവദിക്കുന്നതിനും ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. "

ടി റിപ്പോർട്ട് 27-5-2015-ലെ സമിതി പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഹർജിക്കാരി 20-11-2015-ാം തീയതിയായി സമർപ്പിച്ച പ്രതികരണഹർജി 26-10-2016-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും ഹർജിക്കാരിയുടെ നിലവിലെ സാമ്പത്തികസ്ഥിതിയും പ്രത്യേക അവസ്ഥയും കണക്കിലെടുത്ത് മാനുഷികപരിഗണനനൽകി ചെയ്യാവുന്ന

പരമാവധി സഹായം ചെയ്തുകൊടുക്കണമെന്ന് സഹകരണ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഹർജിക്കാരിയുടെ 20-11-2015-ലെ പ്രതികരണഹർജിയിന്മേൽ സഹകരണ വകുപ്പിൽ നിന്നും 14-11-2018-ൽ ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വഴുതക്കാട് ശാഖയിൽ നിന്നും ശ്രീ. വിൻസന്റിന് 5-6-2005-ൽ അനുവദിച്ച 3,25,000 രൂപയുടെ വായ്പ കുടിശ്ശിക ആയെന്നും വായ്പ തിരിച്ചടയ്ക്കാൻ ഒരു വഴിയും ഇല്ലെന്നും, ആയതിനാൽ ബാങ്കിലെ വായ്പയിൽ പരിഹാരമുണ്ടാക്കണമെന്നും ആവശ്യപ്പെട്ട് വായ്പക്കാരന്റെ ഭാര്യയായ ശ്രീമതി ലൈലാ പ്രകാശ് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ 2-1-2017-ൽ പുനർഹർജി സമർപ്പിച്ചിരുന്നു. ശ്രീമതി ലൈലാ പ്രകാശ് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പുനർഹർജി പരിഗണിച്ച നിയമസഭാസമിതി ഹർജിക്കാരിയുടെ നിലവിലെ സാമ്പത്തികസ്ഥിതിയും, പ്രത്യേക അവസ്ഥയും കണക്കിലെടുത്ത് മാനുഷികപരിഗണന നൽകി ചെയ്യാവുന്ന പരമാവധി സഹായം ചെയ്തു കൊടുക്കുന്നതിനും, റിപ്പോർട്ട് ലഭ്യമാക്കാനും നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു:

ഈ വിഷയത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ജനറൽ മാനേജർ, സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുമായി സഹകരണ വകുപ്പ് അണ്ടർ സെക്രട്ടറി 31-10-2017-ൽ നടത്തിയ കൂടിക്കാഴ്ചയിൽ വായ്പ എഴുതിത്തള്ളുന്നതിനുള്ള പദ്ധതികൾ ഒന്നും നിലവിൽ ഇല്ലെന്നും സർക്കാരിന്റെ/സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിന് വിധേയമായി അഡ്മിനിസ്ട്രേറ്ററുടെ തീരുമാന പ്രകാരം മുതലും അതിന് തുല്യമായ പലിശയും മാത്രം ഈടാക്കി വായ്പ തീർപ്പാക്കുന്നതിന് അപേക്ഷകയെ അനുവദിക്കുന്നതിന് ബാങ്ക് സന്നദ്ധമാണെന്ന് ബാങ്ക് ജനറൽ മാനേജർ അറിയിച്ചു. വായ്പക്കാരൻ മരണപ്പെടുകയോ, മാരകരോഗം ബാധിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ മാത്രമേ പലിശ ഇളവ് അനുവദിക്കാറുള്ളൂ എന്നും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നിലവിലുണ്ടായിരുന്നപ്പോൾ പരാതിക്കാരി ബാങ്കിനെ സമീപിച്ചിട്ടില്ലെന്നും 19-7-2017-ൽ മേൽ വായ്പയിൽ വിവിധ ഇനങ്ങളിലായി മുതൽ 3,05,068, പലിശ-5,02,105, പിഴപ്പലിശ-2,44,530, മറ്റു ചെലവുകൾ-12,476 രൂപ കുടിശ്ശിക ഉള്ളതായും അഡീഷണൽ രജിസ്ട്രാർ റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ നിലവിലെ സാമ്പത്തികസ്ഥിതിയും, പ്രത്യേക അവസ്ഥയും കണക്കിലെടുത്ത് മാനുഷികപരിഗണന നൽകി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വഴുതക്കാട് ശാഖയിൽ നിന്നും ശ്രീ. വിൻസെന്റ് എടുത്ത വായ്പയിലെ മുതലും അതിന് തുല്യമായ പലിശയും മാത്രം ഈടാക്കി വായ്പ തീർപ്പാക്കുന്നതിന് അപേക്ഷകയായ ശ്രീമതി ലൈലാപ്രകാശിനെ അനുവദിക്കുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം സവിനയം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് സമിതി 14-11-2018-ലെ യോഗത്തിൽ അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

(2) കാർഷികവായ്പ തിരിച്ചടച്ചതിന് ശേഷവും ആധാരവും അനുബന്ധ രേഖകളും നൽകാത്തത് സംബന്ധിച്ച് ശ്രീ. റ്റി. രാജൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21847/ഹർജി എ 4/2017/നി.സെ.)

ഹർജിക്കാരൻ നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്കിൽ നിന്നും 1996-ൽ കാർഷിക വായ്പ എടുത്തുവെന്നും വായ്പാ തുക തിരിച്ചടച്ചതിനു ശേഷവും ആധാരവും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല എന്നും ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഹർജിയിലൂടെ ആവശ്യപ്പെട്ടിരുന്നു.

ഹർജിയിന്മേൽ കൃഷി വകുപ്പ് 23-1-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും ശ്രീ. റ്റി. രാജൻ എടുത്തിരുന്ന ബി.സി. 19/96 നമ്പർ ലോണിന് ഈടായി നൽകിയിരുന്ന വസ്തുവിന്റെ അസ്സൽ പ്രമാണവും അനുബന്ധരേഖകളും 8-11-2017-ൽ ടിയാന് തിരികെ കൊടുത്തിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. "

ഹർജിയിന്മേൽ സഹകരണ വകുപ്പ് 19-8-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

"ഹർജിക്കാരനായ ശ്രീ. റ്റി. രാജൻ, നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽനിന്നും 1996-ൽ എടുത്തിരുന്ന ബി.സി. 60/95 നമ്പർ വായ്പയ്ക്ക് ഈടായി വച്ചിരുന്ന വസ്തുവിന്റെ അസ്സൽ പ്രമാണവും അനുബന്ധരേഖകളും തിരികെ നൽകുന്നത് സംബന്ധിച്ച് കാർഷിക കടാശ്വാസ കമ്മീഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, കമ്മീഷൻ ബാങ്ക് സെക്രട്ടറിയെ വിളിച്ചുവരുത്തി sitting നടത്തുകയും, ടി വായ്പ കേന്ദ്രസർക്കാരിന്റെ കാർഷികലോൺ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ വിഹിതമായി 37,500 (75%) ബാങ്കിന് 17-4-2014-ൽ നൽകുകയും ബാക്കി തുകയായ 12,500 രൂപ കാർഷിക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരം ടിയാൻ ഒറ്റത്തവണയായി അടച്ചുതീർത്തിട്ടുള്ളതും ആധാരവും അനുബന്ധ രേഖകളും തിരികെ നൽകിയിട്ടുള്ളതുമാണെന്ന വിവരം സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് സവിനയം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ടുകൾ പരിഗണിച്ച 24-12-2018-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

## ന്യൂനപക്ഷക്ഷേമ വകുപ്പ്

വയനാട് ന്യൂനപക്ഷക്ഷേമ പരിശീലനകേന്ദ്രം മുൻ പ്രിൻസിപ്പലിന്റെ ശമ്പളം ലഭ്യമാക്കുന്നത്-ശ്രീ. അബ്ദുൽ റഷീദ് യു., വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 22807/ഹർജി എ 2/2017/നി.സെ.)

വയനാട് ന്യൂനപക്ഷക്ഷേമ പരിശീലനകേന്ദ്രത്തിൽ പ്രിൻസിപ്പലായി കരാർ കാലാവധി കഴിഞ്ഞും സേവനം തുടർന്നിരുന്ന കാലയളവിലെ ശമ്പളം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ റഷീദ് യു., വയനാട് 16-8-2017-ൽ സമർപ്പിച്ചിരുന്ന ഹർജി റിപ്പോർട്ടിനായി പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിലേക്ക് അയച്ചിരുന്നു. ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും 29-11-2017-ാം തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"4-11-2017-ലെ എം.ഡബ്ല്യു1/05/2017-ലെ സർക്കാർ കത്തു പ്രകാരം ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങളിൽ കരാർ കാലാവധി കഴിഞ്ഞും സേവനം തുടരുന്ന പ്രിൻസിപ്പൽമാർക്ക് 28-4-2017-ലെ സ.ഉ. (പി) 56/2017/ധന. ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ടി ഉത്തരവിലെ കാറ്റഗറി XI-ന് ബാധകമായ ദിവസവേതനം നൽകാവുന്നതാണെന്ന് ന്യൂനപക്ഷക്ഷേമ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

ടി റിപ്പോർട്ട് വിവരം അറിയിച്ചതിനെ തുടർന്ന് ഹർജിക്കാരൻ ലഭ്യമാക്കിയ പ്രതികരണ ഹർജിയിൽ മുൻകാലശമ്പളം ലഭ്യമായിട്ടില്ലെന്ന് അറിയിക്കുകയും 11-1-2018-ലെ സമിതിയോഗത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടും ഹർജിക്കാരൻ ലഭ്യമാക്കിയ പ്രതികരണഹർജിയും പരിഗണിക്കുകയും ഹർജി വിഷയം സംബന്ധിച്ച് അന്തിമറിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിൻപ്രകാരം വകുപ്പിൽ നിന്നും 31-7-2018-ൽ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ന്യൂനപക്ഷക്ഷേമ പരിശീലനകേന്ദ്രങ്ങളിൽ കരാർ കാലാവധി കഴിഞ്ഞും സേവനം തുടർന്നിരുന്ന പ്രിൻസിപ്പൽമാർക്ക് 28-4-2017-ലെ സ.ഉ. (പി) നമ്പർ 56/17/ധന. പ്രകാരമുള്ള ദിവസവേതനം നൽകുവാൻ ന്യൂനപക്ഷക്ഷേമ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി ഉത്തരവിന് 1-4-2017 മുതലാണ് പ്രാബല്യമെന്നും കരാർ കാലാവധി കഴിഞ്ഞ പ്രിൻസിപ്പൽമാർ മേൽ തീയതിക്കുമുൻപാണ് ജോലി ചെയ്തിരുന്നതെന്നതിനാൽ 1-4-2017-നുമുൻപ് അനുവദനീയമായ വേതനം വ്യക്തമാക്കണമെന്ന് ന്യൂനപക്ഷക്ഷേമ ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് 31-3-2017 വരെ സേവനകാലാവധി കഴിഞ്ഞും തുടർന്നിരുന്ന പ്രിൻസിപ്പൽമാരുടെ വേതനം ദിവസവേതനാടിസ്ഥാനത്തിൽ പ്രതിദിനം 925 രൂപ നൽകുവാൻ ന്യൂനപക്ഷക്ഷേമ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 24-12-2018-ലെ യോഗത്തിൽ അംഗീകരിക്കുകയും സമിതിയുടെ ഇടപെടലിന്റെ ഫലമായി ഹർജിയിൽ സൂചിപ്പിച്ചിരുന്ന കാലയളവിലെ ദിവസവേതനം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽനിന്നും 21-7-2018-ാം തീയതി അനുവദിച്ച് കിട്ടിയതിലുള്ള നന്ദി ഹർജിക്കാരൻ അറിയിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ധനകാര്യ വകുപ്പ്

പെൻഷൻ ബുക്കിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി എം. ഇ. അംബികാ ദേവി, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 26288/ഹർജി എ 4/2017/നി.സെ.)

ഹർജിക്കാരിയുടെ പെൻഷൻ ബുക്ക് നഷ്ടപ്പെട്ടുപോയി എന്നും, പെൻഷൻ ബുക്കിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി പാറശ്ശാല ട്രഷറിയിൽ 250 രൂപ അടച്ച് അപേക്ഷ നൽകിയെങ്കിലും ലഭ്യമായില്ല എന്നും പെൻഷൻ ബുക്കിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 22-11-2017-ലെ ഹർജിയിലൂടെ ആവശ്യപ്പെട്ടിരുന്നു. ടി ഹർജിയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് ധനകാര്യ വകുപ്പിന് കത്തും ടി കത്തിന്റെ പകർപ്പ് ട്രഷറി ഡയറക്ടർക്കും അയച്ചിരുന്നു. ഹർജിക്കാരി 23-12-2017-ാം തീയതിയായി ലഭ്യമാക്കിയ കത്തിൽ ടിയാൾക്ക് പെൻഷൻ ബുക്കിന്റെ പകർപ്പ് ട്രഷറി വകുപ്പിൽ നിന്നും ലഭ്യമാക്കിയതായി അറിയിച്ചിരിക്കുന്നു.

ഹർജിയിൽ ധനകാര്യ വകുപ്പ് 18-4-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്.

"ശ്രീമതി എം. ഇ. അംബികാ ദേവി കേരള നിയമസഭാസമിതിക്ക് മുൻപാകെ സമർപ്പിച്ച ഹർജി സംബന്ധിച്ച വിഷയത്തിൽ നടപടി എടുക്കണമെന്ന് നിയമസഭാ സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് ഈ വിഷയത്തിന്മേലുള്ള റിപ്പോർട്ട് ട്രഷറി ഡയറക്ടറിൽ നിന്നും ലഭ്യമാക്കുകയുണ്ടായി. ആയതനുസരിച്ച് ശ്രീമതി എം. ഇ. അംബികാ ദേവി (പി.പി.ഒ. നമ്പർ കെ.റ്റി.ഡി. 20128202)യുടെ ഡ്യൂപ്ലിക്കേറ്റ് പെൻഷൻ ബുക്ക് കാട്ടാക്കട ജില്ലാട്രഷറി മുഖേന പാറശ്ശാല സബ് ട്രഷറിയിൽ എത്തിക്കുകയും 20-12-2017-ൽ ശ്രീമതി അംബികാദേവി ഡ്യൂപ്ലിക്കേറ്റ് പെൻഷൻ ബുക്ക് പാറശ്ശാല സബ് ട്രഷറിയിൽ നിന്നും കൈപ്പറ്റുകയുണ്ടായി എന്നും ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു. മേൽ വിവരം കേരള നിയമസഭാ ഹർജികൾ സംബന്ധിച്ച സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്നു"

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 24-12-2018-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

## കൃഷി (ഫാംസ്) വകുപ്പ്

പി.റ്റി.എസ്. ആയി നിയമിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. ബേബി, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 12797/ഹർജി എ 2/2014/നി.സെ.)

അഞ്ചുതെങ്ങ് കൃഷിഭവനിൽത്തന്നെ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം വാങ്ങിക്കൊണ്ട് കാഷ്വൽ സ്വീപ്പറായി തുടരുന്നപക്ഷം ടിയാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ടാകുന്നതിനാൽ ടിയാളെ കടയ്ക്കാവൂർ കൃഷിഭവനിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിക്കുകയാണെങ്കിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുമെന്നതിനാൽ അഞ്ചുതെങ്ങ് കൃഷിഭവനിൽ നിന്നും കടയ്ക്കാവൂർ കൃഷിഭവനിലേയ്ക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ മാറ്റി നിയമിക്കണമെന്നുള്ളതായിരുന്നു ശ്രീമതി ബേബിയുടെ ഹർജിയിലെ ആവശ്യം.

ഹർജി വിഷയത്തിന്മേൽ 23-3-2016-ാം തീയതി കൃഷി (ഫാംസ്) വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"നിലവിലുള്ള നിയമ പ്രകാരം കാഷ്വൽ സ്വീപ്പറായി താൽക്കാലികമായി ഒരു ഓഫീസിൽ ജോലി ചെയ്തുവരുന്ന ഒരാളെ പാർട്ട് ടൈം സ്വീപ്പർ തസ്തിക (റെഗുലർ തസ്തിക) നിലവിലുള്ള മറ്റൊരു ഓഫീസിലേയ്ക്ക് പാർട്ട് ടൈം സ്വീപ്പറായി മാറ്റി നിയമിക്കുവാൻ കഴിയില്ല. ആയതിനാൽ അഞ്ചുതെങ്ങ് കൃഷിഭവനിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി കെ. ബേബിയെ കടയ്ക്കാവൂർ കൃഷിഭവനിലേക്ക് മാറ്റി നിയമിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല."

പ്രസ്തുത റിപ്പോർട്ട് 30-11-2016-ലെ യോഗത്തിൽ പരിഗണിക്കുകയും കൃഷി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി മാനുഷികപരിഗണന നൽകിക്കൊണ്ട് ഹർജിക്കാരിയെ കടയ്ക്കാവൂർ കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കുവാൻ കഴിയുമോയെന്ന് കൃഷി (ഫാംസ്) വകുപ്പിനോട് ആരായുകയും ചെയ്തിരുന്നു. ആയതിന് കൃഷി (ഫാംസ്) വകുപ്പിൽ നിന്നും 6-11-2017-ാം തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീമതി കെ. ബേബി 1-9-1987 മുതൽ കാഷ്വൽ സ്വീപ്പറായി അഞ്ചുതെങ്ങ് കൃഷിഭവനിൽ ജോലി ചെയ്തുവരുന്നു. കൃഷിഭവന്റെ സ്വീപ്പിങ്ങ് ഏരിയ 120.33 ചതുരശ്രമീറ്റർ ആയിരുന്നതിനാൽ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം 1998 ഡിസംബർ മുതൽ ശ്രീമതി കെ. ബേബിക്ക് അനുവദിച്ചിരുന്നു എന്നാൽ അഞ്ചുതെങ്ങ് കൃഷിഭവൻ 11-5-2004-ൽ സ്വന്തം കെട്ടിടത്തിലേക്ക് മാറിയപ്പോൾ

കെട്ടിടത്തിന്റെ സ്വീപ്പിംഗ് ഏരിയ 100 ച. മീറ്ററിൽ കുറവായ സാഹചര്യത്തിൽ പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളം നൽകിയിരുന്നത് അവസാനിപ്പിച്ച് കാഷ്വൽ സ്വീപ്പറുടെ വേതനമാണ് ശ്രീമതി കെ. ബേബിക്ക് നൽകിയിരുന്നത്. 9-2-2010-ലെ 61/2010/ധന. ഉത്തരവിലെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും രീതിയിൽ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളത്തിന് അർഹയായിട്ടുള്ള കാഷ്വൽ സ്വീപ്പറിന് പ്രസ്തുത തസ്തികയിൽ തന്നെ നിലനിർത്തിക്കൊണ്ട് പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം അനുവദിക്കാവുന്നതാണ് എന്ന വ്യവസ്ഥ പ്രകാരം ശ്രീമതി കെ. ബേബിക്ക് 2010 ഫെബ്രുവരി മാസം മുതലുള്ള ശമ്പളം പാർട്ട് ടൈം സ്വീപ്പറിന്റെ നിരക്കിൽ സംരക്ഷിച്ച് നൽകിയിരുന്നു.

ഒരു ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന വ്യക്തിയെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി മറ്റൊരു ഓഫീസിലേയ്ക്ക് മാറ്റി നിയമനം നൽകുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാലും ഇത് പാർട്ട് ടൈം സ്വീപ്പറെ സ്ഥിരപ്പെടുത്തുന്നതിനു വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകളായ G. O. (P) No. 501/2005/Fin. Dated 25-11-2005, G. O. (P) No. 61/2010/Fin. Dated 9-2-2010 എന്നിവയുടെ ലംഘനമായതിനാലും കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. ബേബിയെ അഞ്ചുതെങ്ങ് കൃഷിഭവനിൽ നിന്ന് കടയ്ക്കാവൂർ കൃഷി ഭവനിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിക്കുന്നത് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അനുവദനീയമല്ല.

എന്നാൽ 1-9-1987 മുതൽ ഏകദേശം 30 വർഷക്കാലം തുടർച്ചയായി അഞ്ചുതെങ്ങ് കൃഷി ഭവനിൽ കാഷ്വൽ സ്വീപ്പറായി ജോലിയിൽ തുടർന്നുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജീവനക്കാരി എന്നതും, ശ്രീമതി കെ. ബേബി ഇപ്പോൾതന്നെ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളം കൈപ്പറ്റുന്നതിനാൽ മറ്റ് സാമ്പത്തികബാധ്യത ഇല്ല എന്നതും സർക്കാർ പരിഗണിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കെ. ബേബി റിട്ടയർ ചെയ്യുന്നതുവരെ അഞ്ചുതെങ്ങ് കൃഷി ഭവനിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ശ്രീമതി കെ. ബേബിയെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തി 14-8-2017-ന് സ.ഉ. (കൈ) നമ്പർ103/2017/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്."

ടി റിപ്പോർട്ട് 11-1-2018-ലെ സമിതിയോഗത്തിൽ അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

## ഊർജ്ജ വകുപ്പ്

(1) ഹർജികൾ സംബന്ധിച്ച സമിതി (2014-2016) വൈദ്യുതി പോസ്റ്റ് അനുവദിച്ച് കിട്ടാത്തതിനെതിരെ ശ്രീ. എം. ടി. രാജൻ, മറ്റത്തിൽ വീട്, കണയന്നൂർ, ചോറ്റാനിക്കര, പി. ഒ. എറണാകുളം സമർപ്പിച്ച ഹർജിയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്.

(ഫയൽ നമ്പർ 16802/ഹർജി എ 1/2016/നി.സെ.)

വൈദ്യുതി പോസ്റ്റിന് വേണ്ടി ബോർഡ് നിശ്ചയിച്ച തുക അടച്ചിട്ടും വൈദ്യുതി പോസ്റ്റ് അനുവദിക്കാതെ അപേക്ഷകൻ കേബിൾ കണക്ഷൻ എടുക്കാൻ സ്ഥാപിച്ച ജി.ഐ. പൈപ്പിൽ സർവ്വീസ് വയർ കെട്ടി കണക്ഷൻ നൽകിയെന്നും ആയത് മാറ്റി വൈദ്യുതി പോസ്റ്റ് സ്ഥാപിച്ച് കണക്ഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് ഊർജ്ജ വകുപ്പിന് 18-6-2016-ൽ കത്ത് നൽകിയിരുന്നു. 9-1-2017-ൽ ഊർജ്ജ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്.

"ഹർജിക്കാരൻ ശ്രീ. എം. ടി. രാജന് ചോറ്റാനിക്കര ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ താത്കാലിക വൈദ്യുതി കണക്ഷൻ നിർമ്മാണാവശ്യത്തിനു നൽകിയതായിരുന്നു. പുതിയ കെട്ടിടം പണി പൂർത്തിയായതിനെത്തുടർന്ന് കണക്ഷൻ മാറ്റി സ്ഥാപിച്ചപ്പോൾ പരാതിക്കാരന്റെ പുരയിടത്തിൽക്കൂടി ലൈൻ വലിക്കേണ്ടിവന്നിരുന്നു. പരാതിയെത്തുടർന്ന് ഒരു വൈദ്യുതി തൂണുകൂടി ഇടയിൽ സ്ഥാപിക്കാനുള്ള തുക പരാതിക്കാരൻ അടയ്ക്കുകയും തൂണ് സ്ഥാപിച്ച് ലൈൻ പരാതിയില്ലാത്ത വിധം മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ പരാതി പരിഹരിക്കപ്പെട്ടുവെന്ന് ഹർജിക്കാരൻ പ്രസ്താവനയും നൽകിയിട്ടുണ്ട്."

11-1-2018-ലെ സമിതി യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(2) അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സുരേഷ്കുമാർ. കെ. കെ., പത്തനംതിട്ട സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16217/ഹർജി എ 4/2016/നി.സെ.)

ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ഊർജ്ജ വകുപ്പ് 29-9-2018-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്.

"ശ്രീ. സുരേഷ്കുമാർ. കെ. കെ.യുടെ, പോസ്റ്റ് മാറ്റുന്നതുമായി ബന്ധപ്പെട്ടുള്ള പരാതി ബഹു. പത്തനംതിട്ട ജില്ലാ കളക്ടറുടെ ഉത്തരവിൻപ്രകാരം പരാതിക്കാരന്റെയും സഹോദരനായ ശ്രീ. സന്തോഷ് കുമാറിന്റെയും സമ്മതപ്രകാരം തർക്കമുള്ള പോസ്റ്റ് 27-2-2018-ൽ മാറ്റി സ്ഥാപിച്ച് പരിഹരിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 24-12-2018-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

## സാമൂഹ്യനീതി വകുപ്പ്

ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുലോചന, വാറുവിള വീട്, കോട്ടുകാൽകോണം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21158/ഹർജി എ 2/2016/നി.സെ.)

ദേശീയ കുടുംബക്ഷേമപദ്ധതി ധനസഹായം ലഭ്യമാക്കണമെന്നതായിരുന്നു ശ്രീമതി സുലോചന, കോട്ടുകാൽകോണം സമർപ്പിച്ച ഹർജിയിലെ ആവശ്യം. ഹർജി വിഷയത്തിന്മേൽ 31-7-2018-ാം തീയതിയായി സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീമതി സുലോചന, വാറുവിള വീട്, കോട്ടുകാൽകോണം, കട്ടച്ചൽകുഴി, കോട്ടുകാൽ വില്ലേജ് 7-4-2015-ാം തീയതിയായി ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ഉള്ള അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടിയാൾക്ക് 20,000 രൂപ (ഇരുപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട് എന്നും ദേശീയ കുടുംബക്ഷേമപദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാക്രമം പാലിച്ച് ശ്രീമതി സുലോചനയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 14-11-2018-ലെ യോഗത്തിൽ അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

## ഭക്ഷ്യപൊതുവിതരണ വകുപ്പ്

(1) ആധാർ ഇല്ലാത്തതിനാൽ കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും തന്റെ മാതാവിന് പെൻഷൻ നിരാകരിച്ചത് സംബന്ധിച്ച് ശ്രീ. അശോക കുമാർ, ആലപ്പുഴ സമർപ്പിച്ച ഹർജിയിന്മേലുള്ള റിപ്പോർട്ട്.

(ഫയൽ നമ്പർ 22135/ഹർജിഎ 1/2017/നി.സെ.)

കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിലെ 1686-ാം നമ്പർ പെൻഷണറും ശ്രീ. അശോക കുമാറിന്റെ മാതാവുമായ ശ്രീമതി സരോജിനി 1-9-2016 വരെയുള്ള പെൻഷൻ വാങ്ങിയിട്ടുണ്ട്. വെൽഫെയർ ഫണ്ട് പെൻഷൻ ഏകീകരിക്കുന്നത് സംബന്ധിച്ച് ലഭിച്ച നിർദ്ദേശപ്രകാരം ആധാർ ലഭ്യമാക്കിയതിനുശേഷം തുടർ പെൻഷൻ വിതരണം ചെയ്യുണമെന്ന് അറിയിച്ചിരുന്നു. ഇതിൻപ്രകാരം ആധാർ നമ്പർ ഹാജരാക്കാത്തതിനാലാണ് ശ്രീമതി സരോജിനിയുടെ പെൻഷൻ 2016 ഒക്ടോബർ മുതൽ നൽകാതിരുന്നത്. 7-8-2017-ലെ സ.ഉ. (സാധാ.) നമ്പർ 6268/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ആധാർ കാർഡ് എടുത്തിട്ടില്ലായെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രത്തിന്റെ പിൻബലത്തിൽ ആധാർ കാർഡിന് പകരം ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡിന്റെയോ റേഷൻ കാർഡിന്റെയോ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം ചെയ്യേണ്ടതാണെന്നറിയിക്കുകയുണ്ടായി. ടി വിവരം ടിയാനെ കത്ത് മുഖാന്തരം 16-8-2017-ൽ അറിയിക്കുകയും ആയതിൻ പ്രകാരം ടിയാൻ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം 26-8-2017-ൽ ഹാജരാക്കുകയും 30-8-2017-ൽ ശ്രീമതി സരോജിനിയ്ക്ക് പെൻഷൻ കുടിശ്ശിക സഹിതം അയച്ചുനൽകുകയുണ്ടായി.

11-7-2018-ലെ സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഫയൽനടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(2) ബി.പി.എൽ. പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കെ. സുകുമാരൻ, കോട്ടയം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 22721/ ഹർജി എ 3/2016/നി.സെ.)

2009-ലെ സെൻസസ് പ്രകാരം കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ ബി.പി.എൽ. ലിസ്റ്റിൽ ഹർജിക്കാരന്റെ പേര് 4224 നമ്പരായി ഉൾപ്പെടുത്തിയിരുന്നെന്നും, എന്നാൽ ഭക്ഷ്യസുരക്ഷാ പ്രകാരമുള്ള കരട് ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ ഈ അപേക്ഷ പരിഗണിച്ച് ടിയാനെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് 2-9-2017-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എ.ആർ.ഡി. 33-ൽ ക്രമ നമ്പർ 229 ആയി ശ്രീമതി കുഞ്ഞമ്മ കാർഡ് ഉടമയായിട്ടുള്ള ശ്രീ. പി. കെ. സുകുമാരൻ ഉൾപ്പെടുന്ന കുടുംബം മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന വിവരം സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 11-1-2018-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(3) റേഷൻ കാർഡിലെ എ.പി.എൽ./ബി.പി.എൽ. വേർതിരിവിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് ശ്രീ. പി. ആർ. പ്രസാദ്, പത്തനംതിട്ട സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21021/ ഹർജി എ 3/2017/നി.സെ.)

റേഷൻ കാർഡിലെ എ.പി.എൽ./ബി.പി.എൽ. വേർതിരിവിലെ തെറ്റുകൾ തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ആർ. പ്രസാദ്, പത്തനംതിട്ട സമർപ്പിച്ച ഹർജിയിൽ ചുവടെ ചേർത്തിരിക്കുന്ന ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു:

കേരള സർക്കാർ ഉത്തരവ് പ്രകാരം 2017-ൽ സർവ്വേ നടത്തി പ്രസിദ്ധീകരിച്ച റേഷൻ കാർഡിൽ, നിലവിൽ ബി.പി.എൽ. കാർഡ് ഉള്ളവർക്ക് എ.പി.എൽ. കാർഡും എ.പി.എൽ. കാർഡ് ഉള്ളവർക്ക് ബി.പി.എൽ. ആയും മാറിയാണ് ലഭിച്ചിട്ടുള്ളതെന്നും കാർഡുകൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ റേഷൻ കടകൾ മുഖേനയാണ് നൽകി യിട്ടുള്ളത് എന്നതിനാൽ പൂരിപ്പിച്ച അപേക്ഷകളിൽ ബി.പി.എൽ. കാർഡ് ലഭിക്കുവാൻ കഴിയുന്ന തരത്തിൽ അടയാളപ്പെടുത്തിയാൽ കാർഡ് ഉടമകൾക്ക് അവ ലഭിക്കുന്നതാണ് എന്നും എന്നാൽ ഇതു സംബന്ധിച്ച് കാര്യമായ പരിശോധന നടത്തിയിട്ടില്ലെന്നും ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം പരാതികൾ സ്വീകരിക്കുവാൻ സമയം നൽകുകയും പരിശോധന നടത്തുകയും ചെയ്തിരുന്നുവെങ്കിലും അപ്പീൽ നൽകിയവരിൽ ആരും തന്നെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും ഹർജിയിൽ പരാമർശിച്ചിരുന്നു.

കേരളത്തിന്റെ മൊത്തം ജനസംഖ്യാ അനുപാതത്തിലാണ് ബി.പി.എൽ. സർവ്വെ നടത്തിയിട്ടുള്ളതെങ്കിലും ചില സപ്ലൈ ഓഫീസിന്റെ കീഴിൽ ബി.പി.എൽ.കാരുടെ പ്രാതിനിധ്യം കുറവാണെന്നും മറ്റു പല ജില്ലകളിലും അതിന്റെ പ്രാതിനിധ്യം വളരെ കൂടുതലാണെന്നുമുള്ള പരാതി നിലനിൽക്കുന്നതായും പരാതിയിൽ ബോധിപ്പിച്ചിരുന്നു. നിലവിൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

ഹർജിയിന്മേൽ ഭക്ഷ്യ പൊതുവിതരണ (ഉപഭോക്തൃകാര്യ) വകുപ്പ് 20-10-2017-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"എൻ.എഫ്.എസ്.എ. പ്രകാരം മുൻഗണനാ കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത് എന്നതിനാൽ അപേക്ഷകൾ റേഷൻ കടയിൽ നിന്നും അടയാളപ്പെടുത്തിയിരുന്നെങ്കിൽ ബി.പി.എൽ. കാർഡ് ലഭിക്കുമായിരുന്നു എന്ന ഹർജിക്കാരന്റെ പ്രസ്താവന വാസ്തവവിരുദ്ധമാണ്.

മുൻഗണനാ ലിസ്റ്റ് സംബന്ധിച്ച് വന്നിട്ടുള്ള പരാതികളെപ്പറ്റി അന്വേഷണം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ തലത്തിൽ അതത് പഞ്ചായത്ത് സെക്രട്ടറി ചെയർമാനായും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറായും വില്ലേജ് ആഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളായും വെരിഫിക്കേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റികൾ അതിനു മുമ്പാകെ വന്ന പരാതികളിന്മേൽ അവലോകനം നടത്തി തീരുമാനം എടുത്തിട്ടുള്ളതാണ്.

സംസ്ഥാന തലത്തിൽ റാങ്കിംഗ് നടത്തുന്നതിനാൽ താലൂക്ക് തലത്തിൽ അനർഹരെ ഒഴിവാക്കുമ്പോൾ പകരം ആ താലൂക്കിൽത്തന്നെ തുല്യമായ എണ്ണം അർഹരെ ഉൾപ്പെടുത്തുവാൻ കഴിയില്ല.

ഇക്കാര്യം സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ മുൻഗണനാ മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തി പട്ടിക പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടെ ഇത്തരത്തിലുള്ള പരാതികൾക്ക് പരിഹാരമുണ്ടാകുന്നതാണ്. കൂടാതെ പട്ടിക നിരന്തരമായ പരിശോധനയ്ക്കും പരിഷ്കരണത്തിനും വിധേയമാക്കാനും തീരുമാനിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 24-11-2018-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(4) ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സ്വാമിദാസ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 22290/ ഹർജി എ 4/2015/നി.സെ.)

വികലാംഗനും മുതിർന്ന പൗരനുമായ ഹർജിക്കാരനും ഭാര്യയും ടിയാനു ലഭിക്കുന്ന വികലാംഗപെൻഷൻ കൊണ്ടുമാത്രമാണു ജീവിക്കുന്നതെന്നും IAY പദ്ധതി പ്രകാരം 2006-07 വർഷത്തിൽ കിട്ടിയ വീട്ടിലാണ് താമസിക്കുന്നതെന്നും ദാരിദ്ര്യരേഖ സർട്ടിഫിക്കറ്റിനായി ടിയാൻ പഞ്ചായത്തിനെ സമീപിച്ചപ്പോൾ ബി.പി.എൽ. ലിസ്റ്റിൽ പേര് ഇല്ലെന്ന് അധികൃതർ അറിയിച്ചുവെന്നും ആയതിനാൽ ടി ലിസ്റ്റിൽ ഹർജിക്കാരന്റെ പേര് ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്.

"തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ വില്ലേജിൽ വെൺപകൽ ദേശത്ത് നെട്ടത്തോട്ടം ലക്ഷം വീട് കോളനിയിൽ വെൺപകൽ പി.ഒ.യിൽ ശ്രീ. സ്വാമിദാസ്

നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ ടിയാൻ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആളാണെന്നും ആയതുപ്രകാരമുള്ള റേഷൻ കാർഡ് നൽകിയിട്ടുണ്ടെന്നും അറിയിക്കുന്നു."

ടി റിപ്പോർട്ട് സമിതിയുടെ 26-7-2017-ലെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(5) റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വേലായുധൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18018/ഹർജി ബി2/2014/നി.സെ.)

ഹർജിക്കാരൻ 1999-ൽ ഹൗസിംഗ് ബോർഡിൽ നിന്നും 1,50,000 രൂപയുടെ വായ്പയ്ക്ക് അപേക്ഷിച്ചപ്പോൾ ടിയാന് 1,23,000 രൂപ അനുവദിച്ചുകിട്ടിയെന്നും അന്ന് മാവൂർ കമ്പനിയിൽ ജോലിയുണ്ടായിരുന്ന ടിയാൻ 30,000 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും എന്നാൽ കമ്പനി പൂട്ടിപ്പോയതിനാൽ തുടർന്ന് ബാക്കി തുക അടയ്ക്കാൻ കഴിഞ്ഞില്ലെന്നും 73 വയസ്സുള്ള രോഗിയായ ടിയാന് തന്റെ രണ്ട് പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചതിന്റെ കടമുണ്ടെന്നും കൂടാതെ മൂത്തമകൻ മാരകമായ ക്യാൻസർ രോഗം ബാധിച്ച് മരണപ്പെടുകയും ചെയ്തെന്നും, മകന്റെ ചികിത്സയ്ക്കായി 12 ലക്ഷത്തോളം രൂപ ചെലവായെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു. ടിയാന് കമ്പനിയിൽ ജോലി ഉണ്ടായിരുന്നപ്പോൾ അനുവദിച്ച റേഷൻകാർഡ് എ.പി.എൽ. ആയിരുന്നുവെന്നും, എന്നാൽ കമ്പനിയിൽ നിന്നും പിരിഞ്ഞശേഷം ടിയാന്റെ റേഷൻകാർഡിലെ വരുമാനം 324 രൂപ മാത്രമാണെങ്കിലും ടിയാന് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടില്ലെന്നും എന്നാൽ മകന്റെ അസുഖ സമയത്ത് ടിയാൻ ബി.പി.എൽ. ആണെന്നതു സംബന്ധിച്ച് സാക്ഷ്യപത്രം നൽകിയിരുന്നുവെന്നും ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

വെറും 366 രൂപ മാത്രം പി.എഫ്. പെൻഷൻ വാങ്ങുന്ന ടിയാന് ഭവനവായ്പ അടയ്ക്കാൻ നിവൃത്തിയില്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ വായ്പ പൂർണ്ണമായും എഴുതിത്തള്ളി ആധാരം തിരികെ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

ടി ഹർജിയിലെ എ.പി.എൽ. റേഷൻകാർഡ് ബി.പി.എൽ. ആക്കണമെന്ന ആവശ്യത്തിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ടി ഹർജി റിപ്പോർട്ടിനായി 19-9-2014-ൽ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലേക്ക് അയച്ചു തുടർന്ന് ടി വകുപ്പ് 20-7-2015-ലെ 78194/ബി3/14/ഭ.സി.സ.വ. നമ്പർ കത്തു മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ടിൽ ഹർജിക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് ബി.പി.എൽ. റേഷൻകാർഡിന് അർഹതയുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട്

സമർപ്പിക്കുവാൻ താലൂക്ക് സപ്ലൈ ഓഫീസർ, കോഴിക്കോട് ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം എന്നിവരോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് ജില്ലാ സപ്ലൈ ഓഫീസർ, കോഴിക്കോട് അറിയിച്ചിരിക്കുന്നതായും അതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആയത് സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരുന്നു.

തുടർന്ന് 26-7-2017-ൽ ഹർജി വിഷയം സംബന്ധിച്ച് സമിതി ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തിയ വേളയിൽ ഹർജിക്കാരന് മുൻഗണനാ കാർഡ് അനുവദിച്ചിട്ടുള്ളതായും, ഹർജി വിഷയം പരിഹരിച്ചതായും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

തുടർന്ന് ടി വകുപ്പ് 20-1-2018-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം ശ്രീ. മംഗലശ്ശേരി വേലായുധൻ ഉൾപ്പെട്ട 2159054731-ാം നമ്പർ റേഷൻകാർഡ് ഇപ്പോൾ മുൻഗണനാ വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത് എന്ന വിവരം സമിതിയെ അറിയിക്കുന്നു. "

പ്രസ്തുത റിപ്പോർട്ട് 21-11-2018-ലെ സമിതി യോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

കെ. ബി. ഗണേഷ് കുമാർ,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 മേയ് 15.

## അനുബന്ധം I

## സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികൾ

**ആഭ്യന്തര വകുപ്പ്**

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ | റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | ശ്രീ. എം. വി. ജേക്കബ്, ഇടുക്കി | പോലീസ് നീതി നിഷേധം നടത്തിയെന്നാരോപിച്ച് സമർപ്പിച്ച ഹർജി | 19960/ഹർജി ബി1/2009/ നി.സെ. | ആഭ്യന്തരം ഡി3/356/2017/ തീയതി 22-12-2017 |
| 2 | സൗദാബീവി, കൊല്ലം | ഭർത്താവിനെ കള്ളക്കേസിൽ കുടുക്കിയതിനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 11911/ഹർജി ബി2/2008/ നി.സെ. | എം3/119/2017/ ആഭ്യന്തരം തീയതി 5-10-2018 |
| 3 | വലേറിയൻ എം. ടി., എറണാകുളം | കളവ് പോയ മുതൽ തിരികെ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15254/ഹർജി ബി2/2009/ നി.സെ. | എം3/135/2017/ ആഭ്യന്തരം തീയതി 13-6-2018 |
| 4 | ശ്രീ. അനിൽകുമാർ, പന്തളം | മൊഴിമാറ്റുകയും വ്യാജ ഒപ്പ് ഉപയോഗിക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 15862/ഹർജി ബി4/2007/ നി.സെ. | 96471/എം1/12/ ആഭ്യന്തരം തീയതി 19-6-2013 |

## റവന്യൂ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ | റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ശ്രീ. സെബാസ്റ്റ്യൻ ചാക്കോ, തൃശ്ശൂർ | അനധികൃതമായി പാറയ്ക്ക് പട്ടയം അനുവദിച്ചത്, വഴി തടസ്സപ്പെടുത്തൽ, അക്രമം, വധഭീഷണി എന്നിവ സംബന്ധിച്ച് | 19029/ഹർജി ബി3/2009/ നി.സെ. | 89/എൽ3/ 2017/റവ. തീയതി 4-11-2017 |
| 2 | ശ്രീ. ആർ. രത്നരാജൻ, ശ്രീ. കെ. ബാബു, തിരുവനന്തപുരം | അനധികൃതമായി ഭൂമി പതിച്ചു നൽകിയത് സംബന്ധിച്ച് | 12378/ഹർജി/ സി1/1996/ നി.സെ. | ഡി1/205/ 18/റവന്യൂ തീയതി 22-10-2018 |
| 3 | ശ്രീ. കെ. ശ്രീധരൻ, തിരുവനന്തപുരം | പുളുവൽ സ്ഥലം സംബന്ധിച്ച് | 12692/ഹർജി സി1/1996/ നി.സെ. | 54402/യു1/ 04/റവ. തീയതി 7-5-2015 |
| 4 | ശ്രീ. തോമസ്, ശ്രീ. ജോസഫ്, ഇടുക്കി | നഷ്ടപ്പെട്ട ഭൂമിക്ക് പകരം ഭൂമി ലഭിക്കുന്നതിന് | 9255/ഹർജി സി1/1998/ നി.സെ. | 10609/എ 2/ 2015/റവ. തീയതി 21-12-2017 |
| 5 | ശ്രീ. പി. എം. കഞ്ഞുമോൻ, ശ്രീമതി സൈനബ, ഇടുക്കി | കൈവശാവകാശ ഭൂമിയിൽ നിന്നും ഇറക്കി വിടുന്നത് സംബന്ധിച്ച് | 15153/ഹർജി. സി1/2001/ നി.സെ. | 14552/എ 2/ 2010/റവ. തീയതി 12-2-2018 |
| 6 | ശ്രീ. കെ. രാജേന്ദ്രൻ, തിരുവനന്തപുരം | പുറമ്പോക്ക് വഴിയും തോടും കൈവശപ്പെടുത്തുന്നതിനെതിരെ | 15257/ഹർജി സി1/2001/ നി.സെ. | 62759/യു1/ 2015/റവന്യൂ തീയതി 22-10-2018 |
| 7 | ശ്രീ. എസ്. ബിജു, കൊല്ലം | ടാറ്റാ ഓയിൽ മിൽസ് ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന് കൈമാറുന്നത് സംബന്ധിച്ച് | 6958/ഹർജി സി1/2003/ നി.സെ. | എൽ2/7574 8/2004/ റവന്യൂ തീയതി 29-11-2018 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | ശ്രീ. രാധാകൃഷ്ണൻ ബല്യയ, ശ്രീ. അസ്സുണ്ണി | സമിതിയുടെ നാലാമത് റിപ്പോർട്ട് | 13298/ഹർജി സി1/2006/ നി.സെ. | 3/എൽ4/ 2017/റവ. തീയതി 24-10-2017 |
| 9 | ശ്രീ. പാസ്റ്റിൻ, ഇടുക്കി | അനധികൃതമായി വനഭൂമി കയ്യേറി വീട് വയ്ക്കുന്നതിനെതിരെ | 12456/ഹർജി സി1/2005/ നി.സെ. | 40471/പി2/ 12/റവ. തീയതി 9-8-2012 |
| 10 | ശ്രീ. മുഹമ്മദ് കുഞ്ഞി, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 13716/സി1/ 2006/ നി.സെ. | 31/എൽ4/ 2017/റവ. തീയതി 16-11-2017 |
| 11 | ശ്രീമതി സുബൈദ, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 13737/സി1/ 2006/ നി.സെ. | 10618/എൽ1/ 07/റവ. തീയതി 28-10-2013 |
| 12 | പട്ടികജാതി പട്ടികവർഗ്ഗക്കാർ, കൊല്ലം | പട്ടയം ലഭിക്കുന്നതിന് | 13942/സി1/ 2006/ നി.സെ. | 88427/പി2/ 06/റവ. തീയതി 15-5-2011 |
| 13 | ശ്രീ. ഐതപ്പ, കാസർഗോഡ് | ഭൂമിക്ക് കൈവശാവകാശം ലഭിക്കുന്നതിന് | 9523/സി1/ 2007/ നി.സെ. | എൽ1/316/ 2017/റവന്യൂ തീയതി 19-7-2018 |
| 14 | ശ്രീ. കെ. വി. ഗോപി (കർഷക തൊഴിലാളി യൂണിയൻ സെക്രട്ടറി) | വട്ടതലപ്പുഴയുടെ സമീപത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് | 12029/ഹർജി സി2/1997/ നി.സെ. | റവ/425/ 2018-റവ. തീയതി 18-5-2018 |
| 15 | ശ്രീ. കെ. ശിവപ്രസാദ്, തിരുവനന്തപുരം | ഹൈസ്കൂളിന് വിട്ടുകൊടുത്ത സ്ഥലം വില്ലേജ് ഓഫീസിന് തിരികെ നൽകുന്നതിന് നടപടി ആവശ്യപ്പെട്ട് | 7420/ഹർജി സി2/2002/ നി.സെ. | 61667/എം1/ 2015/ പൊ.വി.വ. തീയതി 28-11-2017 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 16 | ശ്രീ. തങ്കച്ചൻ സഖറിയാസ്, കോട്ടയം | നിലം നികത്തുന്നതിനെതിരെ | 16082/ഹർജി സി2/2004/ നി.സെ. | 37729/ഹ2/ 2016/റവ. തീയതി 29-12-2016 |
| 17 | ശ്രീമതി ശാരദ, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 13742/ഹർജി സി2/2006/ നി.സെ. | എച്ച് 2- 23554/2008 തീയതി 30-10-2017 |
| 18 | കളത്തുപ്പുഴ സാം നഗർ പ്രദേശവാസികൾ | പട്ടയം ലഭിക്കുന്നതിന് | 8151/ഹർജി സി2/2007/ നി.സെ. | റവ-യു2/75/ 2018/റവ. തീയതി 19-6-2018 |
| 19 | ശ്രീ. കെ. അനിൽകുമാർ, കൊല്ലം | പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് | 8155/ഹർജി സി2/2007/ നി.സെ. | 49546/എൽ2/ 2011/റവ. തീയതി 2-2-2016 |
| 20 | ശ്രീ. വി. യു. വിജയൻ, ആലപ്പുഴ | പതിച്ച് നൽകിയ ഭൂമി കൈവശപ്പെടുത്തി നൽകുന്നതിന് | 8598/ഹർജി സി2/2007/ നി.സെ. | 66029/ പി.എസ്./11/ ആർ.ഡി.(1) തീയതി 2-7-2015 |
| 21 | ശ്രീ. കെ. സി. പുരുഷോത്തമൻ, വയനാട് | കൈവശഭൂമി തിരിച്ച് കിട്ടുന്നതിന് | 9744/ഹർജി സി2/2007/ നി.സെ. | 22308/ഹ2/ 14/റവ. തീയതി 27-6-2016 |
| 22 | ശ്രീമതി ബിഫാത്തിമ, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 15020/ഹർജി സി2/2008/ നി.സെ. | 5/എൽ4/ 2017/റവ. തീയതി 25-7-2018 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 23 | ശ്രീമതി ആമിന, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 15036/ഹർജി സി2/2008/ നി.സെ. | 45409/എൽ1/ 2008/റവ. തീയതി 19-4-2011 |
| 24 | ശ്രീ. സാംസൺ ഡിക്രൂസ്, തിരുവനന്തപുരം | റീസർവ്വേ നടപടികളിലെ അപാകതകൾ സംബന്ധിച്ച പരാതി | 12884/ഹർജി സി3/1997/ നി.സെ. | 28284/ഇ 3/ 2005/റവ. തീയതി 21-1-2016 |
| 25 | ശ്രീമതി ലീല, ഇടുക്കി | പട്ടയം ലഭിക്കുന്നതിനുള്ള പരാതി | 5276/ഹർജി സി3/2003/ നി.സെ. | 59664/ആർ3/ 2012/റവ. തീയതി 1-12-2017 |
| 26 | ശ്രീമതി ശാന്തമ്മ, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിനു വേണ്ടിയുള്ള പരാതി | 12838/ഹർജി സി3/2003/ നി.സെ. | എൽ4/2017/ റവ. തീയതി 5-12-2017 |
| 27 | ശ്രീമതി ത്രേസ്യാമ്മ, ഇടുക്കി | പട്ടയം ലഭിക്കുന്നതിനു വേണ്ടിയുള്ള പരാതി | 16448/ഹർജി സി3/2003/ നി.സെ. | 69728/എ 2/ 2008/റവ. തീയതി 27-6-2016 |
| 28 | ശ്രീമതി സക്കീന, ആലംകോട് | തിരുവനന്തപുരം ആലംകോട് മാർക്കറ്റ് വികസനത്തിന് ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച പരാതി | 14242/ഹർജി സി3/2005/ നി.സെ. | 24018/ബി3/ 2010/റവ. തീയതി 14-10-2014 |
| 29 | ശ്രീ. ടി. എസ്. കൃഷ്ണൻ, കോയമ്പത്തൂർ | അന്യാധീനപ്പെട്ട ഭൂമി തിരികെ ലഭിക്കുന്നതിന് | 13569/ഹർജി സി3/2005/ നി.സെ. | 27062/ഇ 3/ 2016/റവ. തീയതി 13-3-2017 |

## വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ | റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | ശ്രീ. പി. ജമാലുദ്ദീൻ, തിരുവനന്തപുരം | പട്ടയം ലഭിക്കുന്നതിനായി | 7209/സി1/ 2004/ നി.സെ. | 5407/സി1/ 09/വനം തീയതി 12-6-2009 |
| 2 | ശ്രീ. പാസ്റ്റിൻ, ഇടുക്കി | അനധികൃതമായി വനഭൂമി കയ്യേറി വീട് വയ്ക്കുന്നതിനെതിരെ | 12456/സി1/ 2005/ നി.സെ. | സി1/37/ 2016/വനം തീയതി 12-7-2016 |
| 3 | ശ്രീ. കെ. സി. പുരുഷോത്തമൻ, വയനാട് | കൈവശഭൂമി തിരിച്ച് കിട്ടുന്നതിന് | 9744/ഹർജി സി2/ 2007/ നി.സെ. | 5781/ഇ 2/ 2013/വനം തീയതി 4-7-2017 |
| 4 | ശ്രീ. ടി.എസ്. കൃഷ്ണൻ, കോയമ്പത്തൂർ | അന്യാധീനപ്പെട്ട ഭൂമി തിരികെ ലഭിക്കുന്നതിന് | 13569/ഹർജി സി3/2005/ നി.സെ. | 13542/ബി3/ 2012/വനം തീയതി 2-11-2016 |

## തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ | റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ശ്രീ. റ്റി. കെ. സുഗതൻ, കോഴിക്കോട് | പൊതുവഴിതടസ്സപ്പെടുത്തിയതിനെതിരെ | 12923/സി1/ 2008/ നി.സെ. | 47655/ഡി. എ 1/2008/ തസ്വഭവ. തീയതി 22-10-2009 |
| 2 | ശ്രീ. രാമചന്ദ്ര, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിനായി | 15084/സി1/ 2008/ നി.സെ. | ആർ.സി4/ 390/15/ തസ്വഭവ. തീയതി 10-3-2017 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | ശ്രീ. ഭാസ്കരൻ, കോഴിക്കോട് | വെള്ളം കെട്ടിനിൽക്കുന്നതിനെതിരെ | 18880/സി1/ 2008/ നി.സെ. | 9107/പി. എസ്1/15/ തസ്വഭവ. തീയതി 18-4-2015 |
| 4 | ശ്രീ. എസ്. ബിജു, കൊല്ലം | ടാറ്റാ ഓയിൽ മിൽസ് ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന് ഭൂമി കൈമാറിയതിലെ അഴിമതി സംബന്ധിച്ച് | 6958/സി1/ 2003/ നി.സെ. | തസ്വഭവ./ 04/ഐഎ 2/ 17/തസ്വഭവ. തീയതി 17-7-2017 |
| 5 | ശ്രീ. കെ. വി. ഗോപി (കർഷകതൊഴിലാളി യൂണിയൻ സെക്രട്ടറി) | വട്ടതലപ്പുഴയുടെ സമീപത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് | 12029/ ഹർജി സി2/ 1997/ നി.സെ. | 488562/ആർ. ബി1/2016/ തസ്വഭവ. 10-10-2018 |

## സഹകരണ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ | റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | ശ്രീ. അജയകുമാർ | തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16090/ഹർജി എ 2/2008/ നി.സെ. | 1259/സി1/ 2014/സഹ. തീയതി 5-11-2015 |

അനുബന്ധം II

## സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ/വിഷയങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

**ആഭ്യന്തര വകുപ്പ്**

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി ഷീല, കൊല്ലം | അനുവാദമില്ലാതെ ഹർജിക്കാരിയുടെ വസ്തുവിൽ കൂടി വൈദ്യുതി കണക്ഷൻ എടുക്കുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 16996/ഹർജി എ 4/2017/ നി.സെ. |
| 2 | ശ്രീ. വി. വൈ. ശ്രീകുമാർ, തിരുവനന്തപുരം | എഫ്.ഐ.ആറിൽ കൃത്രിമം കാണിച്ച എസ്.ഐ.ക്കെതിരെ | 16092/ഹർജി ബി1/2008/ നി.സെ. |
| 3 | ശ്രീ. രാധാകൃഷ്ണൻ, കൊല്ലം | കള്ളക്കേസിൽ കുടുക്കി പീഡിപ്പിച്ച എസ്.ഐ.ക്കെതിരെ നടപടിയാവശ്യപ്പെട്ട് | 12457/ഹർജി ബി1/2010/ നി.സെ. |
| 4 | ശ്രീമതി പോങ്ങിൽ വസന്ത, തിരുവനന്തപുരം | നെട്ടത്തോട്ടം കോളനിയിലെ അനാശാസ്യപ്രവർത്തനങ്ങൾക്കെതിരെ | 17373/ഹർജി ബി1/2012/ നി.സെ. |
| 5 | ശ്രീ. തുളസീധരൻ, കൊല്ലം | പാറഖനനം നിർത്തലാക്കണമെന്നാവശ്യപ്പെട്ട് | 17921/ഹർജി ബി1/2012/ നി.സെ. |
| 6 | ശ്രീ. ജയരാജൻ, കോഴിക്കോട് | ഭൂമി കയ്യേറി മതിൽ കെട്ടാൻ ശ്രമിക്കുന്നുവെന്നാരോപിച്ച് | 19143/ഹർജി ബി1/2013/ നി.സെ. |
| 7 | ശ്രീ. ഫ്രാൻസിസ് വി., തിരുവനന്തപുരം | ഹർജിക്കാരനെതിരെയുള്ള വ്യാജ പരാതിയെക്കുറിച്ച് സത്യസന്ധമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് | 17404/ഹർജി ബി1/2014/ നി.സെ. |
| 8 | ശ്രീമതി സിമി ഷെറഫ്, കോട്ടയം | അയൽവാസി ഭൂമി കയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് | 21790/ഹർജി ബി1/2014/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. ശശികുമാർ, കൊല്ലം | വിശ്വാസ വഞ്ചന നടത്തി വിവിധ വ്യക്തികളിൽ നിന്നും പണം തട്ടിയവർക്കെതിരെ | 23254/ഹർജി ബി4/2014/ നി.സെ. |
| 10 | ശ്രീ. ശ്രീജിത്ത് എസ്. ആർ., നെയ്യാറ്റിൻകര | സഹോദരന്റെ മരണം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് | 15968/ഹർജി ബി1/2015/ നി.സെ. |
| 11 | ശ്രീ. വിഷ്ണു, പാലക്കാട് | കുഴൽമന്ദം എസ്.ഐ.യുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ | 18119/ഹർജി ബി1/ 2015/ നി.സെ. |
| 12 | ശ്രീ. ഷിഹാബുദ്ദീൻ തുടങ്ങിയ വാളക്കാട് നിവാസികൾ, തിരുവനന്തപുരം | വിശ്വാസ വഞ്ചന നടത്തി വിവിധ വ്യക്തികളിൽ നിന്നും പണം തട്ടിയതിനെതിരെ | 14806/ഹർജി ബി1/2016/ നി.സെ. |
| 13 | ശ്രീമതി ഹാരിറ്റ് മിനി, തിരുവനന്തപുരം | വ്യാജ പരാതികൾ നൽകിയും ഭീഷണിപ്പെടുത്തിയും ഉപദ്രവിക്കുന്ന എതിർകക്ഷികൾക്കെതിരെ | 16045/ഹർജി ബി1/2016/ നി.സെ. |
| 14 | ശ്രീമതി ജസീല, കൊല്ലം | തന്നെയും മകനെയും ഭീഷണിപ്പെടുത്തുകയും സ്വൈരജീവിതത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നവർക്കെതിരെ നിയമനടപടി ആവശ്യപ്പെട്ട് | 18810/ഹർജി ബി1/ 2016/ നി.സെ. |
| 15 | ശ്രീ. ഡി. ജോയി, കൊല്ലം | പോലീസ് ഉദ്യോഗസ്ഥരായ എതിർ കക്ഷിയിൽ നിന്നുള്ള പീഡനത്തിനെതിരെ | 19462/ഹർജി ബി1/ 2016/ നി.സെ. |
| 16 | ശ്രീമതി പ്രഭ, കോട്ടയം | പോലീസ് ഉദ്യോഗസ്ഥനായ എതിർ കക്ഷിയുടെ നിയമവിരുദ്ധ പ്രവൃത്തികൾക്കെതിരെ | 21992/ഹർജി ബി1/2016/ നി.സെ. |
| 17 | ശ്രീമതി ലൈല, കണ്ണമ്മൂല പുത്തൻപാലം നിവാസികൾ തിരുവനന്തപുരം | ഗുണ്ടാ സംഘങ്ങൾ സ്വൈരജീവിതം തകർക്കുന്നതിനെതിരെ | 14321/ഹർജി ബി1/2017/ നി.സെ. |
| 18 | ശ്രീമതി ശരണ്യ അജേഷ് ബാബു ആലപ്പുഴ | നീതി നിഷേധത്തിനും ഭർത്താവിനെ കള്ളക്കേസിൽ കുടുക്കി പീഡിപ്പിക്കുന്നതിനുമെതിരെ നടപടി ആവശ്യപ്പെട്ട് | 17469/ഹർജി ബി1/2017/ നി.സെ. |
| 19 | ശ്രീ. എൻ. ദയാനന്ദൻ, കൊല്ലം | ജീവനും സ്വത്തിനും സംരക്ഷണവും നീതിയും ലഭിക്കണമെന്നാവശ്യപ്പെട്ട് | 17712/ഹർജി ബി1/2017/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | ശ്രീ. എ.അൻസാരി, കൊല്ലം | എതിർകക്ഷിയിൽ നിന്നും മകളെ വിട്ടുകിട്ടുന്നതിനും കുടുംബജീവിതം തകർത്ത് മാനഹാനി വരുത്തിയ എതിർ കക്ഷികളിൽ നിന്നും നഷ്ടപരിഹാരം ലഭിക്കുന്നതിനും നടപടിയാവശ്യപ്പെട്ട് | 18320/ഹർജി ബി1/ 2017/ നി.സെ. |
| 21 | അഡ്വ. ഷൈൻ വർഗീസ്, ഇടുക്കി | എതിർകക്ഷിയുടെ ഭീഷണിക്കെതിരെ | 20259/ഹർജി ബി1/ 2017/ നി.സെ. |
| 22 | ശ്രീ. ഉണ്ണികൃഷ്ണൻ ഇ.വി., മലപ്പുറം | അമ്മയുടെ കൊലപാതകികളെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് | 22130/ഹർജി ബി1/2017/ നി.സെ. |
| 23 | ശ്രീ. സാദിഖ് ജെ.റ്റി., തിരുവനന്തപുരം | വ്യാജകേസിൽപ്പെടുത്തി ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തിയ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയാവശ്യപ്പെട്ട് | 22388/ഹർജി ബി1/2017/ നി.സെ. |
| 24 | ശ്രീമതി സിന്ധു, പത്തനംതിട്ട | അയൽവാസിയായ എതിർകക്ഷിക്കെതിരെ നടപടി ആവശ്യപ്പെട്ട് | 24325/ഹർജി ബി1/2017/ നി.സെ. |
| 25 | ശ്രീമതി ആരിഫ നവാസ്, എറണാകുളം | ഭർത്താവിനെതിരെ നിരന്തരം വ്യാജ പരാതി നൽകുന്നവർക്കെതിരെ | 26638/ഹർജി ബി1/2017/ നി.സെ. |
| 26 | ശ്രീ. മത്തായി സാമുവൽ, ശ്രീമതി ബെൻസി മത്തായി, കൊല്ലം | കളവായി കേസെടുത്ത എസ്.ഐ.ക്കെതിരെ നടപടി ആവശ്യപ്പെട്ടും കേസ് എഴുതിത്തള്ളി നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ടും സമർപ്പിച്ച ഹർജി | 27064/ഹർജി ബി1/2017/ നി.സെ. |
| 27 | ജെസയ്യ, നെയ്യാറ്റിൻകര | കള്ളക്കേസെടുത്ത സർക്കിൾ ഇൻസ്പെക്ടർക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15248/ഹർജി ബി2/2010/ നി.സെ. |
| 28 | രാജീവ്. വി., പത്തനംതിട്ട | ഗുണ്ടാ ആക്രമണം നടത്തിയ ക്വട്ടേഷൻ സംഘത്തിനെതിരെ കേസെടുക്കാൻ വിസമ്മതിച്ച ഡി.വൈ.എസ്.പി. ക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 11566/ഹർജി ബി2/2012/ നി.സെ. |
| 29 | കെ. രാധാകൃഷ്ണൻ, തിരുവനന്തപുരം | നിരപരാധികളെ കള്ളക്കേസിൽ കുടുക്കി പീഡിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 14078/ഹർജി ബി2/2012/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 30 | എസ്. സുര, തിരുവനന്തപുരം | കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15362/ഹർജി ബി2/2012/ നി.സെ. |
| 31 | കെ. പി. അനിൽകുമാർ, കൊല്ലം | നീതി നിഷേധം നടത്തിയ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 19370/ഹർജി ബി2/2012/ നി.സെ. |
| 32 | എസ്. വിമലാക്ഷൻ, തിരുവനന്തപുരം | ഭാര്യയുടെ ആത്മഹത്യയ്ക്ക് ഇടയാക്കിയ സംഭവത്തെക്കുറിച്ച് സത്യസന്ധമായ അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 20112/ഹർജി ബി2/2012/ നി.സെ. |
| 33 | ഷീബ, തിരുവനന്തപുരം | ഔദ്യോഗിക കൃത്യവിലോപം കാട്ടിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 14131/ഹർജി ബി2/2013/ നി.സെ. |
| 34 | സലാവുദ്ദീൻ, തിരുവനന്തപുരം | പോലീസ് ഡിപ്പാർട്ട്മെന്റിൽ സ്ഥാനക്കയറ്റത്തിന് കാലതാമസം വരുത്തിയതിനെതിരെ സമർപ്പിച്ച ഹർജി | 16825/ഹർജി ബി2/2013/ നി.സെ. |
| 35 | അനിൽകുമാർ, തിരുവനന്തപുരം | നെയ്യാറ്റിൻകര ഡി.വൈ.എസ്.പി. യുടെ ആക്രമണത്തിൽ നിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 13192/ഹർജി ബി2/2014/ നി.സെ. |
| 36 | ലോറൻസ് ജോസഫ്, ഇടുക്കി | ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 13210/ഹർജി ബി2/2014/ നി.സെ. |
| 37 | സുനിൽകുമാർ, കോഴിക്കോട് | അന്യായമായി കസ്റ്റഡിയിലെടുത്ത് മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 22534/ഹർജി ബി2/2014/ നി.സെ. |
| 38 | കൃഷ്ണമ്മ, കണ്ണൂർ | ഹർജിക്കാരിയോടും മകളോടും അപമര്യാദയായി പെരുമാറിയ പോലീസുദ്യോഗസ്ഥനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15384/ഹർജി ബി2/2015/ നി.സെ. |
| 39 | ജോഷി. എൻ.ഡി., തൃശ്ശൂർ | സ്വൈര ജീവിതത്തിനുള്ള സാഹചര്യം ഒരുക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 19268/ഹർജി ബി2/2015/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 40 | ജി. സുരേന്ദ്രൻ, വർക്കല | ആജീവനാന്ത സംരക്ഷണ ഉത്തരവ് പാലിക്കാതിരുന്നതിന്മേലുള്ള ഹർജി | 19767/ഹർജി ബി2/2015/ നി.സെ. |
| 41 | മുകുന്ദൻ എൻ., തൃശ്ശൂർ | കെൽസയുടെ മദ്ധ്യസ്ഥതയിൽ ചെയ്ത എഗ്രിമെന്റ് നടപ്പിലാക്കി കിട്ടുന്നതിനായി സമർപ്പിച്ച ഹർജി | 23532/ഹർജി ബി2/2015/ നി.സെ. |
| 42 | മോഹൻദാസ് പി., തിരുവനന്തപുരം | കളളക്കേസ് കൊടുത്തതിനെതിരെ വകുപ്പുതല നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16694/ഹർജി ബി2/2016/ നി.സെ. |
| 43 | സി. വത്സല, തിരുവനന്തപുരം | വീട് കയറി ആക്രമണം നടത്തിയ തിനെതിരെ സമർപ്പിച്ച ഹർജി | 17514/ഹർജി ബി2/2016/ നി.സെ. |
| 44 | പോങ്ങിൽ വസന്ത, തിരുവനന്തപുരം | അനധികൃത മദ്യവിൽപ്പനയും അനാശാസ്യ പ്രവർത്തനവും തടയാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 17971/ഹർജി ബി2/2016/ നി.സെ. |
| 45 | ശോഭന ആർ, തിരുവനന്തപുരം | വീട്ടിൽ അതിക്രമിച്ചുകയറി ദേഹോപദ്രവം ഏൽപ്പിച്ച എസ്.ഐ.ക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 23551/ഹർജി ബി2/2016/ നി.സെ. |
| 46 | പാത്തുമോൾ, മലപ്പുറം | വീട്ടിൽ അതിക്രമിച്ചുകയറി അക്രമം കാട്ടുകയും സ്ത്രീത്വത്തെ അപമാനി ക്കുകയും ചെയ്ത താനൂർ സി.ഐ.ക്കെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16180/ഹർജി ബി2/2017/ നി.സെ. |
| 47 | എസ്. സുനിൽകുമാർ, കൊല്ലം | കൊല്ലം മയ്യനാട് പഞ്ചായത്തിൽ പെട്രോൾ പമ്പിനോട് ചേർന്ന് ആഡിറ്റോറിയത്തിന് അനുമതി നൽകിയത് ദുരന്തത്തിന് വഴിയൊരു ക്കുമെന്നത് സംബന്ധിച്ച് സമർപ്പിച്ച ഹർജി | 16751/ഹർജി ബി2/2017/ നി.സെ. |
| 48 | വത്സല കെ., തിരുവനന്തപുരം | നരുവാമൂട് പോലീസ് സബ് ഇൻസ്പെക്ടറുടെ നീതി നിഷേധവും ഭീഷണിയും സംബന്ധിച്ച് സമർപ്പിച്ച ഹർജി | 17192/ഹർജി ബി2/2017/ നി.സെ. |
| 49 | എസ്. ബിജു, പള്ളിക്കൽ | ഫേസ്ബുക്ക് വഴി വ്യാജ പ്രസ്താവനകൾ പ്രചരിപ്പിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 20306/ഹർജി ബി2/2017/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 50 | മേരി ഫെർഡിനാന്റ്, കൊല്ലം | മകന്റെ ദുരൂഹ സാഹചര്യത്തിലുള്ള മരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21934/ഹർജി ബി2/2017/ നി.സെ. |
| 51 | മേരി കുര്യൻ, എറണാകുളം | മകന്റെ മരണത്തിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 14783/ഹർജി ബി2/2018/ നി.സെ. |
| 52 | ശ്രീ. എം.ഡി. വർക്കി, തൃശ്ശൂർ | ഒല്ലൂർ സ്റ്റേഷനിലെ എസ്. ഐ. ശ്രീ. രമേശിനെതിരെ നടപടി ആവശ്യപ്പെട്ട് | 11569/ഹർജി ബി3/2012/ നി.സെ. |
| 53 | ശ്രീ. സുബൈദ, തൃശ്ശൂർ | വടക്കേക്കാട് എസ്.ഐ.യ്ക്കെതിരെ നിയമ നടപടി ആവശ്യപ്പെട്ട് | 17861/ഹർജി ബി3/2012/ നി.സെ. |
| 54 | ശ്രീമതി റെയ്ച്ചൽ തോമസ്, അഞ്ചൽ, കൊല്ലം | എതിർകക്ഷിയിൽ നിന്നും അഞ്ചൽ പോലീസ് സ്റ്റേഷൻ ഉദ്യോഗസ്ഥരിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് | 20444/ഹർജി ബി3/12/ നി.സെ. |
| 55 | ശ്രീ. എൽ. ജോവ് സി. ചുമ്മാർ, എറണാകുളം | എറണാകുളം സി.ഐ. സുനീഷ് ബാബുവിനെതിരെ നടപടി ആവശ്യപ്പെട്ട് | 22053/ഹർജി ബി3/2012/ നി.സെ. |
| 56 | ശ്രീമതി വി. ഷൈലാ ഭായി, പത്തനംതിട്ട | കൊലപാതക കേസിലെ പ്രതികളെ രക്ഷിക്കുവാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 12452/ഹർജി ബി3/2013/ നി.സെ. |
| 57 | ശ്രീ. ശ്രീധരൻ കാണി, കന്യാകുമാരി | മകളുടെ മരണകാരണം പുനഃരന്വേഷിക്കണമെന്നാവശ്യപ്പെട്ട് | 15517/ഹർജി ബി3/2014/ നി.സെ. |
| 58 | അഡ്വ. പ്രദീപ് ബോസ്, തിരുവനന്തപുരം | പോലീസ് ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 19061/ഹർജി ബി3/2014/ നി.സെ. |
| 59 | ശ്രീ. അബ്ദുൾ അസീസ്, തൃശ്ശൂർ | അകാരണമായി പണം ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി ആവശ്യപ്പെട്ട് | 21878/ഹർജി ബി3/2014/ നി.സെ. |
| 60 | ശ്രീ. അരുൺ ഗോപി, തൃശ്ശൂർ | അകാരണമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 14759/ഹർജി ബി3/2015/ നി.സെ. |
| 61 | ശ്രീ. ശ്യാം, തിരുവനന്തപുരം | തന്നെ മർദ്ദിക്കുകയും, വാഹനവും പണവും അപഹരിക്കുകയും ചെയ്യുതിനെതിരെ നടപടി ആവശ്യപ്പെട്ട് | 16021/ഹർജി ബി3/2015/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 62 | ശ്രീ. എം. വിജയകുമാർ, കല്ലമ്പലം, തിരുവനന്തപുരം | തന്നെ ദേഹോപദ്രവമേൽപ്പിച്ച കടയ്ക്കൽ പോലീസ് സ്റ്റേഷനിലെ എസ്.ഐ.യ്ക്കെതിരെ നടപടി ആവശ്യപ്പെട്ട് | 19752/ഹർജി ബി3/2015/ നി.സെ. |
| 63 | ശ്രീ. സോണി ബെൻസിഗർ, കൊല്ലം | അഞ്ചാലുംമൂട് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യുടെ നിയമ വിരുദ്ധ നടപടികൾക്കെതിരെ | 20821/ഹർജി ബി3/2015/ നി.സെ. |
| 64 | ശ്രീ. ജോസഫ്. പി.ഡി, തൃശ്ശൂർ | കേരള പോലീസ് അക്കാദമിയുടെ ഫണ്ട് ദുർവിനിയോഗം സംബന്ധിച്ച് | 21269/ഹർജി ബി3/2015/ നി.സെ. |
| 65 | ശ്രീമതി പി. കുഞ്ഞമ്മ, അതിയന്നൂർ, തിരുവനന്തപുരം | തന്റെ സമ്മതമില്ലാതെ വീടും വസ്തുവും പണയപ്പെടുത്തിയത് സംബന്ധിച്ച് | 15575/ഹർജി ബി3/2016/ നി.സെ. |
| 66 | ശ്രീ. ജീൻ കുര്യൻ, കട്ടപ്പന, ഇടുക്കി | അകാരണമായി മർദ്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത പോലീസുകാർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 17249/ഹർജി ബി3/2016/ നി.സെ. |
| 67 | അഡ്വ. കെ.എം. സന്തോഷ് കുമാർ, കോട്ടയം | പാലാ ഡി.വൈ.എസ്.പി. അധികാര ദുർവിനിയോഗം സംബന്ധിച്ച് | 21468/ഹർജി ബി3/2016/ നി.സെ. |
| 68 | ശ്രീ. പി.കെ. പ്രസന്നൻ, പത്തനംതിട്ട | കള്ളക്കേസ്സിൽ കുടുക്കിയ പോലീസുകാർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 21583/ഹർജി ബി3/ 2016/നി.സെ. |
| 69 | ശ്രീ. രാജീവ് കുമാർ. വി.സി, മുളവന, കൊല്ലം | ഭാര്യയെ അപമാനിച്ചവർക്കെതിരെ നിയമ നടപടി ആവശ്യപ്പെട്ട് | 22321/ഹർജി ബി3/2016/ നി.സെ. |
| 70 | ശ്രീ. സുബൈർ. എസ്, വൈക്കം, കോട്ടയം | ചിട്ടി പിടിച്ചതിന്റെ സെക്യൂരിറ്റിക്കായി നൽകിയ ചെക്ക് ഉപയോഗിച്ച് കള്ളക്കേസിൽ കുടുക്കിയത് സംബന്ധിച്ച് | 23126/ഹർജി ബി3/2016/ നി.സെ. |
| 71 | ശ്രീമതി ജെയിൻ സോളമൻ, മയ്യനാട്, കൊല്ലം | അയൽവാസികളിൽ നിന്നുള്ള പീഡനത്തിനെതിരെ നടപടി ആവശ്യപ്പെട്ട് | 16605/ഹർജി ബി3/2017/ നി.സെ. |
| 72 | ശ്രീ. നാരായണൻ നായർ, ഇടുക്കി | പ്രോജക്റ്റുമായി മുന്നോട്ട് പോകുവാനുള്ള സങ്കടങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്ന് | 19782/ഹർജി ബി3/2017/ നി.സെ. |
| 73 | ശ്രീ. കുര്യൻ പി.കെ, ഉപ്പുതറ, ഇടുക്കി | തന്റെ ഭാര്യയുടെ പേരിലുള്ള ഭൂമി തട്ടിയെടുക്കുവാൻ നടത്തുന്ന ശ്രമങ്ങളിൽ പീരുമേട് MLA-യും ഉദ്യോഗസ്ഥർക്കുമുള്ള പങ്കിനെക്കുറിച്ചുള്ള അന്വേഷണം ആവശ്യപ്പെട്ട് | 25513/ഹർജി ബി3/2017/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 74 | ശ്രീമതി കല്യാണി മുതൽപേർ, പത്തനംതിട്ട | അയൽവാസികളുടെ ഉപദ്രവത്തിൽ നിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ട് | 15523/ഹർജി ബി4/2011/ നി.സെ. |
| 75 | ശ്രീ. രാജേന്ദ്രബാബു, ശ്രീ. ശശി, തൃശ്ശൂർ | മക്കളുടെ മരണത്തിന് പിന്നിലെ ദുരൂഹത നീക്കണമെന്നാവശ്യപ്പെട്ട് | 14956/ഹർജി ബി4/2013/ നി.സെ. |
| 76 | ശ്രീ. മനോഹരൻ, ശ്രീമതി രമാ മനോഹരൻ, തിരുവനന്തപുരം | ഈടായി നൽകിയ വസ്തു ബലമായി കൈവശപ്പെടുത്തിയതും അതിനുള്ള പോലീസിന്റെ ഒത്താശയും സംബന്ധിച്ച് | 21165/ഹർജി ബി4/2013/ നി.സെ. |
| 77 | ശ്രീ. സജി രാജൻ, മലപ്പുറം | കള്ളക്കേസിൽ കുടുക്കിയതിനെതിരെ നടപടി ആവശ്യപ്പെട്ട് | 17516/ഹർജി ബി4/2014/ നി.സെ. |
| 78 | ശ്രീ. സണ്ണി മാത്യു, ഇടുക്കി | വില്ലാ പ്രോജക്ടിന്റെ മറവിൽ പണം തട്ടിയെടുത്തതിനെതിരെ | 20376/ഹർജി ബി4/2015/ നി.സെ. |
| 79 | ശ്രീ. ജയൻ. കെ, വർക്കല | കടമായി നൽകിയ തുക തിരികെ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് | 19665/ഹർജി ബി4/2016/ നി.സെ. |
| 80 | ശ്രീമതി റാഷിയ, നെയ്യാറ്റിൻകര | വീട്ടിൽ അതിക്രമിച്ചു കയറി താമസി ക്കുന്നവരെ ഒഴിപ്പിച്ച് സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് | 21479/ഹർജി ബി4/2016/ നി.സെ. |
| 81 | ശ്രീമതി പോങ്ങിൽ വസന്ത, നെയ്യാറ്റിൻകര | അപമര്യാദയായി പെരുമാറിയ സബ് ഇൻസ്പെക്ടർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 21715/ഹർജി ബി4/2016/ നി.സെ. |
| 82 | ശ്രീമതി നജീമ, തിരുവനന്തപുരം | സ്വൈരജീവിതം തടസ്സപ്പെടുത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെ ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ട് | 22618/ഹർജി ബി4/2016/ നി.സെ. |
| 83 | ശ്രീമതി ബിന്ദു ജയദേവൻ ശ്രീ. സത്യൻ, കൊല്ലം | സ്വൈരജീവിതം ഉറപ്പാക്കണ മെന്നാവശ്യപ്പെട്ട് | 15342/ഹർജി ബി4/2017/ നി.സെ. |
| 84 | ശ്രീ. പ്രതീഷ്. പി.സി, കോട്ടയം | കള്ളക്കേസ് എടുത്ത കുറവിലങ്ങാട് എസ്.ഐ.-യ്ക്കെതിരെ നടപടി ആവശ്യപ്പെട്ട് | 15636/ഹർജി ബി4/2017/ നി.സെ. |
| 85 | അഡ്വ. വിൻസെന്റ് ഡി. പോൾ, തിരുവനന്തപുരം | വീട്ടിൽ അതിക്രമിച്ചു കയറിയ എസ്.ഐ.യ്ക്കെതിരെ നടപടി ആവശ്യപ്പെട്ട് | 16310/ഹർജി ബി4/2017/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 86 | ശ്രീ. റ്റി. പി. ലക്ഷ്മണൻ, കാസർഗോഡ് | സർക്കാർ ശമ്പളവും മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളും ഒരേ സമയം കൈപ്പറ്റിയ ബോട്ട് ഡ്രൈവർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 16611/ഹർജി ബി4/2017/ നി.സെ. |
| 87 | ശ്രീ. വൈ. ജപമണി, തിരുവനന്തപുരം | ഹർജിയിന്മേൽ ആഭ്യന്തര (ഡി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സംബന്ധിച്ച് | 17091/ഹർജി ബി4/2017/ നി.സെ. |
| 88 | ശ്രീമതി ബിന്ദു ജെ., കൊല്ലം | മൊഴിയിൽ മാറ്റം വരുത്തി എതിർകക്ഷികളെ സംരക്ഷിക്കുകയും മകനെതിരെ കള്ളക്കേസ് എടുക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 17181/ഹർജി ബി4/2017/ നി.സെ. |
| 89 | ശ്രീ. അനിൽ കുമാർ. ഇ, കൊല്ലം | വസ്തുവിൽ അതിക്രമിച്ച കയറി വഴിവെട്ടുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതിനെതിരെ | 17649/ഹർജി ബി4/2017/ നി.സെ. |
| 90 | ശ്രീ. യേശുദാസൻ, കൊല്ലം | എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിച്ച് സ്വൈര ജീവിതം ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് | 18269/ഹർജി ബി4/2017/ നി.സെ. |
| 91 | ശ്രീ. അഴകം തങ്കപ്പൻ, തിരുവനന്തപുരം | കള്ളക്കേസിൽ കുടുക്കുമെന്ന് ഭീഷണിപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി ആവശ്യപ്പെട്ട് | 18478/ഹർജി ബി4/2017/ നി.സെ. |
| 92 | ശ്രീ. എൻ. രാജൻ നായർ, കൊല്ലം | എം.പി. ഫണ്ടിൽ നിന്നും അനുവദിച്ച തുക പി.ഡബ്ല്യു.ഡി. ശരിയായി വിനിയോഗിക്കാത്തതു സംബന്ധിച്ചും, വിജിലൻസ് സി.ഐ. ശ്രീ. ജോസിന്റെ അഴിമതിയെക്കുറിച്ചും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് | 19519/ഹർജി ബി4/2017/ നി.സെ. |
| 93 | ശ്രീമതി ഐഷാകുഞ്ഞ് മുതൽപേർ, കൊല്ലം | പലിശയ്ക്ക് പണം നൽകി തട്ടിപ്പ് നടത്തിയ എതിർ കക്ഷികൾക്കെതിരെ നടപടി ആവശ്യപ്പെട്ട് | 27525/ഹർജി ബി4/2017/ നി.സെ. |

## ഭവനനിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | പ്രദീപ്കുമാർ, കോഴിക്കോട് | ഭവനനിർമ്മാണ ബോർഡിന്റെ ജപ്തി നടപടികൾക്കെതിരെ സമർപ്പിച്ച ഹർജി | 21112/ഹർജി ബി2/ 2012/ നി.സെ. |

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. കെ. കെ. ഗോപി, പീരുമേട്, ഇടുക്കി | പീരുമേട് താലൂക്കിലെ 'പോബ്സ്' ടീ കമ്പനി വക എസ്റ്റേറ്റിലൂടെയുള്ള റോഡ് തടസ്സപ്പെടുത്തിയത് തുറന്നു കൊടുക്കണമെന്നാവശ്യപ്പെട്ട് | 20897/ഹർജി ബി3/2016/ നി.സെ. |

## ഗതാഗത വികസന വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. പി. പി. സജി, വയനാട് | സുൽത്താൻ ബത്തേരി-കല്പറ്റ റൂട്ടിൽ ബസ് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുടമകൾക്ക വേണ്ടി സമർപ്പിച്ച ഹർജി | 16811/ഹർജി ബി4/2017/ നി.സെ. |

## പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. റെജി കെ. കോശി, കൊല്ലം | പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ | 15474/ഹർജി ബി1/2014/ നി.സെ. |
| 2 | ശ്രീ. ജോയി ആന്റണി, ആലപ്പുഴ | കോട്ടയം-കുമരകം ചേർത്തല റൂട്ടിൽ ഹൈവേയുടെ സ്ഥലമെടുപ്പ് പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് | 15498/ഹർജി ബി3/2013/ നി.സെ. |
| 3 | ശ്രീ. സെബാസ്റ്റ്യൻ വർഗ്ഗീസ്, ഇടുക്കി | റോഡ് നിർമ്മാണ ഫണ്ടിന്റെ ദുരുപയോഗം സംബന്ധിച്ച് | 16742/ഹർജി ബി4/2013/ നി.സെ. |

## പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. തുളസീധരൻ, കൊല്ലം | പാറഖനനം നിർത്തലാക്കണ മെന്നാവശ്യപ്പെട്ട് | 17921/ഹർജി ബി1/2012/ നി.സെ. |
| 2 | ശ്രീ. ബിൻ പെരുമന, കോട്ടയം | കോട്ടയം ജില്ലാ പരിസ്ഥിതി വകുപ്പിലെ എഞ്ചിനീയർ ശ്രീ. പോളുസ് ഈപ്പ നെതിരെ നടപടി ആവശ്യപ്പെട്ട് | 13761/ഹർജി ബി3/2012/ നി.സെ. |
| 3 | ശ്രീ. കെ. കെ. ഗോപി, പീരുമേട്, ഇടുക്കി | പീരുമേട് താലൂക്കിലെ പോബ്സ് ടീ കമ്പനി വക എസ്റ്റേറ്റിലൂടെയുള്ള റോഡ് തടസ്സപ്പെടുത്തിയത് തുറന്നു കൊടുക്കണമെന്നാവശ്യപ്പെട്ട് | 20897/ഹർജി ബി3/2016/ നി.സെ. |

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഡോ. രഞ്ജിത്ത് ചന്ദ്രശേഖരൻ നായർ, കോട്ടയം | കേരള സംസ്ഥാന സ്വതന്ത്ര ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നതിനുവേണ്ടി | 22218/ഹർജി എ 1/2012/ നി.സെ. |
| 2 | ശ്രീമതി പി. സുശീല, പത്തനംതിട്ട | വൈകിയ പെൻഷനും ആനുകൂല്യ ങ്ങൾക്കും പലിശ ആവശ്യപ്പെട്ട് | 19215/ഹർജി എ 1/2013/ നി.സെ. |
| 3 | ശ്രീ. പി. ബി. ശിവദാസ്, തൃശ്ശൂർ | കയർഫെഡിന്റെ തൃശ്ശൂർ ഷോറൂമിൽ നിന്നും ഔഷധിയ്ക്ക് കയർ മാറ്റുകൾ കൊടുത്തതുവഴി കിട്ടാനുള്ള തുക സംബന്ധിച്ച് | 19753/ഹർജി എ 3/2017/ നി.സെ. |
| 4 | ശ്രീ. അഴകൻ പാപ്പി, പത്തനംതിട്ട | കോഴഞ്ചേരി ആശുപത്രിയിലെ ഡോ. പി. കെ. സിബിയുടെ ചികിത്സാ നിഷേധവും അഴിമതിയും സംബന്ധിച്ച് | 21403/ഹർജി എ 3/2017/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീമതി ട്രീസാ ബെറ്റി എ. എം., തൃശ്ശൂർ | സ്റ്റാഫ് നഴ്സ് തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് | 14612/ഹർജി എ 4/2015/ നി.സെ. |
| 6 | ശ്രീമതി നാരായണി, ഇടുക്കി | ഭർത്താവിന്റെ ഗ്രാറ്റുവിറ്റി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 20099/ഹർജി എ 4/2016/ നി.സെ. |
| 7 | ശ്രീ. രാജേഷ് ആർ., കൊല്ലം | ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ സ്ഥിരനിയമനം നടത്തണമെന്നാവശ്യപ്പെട്ട് | 22552/ഹർജി എ 4/2017/ നി.സെ. |

**ജലവിഭവ വകുപ്പ്**

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. രാജീവൻ, കോഴിക്കോട് | കേരള വാട്ടർ അതോറിറ്റിയിലെ നിയമനക്രമക്കേട് സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് സംബന്ധിച്ച് | 19575/ഹർജി എ 1/2017/ നി.സെ. |
| 2 | ശ്രീ. എം. നാരായണൻ, കണ്ണൂർ | പൂപ്പറമ്പ് കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് | 19751/ഹർജി എ 1/2017/ നി.സെ. |
| 3 | ശ്രീ. ഗണേശൻ പിള്ള, കൊല്ലം | ഗ്രാറ്റുവിറ്റി പുനർനിർണ്ണയിക്കുന്നതിനും പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 19651/ഹർജി എ 2/2017/ നി.സെ. |
| 4 | ശ്രീമതി സരിത എസ്. ആർ., തിരുവനന്തപുരം | വസ്തുവിലേയ്ക്ക് ബണ്ട് ഇറക്കി കെട്ടിയതുകാരണം വീട് നിർമ്മിക്കുവാൻ ലൈസൻസ് ലഭിക്കാത്തത് സംബന്ധിച്ച് | 19748/ഹർജി എ 2/2017/ നി.സെ. |
| 5 | ശ്രീ. പി. എം. വിൽസൺ, എറണാകുളം | ജലസേചന വകുപ്പിൽ SLR വിഭാഗം ജീവനക്കാരെ വർക്കർ ഗ്രേഡ് II ആക്കുന്നതിന് നടപടിയാവശ്യപ്പെട്ട് കെ. എസ്. ഇ. ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി മകന് ജോലി നൽകണമെന്നാവശ്യപ്പെട്ട് | 19757/ഹർജി എ 2/2017/ നി.സെ. |
| 6 | ശ്രീ. ജോർജ്ജ് പി. ഡി., എറണാകുളം | ജലവിഭവ വകുപ്പിൽ 28 വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് | 19571/ഹർജി എ 2/2017/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. രാജേന്ദ്രൻ ചെട്ടിയാർ, കൊല്ലം | കുടിവെള്ളം മുടക്കിയവർക്കെതിരെ നടപടി ആവശ്യപ്പെട്ട് | 19573/ഹർജി എ 3/2017/ നി.സെ. (മുൻ ഫയൽ നമ്പർ 12435/ഹർജി ബി4/14/ നി.സെ.) |
| 8 | ശ്രീ. മനോജ്, ഇടുക്കി | ഉടുമ്പൻചോല കോമ്പയാർ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് | 19652/ഹർജി എ 3/2017/ നി.സെ. (മുൻ ഫയൽ നമ്പർ 17915/ഹർജി ബി1/2005/ നി.സെ.) |
| 9 | ശ്രീ. അജിത് പ്രസാദ്, തലയാർ, തിരുവല്ല | കുറ്റൂർ ഗ്രാമപഞ്ചായത്തിലെ ചേലാമോടി കുടിവെള്ള പദ്ധതിയുടെ കമ്മീഷനിംഗ് വൈകിപ്പിക്കുന്നത് സംബന്ധിച്ച് | 19574/ഹർജി എ 4/2017/ നി.സെ. (മുൻ ഫയൽ നമ്പർ 17584/ ഹർജി ബി4/ 15/നി.സെ.) |
| 10 | ശ്രീ. കെ. പി. ഗംഗാധരൻ, കോഴിക്കോട് | കോഴിക്കോട് കോട്ടൂളി പ്രദേശത്ത് വാട്ടർ അതോറിറ്റി വെള്ളം നിഷേധിക്കുന്നതിനെതിരെ | 19649/ഹർജി എ 4/2017/ നി.സെ. (മുൻ ഫയൽ നമ്പർ 13955/ഹർജി ബി1/14/ നി.സെ.) |
| 11 | ശ്രീ. സേതുരാമൻ, തൃശ്ശൂർ | പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 19653/ഹർജി എ 4/2017/ നി.സെ. (മുൻ ഫയൽ നമ്പർ 16621/ഹർജി ബി1/14/ നി.സെ) |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | ശ്രീമതി റോസ് ആന്റോ കെ., തൃശ്ശൂർ | പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 19750/ഹർജി എ 4/2017/ നി.സെ. (മുൻ ഫയൽ നമ്പർ 14954/ഹർജി ബി3/13/ നി.സെ.) |
| 13 | ശ്രീ. പോളി സി. റ്റി., തൃശ്ശൂർ | ശമ്പളം പുനർനിർണ്ണയം ചെയ്യണമെന്നാവശ്യപ്പെട്ട് | 19755/ഹർജി എ 4/ 2017/ നി.സെ. (മുൻ ഫയൽ നമ്പർ 21265/ഹർജി ബി3/14/ നി.സെ.) |
| 14 | ശ്രീമതി ലക്ഷ്മി സരള. എൽ, തിരുവനന്തപുരം | പുനർനിയമനമോ അല്ലാത്തപക്ഷം പെൻഷൻ ആനുകൂല്യങ്ങളോ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 22799/ഹർജി എ 4/2017/ നി.സെ. |

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി കെ. സി. രമണി, കോഴിക്കോട് | മരണപ്പെട്ട ഭർത്താവിന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും പിടിച്ചുവച്ച തുക തിരികെ ലഭിക്കുന്നതിന് | 20891/ഹർജി എ 1/2016/ നി.സെ. |
| 2 | ശ്രീമതി കെ. സി. രമണി, കോഴിക്കോട് | 10-ാം ധനകാര്യ കമ്മീഷൻ ആനുകൂല്യങ്ങൾ ലൈബ്രറി കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിക്കാത്തത് സംബന്ധിച്ച് | 20892/ഹർജി എ 2/2016/ നി.സെ. |
| 3 | ശ്രീ. ഹൈദ്രു ഹാജി, മലപ്പുറം | കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 19502/ഹർജി എ 2/2016/ നി.സെ. |
| 4 | ശ്രീ. സി. ജെ. മത്തായി, ഇടുക്കി | പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് | 21896/ഹർജി എ 2/2016/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. സാലി പ്രമീള ഡി. പി., തിരുവനന്തപുരം | ലാവണ്യ ക്രമീകരണം നടത്തി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് | 18714/ഹർജി എ 2/2017/ നി.സെ. |
| 6 | ശ്രീ. സുരേഷ് ബാബു കെ., മലപ്പുറം | വഴി അടച്ച് മതിൽ നിർമ്മിക്കുന്ന കാലിക്കറ്റ് സർവ്വകലാശാല അധികൃതരുടെ നടപടി തടയണ മെന്നാവശ്യപ്പെട്ട് | 13013/ഹർജി എ 3/2014/ നി.സെ. |
| 7 | ശ്രീ. പി. കെ. രവീന്ദ്രൻ, ആലപ്പുഴ | ഐ.എച്ച്.ആർ.ഡി. യിലെ ക്രമവിരുദ്ധ നിയമനങ്ങളും അഴിമതിയും സംബന്ധിച്ച് | 16892/ഹർജി എ 3/2014/ നി.സെ. |
| 8 | ഡോ. വൃന്ദാദേവി, പാലക്കാട് | പെൻഷനും, പെൻഷൻ ആനുകൂല്യ ങ്ങളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 26153/ഹർജി എ 3/2017/ നി.സെ. |

## സഹകരണ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീമതി ലൈലാ പ്രകാശ്, തിരുവനന്തപുരം | ജപ്തിനടപടികളിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് | 23846/ഹർജി എ 2/2017/ നി.സെ. |
| 2 | ശ്രീ. സഹീർ കാടലി & ശ്രീ. സിജിൻ സി. കെ., കണ്ണൂർ | സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/ കാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് | 19241/ഹർജി എ 3/2017/ നി.സെ. |
| 3 | ശ്രീമതി പത്മാവതി, തിരുവനന്തപുരം | വായ്പ തിരിച്ചടയ്ക്കാത്തതുമായി ബന്ധപ്പെട്ട് ബാങ്ക് സ്വീകരിക്കുന്ന നടപടികൾ മരവിപ്പിക്കുന്നതി നാവശ്യമായ നടപടി ആവശ്യപ്പെട്ട് | 23751/ഹർജി എ 4/2015/ നി.സെ. |
| 4 | ശ്രീ. റ്റി. രാജൻ, തിരുവനന്തപുരം | കാർഷികവായ്പ തിരിച്ചടച്ചതിനു ശേഷവും ആധാരവും അനുബന്ധ രേഖകളും നൽകാത്തത് സംബന്ധിച്ച് | 21847/ഹർജി എ 4/2017/ നി.സെ. |

## തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. പത്മനാഭൻ, കോട്ടയം | കർഷകത്തൊഴിലാളി പെൻഷൻ നിഷേധിച്ചതിനെതിരെ | 12117/ഹർജി എ 1/2011/ നി.സെ. |
| 2 | ശ്രീമതി ഓമന. എൻ. ടി., ആലപ്പുഴ | പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 18486/ഹർജി എ 3/2013/ നി.സെ. |
| 3 | ശ്രീമതി ബിന്ദു ആർ., തിരുവനന്തപുരം | പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 16854/ഹർജി എ 3/2017/ നി.സെ. |
| 4 | ശ്രീ. തുളസീധരൻ, കൊല്ലം | പാറഖനനം നിർത്തലാക്കണമെന്നാവശ്യപ്പെട്ട് | 17921/ഹർജി ബി1/2012/ നി.സെ. |
| 5 | ശ്രീമതി സിമി ഷെറഫ്, കോട്ടയം | അയൽവാസി ഭൂമി കയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് | 21790/ഹർജി ബി1/2014/ നി.സെ. |
| 6 | ശ്രീ. ബിനു പെരുമന, കോട്ടയം | കോട്ടയം ജില്ലാ പരിസ്ഥിതി വകുപ്പിലെ എഞ്ചിനീയർ ശ്രീ. പോളസ് ഈപ്പനെതിരെ നടപടി ആവശ്യപ്പെട്ട് | 13761/ഹർജി ബി3/2012/ നി.സെ. |
| 7 | ശ്രീ. കെ. കെ. ഗോപി, പീരുമേട്, ഇടുക്കി | പീരുമേട് താലൂക്കിലെ പോബ്സ് ടീ കമ്പനി വക എസ്റ്റേറ്റിലൂടെയുള്ള റോഡ് തടസ്സപ്പെടുത്തിയത് തുറന്നു കൊടുക്കണമെന്നാവശ്യപ്പെട്ട് | 20897/ഹർജി ബി3/2016/ നി.സെ. |
| 8 | ശ്രീ. കെ. ബാബു, ആലപ്പുഴ | പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനായി | 16009/ഹർജി സി1/2014/ നി.സെ. |
| 9 | ശ്രീ. ദയാനന്ദദാസ്, തിരുവനന്തപുരം | പഞ്ചായത്തിലെ അഴിമതി സംബന്ധിച്ച് | 22807/ഹർജി സി1/2014/ നി.സെ. |
| 10 | ശ്രീ. ഷാമോൻ അബ്ദുൾ സമദ്, ഇടുക്കി | പീരുമേട് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളിലെ അഴിമതി സംബന്ധിച്ച് | 15991/ഹർജി സി2/2013/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | ശ്രീമതി വത്സലാഭായി, പത്തനംതിട്ട | അനധികൃത മതിൽ പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച് | 18578/ഹർജി സി2/2014/ നി.സെ. |
| 12 | ശ്രീ. ജി. സുദേവൻ, തിരുവനന്തപുരം | റോഡ് അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ച് | 22166/ഹർജി സി2/2014/ നി.സെ. |
| 13 | ശ്രീ. സി. കെ. ശശി, ഇടുക്കി | സ്വന്തം ഭൂമിയിൽ അനധികൃതമായി ജലസംഭരണി നിർമ്മിച്ചത് സംബന്ധിച്ച് | 14724/ഹർജി സി2/15/ നി.സെ. |
| 14 | ശ്രീ. ജയിൻ എസ്., തിരുവനന്തപുരം | വിലയാധാര പ്രകാരം വാങ്ങിയ വസ്തു സബ് ഡിവിഷൻ ചെയ്ത് കിട്ടുന്നതിനു വേണ്ടി | 16924/ഹർജി സി2/ 2015/ നി.സെ. |
| 15 | ശ്രീമതി ശാന്താമാത്യു, എറണാകുളം | വസ്തുവിന് സമീപമുള്ള അനധികൃത സ്ഥാപനങ്ങൾ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് | 13544/ഹർജി സി2/2015/ നി.സെ. |
| 16 | ഗ്രീൻവ്യൂ, യെല്ലോ സഫയർ അപ്പാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷൻ | സാംസൺ ആന്റ് സൺസ് ബിൽഡേഴ്സിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 19048/ഹർജി സി2/2017/ നി.സെ. |

**ആയുഷ് വകുപ്പ്**

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. കെ. വി. എം. വാര്യർ, കോഴിക്കോട് | പ്രാക്ടീസ് ചെയ്യുന്നതിന് എക്സംഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി | 17177/ഹർജി എ 1/2011/ നി.സെ. |
| 2 | ശ്രീ. സുകനേഷ് കെ., കൊയിലാണ്ടി | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 27141/ഹർജി എ 3/2017/ നി.സെ. |

## പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | സെക്രട്ടറി, കേരളാ എയ്ഡഡ് പ്രൈമറി ഇൻഡിവിജ്വൽ മാനേജ്മെന്റ് അസോസിയേഷൻ, കണ്ണൂർ | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ | 18277/ഹർജി എ 1/2015/ നി.സെ. |
| 2 | ബാലരാമപുരം ഗവ. ഹയർസെക്കന്ററി സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളും രക്ഷ കർത്താക്കളും സമർപ്പിച്ച ഹർജി | ബാലരാമപുരം ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസി പ്പലിന്റെ അഴിമതി സംബന്ധിച്ച് | 14392/ഹർജി എ 3/2013/ നി.സെ. |
| 3 | ശ്രീമതി രാജമ്മ കെ., കോട്ടയം | കുടുംബ പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്നാവശ്യപ്പെട്ട് | 15037/ഹർജി എ 3/2016/ നി.സെ. |
| 4 | ശ്രീ. പ്രദീപ് കെ. & ശ്രീ. കൃഷ്ണൻ നായർ ആർ., പാലക്കാട് | പല്ലശ്ശന വി.ഐ.എം.എച്ച്. എസ്സ്.എസ്സിലെ പ്രധാനാ ദ്ധ്യാപികയുടെ മോശമായ പെരുമാറ്റവും മാനസിക പീഡനവും സംബന്ധിച്ച് | 16554/ഹർജി എ 3/2016/ നി.സെ. |
| 5 | ശ്രീ. മുന്ന എസ്. എം., തിരുവനന്തപുരം | ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നിയമനം ലഭ്യമാക്കണ മെന്നാവശ്യപ്പെട്ട് | 21778/ഹർജി എ 3/2017/ നി.സെ. |
| 6 | ശ്രീമതി പി. ജെ. മേരിക്കുട്ടി, കോഴിക്കോട് | മുഴുവൻ സേവനവും പെൻഷന് കണക്കാക്കണമെന്നാവശ്യപ്പെട്ട് | 16538/ഹർജി എ 4/2009/ നി.സെ. |
| 7 | ശ്രീ. രാജേഷ് പി., കണ്ണൂർ | കേളാലൂർ യു.പി. സ്കൂൾ പ്രധാനാധ്യാപികയുടെയും ഓഫീസ് അറ്റൻഡന്റിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് | 19060/ഹർജി എ 4/2016/ നി.സെ. |
| 8 | ശ്രീ. കെ. ബാലൻ, കണ്ണൂർ | അംഗീകൃത തസ്തികയിൽ ജോലി ചെയ്ത കാലയളവിലെ ശമ്പളം ലഭിക്കാത്തത് സംബന്ധിച്ച് | 14487/ഹർജി എ 4/2013/ നി.സെ. |

## വ്യവസായ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. ആന്റണി, ആലപ്പുഴ | ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് എൽ.ഡി.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുവേണ്ടി | 19648/ഹർജി എ 3/2017/ നി.സെ. |
| 2 | ശ്രീ. കെ. സി. രാമനാഥൻ, കോഴിക്കോട് | ഉടുമ്പൻചോല കോമ്പയാർ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കാത്തത് സംബന്ധിച്ച് | 19749/ഹർജി എ 3/2017/ നി.സെ. |

## ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീമതി ബാണത്തുംകണ്ടി കദീസു, കണ്ണൂർ | പെൻഷൻ ലഭിക്കുന്നതിനുവേണ്ടി | 12169/ഹർജി എ 1/2013/ നി.സെ. |
| 2 | ശ്രീമതി എം. ഇ. അംബികാ ദേവി, തിരുവനന്തപുരം | പെൻഷൻ ബുക്കിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 26288/ഹർജി എ 4/2017/ നി.സെ. |
| 3 | ശ്രീമതി പി.ജെ. മേരിക്കുട്ടി, കോഴിക്കോട് | മുഴുവൻ സേവനവും പെൻഷന് കണക്കാക്കണമെന്നാവശ്യപ്പെട്ട് | 16538/ഹർജി എ 4/2009/ നി.സെ. |

## നിയമ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. എസ്. സുനിൽ കുമാർ, കൊല്ലം | കൊല്ലം ലീഗൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറിക്കും ജീവനക്കാർക്കുമെതിരെ നടപടി ആവശ്യപ്പെട്ട് | 17257/ഹർജി എ 3/2017/ നി.സെ. |

## നികുതി വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. ധർമ്മരാജ്, തിരുവനന്തപുരം | നീതിലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 18192/ഹർജി എ 1/2013/ നി.സെ. |
| 2 | ശ്രീ. കെ.ഇ. മജീദ്, പെരുമ്പാവൂർ, എറണാകുളം | അർഹതപ്പെട്ട നികുതിയിളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് | 12867/ഹർജി ബി1/2009/ നി.സെ. |
| 3 | രാജു തോമസ്, കൊല്ലം | വാണിജ്യനികുതി വകുപ്പ് പിഴ ഈടാക്കിയതിനെതിരെ സമർപ്പിച്ച ഹർജി | 13762/ഹർജി ബി2/2015/ നി.സെ. |
| 4 | ജോർജ്ജ് പി. മാത്യു, ആലപ്പുഴ | മാവേലിക്കര മിച്ചൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന കെ.എസ്.ബി.സി. ഔട്ട്ലെറ്റ് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21184/ഹർജി ബി2/2016/ നി.സെ. |
| 5 | ഷമീർ മുഹമ്മദ്, കണ്ണൂർ | വിൽപ്പന നികുതി ഈടാക്കുന്നതിന് വേണ്ടിയുള്ള റവന്യൂ റിക്കവറി നടപടികൾ നീട്ടിവയ്ക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 23000/ഹർജി ബി2/2016/ നി.സെ. |
| 6 | ശ്രീ. ടി. പി. സുന്ദരേശൻ, ശ്രീമതി മീരാഭായി, ആലപ്പുഴ | വസ്തു ജപ്തി ചെയ്യുമെന്ന കെ.എസ്.എഫ്.ഇ.യുടെ ഭീഷണി സംബന്ധിച്ച് | 17757/ഹർജി ബി4/2014/ നി.സെ. |

## പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ഫാ. ബാബു സൈമൺ, തിരുവനന്തപുരം | ക്രിസ്ത്യാനികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, പുരോഹിതന്മാരുടെ ക്ഷേമനിധിയും പെൻഷനും നടപ്പിലാക്കുന്നതിനും നടപടി ആവശ്യപ്പെട്ട് | 20202/ഹർജി എ 3/2017/ നി.സെ. |

## പൊതുഭരണ (സർവ്വീസസ്) വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. റ്റി. വി. വിജയൻ, ന്യൂഡൽഹി | 2003 മുതൽ ലഭ്യമാകേണ്ട ശമ്പള വർദ്ധന അനുവദിച്ച് ഉത്തരവാകാത്തത് സംബന്ധിച്ച് | 15664/ഹർജി എ 4/2013/ നി.സെ. |

## കൃഷി വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. കെ. ബി. കൃഷ്ണൻ, കാസർഗോഡ് | നിയമവിധേയമല്ലാതെ പിടിച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും തിരികെ ലഭിക്കുന്നതിന് | 16227/ഹർജി എ 1/2009/ നി.സെ. |
| 2 | ശ്രീ. തങ്കച്ചൻ കെ. ആന്റണി | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പിടിച്ചുവച്ച ആധാരവും കടാശ്വാസ സർട്ടിഫിക്കറ്റും ലഭിക്കുന്നതിനുവേണ്ടി | 13034/ഹർജി എ 1/2013/ നി.സെ. |
| 3 | ശ്രീമതി ഡെയ്സി ഫിലിപ്പ്, എറണാകുളം | ജോലിയിൽ സ്ഥിരപ്പെടുത്തുവാൻ | 13753/ഹർജി എ 1/2016/ നി.സെ. |
| 4 | ശ്രീമതി കെ. ബേബി, തിരുവനന്തപുരം | കാഷ്വൽ സ്വീപ്പറെ പി.റ്റി.എസ്. ആയി സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് | 12797/ഹർജി എ 2/2014/ നി.സെ. |
| 5 | ശ്രീ. പി. ഡി. പീറ്റർ, ഇടുക്കി | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 25158/ഹർജി എ 3/2017/ നി.സെ. |
| 6 | ശ്രീ. റ്റി. രാജൻ, തിരുവനന്തപുരം | കാർഷികവായ്പ തിരിച്ചടച്ചതിനു ശേഷവും ആധാരവും അനുബന്ധ രേഖകളും നൽകാത്തത് സംബന്ധിച്ച് | 21847/ഹർജി എ 4/2017/ നി.സെ. |

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. അബൂതാഹിർ യു., പാലക്കാട് | ഫിസിക്കൽ സയൻസ് തമിഴ് മീഡിയം റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് | 22714/ഹർജി എ 2/2017/ നി.സെ. |
| 2 | ശ്രീ. യു. എസ്. ഫിലിപ്പ്, ഇടുക്കി | കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി മകന് ജോലി നൽകണമെന്നാവശ്യപ്പെട്ട് | 25530/ഹർജി എ 2/2017/ നി.സെ. |

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. എ. രാജേന്ദ്രൻ, ഇടുക്കി | കാർഷിക ആവശ്യത്തിന് എടുത്ത വായ്പ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 24708/ഹർജി എ 4/2017/ നി.സെ. |

## ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. എം. ടി. രാജൻ, എറണാകുളം | വൈദ്യുതി പോസ്റ്റ് അനുവദിച്ചു നൽകാത്തതിനെതിരെ | 16802/ഹർജി എ 1/2016/ നി.സെ. |
| 2 | ശ്രീമതി ഷീല, കൊല്ലം | അനുവാദമില്ലാതെ ഹർജിക്കാരിയുടെ വസ്തുവിൽ കൂടി വൈദ്യുതി കണക്ഷൻ എടുക്കുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 16996/ഹർജി എ 4/2017/ നി.സെ. |
| 3 | ശ്രീ. സുരേഷ് കുമാർ. കെ.കെ, പത്തനംതിട്ട | അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് | 16217/ഹർജി എ 4/2016/ നി.സെ. |

## തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീമതി കെ. വൽസമ്മ, കൊല്ലം | കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 14341/ഹർജി എ 2/2018/ നി.സെ. |
| 2 | ശ്രീ. കെ. രാധാകൃഷ്ണക്കുറുപ്പ്, കൊല്ലം | കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് | 18005/ഹർജി ബി1/2017/ നി.സെ. |
| 3 | അഡ്വ. ഷൈൻ വർഗീസ്, ഇടുക്കി | എതിർകക്ഷിയുടെ ഭീഷണിക്കെതിരെ നടപടിയാവശ്യപ്പെട്ട് | 20259/ഹർജി ബി1/2017/ നി.സെ. |
| 4 | ശ്രീമതി സരസ്വതിയമ്മ, കൊല്ലം | കശുവണ്ടി തൊഴിലാളിക്ക് ഗ്രാറ്റുവിറ്റി നിഷേധിക്കുന്നത് സംബന്ധിച്ച് | 18619/ഹർജി ബി4/2014/ നി.സെ. |
| 5 | ശ്രീ. എം. സത്യബാബു, കൊല്ലം | ട്രെയിനിംഗിൽ പങ്കെടുത്ത ഇനത്തിൽ അർഹതപ്പെട്ട യാത്രാ ബത്തയും ദിനബത്തയും ലഭിക്കുന്നതിന് | 18028/ഹർജി ബി4/2014/ നി.സെ. |

## സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി ജൂലിയറ്റ് ജോസഫ്, കോട്ടയം | സസ്പെൻഷൻ കാലം ശമ്പളത്തോടു കൂടിയ ഡ്യൂട്ടിയായി കണക്കാക്കണമെന്നും ഇൻക്രിമെന്റ് തടഞ്ഞ നടപടി റദ്ദാക്കണമെന്നും നോഷണൽ പ്രൊമോഷൻ നൽകണമെന്നും ആവശ്യപ്പെട്ട് | 19607/ഹർജി എ 2/2015/ നി.സെ. |
| 2 | ശ്രീമതി എ. സുലോചന, കോട്ടുകാൽ | ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് | 21158/ഹർജി എ 2/2016/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | ശ്രീമതി വി. പി. ഹഫ്സത്ത്, മലപ്പുറം | HIV ബാധിതരായ ശ്രീ. റഹീം, ഭാര്യ സക്കീന എന്നിവർക്ക് ആശ്വാസകിരണം പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് | 22107/ഹർജി എ 4/2014/ നി.സെ. |

## ഭക്ഷ്യ പൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരന്റെ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. പി. സ്വാമിനാഥൻ, പാലക്കാട് | തുടർവിദ്യാഭ്യാസകേന്ദ്രത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന മണ്ണെണ്ണ പെർമിറ്റ് പുതുക്കുവാൻ | 14965/ഹർജി എ 1/2016/ നി.സെ. |
| 2 | ശ്രീമതി ഓമന, കോട്ടയം | ബി.പി.എൽ. പട്ടികയിൽ നിന്നും പേര് നീക്കം ചെയ്തതിനെതിരെ | 22923/ഹർജി എ 1/2016/ നി.സെ. |
| 3 | ശ്രീ. സി. രാജൻ, തിരുവനന്തപുരം | റേഷൻ കാർഡിലെ ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് | 14754/ഹർജി എ 3/2013/ നി.സെ. |
| 4 | ശ്രീ. പി. കെ. സുകുമാരൻ, കോട്ടയം | ബി.പി.എൽ. പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് | 22721/ഹർജി എ 3/2016/ നി.സെ. |
| 5 | ശ്രീ. പി. ആർ. പ്രസാദ്, പത്തനംതിട്ട | റേഷൻകാർഡിലെ എ.പി.എൽ./ ബി.പി.എൽ. വേർതിരിവിലെ തെറ്റ് തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 21021/ഹർജി എ 3/2017/ നി.സെ. |
| 6 | ശ്രീ. സ്വാമിദാസ്, തിരുവനന്തപുരം | ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 22290/ഹർജി എ 4/2015/ നി.സെ. |
| 7 | മംഗലശ്ശേരി വേലായുധൻ, കോഴിക്കോട് | റേഷൻകാർഡ് എ.പി.എൽ.-ൽ നിന്നും ബി.പി.എൽ. ആക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 18018/ഹർജി ബി2/2014/ നി.സെ. |

## റവന്യൂ വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. തോമസ് കെ. ജോർജ്ജ്, എറണാകുളം | സാധുവായ വൃദ്ധയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് | 18844/ഹർജി എ 3/2015/ നി.സെ. |
| 2 | ശ്രീ. തുളസീധരൻ, കൊല്ലം | പാറഖനനം നിർത്തലാക്കണമെന്നാവശ്യപ്പെട്ട് | 17921/ഹർജി ബി1/2012/ നി.സെ. |
| 3 | ശ്രീ. ജയരാജൻ, കോഴിക്കോട് | ഭൂമി കയ്യേറി മതിൽ കെട്ടാൻ ശ്രമിക്കുന്നുവെന്നാരോപിച്ച് | 19143/ഹർജി ബി1/2013/ നി.സെ. |
| 4 | ശ്രീമതി സിമി ഷെറഫ്, കോട്ടയം | അയൽവാസി ഭൂമി കയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് | 21790/ഹർജി ബി1/2014/ നി.സെ. |
| 5 | ശ്രീ. ജെ. സുഗതൻ പോൾ, തിരുവനന്തപുരം | ടൈറ്റിൽ പരിശോധനയ്ക്ക് കാലതാമസം വരുത്തുന്നത് സംബന്ധിച്ച് സമർപ്പിച്ച ഹർജി | 18428/ഹർജി ബി2/2014/ നി.സെ. |
| 6 | ശ്രീ. ബിനു പെരുമന, കോട്ടയം | കോട്ടയം ജില്ലാ പരിസ്ഥിതി വകുപ്പിലെ എഞ്ചിനീയർ ശ്രീ. പോളസ് ഈപ്പനെതിരെ നടപടി ആവശ്യപ്പെട്ട് | 13761/ഹർജി ബി3/2012/ നി.സെ. |
| 7 | ശ്രീ. കെ. കെ. ഗോപി, പീരുമേട്, ഇടുക്കി | പീരുമേട് താലൂക്കിലെ പോബ്സ് ടീ കമ്പനി വക എസ്റ്റേറ്റിലൂടെയുള്ള റോഡ് തടസ്സപ്പെടുത്തിയത് തുറന്നു കൊടുക്കണമെന്നാവശ്യപ്പെട്ട് | 20897/ഹർജി ബി3/2016/ നി.സെ. |
| 8 | ശ്രീ. എ. മുഹമ്മദ്, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിനായി | 14235/ഹർജി സി1/2006/ നി.സെ. |
| 9 | ശ്രീമതി ബീഫാത്തുമ്മ, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിനായി | 13735/ഹർജി സി1/2006/ നി.സെ. |
| 10 | ശ്രീമതി രഞ്ജിനി, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിനായി | 15077/ഹർജി സി1/2008/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | ശ്രീമതി ലില്ലി തോമസ്, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിനായി | 15086/ഹർജി സി1/2008/ നി.സെ. |
| 12 | ശ്രീ. എ. രാജു, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിനായി | 15088/ഹർജി സി1/2008/ നി.സെ. |
| 13 | ശ്രീ. ഗംഗാധരൻ, തിരുവനന്തപുരം | കരമനയാറിലും കിള്ളിയാറിലും ഉൾപ്പെട്ട ഭാഗങ്ങൾ അനധികൃതമായി കയ്യേറുന്നതിനെതിരെ | 17063/ഹർജി സി1/2013/ നി.സെ. |
| 14 | ശ്രീ. റ്റി.കെ. മുകുന്ദൻ, കോഴിക്കോട് | പുനർനിയമന ഉത്തരവ് നൽകുന്നതിന് കാലതാമസം നേരിട്ട കാലയളവിലെ സേവനകാലം പുനഃക്രമീകരിക്കണമെന്നാവശ്യപ്പെട്ട് | 17984/ഹർജി സി1/2013/ നി.സെ. |
| 15 | ശ്രീ. അൻവർ, ശാസ്താംകോട്ട | പുറമ്പോക്ക് കയ്യേറ്റംമൂലം റോഡ് വീതികുറഞ്ഞത് സംബന്ധിച്ച് | 18480/ഹർജി സി1/2013/ നി.സെ. |
| 16 | ശ്രീമതി ഫാത്തിമസൗറ, കാസർഗോഡ് | കൈവശഭൂമിക്ക് പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ട് | 19530/ഹർജി സി1/ 2013/ നി.സെ. |
| 17 | ശ്രീ. നെടുങ്കുന്നം മുഹമ്മദ്, കോട്ടയം | പുറമ്പോക്ക് കയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനായി | 20871/ഹർജി സി1/2013/ നി.സെ. |
| 18 | ശ്രീ. കെ. ആർ. തങ്കപ്പൻ, പത്തനംതിട്ട | കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി | 21849/ഹർജി സി1/2013/ നി.സെ. |
| 19 | ശ്രീ. മാത്യൂ ജോസഫ്, ഇട്ടവ | പട്ടയം ലഭിക്കുന്നതിനായി | 17487/ഹർജി സി1/2014/ നി.സെ. |
| 20 | ശ്രീ. ഗോപിനാഥൻ നായർ, തിരുവനന്തപുരം | ജപ്തിനടപടികളിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് | 17883/ഹർജി സി1/2015/ നി.സെ. |
| 21 | ശ്രീമതി മായ, തിരുവനന്തപുരം | മരം മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് | 20783/ഹർജി സി1/2016/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | ശ്രീ. എച്ച്. ഹുസൈൻ, കൊല്ലം | വസ്തു പോക്കുവരവ് ചെയ്തുകിട്ടുന്നതിനായി | 21245/ഹർജി സി1/2017/ നി.സെ. |
| 23 | ശ്രീമതി പൊടി, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 15034/ഹർജി സി2/2008/ നി.സെ. |
| 24 | ശ്രീ. മുഹമ്മദ്, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 15273/ഹർജി സി2/2009/ നി.സെ. |
| 25 | ശ്രീ. അബൂബക്കർ, കാസർഗോഡ് | പതിച്ചു കിട്ടിയ ഭൂമിക്ക് 'ഡി' നോട്ടീസ് ലഭിക്കുന്നതിന് | 20045/ഹർജി സി2/09/ നി.സെ. |
| 26 | ശ്രീ. ശശിധരൻ പിള്ള, തിരുവനന്തപുരം | പട്ടയം ലഭിക്കുന്നതിന് | 11363/ഹർജി സി2/2011/ നി.സെ. |
| 27 | ശ്രീ. പി. ബി. അജിത്ത്, കോഴിക്കോട് | ഭൂരഹിതർക്ക് ഭൂമി ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തിയതിനെതിരെ | 17485/ഹർജി സി2/2011/ നി.സെ. |
| 28 | ശ്രീ. ബദുവൻ കുഞ്ഞി, കാസർഗോഡ് | പട്ടയം ലഭിക്കുന്നതിന് | 21969/ഹർജി സി2/2012/ നി.സെ. |
| 29 | ശ്രീമതി മേരിക്കുട്ടി ചാക്കോ, പത്തനംതിട്ട | റീസർവ്വേ നടപടിമൂലം നഷ്ടപ്പെട്ട ഭൂമി തിരികെ ലഭിക്കുന്നതിന് | 14182/ഹർജി സി2/2013/ നി.സെ. |
| 30 | ശ്രീ. ജോസ് മുളക്കാട്ടിൽ, ശ്രീ. ജയ്സൺ വർക്കി, തൃശ്ശൂർ | പട്ടയം കിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കവെ കുടിയൊഴിപ്പിക്കുവാൻ ശ്രമിക്കുന്നതിനെതിരെ | 18613/ഹർജി സി2/2013/ നി.സെ. |
| 31 | ശ്രീ. വൈലാശ്ശേരി അശോകൻ മുതൽപേർ, കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷനിൽ MLA റോഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വിലകൂട്ടി നൽകണമെന്നാവശ്യപ്പെട്ട് | 19633/ഹർജി സി2/2013/ നി.സെ. |
| 32 | ശ്രീ. വി. നാരായണൻ, കാസറഗോഡ് | പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് | 12416/ഹർജി സി2/2014/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 33 | ശ്രീ. നീലകണ്ഠൻ നമ്പീശൻ, കോഴിക്കോട് | സാമൂതിരി രാജകുടുംബത്തിന് മാലിഖാൻ നൽകിയതുമൂലം സർക്കാരിനുണ്ടായ നഷ്ടം സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് | 14326/ഹർജി സി2/2014/ നി.സെ. |
| 34 | ശ്രീ. ജയിൻ എസ്., തിരുവനന്തപുരം | വിലയാധാര പ്രകാരം വാങ്ങിയ വസ്തു സബ് ഡിവിഷൻ ചെയ്ത് കിട്ടുന്നതിനു വേണ്ടി | 16924/ഹർജി സി2/15/ നി.സെ. |
| 35 | ശ്രീ. പി. എൻ. തമ്പി, ഇടുക്കി | വസ്തുവിന്റെ കരം ഒടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 20309/ഹർജി സി2/15/ നി.സെ. |
| 36 | ശ്രീ. രാഘവൻ ടി. കെ. കോഴിക്കോട് | വീട്ടിലേക്ക് ഫുട്പാത്ത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 14669/ഹർജി സി2/16/ നി.സെ. |
| 37 | ശ്രീമതി പി. തങ്കമ്മയമ്മ, കൊല്ലം | പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 19638/ഹർജി സി2/2016/ നി.സെ. |
| 38 | ശ്രീ. പ്രദീപ് കുമാർ എ. എൻ., തിരുവനന്തപുരം | അമ്മയുടെ പേരിലുള്ള വസ്തു അമ്മാവൻ കയ്യേറിയതിനെതിരെ | 21108/ഹർജി സി2/2016/ നി.സെ. |
| 39 | ശ്രീമതി പ്രകാശി, തിരുവനന്തപുരം | എതിർകക്ഷികൾ കൈവശം വച്ചിരിക്കുന്ന സ്വന്തം വസ്തു അളന്ന് തിട്ടപ്പെടുത്തി നൽകണമെന്നാവശ്യപ്പെട്ട് | 16522/ഹർജി സി2/2016/ നി.സെ. |
| 40 | ശ്രീമതി മുനീറത്ത് സി., പ്രസിഡന്റ്, മാവൂർ ഗ്രാമപഞ്ചായത്ത് | മിച്ച ഭൂമിയിലേക്ക് വഴി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് | 21264/ഹർജി സി2/17/ നി.സെ. |
| 41 | ശ്രീമതി ത്രേസ്യാമ്മ, ഇടുക്കി | പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16448/ഹർജി സി3/2003/ നി.സെ. |
| 42 | ശ്രീമതി ഉമാവതി, കാസർഗോഡ് | ഭൂമി പതിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 12070/ഹർജി സി3/2008/ നി.സെ. |
| 43 | ശ്രീമതി മുത്തുബി, കാസർഗോഡ് | പട്ടയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 15076/ഹർജി സി3/2008/ നി.സെ. |

| 1 | 2 | 3 | 4 |
|---|---|---|---|
| 44 | ശ്രീ. എൻ. കെ. രാമനാഥൻ, വയനാട് | വയനാട് ജില്ലയിലെ കാരാപ്പുഴ പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 14908/ഹർജി സി13/2010/ നി.സെ. |
| 45 | ശ്രീ. മാത്യു സി. ജെ., വൈക്കം | വ്യവസായ യൂണിറ്റിനായി 1979-ൽ അനുവദിച്ച വസ്തുവിന്മേലുള്ള പുതിയ സർവ്വേയിൽ വന്ന അളവ് കുറവ് പരിഹരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 19159/ഹർജി സി13/2013/ നി.സെ. |
| 46 | ശ്രീ. രാമനുണ്ണി മേനോൻ, തൃശ്ശൂർ | അർഹതപ്പെട്ട പ്രൊമോഷൻ നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16732/ഹർജി സി13/2014/ നി.സെ. |
| 47 | ശ്രീമതി ലിസി സാംകുട്ടി, അടൂർ | പൊതുവഴി കയ്യേറി മതിൽ നിർമ്മിച്ചത് ഒഴിപ്പിച്ച് വഴി ഉപയോഗയോഗ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 13042/ഹർജി സി13/2015/ നി.സെ. |
| 48 | ശ്രീ. അബ്ദുൾ മജീദ് | അനധികൃത നിർമ്മാണം തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 24842/ഹർജി സി13/2015/ നി.സെ. |
| 49 | കാവില്ലുംപാറ ശ്രീ ഭഗവതി ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ, കോഴിക്കോട് | കോഴിക്കോട് കാവില്ലുംപാറ പഞ്ചായത്തിലെ ശ്രീ ഭഗവതി ക്ഷേത്രത്തിനെ മലബാർ ദേവസ്വം ബോർഡിന് കീഴിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 14412/ഹർജി സി13/2016/ നി.സെ. |
| 50 | ശ്രീ. കരിങ്കുമുത്തൻ എൽ. | വിവിധ അഴിമതികൾ തടയാൻ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 16260/ഹർജി സി13/2016/ നി.സെ. |
| 51 | ശ്രീമതി പാത്തുമ്മ | പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 21690/ഹർജി സി13/2016/ നി.സെ. |
| 52 | ശ്രീ. ജോയിച്ചൻ, കൊല്ലം | റോഡ് സർവ്വേയിലെ അപാകതമൂലം വസ്തു പുറമ്പോക്കിൽ ഉൾപ്പെടുത്തിയെന്നാരോപിച്ച് സമർപ്പിച്ച ഹർജി | 21159/ഹർജി സി13/2017/ നി.സെ. |

| 1. | 2 | 3 | 4 |
|---|---|---|---|
| 53 | ശ്രീ. രഘു, ഇരിങ്ങാലക്കുട | കുടുംബ ട്രസ്റ്റ് വക ഭൂമിയുടെ കരം അടച്ചുകിട്ടുന്നതു സംബന്ധിച്ച് സമർപ്പിച്ച ഹർജി | 24106/ഹർജി സി3/2017/ നി.സെ. |
| 54 | ശ്രീ. സണ്ണി, എറണാകുളം | റോഡ് പണികളുള്ള തടസ്സം നീക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി | 24450/ഹർജി സി3/ 2017/ നി.സെ. |

## ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. അനീഷ്കുമാർ, പത്തനംതിട്ട | ജോലിയിൽ നിന്നും അന്യായമായി പിരിച്ചുവിട്ട നടപടി പുനഃപരിശോധിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് | 21953/ഹർജി സി1/2013/ നി.സെ. |

## വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | ഹർജിക്കാരൻ/ ഹർജിക്കാരിയുടെ പേര് | ഹർജി വിഷയം | ഫയൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ. സുജിത്ത് മോൻ, ളാഹ | കള്ളക്കേസിൽ ജയിലിലാക്കിയതിനെതിരെ | 20300/ഹർജി സി1/2015/ നി.സെ. |

അനുബന്ധം III(എ)

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2017 ജൂൺ 9<br>9th June 2017<br>1192 ഇടവം 26<br>26th Idavam 1192<br>1939 ജ്യേഷ്ഠം 19<br>19th Jyaishta 1939 | നമ്പർ<br>No. 1185 |

## GOVERNMENT OF KERALA

**Home (Secret Section-A) Department**

NOTIFICATION

No. 33555/SSA2/2016/Home.

*Dated, Thiruvananthapuram, 8th June, 2017*
*25th Idavam, 1192.*

**S. R. O. No. 315/2017.**—Whereas, in exercise of the powers conferred by section 6 of the Delhi Special Police Establishment Act, 1946 (Central Act 25 of 1946), the Government of Kerala hereby accord consent to the members of the Delhi Special Police Establishment to exercise powers and jurisdiction in the whole of the State of Kerala for the investigation of offences involved in Crime

No. 562/2014 of Parassala Police Station, Thiruvananthapuram District registered in connection with the death of Sreejeev and other matters thereto.

By order of the Governor,

SUBRATA BISWAS,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form the part of the notification, but is intended to indicate its general purport.)

The Crime No. 562/2014 of Parassala Police Station registered in connection with the death of Sreejeev is now being investigated by a Special Investigation Team under Additional Director General of Police (South-zone). Government have decided to entrust the investigation of the aforesaid crime with Central Bureau of Investigation taking into account the specific recommendation of the State Police Chief and the request received from the brother of the deceased. For the said purpose the consent of the State Government under section 6 of the Delhi Special Police Establishment Act, 1946 (Central Act 25 of 1946) is necessary.

The notification is intended to achieve the above object.

## അനുബന്ധം III(ബി)

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വിജിലൻസ്(സി) വകുപ്പ്**

സ.ഉ (കൈ) നമ്പർ 9/2018/വിജി — തീയതി, തിരുവനന്തപുരം 1-05 2018

---

പരാമർശം:- 1. 7.09.1962 ലെ സ.ഉ(കൈ) നമ്പർ 472/62

2. 15.01.2002 ലെ സ.ഉ(പി) നം. 3/2002/വിജി

3. 27.05.2005 ലെ സ.ഉ(പി) നമ്പർ 28/2005/വിജി.

4. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.06.2017 ലെ എ 3- 13272/17 നമ്പർ കത്ത്

5. സർക്കാരിന്റെ 17.01.2018 ലെ സി1/39/17 നമ്പർ കത്ത്.

6. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 1.03.2018 ലെ എവി(2) 700/18/ഗവി നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ നേരിട്ടുള്ള നിയമനം അനുവദിക്കുന്ന എല്ലാ തസ്തികകളുടെയും നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത് നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്താൻ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ ഒഴിവുകളിന്മേൽ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ആയത് സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം പരാമർശം അഞ്ച് പ്രകാരം ആരായുകയും ചെയ്തിരുന്നു.

2. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയിൽ വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണെങ്കിൽ കമ്മീഷൻ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം പരാമർശം ആറ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചു.

3. ഈ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുബ്രത ബിശ്വാസ്

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പൊതുഭരണ എസ് സി വകുപ്പ്(9.3.2018 ലെ ഇനം നമ്പർ 2094 പ്രകാരം)

## അനുബന്ധം III(സി)

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ്- ശ്രീ കെ.ഇ.മജീദ്, ഉദയാ ട്രേഡിംഗ് കമ്പനി, കാഞ്ഞിരക്കാട് വീട്, മൂവാറ്റുപുഴ, എറണാകുളം എന്നയാളുടെ പേരിലുള്ള വിൽപന നികുതി ബാദ്ധ്യത കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 38(a) പ്രകാരം സർക്കാരിനുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് എഴുതി തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ബി) വകുപ്പ്

ജി.ഒ.(എം.എസ്) നം.96/2017/നി.വ തീയതി, തിരുവനന്തപുരം, 25/ 11/2017.

---

പരാമർശം:-

1 ബഹു. മൂവാറ്റുപുഴ സബ് കോടതി IP No.2/1993 എന്ന കേസിൽ പുറപ്പെടുവിച്ച 13/1/1997-ലെ ഉത്തരവ്

2 ശ്രീ കെ.ഇ.മജീദ് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച 20.02.09 ലെ നിവേദനം

3 വാണിജ്യ നികുതി കമ്മീഷണറുടെ 15.06.2009-ലെ സി4-21346/09/CT നമ്പർ റിപ്പോർട്ട്

4 ഹർജികൾ സംബന്ധിച്ച സമിതിക്ക് സമർപ്പിച്ച 7/7/2009-ലെ 9720/ബി3/2009/നി.വ നമ്പർ സർക്കാർ റിപ്പോർട്ട്

5 നിയമസഭാ സെക്രട്ടറിയുടെ 30.1.2010, 10/5/2011, 12/10/2011, 20/3/2013, 29/8/2013, 4/12/15, 18/4/16, 7/10/16, 25/2/2017, 23/5/2017, 3/8/2017 എന്നീ തീയതികളിലെ 12867/ഹർജി ബി1/09/ലെജി നം. കത്തുകൾ

6 14 ജില്ലാ കളക്ടർമാരുടെ വിവിധ തീയതിയിലുള്ള റിപ്പോർട്ടുകൾ

7 ശ്രീമതി സുഹറാ മജീദ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 10103/2015 എന്ന കേസിലെ 23/07/2015 ലെ ഉത്തരവ്

8 എറണാകുളം ജില്ലാ കളക്ടറുടെ 30/01/14, 28/9/2016, 19/7/2017 എന്നീ തീയതികളിലെ ബി4/3512/2009 നമ്പർ കത്തുകൾ

9 വാണിജ്യ നികുതി കമ്മീഷണറുടെ 23.06.11, 28/11/11, എന്നീ തീയതികളിലെ സി4.138/2010/വാ.നി നമ്പർ കത്തുകൾ. 24/10/2013-ലെ സി5 3793/12/വാ.നി നം. കത്ത്. 14/09/2017-ലെ സി4-7189/12/വാ.നി നം. കത്ത്

## ഉത്തരവ്

പരാമർശം (1) - ലെ ഉത്തരവ് പ്രകാരം 'പാപ്പർ' (insolvent) ആയി പ്രഖ്യാപിക്കപ്പെട്ട മൂവാറ്റുപുഴയിൽ ഉദയാ ട്രേഡിംഗ് കമ്പനി നടത്തിയിരുന്ന കാഞ്ഞിരക്കാട് വീട്ടിൽ ശ്രീ കെ.ഇ.മജീദ്, എന്നയാൾ 1988-89 മുതൽ 1990-91 വരെയുള്ള കാലഘട്ടത്തിലെ തന്റെ ഭീമമായ നികുതി കുടിശ്ശികയിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത അപേക്ഷയിൻമേൽ പരാമർശം (3) പ്രകാരം കമ്മീഷണർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ പേരിൽ ഗൗരവമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിനാൽ ടിയാന്റെ ആവശ്യം പരിഗണനാർഹമല്ല എന്ന് പരാമർശം (4) ലെ കത്ത് പ്രകാരം സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. എന്നാൽ പ്രസ്തുത റിപ്പോർട്ട് ഹർജികൾ സംബന്ധിച്ച സമിതി പരിഗണിക്കുകയും, യഥാർത്ഥത്തിൽ ഹർജിക്കാരൻ ക്രയവിക്രയം ചെയ്ത വ്യാപാരത്തിന്റെ നികുതി മാത്രം ഈടാക്കണമെന്ന് അഭിപ്രായപ്പെടുകയും ഈ തുക ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ലഭ്യമാകുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കി നിയമപരമായി എസ്റ്റിമേറ്റ് ചെയ്ത തുകയുടെ പിഴ, പിഴപ്പലിശ എന്നിവ ഒഴിവാക്കിയും, ടിയാന്റെ വസ്തുവകകൾ സർക്കാർ ജപ്തിചെയ്ത സംഗതിയും, ടിയാൻ പാപ്പരാണെന്നുള്ള വസ്തുതയും കണക്കിലെടുത്ത് മാനുഷികപരിഗണന നൽകി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പരാമർശം (5) ലെ 30/1/2010 ലെ കത്ത് പ്രകാരം ഹർജികൾ സംബന്ധിച്ച സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

4. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (9) ലെ 23.6.11-ലെ വാണിജ്യ നികുതി കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, നികുതി നിർണ്ണയം മുമ്പേ കഴിഞ്ഞതിനാലും അപ്പീൽ നടപടികൾക്ക് വിധേയമായി കഴിഞ്ഞതിനാലും കെ.ജി.എസ്.ടി. നിയമപ്രകാരം അസ്സസ്സ്മെന്റ് പൂർത്തിയായെന്നും, ആയതിനാൽ അത് പുനഃപരിശോധിച്ച് സമിതിയുടെ ശുപാർശ നടപ്പിലാക്കാൻ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും, എന്നാൽ സമിതിയുടെ ശുപാർശയുടെ അന്തസത്ത കണക്കിലെടുത്ത് മുഴുവൻ തുകയോ, പലിശ തുകയോ, പെനാൽറ്റിയോ, അതിൻമേലുള്ള പലിശയോ എഴുതി തള്ളുവാനുള്ള അധികാരം സർക്കാരിനുണ്ട് എന്ന് അറിയിച്ചിരുന്നു.

5. തുടർന്ന് 14.11.2012-ൽ ഹർജികൾ സംബന്ധിച്ച സമിതി എറണാകുളം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ യോഗത്തിൽ ഇക്കാര്യം പരിഗണിക്കുകയും മാനുഷിക പരിഗണന നൽകി യഥാർത്ഥ നികുതി • മാത്രം ഈടാക്കി പലിശയും പിഴപലിശയും ഒഴിവാക്കി നൽകി പ്രശ്നം പരിഹരിക്കണമെന്ന് വീണ്ടും സർക്കാരിനോട് പരാമർശം (5) ലെ 20/03/2013-ലെ കത്ത് പ്രകാരം ശുപാർശ ചെയ്തു.

6. എന്നാൽ പരാമർശം (9) ലെ 28.11.2011, 24.10.2013, എന്നി തീയതികളിലെ വാണിജ്യ നികുതി കമ്മീഷണറുടെ കത്തിൽ റിപ്പോർട്ട് ചെയ്ത പ്രകാരം ആംനസ്റ്റി സ്കീം പദ്ധതി പ്രകാരം ടിയാന്റെ കുടിശ്ശികകൾ തീർക്കാവുന്നതാണെന്നും എന്നാൽ ശ്രീ കെ.ഇ.മജീദ് ആംനസ്റ്റി സ്കീം ഓപ്റ്റ് ചെയ്യുകയോ, നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ലായെന്നും അപ്രകാരം ഓപ്ഷൻ നൽകിയാൽ മാത്രമേ ഇളവുകൾ നൽകി കുടിശ്ശിക തീർക്കുവാൻ സാധിക്കുകയുള്ളുവെന്നും അറിയിച്ചുകൊണ്ട് 30/10/2013 ലെ കത്ത് പ്രകാരം സർക്കാർ ഹർജികൾ സംബന്ധിച്ച സമിതിക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

7. പരാമർശം (5) ലെ കത്തുകൾ പ്രകാരം ഹർജികൾ സംബന്ധിച്ച സമിതിയുടെ നിരന്തര ശുപാർശകളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടും, ശ്രീ മജീദിന്റെ ഭാര്യ ശ്രീമതി സുഹറാ മജീദ് നൽകിയ നിവേദനത്തിൽ തന്റെ ഭർത്താവിന്റെ എല്ലാ വസ്തുവകകളും സർക്കാർ ഏറ്റെടുത്ത് ലേലം ചെയ്യുവെന്നതും, നികുതി കുടിശ്ശിക പിരിക്കുവാൻ റവന്യു ഉദ്യോഗസ്ഥരും പോലീസും ഭീഷണിപ്പെടുത്തുന്നുവെന്നതും, പ്രസ്തുത കുടിശ്ശിക എഴുതി തള്ളണമെന്ന ടിയാളുടെ അപേക്ഷ പരിഗണിച്ചും, കോടതി ടിയാനെ പാപ്പരായി പ്രഖ്യാപിച്ചത് കണക്കിലെടുത്തും കുടിശ്ശികക്കാരന് മറ്റു സ്ഥാവര ജംഗമ സ്വത്തുക്കളൊന്നും ഇല്ലെന്നും ബാക്കി തുക ഈടാക്കാൻ മാർഗ്ഗങ്ങളില്ലെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും പാപ്പരായ വ്യക്തിയെ ഉദ്യോഗസ്ഥർ പീഡിപ്പിക്കുന്നതിനെതിരെ ലഭിച്ച നിവേദനം മാനുഷിക പരിഗണന അർഹിക്കുന്നുവെന്നതിന്റെയും അടിസ്ഥാനത്തിൽ പരാമർശം (9) ലെ 23/06/2011 ലെ വാണിജ്യ നികുതി കമ്മീഷണറുടെ അഭിപ്രായം കണക്കിലെടുത്തും നികുതി കുടിശ്ശിക കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 38(a) പ്രകാരം എഴുതി തള്ളുന്ന കാര്യം പരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചു.

8. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ മജീദിന്റെ പേരിൽ സംസ്ഥാനത്തൊരിടത്തും വസ്തുവകകൾ ഇല്ലായെന്ന് എല്ലാ ജില്ലാ കളക്ടർമാരും റിപ്പോർട്ട് നൽകിയിരുന്നു. ഇതേ അവസരത്തിൽ തന്നെ ശ്രീമതി സുഹറ മജീദ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നം. 10103/2015 എന്ന കേസിൽ, ശ്രീ കെ.ഇ.മജീദിന്റെ പേരിലുള്ള നികുതി കുടിശ്ശിക എഴുതി തള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണയിലാണെന്ന സർക്കാർ നൽകിയ സ്റ്റേറ്റ്മെന്റ് (15/10/2014) കണക്കിലെടുത്ത് 23/7/2015-ലെ ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു.

9. ഇതേ അവസരത്തിൽ ഹർജി വിഷയത്തിൽ ഹർജിക്കാരുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത്, കഴിയുന്നത്ര ഇളവുകൾ നൽകി, ഹർജിക്കാരനെ സഹായിക്കണമെന്നാണ് സമിതിയുടെ അഭിപ്രായമെന്നും ഇതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കണമെന്നും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നും പരാമർശം (5) 4/12/2015 തീയതിയിലെ കത്ത് പ്രകാരം സമിതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

10. റവന്യൂറിക്കവറി പ്രകാരം ശ്രീ കെ.ഇ.മജീദ് എന്ന കക്ഷിയിൽ നിന്നും വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ 5 ഫയലുകളിലായി 1,62,39,615/- രൂപ ഈടാക്കുന്നതിന് ടിയാന്റെ പേരിൽ കോതമംഗലം താലൂക്ക്, കടവൂർ വില്ലേജിലുണ്ടായിരുന്ന സർവ്വെ 892/2-1ൽപ്പെട്ട 20.500 സെന്റും സർവ്വെ 892/2-2 ൽപ്പെട്ട 17.750 സെന്റും ഉൾപ്പെടെ മൊത്തം 38.250 സെന്റ് ഭൂമി റവന്യു റിക്കവറി നടത്തി 3,50,000- രൂപ ഈടാക്കിയതായും, ശ്രീ കെ.ഇ.മജീദിന്റെ പേരിൽ മൂവാറ്റുപുഴ താലൂക്ക് മൂവാററുപുഴ വില്ലേജ് സർവ്വെ 59/3/1/-ൽ 4 സെന്റ് വസ്തു റവന്യു റിക്കവറി നടത്തി ലേല തുകയായ 8040/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ടെന്നും ശ്രീ മജീദിന്റെ കുടുംബാംഗങ്ങളിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കുകയില്ലയെന്നും, കുടിശ്ശിക കാലയളവിൽ യാതൊരു വസ്തുവും കൈമാറ്റം ചെയ്തിട്ടില്ലായെന്നും, ടിയാനെ wilful defaulter ആയി കണക്കാക്കാൻ കഴിയുകയില്ലായെന്നും കുടിശ്ശികക്കാരന്റെ പേരിൽ മറ്റു സ്ഥാവര ജംഗമ സ്വത്തുക്കളൊന്നും മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിൽ ഇല്ലെന്നും ബാക്കി തുക ഈടാക്കുവാൻ മറ്റു മാർഗ്ഗങ്ങളില്ലെന്നും ടിയാൻ കാലി ചാക്ക് കച്ചവടം നടത്തി ജീവിച്ചുവരുന്നതായും എറണാകുളം ജില്ലാ കളക്ടർ പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (9) ലെ 14/9/2017-ലെ കത്ത് പ്രകാരം 31/3/2017 വരെ നികുതി കുടിശ്ശികയായി 1,65,01,503/- രൂപയും പലിശയായി 6,95,29,309/- രൂപയും ചേർത്ത് ആകെ 8,60,30,812/- രൂപ

ശ്രീ മജീദിന്റെ പേരിൽ കുടിശ്ശികയായി ഉണ്ട് എന്ന് വാണിജ്യ നികുതി കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. മേൽ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. മൂവാറ്റുപുഴ സബ് കോടതി സൂചന (1) ഉത്തരവ് പ്രകാരം ശ്രീ.കെ.ഇ.മജീദിനെ 'പാപ്പർ' (insolvent) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ടിയാന്റെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഒരു ജില്ലയിലും ഇല്ല എന്ന് എല്ലാ ജില്ലാകളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ 'Wilful Defaulter' അല്ല എന്നും, കുടിശ്ശിക കാലയളവിൽ യാതൊരു വസ്തുവും കൈമാറ്റം ചെയ്തിട്ടില്ല എന്നും ടിയാന്റെ ബന്ധുക്കൾ പണക്കാർ അല്ലാത്തതിനാൽ അവരിൽ നിന്ന് തുക ഈടാക്കാൻ നിർവ്വാഹമില്ലായെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളുടെ വെളിച്ചത്തിലും, ഹർജികൾ സംബന്ധിച്ച സമിതിയുടെ നിരന്തര ശുപാർശകളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടും ശ്രീ കെ.ഇ.മജീദും അദ്ദേഹത്തിന്റെ ഭാര്യയും നൽകിയ സങ്കട ഹർജികളിലെ നിസ്സഹായാവസ്ഥ മാനുഷികമായി പരിഗണിച്ചുകൊണ്ടും, സർക്കാർ നൽകിയ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ബഹു. കോടതി പുറപ്പെടുവിച്ച ഉത്തരവ് കണക്കിലെടുത്തും, ഇക്കാര്യത്തിൽ മറ്റു മാർഗ്ഗങ്ങളൊന്നും സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതായി കാണുന്നതിനാലും, കണക്കുകൾ ക്രമീകരിക്കുന്നതിലേയ്ക്കായും, ഒരു പ്രത്യേക കേസായി പരിഗണിച്ചും, ശ്രീ മജീദിന്റെ പേരിലുള്ള നികുതി കുടിശ്ശികയായ 1,65,01,503/- രൂപയും പലിശയായ 6,95,29,309/- രൂപയും ചേർത്ത് ആകെ കുടിശ്ശികയായ 8,60,30,812/- രൂപ (എട്ട് കോടി അറുപത് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റി പന്ത്രണ്ട് രൂപ) എഴുതിതള്ളി സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

മിൻഹാജ് ആലം
സെക്രട്ടറി

വാണിജ്യ നികുതികമ്മീഷണർ, തിരുവനന്തപുരം
ശ്രീ കെ.ഇ.മജീദ് (ഉദയാ ട്രേഡിംഗ് കമ്പനി), കാഞ്ഞിരക്കാട്ട് ഹൗസ്, അടൂപറമ്പ് പി.ഒ, മൂവാറ്റുപുഴ, എറണാകുളം ജില്ല
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എ.ജി.എസ്.എ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
പൊതുഭരണ (SC) വകുപ്പ്
ഫിനാൻസ് എക്സ്പെൻഡിച്ചർ (ബി) വകുപ്പ് (4/08/2017, 19/08/17 എന്നീ തീയതിയിലെ Exp- B2/56/2017/Fin നം. പ്രകാരം)
നിയമ (ഡി) വകുപ്പ് (03.05.2014 ലെ 5872/ഡി1/14/നിയമം പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം III(ഡി)

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം-തൊഴിൽ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി. മേരിക്കുട്ടി ഏലിയാസിന് ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്

സ.ഉ.(സാധാ)നം.1127/2017/തൊഴിൽ തീയതി, തിരുവനന്തപുരം: 21.08.2017

പരാമർശം :- 1) ലേബർ കമ്മീഷണറുടെ 25.08.2015-ലെ ഇ(1) - 10568/15 നമ്പർ കത്ത്.

2) ലേബർ കമ്മീഷണറുടെ 29.04.2015-ലെ ഇ(1) - 1000/2015 നമ്പർ നടപടിക്രമം

3) സ.ഉ. (സാധാ) നം. 4771/2017/ധന തീയതി 09.06.2017

### ഉത്തരവ്

ലേബർ കമ്മീഷണറേറ്റിലെ ഫിനാൻസ് ഓഫീസറായിരുന്ന ശ്രീ.കൃഷ്ണൻ തൊട്ടിയിലിനെ കണ്ണൂർ കളക്ടറേറ്റിൽ 'ഫിനാൻസ് ഓഫീസറായി സ്ഥലം മാറ്റി നിയമിച്ചതിനെ തുടർന്ന് ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല 29.04.2015 മുതൽ 31.05.2015 വരെ ലേബർ കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി. മേരികുട്ടി ഏലിയാസ് നിർവഹിച്ചതിനാൽ ചാർജ്ജ് അലവൻസ് അനുവദിച്ച് നൽകണമെന്ന് ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേബർ കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി. മേരികുട്ടി ഏലിയാസ് ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല 29.04.2015 മുതൽ 31.05.2015 വരെ വഹിച്ചതിനാൽ, പൂർണ്ണ അധിക ചുമതല വഹിച്ച തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 6% നിരക്കിൽ KSR Part I ചട്ടം 53A II (c) പ്രകാരം ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡി. ലാൽ
ജോയിന്റ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി. മേരികുട്ടി ഏലിയാസ്, മേരിഡെയിൽ, കുണ്ടറ പി.ഒ കൊല്ലം 691 501
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്/എ& ഇ), കേരള, തിരുവനന്തപുരം
കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം III(ഇ)

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - കോട്ടയം - ചേർത്തല ടൂറിസം ഹൈവേ പദ്ധതി പ്രദേശത്തെ ഭൂമി ഉടമസ്ഥർക്ക് സ്വതന്ത്രമായി ഉപയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുമരാമത്ത് (സി ) വകുപ്പ്

സ.ഉ.(സാധാ)നം.11/2017/ പൊമവ തിരുവനന്തപുരം, തീയതി:04.01.2017

പരാമർശം: 1. സ ഉ (സാധാ) നം.249/2012/ പൊ മ വ. തീയതി 18.02.2012.
2. സ ഉ (കൈ) നം.7/2016/പൊമവ തീയതി 20.02.2016.

### ഉത്തരവ്

ചേർത്തല — കുമരകം - കോട്ടയം ഹൈവേയുടെ വികസനം യാഥാർത്ഥ്യമാക്കുന്നതിനായി പരാമർശം 1 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. 2015 ൽ ചേർത്തല - കുമരകം - കോട്ടയം ഹൈവേയുടെ ഒരു ഭാഗമായ തണ്ണീർമുക്കം ബൈപ്പാസ് ആദ്യഘട്ടത്തിന് ജില്ലാതല ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ തത്വത്തിൽ അംഗീകാരം നൽകുകയും പരാമർശം 2 പ്രകാരം ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയുണ്ടായി.

2002 ൽ സാധ്യതാപഠനം നടത്തിയ ഈ പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് അടയാളക്കല്ലുകൾ സ്ഥാപിക്കുകയും ഉണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് ഭൂമി ഏറ്റെടുത്തിട്ടില്ലാത്ത സ[redacted]ചര്യത്തിൽ ഇടപാടുകൾക്ക് ആശ[redacted]ക്ക[redacted] ഉണ്ടാകുന്നതായി കാണുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനവും ഉണ്ടായിട്ടില്ലെങ്കിലും പ്രദേശവാസികൾക്ക് തങ്ങളുടെ ഭൂമി ക്രയവിക്രയം ചെയ്യാൻ കഴിയുന്നില്ല എന്ന[redacted]ായി സ[redacted]ാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. [redacted]

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പദ്ധതിപ്രദേശത്തെ ഉടമസ്ഥർക്ക് _ അവരവരുടെ ഭൂമി സ്വതന്ത്രമായി ഉപയോഗിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും മേപ്പടി പദ്ധതി മൂലമുള്ള യാതൊരുവിധ തടസ്സവും ഉണ്ടായിരിക്കുന്നതല്ല എന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ ഷെരീഫുദ്ദീൻ
അഡീഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗം, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ ആർ എഫ് ബി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം III(എഫ്)

**കേരള സർക്കാർ**

സംഗ്രഹം

ജലവിഭവ വകുപ്പ് - ജലസേചന വകുപ്പ് - കാരാപ്പുഴ ജലസേചന പദ്ധതി -റിസർവോയർ ഏരിയ എൽ.എ ബ്ലോക്ക് 70 എ, 73, 76 ഭൂമി 2013 ലെ ലാന്റ് അകിസിഷൻ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

---

ജലവിഭവ (എം.പി) വകുപ്പ്

സ.ഉ.(സാധ.)നം.954/2017/ജ.വി.വ തീയതി, തിരുവനന്തപുരം, 23/11/2017

---

പരാമർശം :- 02/12/2016 ലെ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം -1 ന്റെ ഡബ്ല്യു.പി3-2700/2006 നമ്പർ കത്ത്

### ഉത്തരവ്

കാരാപ്പുഴ ജലസേചനപദ്ധതിക്ക് കാവേരി നദിജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനും ക്രസ്റ്റ് ലെവലിൽ നിന്നും ഉയരത്തിൽ ജലസംഭരണം നടത്തി പദ്ധതിയുടെ പൂർണ്ണകമ്മീഷനിംഗ് നടത്തുന്നതിനും താഴെ പറയും പ്രകാരമുള്ള ഭൂമി ലാന്റ് അകിസിഷൻ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്ന് ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 പരാമർശിതകത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| വില്ലേജ് | ബ്ലോക്ക് നം. | വിസ്തൃതി |
|---|---|---|
| മുപ്പൈനാട് വില്ലേജ് (വൈത്തിരി താലൂക്ക്) | 70 എ, റീസർവ്വേ നം.568,574 | 1.12 ഹെക്ടർ |
| അമ്പലവയൽ വില്ലേജ് (സുൽത്താൻ ബത്തേരി താലൂക്ക്) | 73, റീസർവ്വ നം. 192, 194, 204,285 & 296 | 2.95 ഹെക്ടർ |
| | 76,റീസർവ്വേ നം. 104,105,106,573, 576, 577 & 578 | 1.65 ഹെക്ടർ |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, കാരാപ്പുഴ ജലസേചന പദ്ധതിയുടെ ക്രസ്റ്റ് ലെവലിൽ നിന്നും ഉയരത്തിൽ ജലസംഭരണം നടത്തി

പദ്ധതിയുടെ പൂർണ്ണകമ്മീഷനിംഗ് നടത്തുന്നതിനും കാവേരി നദീജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനും വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ മുപ്പൈനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 70 എ (1.12 ഹെക്ടർ), സുൽത്താൻ ബത്തേരി താലൂക്കിൽ അമ്പലവയൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 73 (2.95 ഹെക്ടർ), 76 (1.65 ഹെക്ടർ) എന്നിവ 2013 ലെ ലാന്റ് അക്വിസിഷൻ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. വയനാട് ജില്ലാ കളക്ടർ ഇതു സംബന്ധിച്ച തുടർനടപടി കൈക്കൊള്ളുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
താരാസാമുവൽ
അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

1. ജില്ലാ കളക്ടർ, വയനാട്.
2. ചീഫ് എഞ്ചിനീയർ, പ്രോജക്ട് - 1, കോഴിക്കോട്.
3. റവന്യൂ വകുപ്പ് (U.O No.REV - B2/279/2017-REV dated 26/09/2017)
4. വെബ് & ന്യൂ മീഡിയ
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ